

# ദിവാസ്വപ്നം

ഗിജുഭായി ബധേക

**divaswapnam** ★ gijubhai bakheka ★ translation: prof m divakaran nair ★ first published october 1987 ★ published and distributed by kerala sasthra sahitya parisbad trichur ★ printed at social scientist press thycaud, trivandrum 14

cover: *Godfreydas* price: *rupees fifteen*

KSSP 371/87 D/8 1/5000

# ദിവാസ്വപ്നം

ഗുജറാത്തിലെ വിദ്യാഭ്യാസ ചിന്തകനും നവീനശിക്ഷണ പദ്ധതിയുടെ ആചാര്യനുമായിരുന്ന ഗിജുഭായി ബഢേക രചിച്ച കഥാഖ്യാന ശൈലിയിലുള്ള വിദ്യാഭ്യാസ ഗ്രന്ഥം.

ഹിന്ദിയിൽ നിന്ന്
പരിഭാഷ:

**പ്രൊഫ: എം. ദിവാകരൻ നായർ**

**കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്**

# ഗിജുഭായി ബധേക

കുട്ടികളെ സേവിക്കുക എന്ന മഹൽകൃത്യം ജീവിതവ്രതമായി സ്വീകരിക്കുകയും അത് ഈശ്വരപൂജയായി അംഗീകരിക്കുകയും ചെയ്ത 'ഗിജുഭായി ബധേക' 1885 നവംബർ 15-ാം തീയതി ഗുജറാത്തിലെ 'ഭവനഗറി'നടുത്തുള്ള ഒരു ഗ്രാമത്തിലാണ് ജനിച്ചത്. ഉന്നത ബിരുദം നേടി വക്കീലായിട്ടാണ് അദ്ദേഹം ജീവിതമാരംഭിച്ചത്. പിന്നീടദ്ദേഹം വക്കീൽജോലി ഉപേക്ഷിക്കുകയും കർമ്മനിരതനായ അദ്ധ്യാപകനായിത്തീരുകയും ചെയ്തു. കുറച്ചുകാലം ആഫ്രിക്കയിൽ കഴിച്ചുകൂട്ടിയ അദ്ദേഹം അദ്ധ്യാപനവൃത്തിയുടെ ഉൽകൃഷ്ടാനുഭവങ്ങളുമായിട്ടാണ് നാട്ടിൽ തിരിച്ചെത്തിയത്.

അക്കാലത്ത് 'ഭവനഗറി'ൽ 'ദക്ഷിണാമൂർത്ത' വിദ്യാർത്ഥിഭവന'മെന്ന പേരിൽ ഒരു ദേശീയ വിദ്യാഭ്യാസ സ്ഥാപനം നിലനിന്നിരുന്നു. ഗിജുഭായി ആ സ്ഥാപനവുമായി ബന്ധപ്പെടുകയും ആമരണം അതിലെ അംഗമായി പ്രവർത്തിക്കുകയും ചെയ്തു. ആരംഭത്തിൽ അദ്ദേഹം അവിടത്തെ 'വിനയമന്ദിർ' എന്ന വിദ്യാലയത്തിലെ അദ്ധ്യാപകനായിരുന്നു. പിന്നീട് 1920 മുതൽ ആ സ്ഥാപനത്തോടനുബന്ധിച്ചുള്ള 'ബാലമന്ദിരി'ന്റെ ഭരണതലവനെന്ന നിലയിൽ പ്രവർത്തിക്കാൻ തുടങ്ങി.

ബാലശിക്ഷണ വിഷയത്തിൽ ഇത്രയേറെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത വ്യക്തി ഗിജുഭായിയേപ്പോലെ ഭാരതത്തിൽ വേറെയില്ല. മഹാത്മാഗാന്ധിയുടെ സമകാലികനായിരുന്ന അദ്ദേഹം കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ സൈദ്ധാന്തികവും ക്രിയാത്മകവുമായ പരിവർത്തനം വരുത്തുകയും 'കുട്ടികളുടെ ഗാന്ധി' എന്നറിയപ്പെടുകയും ചെയ്തു. കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം വരുത്തിയ വിപ്ലവം ഭാരതത്തിൽ, ഒരു ഭാരതീയൻ നടത്തിയ ആദ്യത്തെ പരീക്ഷണമായിരുന്നു. അക്കാലത്തെ ചൈതന്യരഹിതമായ അദ്ധ്യയനപദ്ധതിയുടെ മേലുള്ള ശക്തിയേറിയ ആക്രമണമായിരുന്നു. ശിശുക്കൾ, ബാലൻമാർ, രക്ഷകർത്താക്കൾ, അദ്ധ്യാപികാദ്ധ്യാപകൻമാർ, എന്നിവരെ ഉദ്ദേശിച്ച് ചെറുതും വലുതുമായ 15 മൗലിക ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. കൂടാതെ സുഹൃത്തുക്കൾ, മററു വിദ്യാഭ്യാസപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ അദ്ദേഹം പ്രസിദ്ധീകരിച്ച വിദ്യാഭ്യാസഗ്രന്ഥങ്ങൾ 200-ൽപ്പരമാണ്.

ഈവിധം സമർത്ഥനായ അദ്ധ്യാപകൻ, വിദ്യാഭ്യാസ വിഷയത്തിൽ നവീനപദ്ധതിയുടെ പരീക്ഷണകർത്താവ്, വിദ്യാഭ്യാസ ചിന്തകൻ, വിദ്യാഭ്യാസപരമായ ഗ്രന്ഥങ്ങളുടെ പ്രണേതാവ് എന്നീ നിലകളിൽ കർമ്മനിരതമായ ജീവിതം നയിച്ച അദ്ദേഹം 1939 ജൂൺ 23-ാം തീയതി 54-ാമത്തെ വയസ്സിൽ അന്തരിച്ചു.

# ദിവാസ്വപ്നം

ആധുനിക ഭാരതീയ ശിക്ഷണശാസ്ത്രവിഷയത്തിൽ ആചാര്യപദവിക്ക് സർവ്വഥാ അർഹനായ 'ഗിജുഭായി ബധേക' രചിച്ചിട്ടുള്ള വിദ്യാഭ്യാസവിഷയകമായ മൗലികഗ്രന്ഥങ്ങളിൽ 'ദിവാസ്വപ്നം' എന്ന കൃതി ഉത്തമസ്ഥാനം അർഹിക്കുന്നു.

വിദ്യാഭ്യാസകാര്യങ്ങളെ പരാമർശിക്കുന്ന ഈ ഗ്രന്ഥം ശുഷ്കമായ ശിക്ഷണശാസ്ത്രഗ്രന്ഥമോ, വിദ്യാഭ്യാസ സംബന്ധിയായ ആചാരസംഹിതയോ, നിയമാവലിയോ അല്ല. ഭാവനാധന്യനും പരീക്ഷണകുതുകിയുമായ 'ലക്ഷ്മീ ശങ്കർ' എന്ന യുവവിദ്യാഭ്യാസ പ്രവർത്തകന്റെ അദ്ധ്യാപനരീതികളെകഥാഖ്യാന ശൈലിയിൽ അവതരിപ്പിച്ചിട്ടുള്ള ഒരു മഹൽകൃതിയാണ്.

അരനൂററാണ്ടുമുമ്പ് . ഗിജുഭായി രചിച്ച ഈ കൃതി അതിന്റെ വിഷയപരമായ പ്രാധാന്യം കൊണ്ടും ആഖ്യാനശൈലിയുടെ ആകർഷകത്വംകൊണ്ടും വിദ്യാഭ്യാസപ്രവർത്തകർക്കുമാത്രമല്ല സാധാരണ വായനക്കാർക്കും അത്യധികമായ രസാനുഭൂതി പ്രദാനം ചെയ്യുമെന്ന് നിസ്സംശയം പറയാം.

ഒന്നാം ഭാഗം

# പരീക്ഷണത്തിന്റെ ആരംഭം

# ഒന്ന്

ഞാൻ വളരെയേറെ പഠിക്കുകയും ചിന്തിക്കുകയും ചെയ്തിരുന്നു; പക്ഷെ എനിക്ക് പ്രായോഗികജ്ഞാനം ഒട്ടും തന്നെയില്ലായിരുന്നു. അതുകൊണ്ട് ഞാൻ നിശ്ചയിച്ചു, സ്വയം വേണ്ടത്ര പ്രായോഗിക പരിചയം നേടേണ്ടതുണ്ട്; എങ്കിൽ മാത്രമേ എന്റെ ചിന്തകൾക്ക് പക്വത ലഭിക്കൂ; എന്റെ ഭാവനയിൽ സത്യവും മിഥ്യയും എത്രത്തോളമുണ്ടെന്ന് എനിക്ക് തിരിച്ചറിയാൻ കഴിയൂ!

ഞാൻ വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനെച്ചെന്നുകണ്ടു; പ്രൈമറി സ്കൂളിലെ ഒരു ക്ലാസ് അനുവദിച്ചുതരാൻ ഞാനദ്ദേഹത്തോടഭ്യർത്ഥിച്ചു.

ആ ഉദ്യോഗസ്ഥൻ പുഞ്ചിരിയോടെ പറഞ്ഞു,' അക്കാര്യം ഉപേക്ഷിക്കൂ, സ്നേഹിതാ. ഈ ജോലി നിങ്ങൾക്ക് സാധിക്കുന്നതാണെന്ന് തോന്നുന്നില്ല. കുട്ടികളെ, പ്രത്യേകിച്ചും പ്രൈമറിസ്കൂളിലെ കുട്ടികളെ, പഠിപ്പിക്കുക വളരെ അദ്ധ്വാനമുള്ള ജോലിയാണ്. നിങ്ങളൊരുഎഴുത്തുകാരനും ചിന്തകനുമാണ്, സമ്മതിച്ചു. ലേഖനമെഴുതുക, ഭാവനയിൽ വിഹരിക്കുക ഇതൊക്കെ എളുപ്പമാണ്. പക്ഷെ അദ്ധ്യാപനജോലി വിജയകരമായി നിർവഹിക്കണമെങ്കിൽ നിങ്ങൾ വിചാരിക്കുന്ന എളുപ്പത്തിൽ കഴിയുകയില്ല.'

'അതുകൊണ്ടുതന്നെയാണ് ഞാൻ സ്വയം അനുഭവം നേടാനാഗ്രഹിക്കുന്നത്; എന്റെ ഭാവനയെ യാഥാർത്ഥ്യത്തോട് ബന്ധപ്പെടുത്താനിച്ഛിക്കുന്നത്!' — ഞാൻ ഭവ്യതയോടെ പറഞ്ഞു.

അദ്ദേഹം അല്പനേരം ചിന്തിച്ചിരുന്നു; പിന്നീട് തുടർന്നു. 'ശരി. അങ്ങനെയാണ് നിങ്ങളുടെ ആഗ്രഹമെങ്കിൽ, വളരെ സന്തോഷത്തോടെ ഒരു വർഷത്തേയ്ക്ക് അനുഭവജ്ഞാനം നേടിക്കൊള്ളൂ. പ്രൈമറിയിലെ നാലാം ക്ളാസ് നിങ്ങളെ ഏൽപ്പിച്ചു തരാം....ഇതാ, ഇതാണ് ആ ക്ളാസിലെ പാഠ്യപദ്ധതി, ഇതൊക്കെയാണ് പാഠ്യപുസ്തകങ്ങൾ, ഇത് വിദ്യാഭ്യാസ വകുപ്പിലെ ഒഴിവു ദിവസങ്ങളെപ്പററിയും മററുമുള്ള ചട്ടങ്ങളാണ്.'

ഞാൻ വളരെ ബഹുമാനത്തോടെ ആ സാധനങ്ങൾ വാങ്ങി നോക്കി. അതിനുശേഷം പാഠ്യപദ്ധതി മടക്കി പോക്കററിൽ വച്ചു; പുസ്തകങ്ങൾ ഒരു ചരടുകൊണ്ട് മുറുക്കികെട്ടാൻ തുടങ്ങി.

ആ ഉദ്യോഗസ്ഥൻ പറഞ്ഞു 'ഒരു കാര്യം. ഇഷ്ടം പോലെ പരീക്ഷണം നടത്താൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്; അതിനാണല്ലൊ നിങ്ങൾ വന്നിരിക്കുന്നത്. പക്ഷെ, വർഷാവസാനം പരീക്ഷയുണ്ടെന്നും ജോലിയിലുള്ള നിങ്ങളുടെ യോഗ്യത പരീക്ഷാഫലം കൊണ്ടാണ് നിർണ്ണയിക്കപ്പെടുക എന്നും മറക്കരുത്.'

ഞാൻ വിനയപൂർവം പറഞ്ഞു: 'സമ്മതിച്ചു. പക്ഷെ, എനിക്കൊരഭ്യർത്ഥനയുണ്ട്, പരീക്ഷകൻ അങ്ങ് തന്നെയായിരിക്കണം....ഞാനേറെറടുത്തിട്ടുള്ള ജോലിയുടെ മൂല്യനിർണ്ണയം നടത്താൻ അങ്ങ് തന്നെ തയ്യാറാകണം; പരീക്ഷണം നടത്താനുള്ള സ്വാതന്ത്ര്യം അങ്ങാണല്ലൊ എനിക്കുതരുന്നത്! അതുകൊണ്ട് കൃത്യനിർവഹണത്തിൽ എനിക്കുള്ള യോഗ്യത അങ്ങേയ്ക്ക് തന്നെ മനസ്സിലാക്കിത്തന്ന് തൃപ്തിനേടിയാൽ കൊള്ളാമെന്നാണ് എന്റെ ആഗ്രഹം. എന്റെ ജയാപജയങ്ങളുടെ കാര്യകാരണങ്ങൾ നിർണ്ണയിക്കാൻ അങ്ങേയ്ക്കുമാത്രമേ കഴിയൂ!'

വകുപ്പധികാരി ചിരിച്ചുകൊണ്ട് സമ്മതസൂചകമായി തലയാട്ടി. ഞാൻ ആഫീസിൽ നിന്നും പുറത്തേയ്ക്കിറങ്ങി.



## രണ്ട്

പാഠ്യപദ്ധതിമുഴുവൻ നോക്കിയപ്പോൾ, അതിൽ പല മാററങ്ങളും വരുത്താൻ കഴിയുമെന്ന് എനിക്കുറപ്പായി. പാഠപുസ്തകങ്ങളിലൂടെ ഞാൻ കണ്ണോടിച്ചു; എന്തെല്ലാം പരിഷ്ക്കാരങ്ങൾ വേണമെന്നും ചിന്തിച്ചു. ആദ്യദിവസം മുതൽ അവസാന ദിവസംവരെ ചെയ്തുതീർക്കേണ്ടതായ കാര്യങ്ങളുടെ ഏകദേശ ചിത്രം എന്റെ മനസ്സിൽ രൂപം കൊണ്ടു. പരീക്ഷയെക്കുറിച്ചും അതിന്റെ ഫലത്തെക്കുറിച്ചും ഞാൻ വേണ്ടവണ്ണം സങ്കൽപ്പിച്ചു; വർഷം മുഴുവൻ അദ്ധ്യാപനം എങ്ങനെ തുടർന്നു പോകണമെന്നും ഞാൻ ചെയ്യുന്ന കാര്യങ്ങളുടെ സ്വഭാവമെന്തായിരിക്കണമെന്നും ഞാൻ മുൻകൂട്ടിനിശ്ചയിച്ചുറച്ചു. ഇത്തരം ചിന്തയിൽ മുഴുകിയിരുന്നതുകൊണ്ട് രാത്രി രണ്ടുമണിയടിച്ചതു തന്നെ ഞാനറിഞ്ഞില്ല. ഒടുവിൽ അടുത്ത ദിവസത്തെ പരിപാടി കടലാസ്സിൽ വ്യക്തമായി രേഖപ്പെടുത്തി മൂന്നുമണിയ്ക്ക് ഞാൻ ഉറങ്ങാൻ കിടന്നു.

പ്രഭാതമായി. എനിക്ക് നല്ല ഉൽസാഹം തോന്നി. എല്ലാ കാര്യത്തിലും ഒരു വേഗത അനുഭവപ്പെട്ടു. കുളികഴിഞ്ഞ് വളരെ കുറച്ചുമാത്രം ആഹാരം കഴിച്ച് കൃത്യസമയത്തുതന്നെ ഞാൻ 3-ാം നമ്പർ വിദ്യാലയത്തിൽ എത്തിച്ചേർന്നു. വിദ്യാലയം തുറന്നിരുന്നില്ല. ഹെഡ്മാസ്ററർ പോലും എത്തിയിരുന്നില്ല. സ്കൂളിലെ ശിപായി താക്കോലെടുക്കാൻ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കുപോയിരിക്കുകയായിരുന്നു, കുട്ടികളുടെ വരവും പോക്കും തുടങ്ങിയിരുന്നു; റോട്ടിൽ അവരുടെ ഓട്ടവും ബഹളവും ആരംഭിച്ചു കഴിഞ്ഞിരുന്നു.

ഞാൻ ആലോചിക്കുകയായിരുന്നു. എപ്പോഴാണ് സ്കൂൾ തുറക്കുക, എപ്പോഴാണ് ക്ലാസ് നിയന്ത്രിച്ച് അദ്ധ്യാപനം ആരംഭിക്കുക, എന്റെ നവീനപദ്ധതികൾ എപ്പോൾ തുടങ്ങണം, എങ്ങനെയാണ് ക്ലാസിൽ അച്ചടക്കം നിലനിർത്തുക, എങ്ങനെ രസകരമായി പഠിപ്പിക്കാം, വിദ്യാർത്ഥികളുടെ മനസ്സിനെ ആകർഷിക്കാൻ എന്തെല്ലാം ചെയ്യണം? ഇത്തരം പലവിധ ചിന്തകളിൽ മുഴുകിയ

തുകൊണ്ട് എന്റെ ബുദ്ധിയിൽ രക്തസഞ്ചാരം ദ്രുതഗതിയിൽ നടക്കുന്നതായി എനിക്കനുഭവപ്പെട്ടു.

മണിയടിച്ചു. കുട്ടികൾ ക്ലാസിൽ വന്ന് അവരവരുടെ സ്ഥാനത്ത് ഇരിപ്പായി. ഹെഡ്മാസ്റ്റർ എന്റെ കൂടെ വന്ന് എന്റെ ക്ലാസ് കാണിച്ചുതന്നു. അദ്ദേഹം കുട്ടികളോട് പറഞ്ഞു. 'എല്ലാവരും ശ്രദ്ധിക്കുക. ഇതാ, ഈ മാന്യൻ,ലക്ഷ്മീശങ്കർ, ഇന്നു മുതൽ നിങ്ങളുടെഅദ്ധ്യാപകനാണ്. ഇദ്ദേഹത്തെ അനുസരിക്കുക, ഇദ്ദേഹത്തിന്റെ ആജ്ഞകൾ മാനിക്കുകയും പാലിക്കുകയും ചെയ്യുക. ആരും ബഹളത്തിനോ എതിർപ്പിനോ തുനിയരുത്.'

ഹെഡ്മാസ്റ്റർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ എന്റെ അടുത്ത പന്ത്രണ്ടു മാസത്തെ കൂട്ടുകാരെ സശ്രദ്ധം വീക്ഷിക്കുകയായിരുന്നു. ചിലർ പുഞ്ചിരിച്ചു; ചിലർ ഒളികണ്ണിട്ട് എന്റെനേരെ നോക്കി; ചിലർ തലയാട്ടി; ചിലർ എന്റെനേരെ ആശ്ചര്യവും പരിഹാസവും കലർന്ന മിഴികൾ പായിച്ചു; മററുചിലർ അന്ധാളിച്ചുനിന്നു.

ഞാനവരെയാകെയൊന്നു നോക്കി.ഈ കുട്ടികളെയാണ് ഞാൻ പഠിപ്പിക്കേണ്ടത്. പരിഹാസപ്രിയരും കുസൃതികളും അഹങ്കാരികളും വിചിത്ര സ്വഭാവക്കാരുമായ ഇവരോടാണ് എനിക്ക് ഇടപെടാനുള്ളത്....മനോധൈര്യം അൽപ്പംചോർന്നുപോയപോലെ തോന്നി. ഭയാശങ്കകൾകൊണ്ട് ഹൃദയമിടിപ്പ് ദ്രുതഗതിയിലായി: പക്ഷെ ഞാൻ സ്വയം നിയന്ത്രിച്ചു; എന്നിട്ട് മനസ്സിലുറച്ചു, 'സാരമില്ല, പതുക്കെ നേരിടാം!'

രാത്രിയിൽ തയ്യാറാക്കിയിരുന്ന അദ്ധ്യാപനക്കുറിപ്പ് പോക്കററിൽ നിന്നെടുത്തുനോക്കി. അതിൽ എഴുതിയിരുന്നു, ആദ്യം ശാന്തിജപം നടത്തിക്കൊണ്ടുള്ളകളി, പിന്നീട് ക്ലാസ്സിലെ ശുചിത്വനിരീക്ഷണം, തുടർന്ന് സംഭാഷണം.

ഞാൻ കുട്ടികളോട് പറഞ്ഞു, 'വരൂ, ആദ്യം നമുക്ക് ശാന്തിമന്ത്രത്തോടെ ഒരു കളി കളിക്കാം; ....ഞാൻ പറയുന്നത് ശ്രദ്ധിക്കുക. ഞാൻ 'ഓം ശാന്തി' എന്ന് ഉരുവിടുമ്പോൾ എല്ലാവരും നിശബ്ദരായിരിക്കണം; ചമ്രം പടിഞ്ഞുതന്നെ ഇരിക്കണം; ഒട്ടും ഇളകരുത്. അപ്പോൾ ഞാൻ



വാതിൽ അടയ്ക്കും, മുറിയിൽ ഇരുട്ടു പരക്കും, അപ്പോഴും എല്ലാവരും ശാന്തരായി ഇരിക്കണം. പുറത്തുള്ള ബഹളം നിങ്ങൾക്ക് നല്ലവണ്ണം കേൾക്കാൻ കഴിയും. ഇവിടത്തെ നിശബ്ദതയിൽ പുറത്തുള്ള ബഹളം കേൾക്കുന്നത് നിങ്ങൾക്ക് വളരെ രസകരമായിത്തോന്നും.ഈച്ച പറക്കുന്ന നേരിയ ശബ്ദംപോലും നിങ്ങൾക്ക് കേൾക്കാൻ കഴിയും. സ്വന്തം ശ്വാസോച്ഛ്വാസം പോലും നിങ്ങൾക്ക് കേൾക്കാറാകും. പിന്നീട് ഞാൻ പാടുന്നത് കേൾക്കുക!'

ഇത്രയും പറഞ്ഞ് ഞാൻ പരിപാടി തുടങ്ങി. 'ഓം ശാന്തി!' എന്ന് ഞാൻ ഉറക്കെപ്പറഞ്ഞു. കുട്ടികൾ ഉന്തും തള്ളുമായി, കുസൃതിത്തരങ്ങളിൽ മുഴുകി; മൂന്നു നാലു പ്രാവശ്യം ഞാൻ ശാന്തിമന്ത്രം ഉറക്കെ ഉരുവിട്ടുവെങ്കിലും എന്റെ ശബ്ദം വായുവിൽ മാത്രമേ ചലനമുണ്ടാക്കിയുള്ളു. ഞാനൽപം പരിഭ്രമിക്കാതിരുന്നില്ല. 'മിണ്ടാതിരിക്കൂ, വഴക്കടിക്കരുത്!' എന്നു ശാസിക്കുന്നതെങ്ങിനെ.........? അടിച്ചു ഭയപ്പെടുത്താനും പാടില്ല. എന്തായാലും ഞാൻ പരിപാടി തുടർന്നു; ജനലുകൾ അടച്ചു; വാതിൽ അടച്ചു; ആകെ ഇരുട്ട് വ്യാപിച്ചു. കുട്ടികൾ എന്താണ് ചെയ്യുന്നതെന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞിരുന്നു. ചിലർ വണ്ടിനെപ്പോലെ മൂളിത്തുടങ്ങി; മററു ചിലർ കൂമനെപ്പോലെ ശബ്ദിച്ചു. വേറെ ചിലർ നിലത്ത് ചവിട്ടി 'ധം ധം' ശബ്ദം പുറപ്പെടുവിച്ചു. ഇതിനിടയിൽ ആരോ കയ്യടിച്ചു; തുടർന്ന് കയ്യടിയുടെ ബഹളമായി. ആരോ ചിരിച്ചു; മുറിയാകെ ചിരിയിൽ മുഴുകി! ഞാൻ പിൻവാങ്ങി; എന്റെ മുഖം മ്ളാനമായി. ഞാൻ പതുക്കെ നടന്നുചെന്ന് ജനലുകളും വാതിലും തുറന്നു. അൽപ്പസമയം മുറിയ്ക്ക് പുറത്തുപോയി നിന്ന്, തിരിച്ചുവന്നു. അപ്പോൾ ക്ളാസിലാകെ ബഹളമായിരുന്നു. കുട്ടികൾ പരസ്പരം 'ഓം ശാന്തി'യെന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു; വേറെ ചിലർ എഴുന്നേററുപോയി ജനലുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഞാൻ ചിന്തിച്ചു—എന്റെ ഈ നോട്ട്സുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ല. വീട്ടിൽ ഇരുന്ന് നോട്ട്സ് എഴുതിയുണ്ടാക്കി ഭാവനയിൽ അദ്ധ്യാപനം നടത്തുക സുകര

മാണ്; പക്ഷെ യഥാർത്ഥമായി ക്ലാസിനെ അഭിമുഖീകരിക്കുക ദുഷ്ക്കരമായ കൃത്യമാണ്. ഇത്രയും കാലം ബഹളവും അടിപിടിയും ശീലിച്ചുപോന്ന ഈ കുട്ടികളെ 'ശാന്തി' മന്ത്രംകൊണ്ട് വശത്താക്കുക പോത്തിൻെറ മുമ്പിൽ ഭാഗവതം വായിക്കുന്നതിന് തുല്യമാണ്. ആദ്യത്തെ ഉരുളയിൽ തന്നെ ഈച്ച വന്നുപെട്ടത് നന്നായി; നാളെ മുതൽ പുതിയ രീതിയിൽ കാര്യങ്ങൾ തുടങ്ങാം.

ഞാൻ ക്ലാസിൽ വന്ന് കുട്ടികളോടു പറഞ്ഞു. 'സഹോദരൻമാരെ,ഇന്നിനി കൂടുതൽ കാര്യങ്ങൾ ചെയ്യാനില്ല. നാളെ മുതൽ പുതിയ ചില പരിപാടികൾ തുടങ്ങാം;ഇന്ന് നിങ്ങൾക്ക് ഒഴിവ് തന്നിരിക്കുന്നു!'

'ഒഴിവ്' എന്നു കേട്ടതോടെ കുട്ടികൾ ഹർഷാരവത്തോടെ മുറിയിൽനിന്നും പുറത്തുചാടി. വിദ്യാലയം മുഴുവൻ ബഹളമയമായി. അന്തരീക്ഷമാകെ 'ഒഴിവ്. ഒഴിവ്' എന്ന ശബ്ദം കൊണ്ട് മുഖരിതമായി. കുട്ടികൾ തുള്ളിച്ചാടി വീടുകളിലേക്ക് ഓടാൻ തുടങ്ങി.

അടുത്ത ക്ലാസുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും എത്തിനോക്കി. പ്രധാനാദ്ധ്യാപകൻ ഓടിവന്ന് അൽപ്പം പരുഷസ്വരത്തിൽതന്നെ പറഞ്ഞു 'താങ്കൾ അവർക്ക് അവധി കൊടുത്തതെന്തിനാണ്? ഇനിയും രണ്ടുമണിക്കൂർ ബാക്കിയുണ്ടല്ലൊ!'

ഞാൻ പറഞ്ഞു: 'സാറെ, ഇന്ന് കുട്ടികൾ വേണ്ടത്ര ശ്രദ്ധാലുക്കളായിരുന്നില്ല, തീരെ അടക്കമില്ലാതെയായിരുന്നു അവരുടെ പെരുമാററം. 'ശാന്തിമന്ത്ര'ത്തോടെയുള്ള കളി തുടങ്ങിയപ്പോൾതന്നെ എനിക്കത് ബോദ്ധ്യമായി.'

'പക്ഷെ, ആരോടും ചോദിക്കാതെ ഇങ്ങനെ ഒഴിവു കൊടുക്കാൻ താങ്കൾക്ക് അധികാരമില്ലെന്നോർക്കണം. ഒരു ക്ലാസിലെ കുട്ടികൾ വീട്ടിലേക്ക് പോകുന്നതായിക്കണ്ടാൽ മററുള്ളവർ ക്ലാസിൽ അടങ്ങിയിരിക്കുമോ? താങ്കളുടെ ഇത്തരം പരീക്ഷണങ്ങൾ ഇവിടെ നടപ്പില്ല!' പ്രധാനാദ്ധ്യാപകൻ കടുത്ത സ്വരത്തിൽതന്നെ എന്നെ ഓർമ്മിപ്പിച്ചു. അദ്ദേഹം സ്വരമുയർത്തി വീണ്ടും പറഞ്ഞു 'താങ്കളുടെ ഈ കളിയും പരീക്ഷണവുമൊന്നും ഇവിടെ വേണ്ട. ശാന്തി



ജപവും മററും മോണ്ടിസ്സോറി ക്ലാസിൽ മതി. ഇത് പ്രൈമറിക്ലാസാണ്. ഇവിടെ നല്ല അടി കൊടുത്തില്ലെങ്കിൽ കുട്ടികൾ യാതൊന്നും അനുസരിക്കില്ല. തത്വം നോക്കിയാണോ എല്ലാവരും പഠിപ്പിക്കുന്നതും പഠിക്കുന്നതും! താങ്കളും മററുള്ളവരെപ്പോലെ പഠിപ്പിച്ചാൽ മാത്രമേ പന്ത്രണ്ടുമാസം കഴിയുമ്പോൾ ഫലം കിട്ടുകയുള്ളു. ഇന്നത്തെ ദിവസം വെറുതെ കളഞ്ഞു! എല്ലാം നഷ്ടപ്പെട്ട് വിഡ്ഢിയായി!'

എനിക്കദ്ദേഹത്തോട് സഹതാപം തോന്നി. ഞാൻ പറഞ്ഞു: 'സാറെ, അടിച്ചുപഠിപ്പിക്കുന്ന ജോലിയല്ലേ മററുള്ളവർ ചെയ്യുന്നത്. അതിൻെറ ഫലമെന്താണ്? കുട്ടികൾ ദുസ്വഭാവികളും കാടൻമാരും അച്ചടക്കമില്ലാത്തവരുമായിത്തീരുന്നു. ഇങ്ങനെയുള്ള നാലുവർഷത്തെ പഠനംകൊണ്ട് കുട്ടികൾ ''ഹാഹൂ'' എന്ന് വിളിച്ചുകൂവാനും കൈകൊട്ടി അട്ടഹസിക്കാനും മാത്രമല്ലേ പഠിക്കുന്നത്. അവർക്ക് അവരുടെ വിദ്യാലയത്തോട് യാതൊരുവിധ അടുപ്പവുമില്ല. ഒഴിവ് എന്ന് പൂർണ്ണമായി പറയുന്നതിനുമുമ്പുതന്നെ അവർ ചാടിയോടിപ്പോയതുകണ്ടില്ലെ?'

'ഇനി താങ്കൾ എന്താണ് ചെയ്യാനുദ്ദേശ്യം? ഞങ്ങളുമൊന്ന് കാണട്ടെ ' പ്രധാനാദ്ധ്യാപകൻ ചോദിച്ചു. ഞാൻ നിശബ്ദനായി.

നിരാശയോടെയാണ് അന്നു ഞാൻ വീട്ടിലേക്കു തിരിച്ചത്. കട്ടിലിൽ കിടന്നുകൊണ്ട് ഞാൻ ചിന്തിച്ചു. 'ഈ ജോലി വളരെ ദുഷ്ക്കരമാണ്. പക്ഷെ, എൻെറ യഥാർത്ഥമായ പരീക്ഷണാവസരമാണിത്....ഇവിടെ ഞാൻ തോൽക്കാൻ പാടില്ല. ശാന്തിജപവും കളിയും ഇങ്ങനെ നടത്തിയിട്ടെന്തുകാര്യം? മോണ്ടിസ്സോറി പദ്ധതിയിൽ ആരംഭം മുതൽ ഇതിനുള്ള പരിശീലനം നൽകുന്നുണ്ട്; ഇവിടെ ആദ്യദിവസംതന്നെ ആ രീതി അവലംബിക്കുകവഴി ഞാനൊരു വങ്കത്തരം തന്നെയാണ് ചെയ്തത്. ആദ്യമായി ഞാൻ കുട്ടികളുമായി അടുക്കണം; എന്നോട് അവർക്ക് സ്നേഹവും താൽപ്പര്യവും ഉണ്ടാക്കണം. അപ്പോൾ മാത്രമേ അവർ ഞാൻ പറയുന്നത് അനുസരിക്കുകയുള്ളു. സ്കൂളിനേ

ക്കാൾ കൂടുതൽ അവധി ആഗ്രഹിക്കുന്ന ഈ ചുററുപാടിൽ ജോലി ചെയ്യുക ഭഗീരഥൻെറ ഗംഗാവതരണമാണ്!'

അടുത്ത ദിവസം മുതൽ ചെയ്യേണ്ട കാര്യങ്ങൾ ചിന്തിച്ചുറച്ച് ഞാൻ ഉറങ്ങാൻ കിടന്നു. ആ ചിന്തയിൽ മുഴുകിത്തന്നെ ഒരുവിധം രാത്രി കഴിച്ചുകൂട്ടി എന്നു പറയാം.

## മൂന്ന്

സ്കൂൾ കൂടി. ഞാൻ ക്ലാസ്സുമുറിയിലേക്ക് കടന്നുചെന്നു. കുട്ടികൾ എനിക്കുചുററും കൂടി. അവർ നിർഭയം എന്നെ കളിയാക്കുന്ന മട്ടിൽ പറഞ്ഞുതുടങ്ങി: 'സാറെ, ഇന്നും ഒഴിവു തരില്ലേ. ഒഴിവ്-ഒഴിവ്-ഒഴിവ്'!

ഞാൻ പറഞ്ഞു: 'ശരി, ഇന്നും ഒഴിവുതരാം; പക്ഷെ മുഴുവൻ ദിവസത്തേക്കില്ല; രണ്ടുമണിക്കൂർ നേരത്തേക്കു മാത്രം....ഇന്ന് ഞാൻ നിങ്ങൾക്കൊരു കഥ പറഞ്ഞുതരാം; എല്ലാവരും കേട്ടിരിക്കുക;പിന്നീട് നമുക്ക് മററു കാര്യങ്ങൾ പറയാം.'

ഞാൻ വേഗത്തിൽ കഥ പറയാൻ തുടങ്ങി: 'ഒരിക്കൽ ഒരു രാജാവുണ്ടായിരുന്നു; അദ്ദേഹത്തിന് ഏഴു രാജ്ഞിമാരുണ്ടായിരുന്നു; ഏഴുപേർക്കും ഏഴു രാജകുമാരൻമാരും ഏഴു രാജകുമാരികളും ജനിച്ചിരുന്നു.'

തിക്കും തിരക്കും ബഹളവുമായി. എല്ലാ കുട്ടികളും എൻെറ ചുററും വന്നിരുന്നു. കഥ പറയുന്നതിനിടയിൽ ഞാനല്പമൊന്നു നിർത്തി. അതിനുശേഷം പറഞ്ഞു: 'ഒരു കാര്യം. എല്ലാവരും ഒതുങ്ങി ഇരിക്കുക; ഇങ്ങനെ തിക്കും തിരക്കുമായാൽ കാര്യം നടക്കില്ല.'

എല്ലാവരും അല്പംകൂടി അച്ചടക്കത്തോടെ ഒതുങ്ങി ഇരുന്നു. എന്നിട്ട് കഥ കേൾക്കാൻ തിടുക്കംകൂട്ടി. ഞാൻ ചിരിച്ചുകൊണ്ട് പറയാൻ തുടങ്ങി. 'ആ ഏഴു രാജകുമാരികൾക്കും ഏഴു കൊട്ടാരങ്ങൾ; ഓരോ കൊട്ടാരത്തിലും മുത്തും രത്നവും പതിച്ച ഏഴേഴു തൂക്കുവിളക്കുകൾ....'

കുട്ടികൾ കണ്ണുമിഴിച്ചിരുന്ന് കഥ കേൾക്കാൻ തുടങ്ങി. ക്ലാസിൽ പൂർണ്ണമായ ശാന്തത കളിയാടി. ആരും ശബ്ദി



ക്കുകയോ, എഴുന്നേററ് നടക്കുകയോ ചെയ്തില്ല. ഇന്ന് ക്ലാസ്സിൽ ഇത്രയ്ക്ക് നിശബ്ദതയുണ്ടാകാൻ കാരണമെന്തായിരിക്കുമെന്ന് ഹെഡ്മാസ്ററർ സംശയിച്ചു കാണും; അദ്ദേഹം ക്ലാസിലേക്കുവന്നു. എന്നോട് ചോദിച്ചു— 'എന്താ, കഥ പറഞ്ഞുകൊണ്ടിരിക്കുകയാണോ?'

'അതെ, കഥയും അതോടൊപ്പം ശാന്തിമന്ത്രം ജപിച്ചുള്ള കളിയും നടക്കുന്നുണ്ട്.' ഞാനദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം മടങ്ങിപ്പോയി. ഞാൻ കഥ തുടർന്നുകൊണ്ടേയിരുന്നു. മററു ക്ലാസുകളിൽ വല്ലാത്ത ബഹളമായിരുന്നു. ഞാൻ പറഞ്ഞു: 'അടുത്ത ക്ലാസുകളിൽ വല്ലാത്ത ബഹളം. അല്ലേ?' കുട്ടികളെല്ലാവരും ആ ബഹളത്തോട് അവർക്കുള്ള പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് അതേ മട്ടിൽ ഇരുന്നു.

കഥ പകുതിയായി. ഞാൻ ചോദിച്ചു: 'നിങ്ങൾക്ക് അവധി വേണോ? എന്നാൽ കഥ നിർത്താം. വേണ്ടെങ്കിൽ കഥ തുടരാം!'

'അവധി വേണ്ട—കഥ കേൾക്കണം.' കുട്ടികൾ ഏക സ്വരത്തിൽ പ്രതിവചിച്ചു.

'ശരി, നല്ല കാര്യം, എന്നാൽ കഥ കേൾക്കൂ.' ഞാൻ പറഞ്ഞു. 'ഇടയ്ക്ക് നമുക്ക് കുറച്ചുനേരം മറെറന്തെങ്കിലും സംസാരിക്കാം. അതിനുശേഷം മണിയടിക്കുന്നതിന് മുമ്പുതന്നെ കഥ തുടങ്ങാം.'

'വേണ്ട-വർത്തമാനം നാളെമതി. വേഗം കഥ പറഞ്ഞു തീർക്കൂ, സാർ,' കുട്ടികൾ അക്ഷമരായിരുന്നു. 'ഈ കഥ വളരെ വലുതാണ്. നാലു ദിവസം വേണം തീരാൻ.' ഞാനവരിൽ കൗതുകം വളർത്തിക്കൊണ്ട് പറഞ്ഞു.

'ഓഹോ. ഇത്ര വലുതാണോ. അപ്പോൾ നല്ല രസമായിരിക്കുമല്ലോ!' കുട്ടികൾ കൂടുതൽ തല്പരരായി.

ഞാൻ വേഗംതന്നെ രജിസ്ററർ എടുത്ത് കുട്ടികളുടെ പേര് എഴുതാൻ തുടങ്ങി. എല്ലാവരും പെട്ടെന്ന് പേർ പറഞ്ഞ് രജിസ്ററർ എഴുതാൻ സഹായിച്ചു. പിന്നീട് ഹാജർ എടുത്തുകൊണ്ട് ഞാൻ പറഞ്ഞു: 'നാളെ മുതൽ ഞാൻ ആദ്യം ഹാജരെടുക്കും; എന്നിട്ടേ കഥ പറയുകയുള്ളു!'

ഇത്രയും പറഞ്ഞ് കഥയിലേക്ക് കടന്നപ്പോഴേക്കും മണിയടിച്ചു കഴിഞ്ഞിരുന്നു.

സമയം കഴിഞ്ഞെങ്കിലും കുട്ടികൾ ബഹളംകൂട്ടി പറഞ്ഞു. 'കഥ വേഗം തുടങ്ങിക്കൊള്ളൂ. ഞങ്ങൾ ഇരിക്കാം.'

ഞാൻ പറഞ്ഞു: 'അതു സാദ്ധ്യമല്ല. ഇനി നാളെ.' അതിനുശേഷം ഞാൻ ചോദിച്ചു: 'നാളെ ഒഴിവു വേണോ?' എല്ലാവരും ഏക സ്വരത്തിൽ പറഞ്ഞു: 'കഥ....കഥ.... കഥ....!' അവർ ക്ലാസിന് പുറത്തേയ്ക്ക് ചാടി. ഇന്നലത്തെ 'ഒഴിവ്, ഒഴിവ്' എന്ന വിളിച്ചു കൂവലിനുപകരം ഇന്ന് 'കഥ, കഥ' എന്ന് ആവർത്തിക്കുന്ന ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങി. ഞാൻ വിചാരിച്ചു. എന്തുമാകട്ടെ. ഇന്നത്തെ ദിവസം ഭംഗിയായി കഴിഞ്ഞു. 'അദ്ഭുതകരമായ ഒരു മാന്ത്രിക വിദ്യയാണ് കഥ'യെന്ന കാര്യം തികച്ചും യഥാർത്ഥമാണെന്ന് എനിക്കിന്ന് ബോദ്ധ്യമായി.

## നാല്

അടുത്ത ദിവസം പ്രഭാതത്തിൽ കുട്ടികളെല്ലാം പുഞ്ചിരിച്ചുകൊണ്ടാണ് ക്ലാസിൽ പ്രവേശിച്ചത്. ഉടനെത്തന്നെ അവർ പരസ്പരം ഉന്തും തള്ളുമായി എന്റെ അടുത്തു വന്നിരിപ്പായി. എന്നിട്ടു പറഞ്ഞു 'സാറെ,....കഥ പറയൂ ....'ഞാൻ പറഞ്ഞു. 'ആദ്യം ഹാജർ, അതിനുശേഷം ചില കാര്യങ്ങൾ പറയാനുണ്ട്....പിന്നീട് കഥ!'

പോക്കററിൽനിന്നും ഒരു ചോക്കു കഷണമെടുത്ത് നിലത്ത് ഒരു വൃത്തം വരച്ചുകൊണ്ട് ഞാൻ പറഞ്ഞു. 'നോക്കൂ....എന്നും ഇവിടെ വന്നിരിക്കണം.' ഞാൻ സ്വയം ആ വൃത്തത്തിനകത്ത് ഇരുന്നു. എന്നിട്ട് തുടർന്നു 'ഇതാണെന്റെ സ്ഥാനം. ഇവിടെയിരുന്നാണ് ഞാൻ കഥ പറയുക!'

എല്ലാവരും ഇരുന്നു; ഞാനും ഇരുന്നു. ഹാജർ എടുത്തു.കഥ പറയാൻ തുടങ്ങി. കുട്ടികൾ എന്റെ മുഖത്തു തന്നെ നോക്കിയിരുന്നു. കഥ കേൾക്കുന്തോറും മന്ത്രം കൊണ്ടു മയങ്ങിയിട്ടെന്നപോലെ, പാവകളെപ്പോലെ അവർ



നിശബ്ദരായി ഇരുന്നു. ഇടയ്ക്ക് കഥ നിർത്തിയിട്ട് ഞാൻ ചോദിച്ചു. 'കഥ നിങ്ങൾക്ക് ഇഷ്ടപ്പെടുന്നുണ്ടോ?'

'ഉവ്വ്, സർ. വളരെ ഇഷ്ടമായി!'

'നിങ്ങൾക്ക് കഥ കേൾക്കുന്നതുപോലെ, കഥ വായിക്കാൻ താൽപര്യമുണ്ടോ?'

'ഉവ്വ്. ഞങ്ങൾക്ക് കഥ വായിക്കുന്നതും ഇഷ്ടമാണ്....പക്ഷെ കഥയെഴുതിയ പുസ്തകങ്ങൾ എവിടെ നിന്ന് കിട്ടാനാ?'

'ഞാൻ കഥാപുസ്തകങ്ങൾ കൊണ്ടുവന്നുതന്നാൽ നിങ്ങൾ വായിക്കുമോ?'

'വായിക്കും....തീർച്ചയായും.'

ഇതിനിടയിൽ ഒരു സമർത്ഥനായ കുട്ടി പറഞ്ഞു:

'എന്നാലും, സാർ കഥ പറയുകതന്നെ വേണം. തന്നത്താൻ വായിക്കുന്നതുകൊണ്ട് മാത്രമായില്ല!'

'ശരി, അങ്ങനെയാവട്ടെ.' ഞാൻ സമ്മതിച്ചു. എന്റെ കഥാകഥനം വീണ്ടും തുടർന്നു.

മണിയടിച്ചപ്പോൾ ഞാൻ കഥ നിർത്തി. എല്ലാവരും എന്റെ ചുററും കൂടി. ചിലർ എന്നെ വളരെ സ്നേഹപൂർവം നോക്കി; മററു ചിലർ എന്നെ സ്പർശിച്ചുകൊണ്ട് സന്തോഷം ഉൾക്കൊണ്ടു.

ഞാൻ പറഞ്ഞു: 'മതി, എല്ലാവരും പോകൂ—വേഗം വീട്ടിലെത്തൂ.'

കുട്ടികൾ വിടാനുള്ള ഭാവമായിരുന്നില്ല. അവർ പറഞ്ഞു: 'ഞങ്ങളിപ്പോൾ പോകുന്നില്ല. അങ്ങു കഥ പറഞ്ഞുകൊള്ളൂ. ഞങ്ങൾ വൈകുന്നേരം വരെ ഇരുന്ന് കേൾക്കാം!'

ഞാനവരെ ഒരു വിധത്തിൽ പറഞ്ഞുവിട്ടു. കുട്ടികൾ പിരിഞ്ഞുപോയപ്പോൾ ചില അദ്ധ്യാപകർ എന്റടുത്തു വന്നു. അവർ പറയാൻ തുടങ്ങി. 'സ്നേഹിതാ, അങ്ങ് ഇന്ന് വളരെ ഭംഗിയായി കാര്യങ്ങൾ നടത്തി....ഇപ്പോൾ ഞങ്ങളുടെ ക്ലാസിലെ കുട്ടികളും കഥ പറയണമെന്ന്

ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. അവർക്ക് പഠിത്തത്തിൽ ശ്രദ്ധയേയില്ല. കഥ കേൾക്കാൻ പോകും, അല്ലെങ്കിൽ, കഥ പറയണമെന്നാണ് അവരുടെ പിടിവാശി.'

'എന്തെങ്കിലും പറഞ്ഞുകൊടുത്തുകൂടെ?' ഞാൻ ചോദിച്ചു.

'പക്ഷെ, കഥ പറയാൻ ആർക്കറിയാം....എന്തെങ്കിലും കഥ ഓർമ്മ വന്നിട്ടുവേണ്ടേ പറയാൻ!' അവർ അവരുടെ നിസ്സഹായത പ്രകടമാക്കി.

ഞാൻ ചിരിക്കുകമാത്രം ചെയ്തു.

## അഞ്ച്

അന്ന് ഞായറാഴ്ചയായിരുന്നു. ഞാൻ സ്കൂൾ മേലധികാരിയെ കാണാൻ ചെന്നു. അദ്ദേഹം പറഞ്ഞു. 'സഹോദരാ, ഹെഡ്മാസ്ററർ പറയുന്നത്, നിങ്ങൾ മുഴുവൻ സമയവും കഥ പറഞ്ഞുകഴിച്ചുകൂട്ടുന്നുവെന്നാണല്ലൊ.'

'ശരിയാണ്, ഇപ്പോൾ കഥാകഥനമാണ് നടക്കുന്നത്.' ഞാൻ പ്രതിവചിച്ചു.

മേലധികാരി ചോദിച്ചു: 'എങ്കിൽപ്പിന്നെ, നിങ്ങളുടെ പരീക്ഷണം എപ്പോൾ തുടങ്ങും? പാഠഭാഗങ്ങൾ എങ്ങനെ പൂർത്തിയാക്കും?'

ഞാൻ പറഞ്ഞു: 'സർ, എന്റെ പരീക്ഷണം നടന്നുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും അടുപ്പിക്കുന്നതിൽ കഥയ്ക്കുള്ള മാസ്മര ശക്തി ഞാനിപ്പോൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ആദ്യ ദിവസം ഞാൻ പറയുന്നത് ശ്രദ്ധിക്കാതെ ദിവസം മുഴുവൻ ബഹളം കൂട്ടിയിരുന്ന കുട്ടികൾ കഥ കേട്ടു തുടങ്ങിയപ്പോൾ വളരെ ശാന്തരായിത്തീർന്നിരിക്കുന്നു. അവർ ഞാൻ പറയുന്നത് ശ്രദ്ധയോടെ കേൾക്കുന്നു. നിർദ്ദേശിക്കുന്ന സ്ഥാനത്ത് ഇരിക്കുന്നു. സ്നേഹപൂർവം എന്നോട് പെരുമാറുന്നു. 'മിണ്ടാതിരിക്കൂ, ബഹളം കൂട്ടരുത്' എന്ന് പറയേണ്ടതായ ആവശ്യംതന്നെ വരുന്നില്ല. ക്ലാസിൽ നിന്ന് പോകാൻ പറഞ്ഞാലും കുട്ടികൾ പോകാതായിരിക്കുന്നു!'



മേലധികാരി പറഞ്ഞു 'കൊള്ളാം, അതെല്ലാം മനസ്സിലായി....ഇനി പുതിയ രീതിയിൽ പഠിപ്പിക്കാൻ തുടങ്ങുന്നത് എപ്പോഴാണ്?'

'ഇതുതന്നെയാണ് അദ്ധ്യാപനത്തിന്റെ പുതിയ പദ്ധതി. കഥാകഥനത്തിലൂടെ ഇപ്പോൾ അച്ചടക്കം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അദ്ധ്യാപകനെ ശ്രദ്ധിക്കാനുള്ള പരിശീലനമാണിപ്പോൾ നടക്കുന്നത്. ഭാഷാശുദ്ധി, സാഹിത്യപരിചയം തുടങ്ങിയവയും അതോടൊപ്പം നടക്കുന്നുണ്ട്. നാളെ മററു ചിലതു കൂടി പഠിപ്പിക്കാൻ തുടങ്ങും.' ഞാനദ്ദേഹത്തെ പറഞ്ഞുമനസ്സിലാക്കി.

'പക്ഷെ ഒരു കാര്യം ശ്രദ്ധിക്കണം. കഥാകഥനം കൊണ്ടുമാത്രം ഒരു കൊല്ലം അവസാനിക്കരുത്!' അദ്ദേഹം എന്നെ ഓർമ്മിപ്പിച്ചു.

'അതിനെക്കുറിച്ച് അങ്ങ് വിഷമിക്കണ്ട.' ഞാനദ്ദേഹത്തെ ധൈര്യപ്പെടുത്തി.

## ആറ്

കഥ കേൾക്കാൻ ക്ലാസിലെ കുട്ടികൾ വൃത്താകാരത്തിൽ ഇരിപ്പുറപ്പിച്ചു. ഞാൻ ബോർഡിൽ എഴുതി: 'ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ—ഹാജർ, സംഭാഷണം, കഥ...' ഹാജർ എടുത്തതിനു ശേഷം ഞാൻ സംഭാഷണത്തിലേക്ക് കടന്നു. ഞാൻ പറഞ്ഞു: 'എല്ലാവരും എഴുന്നേററുനിന്ന് കൈകാണിച്ചു തരു. നിങ്ങളുടെ നഖം എത്രത്തോളം വളർന്നിട്ടുണ്ടെന്ന് നോക്കട്ടെ.'

ഒരു കുട്ടിയുടെ നഖം വല്ലാതെ വളർന്നതായിക്കണ്ടു. നഖത്തിൽ ചെളി കട്ടപിടിച്ചിരുന്നു. ഞാൻ പറഞ്ഞു: 'നിങ്ങൾ ഓരോരുത്തരും തൊപ്പി കയ്യിലെടുക്കൂ.... നോക്കൂ. തൊപ്പി അഴുക്കുപിടിച്ച് കീറിത്തുടങ്ങിയതായിക്കണ്ടില്ലേ?'

എല്ലാവരും അവരവരുടെ തൊപ്പി കയ്യിലെടുത്തു നോക്കി. വളരെ കുറച്ചുപേരുടെ തൊപ്പി മാത്രമേ വൃത്തിയുള്ളതായിക്കണ്ടുള്ളു. ഞാൻ പറഞ്ഞു: 'നോക്കൂ. നിങ്ങ

ളുടെ ഷർട്ടിൻെറ ബട്ടനെല്ലാം വിട്ടിരിക്കുന്നു....ഇന്നിനി കൂടുതൽ പരിശോധനയില്ല. കഥ പറയാൻ തുടങ്ങാം.'

കഥ പറയുന്നതിനിടയിൽ ഒരു വിദ്യാർഥി ചോദിച്ചു.

'സാറെ, കഥാപുസ്തകങ്ങളുടെ കാര്യം എന്തായി?'

'രണ്ടുമൂന്നു ദിവസത്തിനകം കൊണ്ടുവരാം....ശരി. കഥകൾ വായിക്കുവാൻ ആഗ്രഹിക്കുന്നവർ കൈ പൊക്കൂ,'

എല്ലാവരും കയ്യുയർത്തി.

ഞാൻ പറഞ്ഞു: 'നിങ്ങൾ വായിച്ചിട്ടുള്ള കഥാപുസ്തകങ്ങളുടെ പേർ പറയൂ.'വളരെ ചുരുക്കം കുട്ടികൾ മാത്രമേ രണ്ടോ നാലോ കഥകൾ വായിച്ചവരായിട്ടുണ്ടായിരുന്നുള്ളു'. നാലാം ക്ലാസിലെത്തിയിട്ടും പാഠപുസ്തകങ്ങളൊഴികെ മറെറന്തെങ്കിലും പുസ്തകം വായിച്ചിട്ടുള്ളവർ വിരളമായിരുന്നു.

'നിങ്ങളിൽ ആരെങ്കിലും മാസികയോ പത്രമോ വായിച്ചിട്ടുണ്ടോ?' ഞാനന്വേഷിച്ചു.

രണ്ടുപേർ പറഞ്ഞു: 'ഉവ്വ് സർ,''ബാലസഖ''വായിച്ചിട്ടുണ്ട്.'

'കൊള്ളാം.' ഞാനവരെ അഭിനന്ദിച്ചു. 'ഞാൻ കഥകൾ കൊണ്ടുവരാം. നിങ്ങൾവായിക്കണം. നിങ്ങൾക്ക് വായിച്ച് മതിയാവുന്ന തരത്തിൽ കഥകൾ കൊണ്ടുവന്നുതരാം!'

കുട്ടികൾ വളരെ സന്തുഷ്ടരായി കാണപ്പെട്ടു.

എൻെറ കഥാകഥനം മണിയടിക്കുന്നതുവരെ തുടർന്നു. അതിനുശേഷം ഞാൻ പറഞ്ഞു: 'കുട്ടികളേ, ഒരു കാര്യം കേട്ടിട്ടുപോകൂ. ഞാൻ വരച്ചിട്ടുള്ള വൃത്തത്തിൽ നിന്നുകൊണ്ട് കേൾക്കണം.....

നാളെ നഖം വെട്ടി വൃത്തിയായി വരണം, തന്നത്താൻ സാധിക്കുമെങ്കിൽ അങ്ങനെ. അല്ലെങ്കിൽ അച്ഛനോട് പറഞ്ഞു ചെയ്യിക്കുക, അതുമല്ലെങ്കിൽ ക്ഷുരകനെക്കൊണ്ട് ചെയ്യിക്കണം.'

ഒരു കുട്ടി പറഞ്ഞു: 'സാറെ, ഞാൻ തന്നത്താൻ കടിച്ച് നഖം കളയാം.'



ഞാൻപറഞ്ഞു: 'അരുത്, അങ്ങനെ ചെയ്യരുത്. നഖം വെട്ടാൻ ചെറിയ കത്തി ഉപയോഗിക്കുക. ഒരിക്കലും നഖം കടിക്കരുത്.'

തുടർന്ന് കൂടുതൽ ഗൗരവത്തിൽ ഞാൻ അവരോടിങ്ങനെ പറഞ്ഞു: 'ഞാൻ മറെറാരു കാര്യംപറയുന്നത് കൂടി കേൾക്കുക.'

കുട്ടികൾ: 'എന്താണത്?'

'നിങ്ങൾ തലയിൽ തൊപ്പിവയ്ക്കാതെ വന്നാൽമതി. എന്തിനാണീ അഴുക്കു പിടിച്ച തൊപ്പി? അല്ലെങ്കിലും നമ്മുടെതലയിൽ എന്തിനാണീ തൊപ്പി? അതിൻെറ ആവശ്യമെന്താ?' ഞാൻ ചോദിച്ചു.

കുട്ടികളെല്ലാവരും പൊട്ടിച്ചിരിച്ചു. 'അതെങ്ങനെ? തൊപ്പിവയ്ക്കാതെ സ്കൂളിൽ വരാമോ? ഹെഡ്മാസ്ററർ സമ്മതിക്കുമോ?'

'നാളെ മുതൽ ഞാനും തൊപ്പിവയ്ക്കാതെവരാം.നിങ്ങളും അതുതന്നെ ചെയ്യുക.' ഞാനവരെ ധൈര്യപ്പെടുത്തി.

കുട്ടികൾ ചോദിച്ചു: 'അച്ഛൻ സമ്മതിച്ചില്ലെങ്കിൽ ഞങ്ങളെന്തുചെയ്യും?'

'അച്ഛനോട് പറയണം, ഇതൊരു അനാവശ്യമായ ഭാരമാണെന്ന്. അഴുക്കുപിടിച്ച തൊപ്പി ധരിക്കുന്നതിൽ ഭേദം തൊപ്പി വയ്ക്കാതിരിക്കുന്നതല്ലേ?' ഇത്രയും പറഞ്ഞ് ഞാൻ ഒരു കാര്യം അവരെ ഓർമ്മിപ്പിച്ചു. 'കോട്ടിൻെറ ബട്ടനൊക്കെ തുന്നിപ്പിടിപ്പിച്ചുവരണം. ഇങ്ങനെ കോട്ട് തുറന്നിട്ട് വരുന്നത് നല്ലതല്ല.'

എല്ലാവരും എൻെറ നിർദ്ദേശങ്ങൾ നല്ലപോലെ മനസ്സിലാക്കി വീട്ടിലേക്കു തിരിച്ചു.

വഴിക്കുവച്ച് ഞാൻ പ്രധാനാദ്ധ്യാപകനെ കണ്ടു. അദ്ദേഹം പറയാൻ തുടങ്ങി: 'ഹോ, മിസ്ററർ. നിങ്ങൾ എന്തൊക്കേയോ ചെയ്യുന്നു! ഇമ്മാതിരി അഭിനയംകൊണ്ടെന്താകാര്യം? നഖംമുറിക്കുക. ബട്ടൻതുന്നുക, അതുമിതുമൊക്കെ ചെയ്യിക്കുക! പുതിയ പദ്ധതിയനുസരിച്ച് പഠിപ്പിക്കാനാണ് വന്നിരിക്കുന്നതെങ്കിൽ, അത് ചെയ്യുക. ഈ

വക കാര്യങ്ങൾ മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതാണ്. അത് അവർ നോക്കിക്കൊള്ളും. ഇല്ലെങ്കിൽ, നമുക്കെന്താ? പക്ഷെ, ഒരു കാര്യം, തൊപ്പിധരിക്കാതെ കുട്ടികളെ സ്ക്കൂളിൽവരാൻ അനുവദിക്കരുത്. അത് അന്തസ്സുകേടാണ്. തന്നെയല്ല, അതിനു മേലുദ്യോഗസ്ഥന്റെ അനുമതി വേണം.'

'സാറെ, ഇതെല്ലാമാണ് അദ്ധ്യാപനത്തിന്റെ പുതിയ രീതികൾ. വൃത്തിഹീനമായി പെരുമാറുന്ന കുട്ടികളെ ഇതല്ലാതെ മറ്റെന്തു പ്രാഥമിക പാഠമാണ് പഠിപ്പിക്കുക! താങ്കൾ കാണുന്നില്ലെ, ഞാനിക്കാര്യം അവരെ ഓർമ്മിപ്പിച്ചപ്പോൾ അവർ തന്നെ ലജ്ജിച്ചുപോയി. ഇങ്ങനെ വൃത്തിഹീനമായി നടക്കുന്നത് ശരിയല്ലെന്ന് അവർക്ക് തോന്നിക്കഴിഞ്ഞിരിക്കുന്നു. മേലാൽ ഭൂരിപക്ഷം കുട്ടികൾ ശുചിത്വം പാലിച്ച് ജീവിക്കാൻ പഠിക്കുമെന്ന് എനിക്ക് വിശ്വാസമായിക്കഴിഞ്ഞിരിക്കുന്നു....തൊപ്പിയുടെകാര്യത്തിൽ ഞാൻ ഡപ്യൂട്ടി ഡയറക്ടർസാറിന്റെ അഭിപ്രായം അറിഞ്ഞുകൊള്ളാം. അദ്ദേഹത്തിന്റെ അനുവാദം കിട്ടിയില്ലെങ്കിൽ തീർച്ചയായും ഈ മാറ്റം വേണ്ടെന്നുവയ്ക്കാം.' ഞാനദ്ദേഹത്തിന് ഉറപ്പുകൊടുത്തു.

ഞാൻ വീട്ടിൽ ചെന്നു. ആഹാരം കഴിച്ച് വേഗം മേലധികാരിയുടെ വീട്ടിലെത്തി.

'എന്താണ്, ഈ സമയത്ത്....?' അദ്ദേഹം ചോദിച്ചു.

'ഒരു കാര്യത്തിൽ അങ്ങയുടെ അഭിപ്രായം അറിയേണ്ടതുണ്ട്.'

'പറയൂ, എന്താണ് കാര്യം?'

'ക്ലാസിൽ ഞാനും എന്റെ വിദ്യാർത്ഥികളും തൊപ്പി ധരിക്കാതെ വരുന്നതിൽ വല്ല വിരോധവുമുണ്ടോ?'

'അതിന്റെ ആവശ്യം?' അദ്ദേഹം അദ്ഭുതത്തോടെ ചോദിച്ചു.

'കുട്ടികളുടെ തൊപ്പികൾ വളരെ വൃത്തിഹീനവും, വിരൂപവുമാണ്. ആ സ്ഥിതിക്ക്, അവർ അത് ധരിക്കാ



തിരിക്കുന്നതല്ലേ ഉചിതം. ഈ പ്രായത്തിൽ അവരുടെ തലയിൽ ഈ ഭാരമില്ലെങ്കിൽ എന്താണ് കുഴപ്പം?'

'പക്ഷെ, ആളുകൾക്ക് ഇക്കാര്യം വളരെ വിചിത്രവും പരിഹാസ്യവുമായിത്തോന്നില്ലേ?' അദ്ദേഹം ചോദിച്ചു.

ഞാൻ പറഞ്ഞു 'അതുണ്ടാകും. പക്ഷെ, ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?'

'എന്റെ അഭിപ്രായത്തിൽ, നമ്മുടെ ഈ പരീക്ഷണത്തിനിടയിൽ നാം ഇത്തരം സാമൂഹ്യകാര്യങ്ങളിൽ ഇടപെടാതിരിക്കുകയാണ് നല്ലത്. വിദ്യാലയത്തിന്റെ മതിൽക്കെട്ടിനകത്തു നിന്നുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ എന്തെല്ലാം പരിഷ്ക്കാരം വരുത്താൻ കഴിയുമോയെന്ന് ചിന്തിക്കുകയാണ് നാം ചെയ്യേണ്ടത്. തൊപ്പിയുടെ കാര്യം വിട്ടുകളയൂ....'

'അങ്ങയുടെ ഈ വിചാരം അൽപ്പം സങ്കുചിതമല്ലേ എന്നാണെന്റെ സംശയം....പക്ഷെ, ഞാൻ തൽക്കാലം അതിന് നിർബന്ധിക്കുന്നില്ല. ആരംഭത്തിൽതന്നെ, താങ്കളുടേയും ജനങ്ങളുടേയും വിരോധം നേടാൻ ഞാൻ ശ്രമിക്കുന്നില്ല'— ഇത്രയും പറഞ്ഞ് ഞാൻ മറ്റൊരു കാര്യത്തിലേക്കുകടന്നു. ''ക്ലാസ്സിൽ കുട്ടികൾ തൊപ്പിയില്ലാതെ ഇരുന്ന് പഠിക്കുന്നതിൽ അങ്ങേയ്ക്ക് വിരോധം കാണില്ലല്ലൊ!'

'ഇല്ല, തീരെയില്ല.' അദ്ദേഹം സമ്മതിച്ചു. 'ക്ലാസിൽ താങ്കൾക്ക് ഇഷ്ടമുള്ള പരിഷ്ക്കാരം വരുത്താം. അങ്ങനെ ചെയ്താൽ ക്രമേണ ജനങ്ങൾ അത് സ്വീകരിക്കുമെങ്കിൽ തൊപ്പി ധരിക്കണമെന്ന് എനിക്കു തീരെ നിർബന്ധമില്ല.'

'ശരി....കൊള്ളാം'— ഞാൻ പറഞ്ഞു. 'ഇനി മറ്റൊരു കാര്യംകൂടി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്....എനിക്ക് എന്റെ ക്ലാസിൽ ഒരു ഗ്രന്ഥശാല ഉണ്ടാക്കിയാൽ കൊള്ളാമെന്നുണ്ട്. അതിന് എനിക്ക് പണം കിട്ടുമോ?'

'പണമോ?' അദ്ദേഹം വിസ്മയത്തോടെ ചോദിച്ചു. 'കൊള്ളാം. പണമെവിടെനിന്നുണ്ടാകാനാണ്? ഈ പരീക്ഷണം നാം രണ്ടുപേരുംമാത്രം അറിഞ്ഞുചെയ്യുന്ന ഒരു

സംരംഭമാണ്. ബഡ്ജററിലുള്ള പണം കൊണ്ടുവേണം നമുക്കീ വിദ്യാലയം നടത്താൻ. നിങ്ങളുടെ സ്ക്കൂളിലെ, നിങ്ങളുടെ ക്ളാസിലെ വിഹിതത്തിൽ നിന്നു കിട്ടുന്ന നിസ്സാരമായ വരുമാനത്തിൽ നിന്നുവേണം ചെലവുകശം വഹിക്കാൻ.'

'അപ്പോഠം, എന്തു ചെയ്യണം!'

'തൽക്കാലം ഈ വിചാരം ഉപേക്ഷിക്കൂ'

'എൻെറ മനസ്സിൽ മറെറാരാശയം കൂടിയുണ്ട്.' ഞാൻ പറഞ്ഞു.

'അങ്ങ് അംഗീകരിക്കുമെങ്കിൽ മാത്രം. കുട്ടികഠം പാഠപുസ്തകം വാങ്ങണമല്ലൊ. നാലാം പാഠം ഹിന്ദിപുസ്തകവും അതിൻെറ വ്യാഖ്യാനവും ചരിത്രവും എല്ലാ വിദ്യാർത്ഥികളും വാങ്ങണമെന്നുണ്ടല്ലൊ.'

'അതെ, ശരിയാണ്'

'ഞാൻ പറയാനാഗ്രഹിക്കുന്നത് ഇതാണ്. കുട്ടികഠം പാഠപുസ്തകങ്ങഠം വാങ്ങണ്ട.ആ പുസ്തകങ്ങളുടെ വില കൊണ്ട് വേറെ നല്ല പുസ്തകങ്ങഠം വാങ്ങിയാൽ അവരുടേതായ ഒരു ഗ്രന്ഥാലയം തുടങ്ങുവാൻ കഴിയുമല്ലൊ.'

'തരക്കേടില്ല. പക്ഷെ, പാഠപുസ്തകങ്ങളില്ലാതെ കുട്ടികഠം എങ്ങനെ പഠിക്കും?' മേലധികാരി ചോദിച്ചു.

'ഞാനക്കാര്യവും ചിന്തിച്ചുറച്ചിട്ടുണ്ട്........പുതിയ അദ്ധ്യാപന രീതിയിൽ എനിക്ക് തികച്ചും വിശ്വാസമുണ്ട്. ഞാൻ കാര്യങ്ങഠം ഭംഗിയായി നടത്തി താങ്കഠംക്ക് കാണിച്ചുതരാം. ഇക്കാര്യത്തിൽ താങ്കഠംക്ക് പൂർണ്ണമായ വിശ്വാസം വരുത്തുകയുംചെയ്യാം.'

'കൊള്ളാം. പരീക്ഷണം നിങ്ങളുടേതാണ്. ഫലം കാണിച്ചുതരേണ്ടതും നിങ്ങഠം തന്നെയാണ്....എനിക്ക് നിങ്ങളെ ഒരു പ്രത്യേക കാര്യം ഓർമ്മിപ്പിക്കാനുണ്ട്. കുട്ടികഠം അലഞ്ഞു നടക്കാൻ ഇടയാകരുത്....പരീക്ഷണത്തിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്. പക്ഷെ എൻെറ മനസിലെ ഉൽക്കണ്ഠ വിട്ടുമാറുന്നില്ല.'

ഞാനദ്ദേഹത്തെ ധൈര്യപ്പെടുത്തികൊണ്ട് പറഞ്ഞു. 'സാറെ, അങ്ങ് വിശ്വസിക്കൂ. എൻെറ പ്രവൃത്തികഠം



ഒരിക്കലൊന്നു കാണൂ...ശ്രമം എൻേറതാണ്. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ വിജയം നമ്മുടേതായിരിക്കും.'

'ശരി പക്ഷെ, വർഷാവസാനത്തിൽ നിങ്ങളുടെ ഗ്രന്ഥാലയത്തിൻെറ സ്ഥിതിയെന്താവും? ആ പുസ്തകങ്ങഠം കുട്ടികഠംക്കുതന്നെ വീതിച്ചുകൊടുക്കുമോ?' 'തീർച്ചയായും...ഒരു നിലയ്ക്ക് പുസ്തകങ്ങളെല്ലാം കുട്ടികളുടെയാണല്ലൊ. അത് ക്ലാസിലുളള കുട്ടികഠംക്ക് തിരിച്ചു കിട്ടണമല്ലൊ. പക്ഷെ പുസ്തകങ്ങഠം തിരിച്ചു ചോദിക്കരുതെന്നും, അവ ക്ലാസിൽ അങ്ങനെ തന്നെ സൂക്ഷിക്കാൻ അനുവദിക്കണമെന്നും ഞാൻ കുട്ടികളോടും രക്ഷാകർത്താക്കളോടും അപേക്ഷിക്കും. അങ്ങനെ വർഷംതോറും പുതിയ പുസ്തകങ്ങഠം വാങ്ങി ശേഖരിച്ച് ഒരു സ്ഥിരം ഗ്രന്ഥാലയം രൂപപ്പെടുത്താൻ കഴിയും.'

'നിങ്ങഠം പറയുന്ന കാര്യങ്ങഠം ജനങ്ങഠംക്ക് മനസ്സിലാകുമോ ആവോ....പരിപാടികളെല്ലാം നന്നായിട്ടുണ്ട്. എന്നായാലും ഇതിനൊക്കെ ഒരവസരം ലഭിക്കണമല്ലൊ.... എങ്കിലും, പ്രശ്നമതല്ല. പാഠപുസ്തകങ്ങളില്ലാതെ കുട്ടികഠം എങ്ങനെ പഠിക്കും?'

'അതെല്ലാം ഞാൻ ആലോചിച്ചുറച്ചിട്ടുണ്ട്.' ഞാൻ അദ്ദേഹത്തെ ഒരിക്കൽകൂടി ധൈര്യപ്പെടുത്തി യാത്രപറഞ്ഞിറങ്ങി.

## ഏഴ്

പിറേറദിവസം വിദ്യാലയം പ്രവർത്തനനിരതമായി. ഞാൻ കരുതിയിരുന്നത് വിദ്യാർത്ഥികഠം തൊപ്പിധരിക്കാതെ ക്ലാസിൽ വരുമെന്നാണ്. പക്ഷെ എൻെറ വിചാരം തെററായിരുന്നു. അങ്ങനെ അവർ ക്ലാസിൽ വരുന്നതിന് മാതാപിതാക്കഠം എതിരായിരുന്നുവെന്ന് എനിക്ക് മനസ്സിലായി.അവർ പറഞ്ഞുവത്രെ'തൊപ്പിയില്ലാതെ എവിടെയെങ്കിലും പോകാമോ?....നിങ്ങളുടെ അദ്ധ്യാപകന് തലയ്ക്ക് കിറുക്കാണ്!'

ഞാനവരുടെ കൈവിരലുകളിലേക്ക് നോക്കി.നാലഞ്ചു പേർ മാത്രമേ നഖം വെട്ടിയുള്ളു. വീട്ടിലെ പല ബുദ്ധി

മുട്ടുകളും അതിന് കാരണമായിരുന്നു. കോട്ടിന്റെ ബട്ടൺ തുന്നികൊടുക്കാൻ ആർക്കാണവസരം! ഒരു കുട്ടിയുടെ അമ്മ പറഞ്ഞു വിട്ടിരിക്കുന്നു. 'സാറെ അങ്ങ് പഠിപ്പിക്കാൻ വന്നിരിക്കുകയാണെങ്കിൽ പഠിപ്പിച്ചാൽ മതി. ഈ പുതിയ പുതിയ വിദ്യകൾ എന്തിന് പ്രയോഗിക്കുന്നു. കുട്ടികളുടെ നഖം വെട്ടിക്കൊടുക്കാനും ബട്ടൻസ് തുന്നിക്കൊടുക്കാനും മററും ഞങ്ങൾക്ക് സമയമെവിടെ? ഞങ്ങളുടെ കുട്ടികളുടെ കാര്യം ഇങ്ങനെയൊക്കെ നടന്നുകൊള്ളു... ഞങ്ങൾക്കു മരിക്കാൻ പോലും സമയമില്ല! പിന്നെയാണോ അങ്ങയുടെ അടിമപ്പണി ചുമക്കാൻ നേരം!'

ഞാൻ അന്തംവിട്ടുപോയി. ഞാൻ വിചാരിച്ചിരുന്നത് അന്ന് സ്കൂൾ കൂടുമ്പോൾ ക്ലാസ് വളരെ ശുചിയായിരിക്കും എന്നാണ്....അനുഭവമോ!....കൊള്ളാം, സാരമില്ല.... ഞാൻ നിശ്ചയിച്ചു. ഇതുകൊണ്ടൊന്നും കാര്യം നടക്കില്ല. ഒരു ഭാഗത്തു നിന്ന് രക്ഷാകർത്താക്കളുടെ സഹകരണം നേടുകയും മറുഭാഗത്ത് ക്ലാസിലെ കുട്ടികളിൽ തന്നെ ഇമ്മാതിരി കാര്യങ്ങളെക്കുറിച്ച് താൽപര്യം ജനിപ്പിക്കുകയും വേണമെന്ന് ഞാനുറച്ചു.

അന്ന് ഞാൻ കുട്ടികളോട് കൂടുതൽ കാര്യങ്ങളൊന്നും പറഞ്ഞില്ല. കഥ പറയാൻ തുടങ്ങി. പറഞ്ഞു നിർത്തിയിരുന്ന കഥ പറഞ്ഞവസാനിപ്പിച്ചു. കുട്ടികൾ പറയാൻ തുടങ്ങി. 'ഒരു കഥ കൂടി.'

'നാളെ മുതൽ പുതിയ കഥ തുടങ്ങാം' ഞാൻ പറഞ്ഞു 'വരൂ, ഇന്ന് കുറച്ചുനേരം കളിക്കാം.'

'കളിക്കാനോ?' കുട്ടികൾ ആശ്ചര്യത്തോടെ എന്നെ നോക്കി.

'അതെ, കളിക്കാം....നിങ്ങൾക്കെന്തെല്ലാം കളിയറിയാം?.'

'ഞങ്ങൾക്ക് പല കളികളുമറിയാം....പക്ഷെ, ക്ലാസിൽ എങ്ങനെ കളിക്കും?.'

'എന്തുകൊണ്ട് സാധിക്കില്ല?'

'സാറെ, ഇത് പഠിക്കാനുള്ള സമയമല്ലേ?. ഈ നേരത്ത് കുട്ടികൾ കളിക്കാമോ? അങ്ങനെ പതിവില്ലല്ലൊ.' കുട്ടികൾ യുക്തിയോടെ ചോദിച്ചു.



'പക്ഷെ, നമുക്ക് കളിക്കാം. നിങ്ങളുടെ കൂടെ ഞാനുമുണ്ട് കളിക്കാൻ....വരൂ....'

ചില കുട്ടികൾ പാവകളെപ്പോലെ നിന്നു. ചിലർ കൂക്കിവിളിച്ച് കളിക്കാനിറങ്ങി. അപ്പോഴേക്കും ആകെ ബഹളമായി. അടുത്ത ക്ലാസിലെ കുട്ടികൾ എത്തിനോക്കാൻ തുടങ്ങി. എന്റെ സഹാദ്ധ്യാപകരും മറുഭാഗത്തു നിന്ന് എത്തിച്ചു നോക്കി.

ഇതിനിടയിൽ ഹെഡ്മാസ്ററർ പെട്ടെന്ന് അവിടെയെത്തി. എന്നെ തടഞ്ഞിട്ട് പറഞ്ഞു 'സാറെ, ക്ലാസിൽ കളിക്കാൻ പററില്ല. കളിക്കണമെങ്കിൽ അകലെ ആ മൈതാനത്തിലേക്കു പോകൂ. മററുള്ളവർക്ക് വിഷമമുണ്ടാക്കരുത്.'

ഞാൻ കുട്ടികളെ ക്കൂട്ടി മൈതാനത്തിലെത്തി. കുട്ടികൾ ബൽഗാം കുതിരകളേപ്പോലെ തുള്ളിച്ചാടുകയായിരുന്നു. 'കളി–കളി! ഹായ്. നമുക്ക് കളിക്കാം!'

'എന്തുകളി വേണം?' ഞാൻ ചോദിച്ചു.

ഒരു കുട്ടി പറഞ്ഞു—'ഖോഖോ.'

'അല്ല. കബഡി മതി' മറെറാരുത്തൻ പറഞ്ഞു.

'അല്ല, സിംഹവും കൂടുമായിട്ടുള്ള കളി മതി.'

മൂന്നാമതൊരുവൻ.

'എന്നാൽ ഞങ്ങൾ കളിക്കാനില്ല'—നാലാമൻ.

'അവൻ വേണ്ട, ഞങ്ങൾക്കു കളിക്കണം—' അഞ്ചാമൻ പറഞ്ഞു.

കുട്ടികളുടെ ഈ അടക്കമില്ലാത്ത പെരുമാററം നോക്കിക്കണ്ട് ഞാൻ അവരോടു പറഞ്ഞു. 'നമ്മൾ കളിക്കാനാണ് വന്നത്. ഇല്ല, ഉണ്ട്, കളിക്കില്ല, കളിക്കണം എന്നൊക്കെ ബഹളം കൂട്ടിയാൽ,ശരി, നമുക്ക് ക്ലാസ് മുറിയിലേക്കു തന്നെ മടങ്ങാം.'

'ഇല്ല, സാറെ. ഞങ്ങൾക്കു കളിക്കണം' കുട്ടികൾ പറഞ്ഞു.

'ശരി, എന്നാൽ വരൂ. ഇന്ന് 'ഖോ ഖോ' കളിക്കാം, ആരെങ്കിലും രണ്ടുപേർ തലവൻമാരായി വരൂ. വേറെ രണ്ടു

പേർ പരസ്പരം അഭിപ്രായം അറിയുന്നവരായി മുന്നോട്ടു വരൂ.'—ഞാനിതു പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും കൂട്ടുകാരനെത്തേടുന്ന ബഹളമായി. ഒരുത്തൻ പറഞ്ഞു 'ഞാൻ നേതാവാകാം.' വേറൊരുത്തൻ പറഞ്ഞു 'ഞാൻ.' ഒടുവിൽ ഞാൻതന്നെ രണ്ടുപേരുടെ പേർ നിർദ്ദേശിച്ചു. കുട്ടികളെ രണ്ടു ഭാഗമായി തിരിച്ചു. കളി തുടങ്ങി.

പക്ഷെ, അവരുടെകളി തെരുവുപിള്ളേരുടെ കളിയായി മാറി. ഒരാളും നാവടക്കികളിക്കുന്നതായി കണ്ടില്ല. ഓരോരുത്തരും ഓരോന്ന് വിളിച്ചു കൂവിക്കൊണ്ടിരുന്നു. 'ആ.... വരൂ....സാറെ, പിടിക്കൂ.' എന്ന് ചിലർ. 'പിടിച്ചു.... പിടിച്ചു!' എന്ന് മററു ചിലർ. 'നോക്കൂ, അവൻ അതിലേ പുറത്തേക്കു ചാടും.' 'എടാ, നല്ലപോലെ നോക്കി നിൽക്ക്.... ഞാൻ പറഞ്ഞില്ലെ, അവൻ പുറത്തു കടക്കുമെന്ന്. വലിയ വർത്തമാനം പറഞ്ഞുനിന്നു. അവൻ ഓടിപ്പോയി. ഇപ്പോൾ തോററില്ലേ?'—ഇങ്ങനെ കുട്ടികൾ ഉറക്കെ ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു.

ഞാനാലോചിച്ചു: 'ഇതു കളിസ്ഥലമാണോ, പച്ചക്കറിച്ചന്തയാണോ! ഇത് 'ഖോ ഖോ' കളിയാണോ, പന്തയമാണോ?'

കളി കഴിഞ്ഞപ്പോൾ ജയിച്ച സംഘത്തിൽപെട്ട ഒരു കുട്ടി ഉറക്കെ പറഞ്ഞു. 'ഞങ്ങൾ ജയിച്ചു.... ഞങ്ങൾ ജയിച്ചു. അവർ വല്ലാതെ വെള്ളം കുടിച്ചു. തലവൻ കേമനായിരുന്നു. എന്നിട്ടെന്തു കാര്യം? ഞങ്ങളോട് കളിച്ചാൽ ഇങ്ങനെയിരിക്കും! '

അടുത്തുനിന്ന കുട്ടിയ്ക്ക് ദേഷ്യം വന്നു. അവൻ ചൊടിച്ചുകൊണ്ട് പറഞ്ഞു. 'അതെ, ഞാൻ തോററു. നിനക്കെന്താ നഷ്ടം?'

ആദ്യത്തെ കുട്ടി പറഞ്ഞു—'നിങ്ങൾ തോററു.... ഞങ്ങൾ ജയിച്ചു.... എന്തുചെയ്യും നിങ്ങൾ? ജയിച്ചേ.... ജയിച്ചേ....'

തോററവന്റെ മുഖത്ത് കോപം മുററിനിന്നു. അവൻ പറഞ്ഞു. 'ഇനി മിണ്ടുമോ? മിണ്ടിയാൽ, ഈ കല്ലുകണ്ടോ?'

ജയിച്ചവൻ വിടാൻ ഭാവമില്ലായിരുന്നു. 'കണ്ടു; കണ്ടു. ഇനിയും ഞാൻ നിന്നെ കളിയാക്കും. ഇവൻ തോററു.. തോററു.. തോറേറ....' അപരന് ദേഷ്യം നിയന്ത്രിക്കാൻ



കഴിഞ്ഞില്ല. കല്ലെടുത്ത് അവൻ ശക്തിയായി എറിഞ്ഞു. കല്ല് മറെറാരു കുട്ടിയുടെ തലയിൽ ചെന്നു കൊണ്ടു. രക്തമൊഴുകാൻ തുടങ്ങി. 'ഇത് കഷ്ടമായിപ്പോയി.' ഞാൻ ചിന്തിച്ചു. എന്നിട്ട് എന്റെ ടവ്വൽ കീറി കുട്ടിയുടെ തലയിലെ മുറിവ് വച്ചുകെട്ടി. അതിനുശേഷം എല്ലാ കുട്ടികളേയും വിളിച്ചു പറഞ്ഞു. 'നാളെ മുതൽ കളിയില്ല'.

'സാറെ, ഇത് ഇവർ തമ്മിലുള്ള വഴക്കായിരുന്നു. ഞങ്ങളുടെ കുററമല്ലല്ലൊ'— കുട്ടികൾ പറഞ്ഞു.

'ഞാൻ പറയുന്ന രണ്ടു കാര്യങ്ങൾ നിങ്ങൾക്കു സമ്മതമാണെങ്കിൽ കളി തുടരാം' ഞാൻ പ്രതിവചിച്ചു.

'സമ്മതമാണ്, സമ്മതമാണ്' എല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞു.

ഞാനവരോട് കർശനമായിപ്പറഞ്ഞു. 'കളിക്കുമ്പോൾ ആരും സംസാരിക്കരുത്. സംസാരിക്കുന്നവരെ കളിയിൽ നിന്ന് പുറത്താക്കും.'

'സമ്മതിച്ചു.' എല്ലാവരും പറഞ്ഞു.

'മറെറാരു കാര്യം.... കളിയിൽ ജയം, തോൽവി എന്നുള്ള വ്യത്യാസമില്ല. കളി കളിമാത്രം. ഒരു പ്രാവശ്യം നമുക്കു ശക്തി കുറഞ്ഞാൽ അടുത്ത പ്രാവശ്യം ശക്തി കൂടിയെന്ന് വരും. അതിൽ 'നീ തോററു, ഞാൻ ജയിച്ചു' എന്നൊക്കെപ്പറഞ്ഞ് വഴക്കടിക്കുന്നതിൽ അർത്ഥമില്ല. കളിക്കുക എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം, കളിക്കുക, ചാടുക, ഓടുക, രസിക്കുക എന്നാണ്. ജയിച്ചു, തോററു എന്നൊക്കെപ്പറഞ്ഞ് തല പൊളിക്കേണ്ടതായ ആവശ്യം അതിലില്ല'.

'ഞങ്ങൾക്കു സമ്മതമാണ്.' എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

ഞങ്ങൾ കളികഴിഞ്ഞ് വിദ്യാലയത്തിലെത്തി. കൂടെ തലപൊട്ടിയ കുട്ടിയുമുണ്ടായിരുന്നു. മററദ്ധ്യാപകരും വിദ്യാർത്ഥികളും അവനെ കാണാൻ പുറത്തിറങ്ങിവന്നു. ഒരു രസികനായ കുട്ടി ചോദിച്ചു. 'എന്തുണ്ടായി? എന്തു കളിയാണ് കളിച്ചത്?.

'എടാ, അവൻ ഹോളികളിക്കാനാണ് പോയത്' മറെറാരുത്തൻ പറഞ്ഞു.

ഒഴിവു സമയത്ത് അദ്ധ്യാപകരും പ്രധാനാദ്ധ്യാപകനും എൻറടുത്തുവന്നു. അദ്ധ്യാപകർ പറഞ്ഞു. 'ഇന്ന് നിങ്ങൾ ഭയങ്കരമായ യുദ്ധം നടത്തിച്ചുവെന്ന് കേട്ടു!'— മററൊരദ്ധ്യാപകൻ എന്നെ ഉപദേശിച്ചു 'മിസ്ററർ. ഈ 'കളി കിളി' യൊക്കെ ഒഴിവാക്കൂ. ഇവർ പന്ത്രണ്ടുവർഷത്തെ പ്രജകളാണ്. ഇവരെ വിദ്യാലയത്തിനകത്തുതന്നെയിരുത്തി പറയിപ്പിച്ച് പഠിപ്പിക്കണം. നിങ്ങൾ ഇവരെ 'അഴിച്ചു' വിട്ടാൽ ഇവർ പരസ്പരം തല്ലി തലപൊളിക്കും! തെരുവുകളിൽ നിത്യേന എന്താണ് നടക്കുന്നത്. നിങ്ങൾക്കറിഞ്ഞുകൂടെ.'

പ്രധാനാദ്ധ്യാപകൻ പറഞ്ഞു. 'ഞാൻ വിചാരിച്ചിരുന്നു, ഇന്നെന്തെങ്കിലും പുതുമയുണ്ടാകുമെന്ന്. അതിപ്പോൾ ശരിയായി. ഇദ്ദേഹത്തിന് അനുഭവം കൊണ്ടേ എല്ലാം മനസ്സിലാകൂ. ഇല്ലെങ്കിൽ ഇദ്ദേഹം അനങ്ങാതിരിക്കില്ല....ഏതെങ്കിലും വിദ്യാലയത്തിൽ ഇങ്ങനെ കളിയും മററും പതിവുണ്ടോ?'

ഞാൻ ഉത്തരം പറഞ്ഞു. 'സാറെ, കളിയാണ് യഥാർത്ഥമായ അദ്ധ്യാപനം. ലോകത്തിലെ വൻ ശക്തികളിൽ പലതും ജനിച്ചിട്ടുള്ളത് കളിക്കളത്തിലാണ്. കളിയുടെ അർത്ഥമെന്താണെന്നോ, സ്വഭാവനിഷ്ഠ!'

'അതുകൊണ്ടാണല്ലേ അടിപിടിയും തലപൊളിക്കലും നടന്നത്.' പ്രധാനാദ്ധ്യാപകൻ എൻെറ വാക്കുകൾ രസിക്കാത്ത മട്ടിൽ പറഞ്ഞു.

സംഭാഷണം നടക്കുന്നതിനിടയിൽ തലപൊളിഞ്ഞ കുട്ടിയുടെ അച്ഛൻ ദേഷ്യത്തോടെ കടന്നുവന്നു. അദ്ദേഹം പറഞ്ഞു. 'ഞങ്ങൾക്ക് ഇമ്മാതിരി പഠിപ്പിക്കലൊന്നും വേണ്ട. കണ്ടില്ലേ, തല പൊട്ടി ചോരയൊലിക്കുന്നത്..... ഹെഡ്മാസ്ററർ എവിടെ?.... ഇവനെ ആരാണ് അടിച്ചത്?'

'നോക്കൂ. മിസ്ററർ. കുട്ടികൾ കളിക്കാൻ പോയതാണ്. അവിടെവച്ച് പരസ്പരം അടി കൂടി. ഇവന് ഏറുകൊണ്ടു'.... ഞാനതിൽ ഇടപെട്ടുകൊണ്ട് പറഞ്ഞു. ആ പിതാവ് വീണ്ടും പറഞ്ഞു. 'ഇവന് കളിക്കാൻ അനുവാദം കൊടുത്തത് ആരാണ്?....സ്കൂളിൽ പഠിപ്പിക്കലാണോ, കളിയാണോ നടക്കുന്നത്?....ദിവസംമുഴുവൻ ഇവർ തെരുവിൽ തെണ്ടിത്തിരിഞ്ഞ് കളിച്ച് നടക്കുകയല്ലേ?. താങ്കൾ കുട്ടിയെ പഠിപ്പിക്കുമെന്ന് കരുതിയാണ് ഇങ്ങോട്ടയക്കുന്നത്!....അതില്ലെങ്കിൽ മേലാൽ അയക്കുന്നില്ല!'



ഞാൻ നിശബ്ദം എല്ലാം കേട്ടുനിന്നു. പ്രധാനാദ്ധ്യാപകൻ പറഞ്ഞു. 'മിസ്ററർ....ഞാനൊന്ന് പറയട്ടെ. ഇദ്ദേഹം ഒരു പുതിയ അദ്ധ്യാപകനാണ്. പഠിപ്പിക്കുന്നതിൽ പുതിയ രീതികൾ പരീക്ഷിക്കുകയാണ്. ഇന്നദ്ദേഹം കളിയിലൂടെ പഠിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഈ തലപൊളിക്കൽ അതിൻെറ ഫലമാണ്!' കുട്ടിയുടെ അച്ഛൻ പറഞ്ഞു. 'എനിക്ക് നിങ്ങളുടെ ഈ പരീക്ഷണങ്ങളൊന്നും ആവശ്യമില്ല. കുട്ടിയെ നല്ലവണ്ണം പഠിപ്പിക്കുമെങ്കിൽ പഠിപ്പിക്കു. ഇല്ലെങ്കിൽ ഒഴിവാക്കു.'

ഈ സമയം മററദ്ധ്യാപകർ പരിഹാസപൂർവ്വം പുഞ്ചിരിച്ചുകൊണ്ടിരുന്നു. ആ സ്ഥിതിക്ക് ഞാനെന്തു പറയും.

വീട്ടിലെത്തി. ഭക്ഷണത്തിന് രുചി തോന്നിയില്ല. മുറിയിൽ പോയിരുന്ന് ചിന്തിക്കാൻ തുടങ്ങി. 'കഷ്ടം, വല്ലാത്ത ആപത്ത് വന്നുപെട്ടു....അവർക്ക് കളിയുടെ നിയമങ്ങൾ പറഞ്ഞുകൊടുത്തിരുന്നു; ഇനിയും പറഞ്ഞുകൊടുക്കുകയും വേണം....എന്തായാലും കളി കൂടാതെ കഴിയില്ല. എൻെറ ദൃഢമായ വിശ്വാസം കളിയാണ് യഥാർത്ഥമായ അദ്ധ്യാപനരീതിയെന്നാണ്.'

ഓരോന്ന് ചിന്തിച്ചുകൊണ്ടുകിടന്നപ്പോൾ ഒരുപുതിയ ആശയം മനസ്സിൽ ഉദയം കൊണ്ടു. 'രക്ഷാകർത്താക്കളുടെ ഒരു യോഗം എന്തുകൊണ്ട് വിളിച്ചു കൂട്ടിക്കൂടാ? കളിയുടെ മഹത്വം അവരെ പറഞ്ഞ് മനസിലാക്കുകയല്ലേ നല്ലത്? ശുചിത്വത്തിൻേറയും അച്ചടക്കത്തിൻെറയും കാര്യത്തിൽ അവരിൽ നിന്ന് സഹകരണം തേടുകയും ചെയ്യാമല്ലൊ.... അഥവാ, അവർ സഹായിച്ചില്ലെങ്കിലൊ....എന്തു ചെയ്യണം? ഏതായാലും അദ്ധ്യാപകർ രക്ഷാകർത്താക്കളോട് സഹകരണം തേടുന്നതിൽ യാതൊരപാകതയുമില്ല....അങ്ങനെ ചെയ്യാതിരുന്നത് നമ്മുടെ കുററമാണ്. നാളെത്തന്നെ ഒരു മീററിംഗ് വിളിച്ചു കൂട്ടിയാലോ? എന്തുകൊണ്ടങ്ങനെ ചെയ്തുകൂടാ?

## എട്ട്

യോഗം ചേർന്നു. വിരലിലെണ്ണാവുന്നവർ കൂടിയാൽ യോഗമെന്ന് പറയാമോ എന്നാണ് സംശയം. നാൽപതു കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് കത്തയച്ചിരുന്നു; എത്തിച്ചേർന്നതോ ഏഴുപേർമാത്രം; എന്റെ നിരാശയ്ക്ക് അതിരില്ലായിരുന്നു. ഞാനൊരു പ്രസംഗം തയ്യാറാക്കിയിരുന്നു. പക്ഷെ, എന്തുചെയ്യാൻ? ഒടുവിൽ ഞാനെന്റെ പ്രസംഗം ആരംഭിക്കുകതന്നെ ചെയ്തു. ഞാൻ ചിന്തിച്ചു, പ്രയത്നിക്കുകയാണ് എന്റെ കടമ. പ്രസംഗത്തിന്റെ കാര്യത്തിലും ഒരു പരീക്ഷണം. അത്രതന്നെ.

വളരെ ഗാംഭീര്യത്തോടെ ഞാൻ മനസിലുറച്ചിരുന്നതുപോലെതന്നെ പ്രസംഗിച്ചു; ഒരു മണിക്കൂർനേരം! ഇതിനിടയിൽ, അവിടെയെത്തിയിരുന്ന ഏഴു മാന്യൻമാരിൽ ഒരാളെ വിളിച്ചുകൊണ്ടുപോകാൻ ആൾവന്നു. അദ്ദേഹം എഴുന്നേററുപോയി. മററുള്ളവർ വല്ലാത്ത ധർമ്മസങ്കടത്തിൽ പെട്ട് എന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നു. വളരെ ഗൗരവമുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. അതെല്ലാം മനസ്സിലാക്കേണ്ടത് ആവശ്യവുമായിരുന്നു.

അദ്ധ്യാപനത്തിന്റെ പഴയതും പുതിയതുമായ രീതികൾ അവയുടെ തെററും ശരിയും, വളരെ സൂക്ഷ്മമായി വിശകലനം ചെയ്ത് ഞാനവരെ മനസിലാക്കി. ആത്മീയ വികാസവും ശാരീരിക ശുദ്ധിയും തമ്മിലുള്ള ബന്ധവും വിവരിച്ചു പറഞ്ഞു. കളിയും സ്വഭാവ നിർമ്മിതിയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഞാനവരെ മനസിലാക്കി. ഹൃദയാന്തരത്തിൽനിന്ന് നാമ്പെടുക്കുന്ന യഥാർഥമായ അച്ചടക്കത്തിന്റെ മാഹാത്മ്യവും പ്രയോജനവും അവർക്ക് മനസിലാക്കിക്കൊടുത്തു. ഇന്ന് നിലവിലുള്ള അദ്ധ്യയനരീതിയേയും അച്ചടക്കരാഹിത്യത്തേയും നിശിതമായി വിമർശിക്കുകയും ചെയ്തു.

പക്ഷെ, ഇവിടെ കുടംകമഴ്ത്തിവച്ച് വെള്ളമൊഴിക്കുന്ന അനുഭവമാണ് പ്രത്യക്ഷത്തിൽ കണ്ടത്. പാവം, അഞ്ചാറു പേർ വളരെ സങ്കോചത്തോടെ ഇരുന്നുതന്നു. വീട്ടിൽ



പോകാനുള്ള തിടുക്കമായിരുന്നു അവർക്ക്. പ്രസംഗം കഴിഞ്ഞതോടെ അവർ സ്ഥലം വിട്ടു.

ഞങ്ങൾ അധ്യാപകരും മേലധികാരിയുംമാത്രം അവശേഷിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു 'ലക്ഷ്മീ ശങ്കർ, പോത്തിനെ ഭാഗവതം വായിച്ചുകേൾപ്പിച്ച അനുഭവമാണിപ്പോൾ ഉണ്ടായത്....സ്നേഹിതാ, നിങ്ങളുടെ ഈ തത്വശാസ്ത്രം ആർക്ക് മനസിലാകാനാണ്!'

പുറകിൽ നിന്ന് ഒരദ്ധ്യാപകൻ പതുക്കെ പറഞ്ഞു. 'സാറെ, വിഡ്ഢിയാണയാൾ....വിഡ്ഢി!'

അദ്ദേഹത്തിന്റെ വാക്കുകൾ എനിക്ക് ഇഷ്ടപ്പെട്ടില്ലെന്ന് പറയേണ്ടതായിട്ടില്ലല്ലൊ. പക്ഷെ, ഞാൻ സ്വയം നിയന്ത്രിച്ചു. ഞാൻ ഈ അനുഭവം സ്വയം ഉൾക്കൊള്ളാൻ പണിപ്പെടുകയായിരുന്നു. 'ഞാൻ തീർച്ചയായും കുറച്ചു പഠിച്ച വിഡ്ഢിയാണ്....സാധാരണക്കാരുടെ മുമ്പിൽ നിന്ന് എങ്ങനെ പ്രസംഗിക്കണമെന്ന് എനിക്കിപ്പോഴും അറിയില്ല.'—അദ്ധ്യാപകർ ചിരിച്ചുല്ലസിച്ച് വീടുകളിലേക്ക് തിരിച്ചു.

## ഒൻപത്

പത്തുപന്ത്രണ്ടുദിവസം കടന്നുപോയി. ഞാൻ ഗ്രന്ഥാലയത്തിന്റെ കാര്യം ഏറെറടുത്തു. കഥകൾ വളരെയേറെ പറഞ്ഞു കഴിഞ്ഞിരുന്നു. കുട്ടികൾ നാലാം ക്ലാസുകാർ ആയിരുന്നുവല്ലൊ. ഇനി അവരുടെ കയ്യിൽ പുസ്തകങ്ങൾ എത്തേണ്ടതായിരുന്നു ആവശ്യം.

ഞാൻ കുട്ടികളോടു പറഞ്ഞു 'നാളെ നാലാം പാഠപുസ്തകത്തിന്റേയും ചരിത്രത്തിന്റെയും വില വാങ്ങിക്കൊണ്ടുവരണം. ഇവിടെ നിന്നും പുസ്തകം തരാനുള്ള എല്ലാ ഏർപ്പാടും ചെയ്യാം.'

പിറേറദിവസം ഒരു കുട്ടി നാലാം പാഠവും ചരിത്രവുമായിട്ടാണ് ക്ലാസിൽ വന്നത്. അവൻ പറഞ്ഞു:

'നാലാംക്ലാസിലായപ്പോൾ തന്നെ അച്ഛൻവാങ്ങിവച്ചിരുന്നതാണ്.'

മറ്റൊരുത്തൻ പറഞ്ഞു 'എന്റെ ജ്യേഷ്ഠന്റെ കയ്യിൽ ഈ പുസ്തകങ്ങൾ ഉണ്ടായിരുന്നു. കൊണ്ടുവന്നിട്ടുണ്ട്.' മൂന്നാമതൊരുവൻ പറഞ്ഞു' എനിക്ക് ബോംബെയിൽ നിന്നും ഇളയച്ഛൻ പുസ്തകങ്ങൾ കൊടുത്തയക്കും. ഇവിടെ നിന്നും വാങ്ങുന്നില്ല.'

മറ്റൊരുത്തൻ പറഞ്ഞു 'എന്റച്ഛൻ പണം തരില്ലെന്ന് പറഞ്ഞു. പുസ്തകങ്ങൾ അച്ഛൻതന്നെ വാങ്ങിക്കൊണ്ടുവരും'

ഞാൻ ചിന്തിച്ചു. ചതിച്ചല്ലോ! ഭാവനയിൽ ഗ്രന്ഥാലയം നിർമ്മിക്കുക എളുപ്പമായിരുന്നു. പക്ഷെ യാഥാർത്ഥ്യത്തോട് ബന്ധപ്പെട്ടപ്പോഴാണ് കാര്യത്തിന്റെ ബുദ്ധിമുട്ട് മനസിലായത്.

ചില കുട്ടികൾ പൈസകൊണ്ടുവന്നിരുന്നു. ഞാൻ പണം വാങ്ങി രസീതി കൊടുത്തിട്ട് അവരോട് പറഞ്ഞു 'വളരെ നന്നായി.'

പിറേറദിവസം കുട്ടികൾ ചോദിച്ചു. 'ഞങ്ങളുടെ നാലാം പാഠമെവിടെ? ചരിത്രമെവിടെ?.'

ഞാൻ പറഞ്ഞു'നിങ്ങളുടെ പൈസകൊണ്ട് ഞാൻ ചില പുതിയ കഥാപുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. നിങ്ങൾ പറയാറില്ലേ, നിങ്ങൾക്ക് കഥാപുസ്തകങ്ങൾ വായിക്കാൻ വളരെ ഇഷ്ടമാണെന്ന്.'

കുട്ടികൾക്ക് വളരെ സന്തോഷമായി. ഒന്നാംതരം വർണ്ണഭംഗിയുള്ള പുറംചട്ടയും നിറയെ ചിത്രങ്ങളുമുള്ള പുസ്തകങ്ങൾ കണ്ടതോടെ അവർ അവയിൽ ചാടിവീണു!

ഞാൻ പറഞ്ഞു—'എന്റെ കയ്യിൽ ഇപ്പോൾ പതിനഞ്ചു പുസ്തകങ്ങളേയുള്ളു, പതിനഞ്ച് പേർക്ക് വായിക്കാം. മററുള്ളവർ എന്റടുത്തുവരൂ.ഞാൻവായിക്കുന്നത് കേൾക്കൂ. ക്ലാസിൽ ബഹളമായി. ബഹളം ഒഴിവാക്കാൻ വീണ്ടും പറഞ്ഞു 'ആദ്യം പതിനഞ്ചുപേർപുസ്തകം വായിക്കട്ടെ. മററുള്ളവർ എന്റെ സമീപത്തേക്കു വരൂ.'

പതിനഞ്ചുപേർ പതിനഞ്ചുപുസ്തകം കയ്യിലാക്കി. വിശക്കുന്ന പുലികളെപ്പോലെ അവയ്ക്കുമേൽ ചാടിവീണു. ഞാൻ പറഞ്ഞു 'ഒരു കാര്യം. ഒരെണ്ണം വായിച്ചു



കഴിഞ്ഞാൽ ഇവിടെ മേശപ്പുറത്തു കൊണ്ടുവന്നുവയ്ക്കുക. ഇവിടെ വച്ചിരിക്കുന്നതിൽ മറ്റൊന്ന് എടുത്തുകൊണ്ടു പോകാം. അങ്ങനെ ഓരോന്നായി എല്ലാവർക്കും എല്ലാ പുസ്തകവും വായിക്കാം'.

മററുള്ളവരെ ഞാൻ എന്റെ അടുത്തിരുത്തി മാതൃകാരീതിയിൽ വായന തുടങ്ങി. ഞാൻ വളരെ ചിട്ടയോടെ, ഭാവഭംഗിയോടെ, നിയമാനുസൃതം വായിക്കാൻ തുടങ്ങി. പക്ഷെ, ആ പതിനഞ്ചു കുട്ടികളുടെ വായനയുടെ ബഹളം! ഹോ! അല്പം നിർത്തിയിട്ട് ഞാൻ പറഞ്ഞു. 'കുട്ടികളേ, നിങ്ങൾ മനസ്സുകൊണ്ട് വായിക്കൂ—ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു' അല്പസമയത്തേയ്ക്ക് ബഹളംകുറഞ്ഞു. പക്ഷെ അവർക്ക് മൗനവായന വശമില്ലായിരുന്നു. അവർ ഉറക്കെ വായിക്കുന്ന ശീലമുള്ളവരായിരുന്നു. അതുകൊണ്ട് അല്പനേരം പതുക്കെ വായിച്ചതിനുശേഷം വീണ്ടും ഉറക്കെ വായിക്കാൻ തുടങ്ങി. ഞാൻ അവരോട് വരാന്തയിൽ പോയി ഒററയ്ക്കിരുന്ന് വായിക്കാൻ നിർദ്ദേശിച്ചിട്ട് അകത്തിരുന്നു.

മാതൃകാവായന വളരെ ഭംഗിയായിനടന്നു. കഥ വളരെ രസകരമായിരുന്നു. അതുകൊണ്ട് എല്ലാവരും താൽപ്പര്യത്തോടെ കേട്ടിരുന്നു. മണിയടിക്കുന്നതുവരെ പുസ്തകവായനയും മാതൃകാവായനയും തുടർന്നു. അതിനുശേഷം ഞങ്ങൾ വീടുകളിലേക്ക് തിരിച്ചു.

## പത്ത്

കളിയും കഥയും ഗ്രന്ഥാലയവും, മാതൃകാവായനയും ശുചിത്വപരിശീലനവും അച്ചടക്ക ബോധവൽക്കരണവുമെല്ലാമായി രണ്ടുമൂന്നു മാസം പെട്ടെന്ന് കടന്നുപോയി.

ഞാൻ എന്റെ പ്രവൃത്തിയുടെ നേട്ടവും കോട്ടവും സ്വയം വിലയിരുത്താൻ നിശ്ചയിച്ചു. കഴിഞ്ഞ കാര്യങ്ങൾ അവലോകനം ചെയ്തു. ഇപ്പോൾ തക്ലിയിൽ ഒരു കഴി നൂലുപോലും നൂററുകഴിഞ്ഞിട്ടില്ലെന്ന് എനിക്കു ബോദ്ധ്യമായി. പാഠ്യപദ്ധതിയിലെ ഹിന്ദി, ഗണിതം, ചരിത്രം, പദാർത്ഥവിജ്ഞാനം എന്നീ വിഷയങ്ങളെ

സ്പർശിക്കുകപോലും ചെയ്തിരുന്നില്ല. മററു ക്ലാസുകളിൽ വളരെയധികം പാഠഭാഗങ്ങൾ തീർന്നു കഴിഞ്ഞിരുന്നു. വർഷാവസാനമാകുമ്പോഴേക്കും എനിക്കും ഇതെല്ലാം തീർത്തുകാണിക്കേണ്ടതുണ്ടായിരുന്നു. പരീക്ഷണത്തിൽ ഏർപ്പെട്ടപ്പോൾ ഞാൻ ചെയ്തിരുന്ന വ്യവസ്ഥയും അതായിരുന്നുവല്ലൊ....കൊള്ളാം. അതൊക്കെ ശരിയാണ്. പക്ഷെ, ഞാൻ മററെന്തെല്ലാം ചെയ്തു തീർത്തിരിക്കുന്നു? അതിനെക്കുറിച്ച് ചിന്തിച്ചുനോക്കട്ടെ.

കഥപറയുന്നതിൽ ഞാൻ അങ്ങേയററം വിജയിച്ചിരുന്നു. അതുകൊണ്ടാണ് കുട്ടികൾ അച്ചടക്കം പഠിച്ചതും എന്നെ ശ്രദ്ധിക്കാൻ തുടങ്ങിയതും. ഇപ്പോൾ ചമ്പകലാലിനും, രമണലാലിനും കഥകൾ ഇഷ്ടമല്ലാതായി തീർന്നിരിക്കുന്നു. രാമജീവനും ശങ്കർലാലിനും കഥ വളരെ ലളിതമായി തോന്നിത്തുടങ്ങിയിരിക്കുന്നു. കഥ കേൾക്കുന്നതിനിടയിൽ രാഘവനും മാധവനും കണ്ണുകൊണ്ട് എന്തൊക്കെയോ കാണിക്കുന്നു. വിരലുകൾ ഒടിക്കുന്നു. മററുള്ളവരെ ഗോഷ്ഠികാണിച്ച് ദേഷ്യപ്പെടുത്തുന്നു. അതിനുള്ള ചികിൽസ ഇനിയും ബാക്കിയാണ്. കളിപ്പിക്കുന്നതുകൊണ്ട് കുട്ടികൾ ഇപ്പോൾ എന്നോട് തുറന്നു സംസാരിക്കുന്നുണ്ടെന്നുള്ളത് ശരിതന്നെ. അവർ എന്നെ വളരെയേറെ ഇഷ്ടപ്പെടുന്നു; തീരെ ഭയമില്ലാതെ എന്നോട് പെരുമാറുന്നു. കളിക്കു ശേഷം അവർ എന്റെ മാതൃകാവായന ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ ഇപ്പോഴും കളിക്കിടയിലുള്ള ബഹളത്തിനും അച്ചടക്കരാഹിത്യത്തിനും പേരിനുമാത്രമേ കുറവു കണ്ടുതുടങ്ങിയിട്ടുള്ളൂ. ഇപ്പോഴും എന്റെ ലക്ഷ്യം ദൂരെയാണ്.

വായനശാലയിൽ കുറച്ചു പുസ്തകങ്ങളേയുള്ളൂ. പാഠപുസ്തകങ്ങളേക്കാൾ പ്രാധാന്യം ഗ്രന്ഥശാലയ്ക്കുണ്ടെന്ന് രക്ഷകർത്താക്കളെ പൂർണ്ണമായും ബോദ്ധ്യപ്പെടുത്താൻ എനിക്കിനിയും കഴിഞ്ഞിട്ടില്ല. ഞാൻ വിചാരിച്ചിരുന്നത് പ്രസംഗംകൊണ്ട് അവരെവശത്താക്കാമെന്നായിരുന്നു. പക്ഷെ നമ്മുടെ രക്ഷകർത്താക്കൾ 'പഠിപ്പിക്കൂ, പഠിപ്പിക്കൂ' എന്നുതന്നെ ജപിച്ചുകൊണ്ടിരിക്കുന്നു. മറെറാന്നും കേൾക്കാൻ അവർക്ക് സമയമില്ല....സാരമില്ല....നിഷ്ഠയോടെ



പ്രവർത്തിക്കുമ്പോൾ ഇതെല്ലാം നേരെയായിക്കൊള്ളും. ഇന്നല്ല....നാളെ എനിക്കതിനുള്ള അവസരമുണ്ടല്ലൊ.

ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. ഈപരീക്ഷണം, മഹാഭാരതംപോലെ കനപ്പെട്ട കാര്യമായിത്തീർന്നു. സങ്കൽപ്പങ്ങളും അറിവും ആദർശബോധവും വർദ്ധിക്കുന്തോറും നമ്മുടെ അസ്വസ്ഥത ഗൗരവപൂർണ്ണവും ഭാരിച്ചതുമായിത്തീരുന്നു. പല പ്രശ്നങ്ങളും എന്നെ അലട്ടിക്കൊണ്ടിരുന്നു. ശുചിത്വകാര്യത്തിൽ ഇപ്പോഴും സങ്കൽപ്പത്തിനൊത്ത് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. തൊപ്പിക്കാര്യം ഒട്ടും പുരോഗമിച്ചിട്ടില്ല. കുട്ടികളുടെ ഡ്രസ്സ് ഒന്നു രണ്ടു ദിവസം വൃത്തിയായികണ്ടു; പക്ഷെ വീണ്ടും പഴയപടിയായി. നഖമാണെങ്കിൽ കൈക്കോട്ടുപോലെ വളർന്നു കാണുന്നു. ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാതെ ഇവയിൽനിന്നും മോചനം നേടാൻ കഴിയില്ല. സമൂഹത്തിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കണമെങ്കിൽ സാഹസപൂർവ്വമായ ആവർത്തനം ആവശ്യമാണ്.

കുട്ടികളെക്കുറിച്ചുള്ള ചിന്ത മാത്രമായിരുന്നില്ല എന്റെ മനസ്സിൽ. മേലുദ്യോഗസ്ഥൻ ഈയിടെയായി ഉൽക്കണ്ഠ പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിനും മേലധികാരിയുണ്ടല്ലൊ. ശത്രുക്കളുമുണ്ട്. എന്റെ പരീക്ഷണത്തിന്റെ സൽഫലം പങ്കിട്ടെടുക്കാൻ അദ്ദേഹം തൻപരനാണ്; പക്ഷെ ഫലം പെട്ടെന്ന് ലഭിക്കാനാണദ്ദേഹം ആഗ്രഹിക്കുന്നത്. എന്നെ സഹായിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനും പരിമിതികളുണ്ട്.

എന്റെ സഹപ്രവർത്തകരായ അദ്ധ്യാപകർക്ക് എന്നിൽ ഒട്ടും തന്നെ വിശ്വാസമില്ല. അവരെന്നെ വെറും വിഡ്ഢിയായി കാണുന്നു....അതെ, ഞാൻ വിഡ്ഢിയായിരിക്കാം. അനുഭവജ്ഞാനം എനിക്കില്ലല്ലൊ. പക്ഷെ അവർ അംഗീകരിക്കുന്ന തത്വങ്ങളുടേയും അദ്ധ്യാപനരീതിയുടേയും മുമ്പിൽ ഞാൻ കൈ കൂപ്പുന്നു! അതെല്ലാം കണ്ടിട്ട് എനിക്ക് ഉൾക്കിടിലമുണ്ടാകുന്നു. അതിനേക്കാൾ ലക്ഷം മടങ്ങ് ഭേദമാണ് ഞാൻ ചെയ്യുന്ന കാര്യങ്ങൾ! എന്റെ വിദ്യാർത്ഥികൾ എന്നെ കണ്ടാൽ ഓടിയൊളിക്കു

ന്നില്ലല്ലോ! അവരെന്നെ സ്നേഹിക്കുന്നു; ആദരിക്കുകയും ചെയ്യുന്നു; ഞാൻ പറയുന്നത് അനുസരിക്കുന്നുമുണ്ട്. ഈ അദ്ധ്യാപകരെ ദൂരെ നിന്നു കണ്ടാൽ തന്നെ കുട്ടികൾ ഓടി മറയുന്നു; അവരുടെ പിന്നിൽ നിന്നുകൊണ്ട് അവരുടെ പ്രവൃത്തികളെ പരിഹാസ്യമായി അനുകരിച്ച് രസിക്കുന്നത് ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ഒരു കുട്ടിപോലും അദ്ധ്യാപകൻെറ സമീപം സ്നേഹത്തോടെ അൽപ നേരം നിൽക്കുന്നതോ, ചിരിച്ചു വർത്തമാനം പറയുന്നതോ ഞാൻ കണ്ടിട്ടില്ല. അവർ ക്ലാസ്സിൽ നിശ്ശബ്ദം നിശ്ചലരായി ഇരുന്നുകൊടുക്കുന്നു. പക്ഷെ പുറത്തിറങ്ങുമ്പോൾ അവരുണ്ടാക്കുന്ന ബഹളത്തെക്കുറിച്ച് പറയാതിരിക്കുന്നതാണ് നല്ലത്. എൻെറ വിദ്യാർത്ഥികൾക്ക് ഞാൻ ഉചിതമായ വിധം സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. അവർ ക്ലാസിൽ എന്തെങ്കിലും കുഴപ്പമുണ്ടാക്കുന്നുണ്ടെങ്കിൽ തന്നെ, അതിനേക്കാളുപരി പുറമെ ഒന്നും ചെയ്യുന്നില്ല. ഞാൻ കുട്ടികളെ ചീത്തയാക്കുന്നുവെന്ന് എൻെറ സുഹൃത്തുക്കൾ എൻെറ മേൽ അപരാധം ആരോപിക്കുന്നു. ഞാനവരെ അഹങ്കാരികളാക്കുന്നുവത്രെ! ഞാൻ കഥ പറഞ്ഞ് സമയം കളയുന്നു; ഒന്നും പഠിപ്പിക്കുന്നില്ല; കളിക്കാനയച്ച് അവരെ തെണ്ടിത്തിരിയാൻ അനുവദിക്കുന്നു എന്നും അവർ ആരോപണം നടത്തുന്നു....കൊള്ളാം....എല്ലാം കാണാം....ഈ കളിയും കഥ പറച്ചിലുമാണ് അദ്ധ്യാപനത്തിൻെറ പകുതി ഭാഗവും എന്നാണെൻെറ ദൃഢമായ വിശ്വാസം.

പക്ഷെ, എൻെറ കാര്യം വളരെ ദുർഘടം പിടിച്ചതാണെന്ന് ഞാൻ മറക്കൻ പാടില്ല. ഇക്കാര്യം അംഗീകരിച്ചുകൊണ്ടുതന്നെ വേണം ഞാൻ ഓരോ പദവും മുന്നോട്ടു വയ്ക്കാൻ.

'ടൻ, ടൻ'–പന്ത്രണ്ടടിച്ചു; എൻെറ വിചാരപ്രവാഹം തടയപ്പെട്ടു. ഞാൻ സ്വയം പറഞ്ഞു: 'ഈശ്വരാ! അവിടുന്നാണെൻെറ അന്തിമമായ ആശ്രയം!' ഇങ്ങനെ പ്രാർത്ഥിച്ച് എല്ലാ ചിന്തകളും ദയാനിധിയായ പരമശിവനിലർപ്പിച്ച് ''നാളത്തെ കാര്യം നാളെ മുതൽ തന്നെ'' എന്ന് നിശ്ചയിച്ചുറച്ച് ഞാൻ ഉറങ്ങാൻ കിടന്നു.

രണ്ടാം ഭാഗം

# പരീക്ഷണത്തിൻെറ പുരോഗതി

## ഒന്ന്

മൂന്നാമത്തെ മാസം ആരംഭിച്ചു. ഞാൻ നിശ്ചയിച്ചു, ഇനി ദൈനംദിനകാര്യങ്ങളുടെ ഒരു ഡയറി എഴുതി സൂക്ഷിക്കണം; എങ്കിലേ ഓരോ ആഴ്ചയിലും ചെയ്യുന്ന കാര്യങ്ങളുടെ പുരോഗതി അറിയാൻ കഴിയൂ. അതോടൊപ്പം ഓരോ മാസത്തിലും ചെയ്യേണ്ട കാര്യങ്ങൾ ഞാൻ മുൻകൂട്ടി എഴുതിവക്കാനും തുടങ്ങി. അപ്പോഴാണ് അത്തരം ഡയറിയുടെ ആവശ്യം എനിക്ക് കൂടുതൽ ബോദ്ധ്യപ്പെട്ടത്. എന്റെ ഡയറി "ലോഗ് ബുക്ക്" പോലെയുള്ളതായിരുന്നില്ല. കേവലം ദിശാസൂചകമായ പ്രവൃത്തി വിവരപ്പട്ടികയായിരുന്നു.

കഥാകഥനം എന്നും നടന്നിരുന്നു; കളിക്കും മുടക്കം വരുത്തിയിരുന്നില്ല. ഇടയ്ക്കിടയ്ക്ക് സംഭാഷണവും മാതൃകാവായനയും ശരീരപരിശോധയും നടന്നിരുന്നു. വായനശാലയും പ്രവർത്തിച്ചുകൊണ്ടിരുന്നു.

## രണ്ട്

ഞാൻ പാഠപുസ്തകത്തിലെ വിഷയങ്ങൾ ഓരോന്നായി എടുക്കാൻ തുടങ്ങി. ഒരു ദിവസം പ്രഭാതത്തിൽ ഞാൻ പറഞ്ഞു: 'എഴുതിക്കൊള്ളൂ, കേട്ടെഴുത്ത്.' കുട്ടികൾ അത്ഭുതത്തോടെ എന്റെ നേരെ നോക്കി. അവർ ഒരിക്കലും ചിന്തിച്ചിട്ടുണ്ടാവില്ല, കേട്ടെഴുത്ത് എഴുതിക്കുകയും പാഠമെടുക്കുകയും ചോദ്യം ചോദിക്കുകയും

ഭൂപടത്തിലെ വിവരങ്ങൾ ചോദിക്കുകയും മററും ചെയ്യുന്ന ഒരദ്ധ്യാപകനായിരിക്കും ഞാനെന്ന്. യഥാർത്ഥത്തിൽ, ഒരു നിലയ്ക്ക്, ഞാനങ്ങിനെയായിരുന്നില്ല. അവരെന്നെ അങ്ങിനെ ധരിച്ചിരുന്നുമില്ല.

ഞാനവരോട് പറഞ്ഞു: ‘എഴുതൂ.’

പക്ഷെ പലർക്കും സ്ളെയ്ററും പെൻസിലുമില്ലായിരുന്നു. സ്ലേയ്ററ്, പെൻസിൽ, പുസ്തകങ്ങൾ എന്നിവയുടെ ഉപയോഗംതന്നെ ഇതുവരെ അവർക്കുണ്ടായിട്ടില്ല. അതുകൊണ്ടവർ ക്ളാസിൽ കയ്യുംവീശി വരികയാണ് പതിവ്. അടുത്തുള്ള ക്ളാസിൽനിന്നും എല്ലാവർക്കുമുള്ള സ്ലേയ്ററും പെൻസിലും വാങ്ങിക്കൊടുത്ത് ഞാൻ കേട്ടെഴുത്ത് എഴുതിക്കാനിരുന്നു. പലരും മുഖംതാഴ്ത്തി. ഒരുവൻ ചോദിച്ചു: ‘സാറെ, കഥ പറയുന്നില്ലേ?’ മറെറാരുത്തൻ ഇങ്ങനെ പ്രതികരിച്ചു: ‘പുസ്തകമൊന്നും എടുത്തിട്ടില്ലല്ലൊ, കേട്ടെഴുത്ത് ഏതിൽനിന്നാണ് എഴുതിക്കുക?’ മററ് രണ്ടുപേർ പറഞ്ഞു: ‘ആദ്യം ഞങ്ങൾക്ക് പഠിക്കാൻ അവസരം തരൂ; തെററ് വരാതിരിക്കണ്ടെ?’ ഞാൻ എന്നോടുതന്നെ പറഞ്ഞു: ‘എടോ, ഇവരെല്ലാം പഴയ രീതിയിൽ പഠിച്ചുശീലിച്ചിട്ടുള്ള ശിഷ്യൻമാരാണ്. കേട്ടെഴുത്തിൻെറ പഴയ തത്വം ഇവർക്ക് നല്ലവണ്ണമറിയാം. അതുകൊണ്ടാണ് ഇവരിപ്പോൾ ഞെട്ടുന്നത്. കേട്ടെഴുത്ത് ഇവർക്ക് തീരെ ഇഷ്ടമല്ല. അതുകൊണ്ടാണ് മുൻകൂട്ടി അതിനൊരുങ്ങണമെന്ന് പറയുന്നത്!’

ഞാൻ ഗ്രന്ഥശേഖരത്തിൽനിന്ന് ഒരു പുസ്തകമെടുത്തു. എഴുതിക്കാൻ തുടങ്ങി. ഞാൻ ഒരു വാക്യം മുഴുവനും പറഞ്ഞു. രണ്ടുനാലു വാക്കുകൾ കേട്ടപ്പോഴേക്കും അവർ എഴുതാൻ തുടങ്ങി. അതുകൊണ്ട് മുഴുവൻ വാക്യവും അവർ കേട്ടില്ല. ‘എന്താ പറഞ്ഞത്, സാറെ?’ എന്താണ്? ഒന്നുകൂടി പറയൂ.’ എന്നെല്ലാം എല്ലാവരും ചോദിക്കാൻ തുടങ്ങി.

ഞാനവരെ പറഞ്ഞുമനസിലാക്കി. ‘നോക്കൂ, കേട്ടെഴുത്ത് എങ്ങിനെ എഴുതണമെന്ന് ഞാൻ നിങ്ങളെ പറഞ്ഞ് മനസിലാക്കാം. ഞാൻ പറയുമ്പോൾ നിങ്ങൾ എൻെറ



നേരെ നോക്കിക്കൊണ്ടേയിരിക്കുക. പറഞ്ഞുകഴിയുമ്പോൾ നല്ലപോലെ കേട്ടുമനസിലാക്കി എഴുതിത്തുടങ്ങുക. എഴുതിക്കഴിഞ്ഞ് രണ്ടാമത്തെ വാചകം കേൾക്കാൻ എൻെറ നേരെ നോക്കുക.’ ഞാനീവിധം എഴുതിക്കാൻ തുടങ്ങി. പക്ഷെ അവരുടെ ശീലത്തിന് പെട്ടെന്നങ്ങനെ മാററം വരാനാണ്!....കുറച്ചുകഴിഞ്ഞപ്പോൾ എല്ലാവർക്കും ഈ പുതിയ ശീലം വശമായിക്കഴിഞ്ഞു. ആരുംതന്നെ ആവർത്തിച്ചു ചോദിച്ചില്ല. ഞാൻ ഒരു പ്രാവശ്യം മാത്രമേ പറഞ്ഞുകൊടുത്തിരുന്നുള്ളു. രണ്ടാമതൊരിക്കൽ അവരെ കേൾപ്പിക്കേണ്ടതായിവന്നില്ല.

കേട്ടെഴുത്ത് എഴുതിക്കഴിഞ്ഞു. എല്ലാവരും സ്ലേയ്ററ് താഴെവച്ചു. പരിശോധിച്ചപ്പോൾ എനിക്ക് മനസിലായി, അക്ഷരങ്ങളിൽ വളരെയേറെ തെററുകളുണ്ടെന്ന്. കൂട്ടക്ഷരങ്ങളുടെ കാര്യം പറയാനില്ല. അക്ഷരങ്ങളാകട്ടെ നല്ല വടിവിൽ ഭംഗിയായിട്ട് എഴുതിയിട്ടുമില്ല.

ഞാൻ ആരുടേയും തെററ് ചൂണ്ടിക്കാണിച്ചില്ല. സ്ലേയ്ററുകൾ നോക്കി തിരിച്ചുകൊടുത്തു. എല്ലാവരും ചോദിക്കാൻ തുടങ്ങി: ‘ഞങ്ങൾക്ക് എത്ര തെററുണ്ട്? എനിക്കെത്രതെററുണ്ട്?’ ഒരുവൻ വിളിച്ചു പറഞ്ഞു: ‘ഇവനെ പിന്നിലിരുത്തണം.’

ഒരു കുട്ടി പറഞ്ഞു: ‘ഇന്നുമുതൽ ലക്ഷ്മീശങ്കർസാറും ഞങ്ങളെ പഠിപ്പിക്കാൻ തുടങ്ങി. ഇനി നമ്പർ തരും അങ്ങനെ പലതും ചെയ്യും!’—

ഞാൻ പറഞ്ഞു: ‘ഞാൻ അങ്ങനെയൊന്നും ചെയ്യില്ല.... നിങ്ങൾക്കെല്ലാവർക്കും എഴുതാനറിയാം....നാളെ വീണ്ടും എഴുതണം. അങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നാൽ നിങ്ങൾക്ക് വളരെ നന്നായി എഴുതാൻ വശമാകും. ദിവസവുംഎഴുതിശീലിച്ചാൽ എഴുതാൻ കഴിയാതിരിക്കില്ല. തെററുകൾ കാണിച്ചുതരാനെന്തിരിക്കുന്നു?’ ഒരു കുട്ടി ചോദിച്ചു: ‘പക്ഷെ, നമ്പർ തരില്ലേ? ക്ലാസിൽ സ്ഥാനക്കയററവും ഇറക്കവും വേണ്ടെ?’ ഞാൻ ചോദിച്ചു: ‘നിങ്ങൾ കഥകേൾക്കുന്ന സമയത്ത് കയററിയിരുത്തലും പിന്നാക്കം ഇറക്കിയിരുത്തലുമൊന്നുമില്ലല്ലൊ.’

'ഇല്ല,സാർ.'

'ഈ നല്ല വസ്ത്രം ധരിക്കുന്നവർക്ക് ക്ലാസിൽ കയററമോ ഇറക്കമോ ഉണ്ടോ?'

'ഇല്ല, സാർ.'

'അതുപോലെ, കളിക്കുന്ന സമയത്ത് ക്ലാസിൽ കയററമോ ഇറക്കമോ ഉണ്ടോ?'

'ഇല്ല.'

'നിങ്ങളിൽ ചിലർ പൊക്കമുള്ളവരാണ്; ചിലർ പൊക്കം കുറഞ്ഞവരാണ്. അതിൻെറ പേരിൽ ആർക്കെങ്കിലും ക്ലാസിൽ കയററമോ ഇറക്കമോ ഉണ്ടോ?'

'ഇല്ല.'

'നിങ്ങളിൽ ചിലർ തടിച്ചവരാണ്; ചിലർ മെലിഞ്ഞവരാണ്. അതിൻെറ പേരിൽ നിങ്ങൾക്ക് വല്ല നമ്പറും കിട്ടാറുണ്ടോ? നിങ്ങളെ കയററിയിരുത്തുകയോ, ഇറക്കിയിരുത്തുകയോ ചെയ്യാറുണ്ടോ?'

'ഇല്ല.'

'ഇപ്പോൾ മനസ്സിലായില്ലേ? നമ്മുടെ ക്ലാസ്സിൽ മുന്നോട്ടു കയറിയിരിക്കുകയോ പിന്നോട്ട് ഇറങ്ങിയിരിക്കുകയോ ചെയ്യേണ്ടതായ ആവശ്യമില്ല. കവിത ചൊല്ലാൻ കഴിയുന്നവർ ചൊല്ലട്ടെ, ഓർമ്മിക്കട്ടെ. കളിക്കാനറിയില്ലെങ്കിൽ നോക്കിക്കണ്ടു പഠിക്കട്ടെ. അതല്ല, അറിയാമെങ്കിൽ നല്ലതുപോലെ കളിക്കട്ടെ, ആഹ്ലാദിക്കട്ടെ. കേട്ടെഴുത്തിൽ നല്ലവണ്ണം എഴുതുന്നവരെ കണ്ട് മററുള്ളവർ പഠിക്കട്ടെ.അവരും അക്ഷരം നന്നാക്കാൻ ശ്രമിക്കട്ടെ. ഞാൻ ആരോടെങ്കിലും എന്തെങ്കിലും ചോദിച്ചാൽ അറിയുമെങ്കിൽ അവർ ഉത്തരം പറയട്ടെ, അല്ലെങ്കിൽ അറിയാവുന്നവർ പറയട്ടെ...ആർക്കും അറിയില്ലെങ്കിൽ ഞാൻ പറഞ്ഞുതരും....കാര്യം ഇത്രയേയുള്ളു.'

എല്ലാവരും തുറന്ന കണ്ണുകളോടെ എന്നെ നോക്കിയിരുന്നു. അവർക്ക് വല്ലാത്ത അത്ഭുതമായിരുന്നു.

ഒടുവിൽ ഞാൻ പറഞ്ഞു. 'നമ്മുടെ ഈ ക്ലാസ് ഒരു വിചിത്രമായ വസ്തുവാണ്. പുതിയ ഒരു കാര്യമാണ്.



ഇതിൽ പുതിയ രീതിയിലാണ് കാര്യങ്ങൾ നീക്കുക. ഇത് ''നമ്മുടെ ക്ലാസ്സ''ല്ലേ?'

'നമ്മുടെ ക്ലാസ്സ്'' എന്ന വാക്കുകൾ ഞാൻ രണ്ടു മൂന്നു പ്രാവശ്യം ബലപ്പെടുത്തിപ്പറഞ്ഞു. കുട്ടികളിൽ അതിൻെറ പ്രഭാവം ശരിക്കുമുണ്ടായി. അവർ പറയാൻ തുടങ്ങി: 'നമ്മുടെ ക്ലാസ്! നമ്മുടെ ക്ലാസ് ഒരു വിചിത്ര വസ്തുവാണ്.നമ്മുടെ ക്ലാസെന്നുപറഞ്ഞാൽപുതിയൊരുകാര്യം!'

കേട്ടെഴുത്തിൻെറ കാര്യത്തിൽ ഞാൻ ഒരാഴ്ചകൊണ്ട് വളരെയധികം പുരോഗതിയുണ്ടാക്കി. എല്ലാ ദിവസവും ഏതെങ്കിലും ഒരു പുസ്തകത്തിലെ നാലുവരികൾ ഭംഗിയായി നോക്കിയെഴുതിക്കൊണ്ടുവരുവാൻ ഞാൻ കുട്ടികളോട് പറഞ്ഞു. കൂടാതെ, ക്ലാസിൽവെച്ച് പത്ത് മിനിട്ടുസമയം ഞാൻതന്നെ വാക്യങ്ങൾ എഴുതിക്കാനും തുടങ്ങി. പരസ്പരം എഴുതിക്കാനും തെററു തിരുത്താനും പതിനഞ്ചു മിനിട്ടു വീതം സമയം അനുവദിക്കുകയും ചെയ്തു.

കൂട്ടക്ഷരങ്ങൾ ശരിയായി എഴുതിക്കാനും ചില കാര്യങ്ങൾ ചെയ്തു. എററവും കഠിനമായ കൂട്ടക്ഷരങ്ങൾ, പ്രത്യേകിച്ചും നാലാം പാഠത്തിൽ പ്രയോഗിച്ചിരിക്കുന്നവ, എഴുതിയ ഒരു പുസ്തകം ഉണ്ടാക്കിക്കൊടുക്കുകയും ഓരോരുത്തരെക്കൊണ്ടും മാറി മാറി വായിപ്പിക്കുകയും സ്ലേററിൽ എഴുതിക്കുകയും ചെയ്തുകൊണ്ടിരുന്നു.

നാലാം പാഠത്തിൽ വരുന്ന കഠിനാക്ഷരങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാൻ ഞാൻ ഒരുങ്ങി. അതുകൊണ്ടുള്ള ഉപയോഗം മനസിൽ ഉറപ്പിക്കുകയും ചെയ്തു.

ഇപ്പോൾ എൻെറ പരിപാടികൾ ചിട്ടപോലെ നടന്നുകൊണ്ടിരുന്നു.

## മൂന്ന്

ഒരു ദിവസം അടുത്ത ക്ലാസിൽ നിന്ന് 'അയ്യോ,എന്നെ കൊല്ലുന്നേ, തല്ലിക്കൊല്ലുന്നേ. അയ്യോ!' എന്നിങ്ങനെ നിലവിളിയുയർന്നു.

ഞങ്ങൾ ചെവിയോർത്തു. ഞാൻ കഥ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. കുട്ടികളുടെ ശ്രദ്ധ അങ്ങോട്ടായി.

ഞാൻ കഥ നിർത്തിയിട്ടു പറഞ്ഞു: 'ഒരു കുട്ടിപോയി നോക്കിയിട്ടു വരൂ, കാര്യമെന്താണെന്ന്...ആരാണ് നിലവിളിക്കുന്നതെന്ന്.'

ഉത്സാഹിയായ ഒരു കുട്ടി വേഗം ഓടിപ്പോയിനോക്കി; തിരിച്ചുവന്ന് പറഞ്ഞു: 'സാറെ, ആ ക്ലാസിലെ ജീവൻലാലിനെ സാർ അടിച്ചതാണ്.'

'എന്തിന്?' ഞാൻ ചോദിച്ചു.

'അവന് ഭൂമിശാസ്ത്രം അറിയില്ല.' കുട്ടിയുടെ മറുപടി.

'അതിന് അടിച്ചിട്ടെന്തു കാര്യം?' ഞാൻ വീണ്ടും ചോദിച്ചു.

എന്റെ ക്ലാസിലെ മറെറാരു വിദ്യാർത്ഥി ചോദിച്ചു. 'ഒരു കുട്ടി പാഠം ഓർമ്മിക്കാതെ വന്നാൽ വേറെയെന്തു ചെയ്യും?'

'ആർക്കും ഓർമ്മിച്ചുപറയാൻ കഴിഞ്ഞില്ലെങ്കിലോ?' ഞാൻ ചോദ്യം തുടർന്നു.

മറെറാരു കുട്ടി. 'പാഠം ഓർമ്മിക്കാഞ്ഞെങ്ങിനെയാ. ഇല്ലെങ്കിൽ മാസ്ററർ എന്തു ചെയ്യും? ശിക്ഷിക്കുകയല്ലേ വേണ്ടത്?'

ഞാൻ വിട്ടില്ല: 'ശിക്ഷിച്ചാലും ഓർമ്മവന്നില്ലെങ്കിൽ....?'

മൂന്നാമൻ പറഞ്ഞു: 'എന്നാലും മാസ്ററർ അടിക്കും. അദ്ദേഹത്തിന് മറെറന്തു ചെയ്യാൻ കഴിയും?'

ഞാൻ ചോദിച്ചു: 'കൊള്ളാം! നിങ്ങളിൽ ആർക്കെല്ലാം അടികൊള്ളാൻ താൽപ്പര്യമുണ്ട്?'

എല്ലാവരും ഒരുമിച്ച് പറഞ്ഞു: 'ഇല്ല, സാർ. അടികൊള്ളാൻ ആർക്കാണിഷ്ടമുണ്ടാകുക!'

'ഞാൻ പാഠം പഠിപ്പിച്ചുതരുന്നു; നിങ്ങൾ ഓർമ്മിക്കാതെവന്നാൽ നിങ്ങളെ ഞാൻ അടിക്കണോ?'

'പക്ഷെ, ഞങ്ങൾ പാഠം പഠിച്ചേ വരൂ!'

'നിങ്ങൾ ഉരുവിട്ടുപഠിച്ചാലും ഓർമ്മയിൽ നിൽക്കുന്നില്ലെങ്കിലോ?'



'എങ്കിൽ....എങ്കിൽ ശിക്ഷിക്കാതിരുന്നാൽ നല്ലതു തന്നെ....അടിച്ചാൽ അടികൊള്ളും....ഞങ്ങൾക്ക് ഓർമ്മ വന്നില്ലെങ്കിൽ വീണ്ടും പറഞ്ഞുതരണേ.... എന്നാലും ചിലപ്പോൾ തെററിയെന്നുവരും!'

'കൊള്ളാം, നമുക്ക് കഥ തുടങ്ങാം.' ഞാൻ കാര്യത്തിലേക്കുകടന്നു.

പക്ഷെ കുട്ടികളുടെ മനസ്സ് ഇന്ന് ജീവൻലാലിൽതന്നെ ലയിച്ചിരിക്കുകയായിരുന്നു. അവർ പറഞ്ഞുകൊണ്ടിരുന്നു. 'എന്തായാലും ഇനി ചിലതെല്ലാം കാണാം! ജീവൻലാൽ അത്ര നിസ്സാരക്കാരനല്ല. അവൻ മാസ്റററെ ചീത്ത വിളിച്ചുപറയും. മാസ്റററുടെ ചിത്രം ചുവരിൽ വരച്ച് ചീത്തത്തം എഴുതിവക്കും.'

ഞാൻ പറഞ്ഞു: 'ജീവൻ ഒരിക്കലും അങ്ങിനെ ചെയ്യരുത്. അദ്ധ്യാപകനോട് അങ്ങിനെ പെരുമാറുന്നത് തെററല്ലേ?'

എല്ലാവരുംകൂടി പറഞ്ഞു: 'പക്ഷെ, മാസ്ററർ അവനെ വല്ലാതെ ചതച്ചുകളഞ്ഞില്ലേ?'

'അതിനെന്താണൊരു പരിഹാരം?' ഞാൻ കുട്ടികളുടെ അഭിപ്രായമറിയാൻ ചോദിച്ചു.

കുട്ടികൾപറഞ്ഞു: 'അതെ അവനെ തല്ലാൻ പാടില്ല.'

'അപ്പോൾ പാഠത്തിന്റെ കാര്യമോ?' ഞാൻ വീണ്ടും ചോദിച്ചു.

കുട്ടികൾ പറഞ്ഞു: 'പഠിക്കാതെ വരുന്നവനെ സ്കൂളിൽനിന്നും പുറത്താക്കുക; വെറുതെ തല്ലിച്ചതച്ചിട്ടെന്തുകാര്യം?.... അടിച്ചാൽ വിദ്യയുണ്ടാകുമെങ്കിൽ, കുട്ടികൾ എന്നും അടികൊള്ളുന്നതെന്തിനാ?'

കുട്ടികളുടെ ഈ പരാമർശത്തെ ഞാൻ ഉള്ളാലെ അഭിനന്ദിച്ച് നിശബ്ദത പാലിച്ചു. ഈ സമയം മറെറാരു കുട്ടി പറഞ്ഞു: 'സാറെ, ജീവന് സ്കൂളിൽനിന്നേ തല്ല് കിട്ടുന്നുള്ളു. പുറത്ത് അവൻ മററുള്ളവരെ തല്ലി നടക്കുകയാണ്. ഞങ്ങൾക്കവനെ വല്ലാത്ത ഭയമാണ്!'.

ഞാൻ ചോദിച്ചു: 'അവൻ ഏതു ജാതിക്കാരനാണ്?'

കുട്ടികൾ പറഞ്ഞു: അവൻ നെയ്ത്തുകാരനാണ്. അവന്റെ അച്ഛൻ സർക്കാർജോലിക്കാരനാണ്. അതുകൊണ്ടവനെ നിർബന്ധമായി പഠിപ്പിക്കുകയാണ്. വീട്ടിൽ പഠിപ്പിക്കാൻ ഒരു മാസ്റ്ററും വരുന്നുണ്ട്.'

'കൊള്ളാം, അക്കാര്യം വിടൂ; നമുക്ക് കഥ മുഴുവനാക്കാം.'ഞാൻ പറഞ്ഞു.

കഥ പറഞ്ഞു തീർന്നതോടെ ഞങ്ങൾ എഴുന്നേറ്റു. അപ്പോഴേക്കും മണിയടിച്ചു കഴിഞ്ഞിരുന്നു. ശിക്ഷയും അതിന്റെ പരിണാമവുമായിരുന്നു വീട്ടിലേക്ക് തിരിക്കുമ്പോൾ എന്റെ ചിന്താവിഷയം. വീട്ടിലെത്തി മറ്റു കാര്യങ്ങളിൽ ഏർപ്പെട്ടതോടെ ഞാൻ നിശ്ചിതനായി; കാരണം എനിക്ക് ആരേയും ശിക്ഷിക്കേണ്ടതായിട്ടില്ലായിരുന്നു!

ഇങ്ങനെ കുറച്ചു ദിവസം കൂടി കടന്നു പോയി.

## നാല്

ഒരു ദിവസം ഞാൻ മേലുദ്യോഗസ്ഥനെ ചെന്ന് കണ്ടു. അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: 'സാറെ. സ്കൂളിൽ വരുന്ന എല്ലാ കുട്ടികളും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചു വരണമെന്ന് ഒരു കൽപന പുറപ്പെടുവിച്ചാൽ വളരെ നന്നായിരുന്നു. തൊപ്പി ധരിക്കണമെങ്കിൽ അത് വൃത്തിയുള്ളതാകണമെന്നും മുടി വളർത്തുന്നവർ ചീകി മിനുക്കി വരണമെന്നും കൂടി ഓർഡറിട്ടാൽ നന്നായി. ആഴ്ചയിലൊരിക്കൽ നഖംവെട്ടി വൃത്തിയാക്കണമെന്നും മുടി വല്ലാതെ വളരുമ്പോൾ ക്രോപ്പു ചെയ്യണമെന്നു കൂടി നിർദ്ദേശിക്കണം. കുട്ടികൾ ബട്ടൻസില്ലാതേയോ പകുതി ബട്ടൻസിട്ടോ കോട്ട് ധരിക്കരുതെന്നും പറയണം.എല്ലാവരും കുളിച്ച് വൃത്തിയായി സ്കൂളിൽ വരേണ്ടതാണെന്നും, ചുരുങ്ങിയ പക്ഷം മുഖവും കൈകാലുകളും കഴുകി ശുചിയായി വരണമെന്നും പ്രത്യേകം നിർദ്ദേശിച്ചാൽ കൊള്ളാം.'



മേലുദ്യോഗസ്ഥൻ എന്റെ ആവശ്യം ശാന്തമായിരുന്ന് കേട്ടു. എന്നിട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു: 'എന്താ, രക്ഷാകർത്താക്കൾ നിങ്ങൾ പറഞ്ഞത് മനസിലാക്കിയില്ലേ?'

'സാർ, ഞാനവരെ പലപ്പോഴും പറഞ്ഞു മനസിലാക്കുന്നുണ്ട്. പക്ഷെ അവർക്ക് അക്കാര്യത്തിൽ തീരെ ശ്രദ്ധയില്ല. വലിയ ധനികരായ മാതാപിതാക്കൾപോലും ഇക്കാര്യത്തിൽ സഹകരിക്കുന്നില്ല. അവർ പറയുന്നത്, കുട്ടിക്കാലത്ത് ഞങ്ങളും ഇതുപോലെയാണ് സ്കൂളിൽ പോയിരുന്നതെന്നാണ്! എന്നും ഇതൊക്കെ ശ്രദ്ധിക്കാൻ അവർക്ക് സമയമില്ലത്രെ. നിങ്ങൾ പഠിപ്പിച്ചാൽ മാത്രം മതി ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ നോക്കിക്കൊള്ളാമെന്ന് പറയുന്നവരും കുറവല്ല. ഇപ്പോൾ കുറെയൊക്കെ മാറ്റം വന്നു കഴിഞ്ഞു. എങ്കിലും, സാർ, സത്യം പറയട്ടെ, ഞാനിത്തരം കുട്ടികളെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല'

അദ്ദേഹം പറഞ്ഞു: 'നിങ്ങൾ പറയുന്നത് തികച്ചും ശരിയാണ്. നമ്മുടെ ജനസമൂഹം ഇങ്ങനെയൊക്കെത്തന്നെയാണ്. ഈ സമൂഹത്തെ പരിഷ്ക്കരിക്കുക എന്നു പറഞ്ഞാൽ അസംഭവ്യമായതിനെ സംഭവ്യമാക്കുക എന്നാണർത്ഥം.എങ്കിലും ഈ വകുപ്പ് എന്റെ കയ്യിൽ വന്നതിനു ശേഷം രക്ഷാകർത്താക്കളുടെ മനോഭാവത്തിൽ കുറെയൊക്കെ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്.'

ഞാൻ ചോദിച്ചു: 'അപ്പോൾ അങ്ങേയ്ക്ക് ഇങ്ങനെയൊരു നിർദ്ദേശം കൊടുക്കാൻ കഴിയില്ലേ?'

'സുഹൃത്തെ, എനിക്ക് അത്തരം ഒരു കൽപന പുറപ്പെടുവിക്കാൻ കഴിയില്ല. എന്റെ അധികാര പരിധിക്കു പുറത്തുള്ള കാര്യമാണ്.' അദ്ദേഹം നിസ്സഹായനായി പറഞ്ഞു.

'അങ്ങേയ്ക്കതിന് കഴിയില്ലെന്നോ? അപ്പോൾ അങ്ങ് ഈ ഉന്നത പദവിയിൽ ഇരിക്കുന്നതിൽഎന്താണ് ഔചിത്യം?'

'സുഹൃത്തെ, ഇതൊരു ചെറിയ ഭരണപ്രദേശമാണ്. ഇതുപോലുള്ള മറ്റു ഭരണപരിധിക്കുള്ളിലും എന്നെപ്പോലുള്ളവർക്ക് ഇത്തരം അധികാരമൊന്നുമില്ല.'

'അപ്പോൾ പിന്നെ....?' ഞാൻ ചോദിച്ചു.

‘നിങ്ങൾ ഉയർന്ന വകുപ്പധികാരികളെ ഒന്ന് ചലിപ്പിച്ചുനോക്കൂ. അവിടെനിന്ന് ഇത്തരം കൽപ്പനകൾ പുറപ്പെടുവിക്കാൻ കഴിയും. പക്ഷെ, ആളുകൾ അത് അനുസരിച്ചെങ്കിലല്ലേ, കാര്യം നടക്കുകയുള്ളു. അവരതിന് ഒരുക്കമില്ലെങ്കിൽ നമുക്കെന്തു ചെയ്യാൻ കഴിയും?’ അദ്ദേഹം പറഞ്ഞു.

‘അവരുടെ കുട്ടികളെ സ്കൂളിൽനിന്നും പുറത്താക്കിക്കൂടെ?’

‘അതുസാദ്ധ്യമല്ല. അങ്ങിനെ ചെയ്താൽ ‘വലിയ ഒച്ചപ്പാടുണ്ടാകും!’

‘സാറെ, വേണമെന്നുവന്നാൽ ഇതൊക്കെ നടക്കും. പക്ഷെ, അധികാരശക്തിയില്ലാതെ എന്തു സാമർത്ഥ്യം കാണിക്കാനാണ്....ഞങ്ങൾ അദ്ധ്യാപകരുടെ കഴിവുകൾ പരിമിതമല്ലേ?’

‘അതാണ് ശരി. അതുകൊണ്ട് തൽക്കാലം എല്ലാം നടക്കുന്നതുപോലെ നടക്കട്ടെ.’

‘സാറെ, എന്തായാലും ഞാനെന്റെ പരിപാടികൾ ഉപേക്ഷിക്കാൻ ഒരുങ്ങുന്നില്ല. വിദ്യാലയത്തിനകത്ത് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തേ ഞാൻ പിൻമാറുകയുള്ളു. കുട്ടികളിൽ എന്റെ ആദർശത്തിനൊത്ത ശീലങ്ങൾ ഞാൻ ഉണ്ടാക്കിത്തീർക്കും. തന്നെയല്ല, അവസരംകിട്ടുമ്പോൾ ഇതിനെല്ലാംവേണ്ടി പൊതുവായരീതിയിൽ പ്രക്ഷോഭണം സംഘടിപ്പിക്കുകയും ചെയ്യും. സർ, ജനങ്ങൾക്കിതിൽ താൽപര്യമില്ലെങ്കിലും ഒരു കാര്യം അങ്ങ് മനസിലാക്കണം, നമ്മുടെ വൃത്തിഹീനമായ വിദ്യാലയാന്തരിക്ഷം നിരവധി രോഗങ്ങളുടെ ആസ്ഥാനമാണ്. നമുക്കീ ദുസ്ഥിതി നശിപ്പിക്കുക തന്നെവേണം.’

‘ശരിയാണ്. നിങ്ങൾ ഇഷ്ടംപോലെ എന്തും ചെയ്തുകൊള്ളൂ. പരീക്ഷണം നടത്താനാണല്ലൊ വന്നിരിക്കുന്നതുതന്നെ. പക്ഷെ, ഇപ്പോൾ നാലുമാസം കഴിയാൻ പോകുന്നു. ഒരു കാര്യം ഓർമ്മയിരിക്കട്ടെ. സമയം നമ്മുടെ തലയ്ക്കു മുകളിലൂടെ ചാടിപ്പോകുകയാണ്!’ അദ്ദേഹം എന്നെ ഓർമ്മിപ്പിച്ചു.



അദ്ദേഹത്തെ വന്ദിച്ച് യാത്ര പറഞ്ഞ്, ഞാൻ വീട്ടിലെത്തി. എന്റെ നിസ്സാരചെലവുകൾക്ക് അനുവദിച്ചിരുന്ന പണത്തിൽ നിന്നും ഞാൻ രണ്ടു ചൂലുവാങ്ങി; ഒരു കണ്ണാടി, ചീപ്പ്, ഖാദിടൌവ്വൽ, ഒരു കത്രിക ഇത്രയുംകൂടി വാങ്ങി. ഭാഗ്യത്തിന് വിദ്യാലയത്തിനകത്ത് വെള്ളത്തിന്റെ പൈപ്പ്ഉണ്ടായിരുന്നു. ഞാനന്ന്, ക്ലാസിൽ ഇതെല്ലാം തയ്യാറാക്കിവച്ചു.

പിറേറദിവസം ഞാൻ ആദ്യമായി കുട്ടികളെ ഒരുവരിയിൽ നിർത്തി. ഇപ്പോൾ അവർ എന്നെ നല്ലപോലെ അനുസരിച്ചു തുടങ്ങിയിരുന്നു; എന്നെ സ്നേഹിക്കുകയും ചെയ്തിരുന്നു. ഞാൻ ചെയ്യുന്നതെന്തും അവരുടെ നൻമയ്ക്കാണെന്നുള്ള വിശ്വാസവും അവരിൽ വേരുറച്ചുകഴിഞ്ഞിരുന്നു. എല്ലാവരോടും മാറി മാറി കണ്ണാടിനോക്കാൻ നിർബന്ധിച്ചിട്ട് ഞാൻ പറഞ്ഞു: ‘നിങ്ങളുടെ മുഖമോ, കണ്ണോ, മൂക്കോ വൃത്തികേടാണെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ വേഗം പൈപ്പിനടുത്തുപോയി മുഖം കഴുകി വരൂ; കയ്യുംകാലും കഴുകി തലമുടിയിൽ വെള്ളംപുരട്ടി വരൂ.’ പറഞ്ഞുതീർന്നപ്പോഴേക്കും എല്ലാവരും ‘ഹാ,ഹൂ’ എന്ന് ശബ്ദിച്ചുകൊണ്ട് ഓടിക്കഴിഞ്ഞു.ഒരാൾ മറെറാരാളെ തള്ളിമാററി കയ്യുംകാലും മുഖവും കഴുകാൻ തുടങ്ങി.

ഞാൻ ചിന്തിച്ചു: ‘ഇവരെ അച്ചടക്കത്തോടെ കാര്യങ്ങൾ ചെയ്യാൻ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇമ്മാതിരി ഉന്തും തള്ളും നമ്മുടെ സമൂഹമാകെ ചെയ്യുന്ന കാര്യങ്ങളാണ്. ഈ അപരിഷ്കൃതമായ പെരുമാററത്തിൽനിന്ന് ഈ കുട്ടികളെ രക്ഷിക്കുക തന്നെവേണം.’

പെട്ടെന്ന് ഞാനവിടെ ഒരു വര വരച്ചു.എന്നിട്ടുപറഞ്ഞു ‘നിങ്ങളെല്ലാവരും ഈ വരയിൽ വന്നു നിൽക്കൂ. എന്നിട്ട് ഓരോരുത്തരായി പൈപ്പിനടുത്തേയ്ക്ക് പോകണം.’

രണ്ടു കയ്യിലും ഖാദിത്തുണിയുടെ ടവ്വലുകൾ പിടിച്ചുകൊണ്ട് ഞാനും അവിടെത്തന്നെ നിന്നു. കുട്ടികൾവന്ന് രണ്ടുഭാഗത്തു നിന്നും കയ്യും കാലും മുഖവും തുടയ്ക്കാൻ തുടങ്ങി.

വിദ്യാലയത്തിന്റെ മതിൽക്കെട്ടിനകത്ത് ഇങ്ങനെയൊരുകാര്യം ആദ്യമായി നടക്കുകയായിരുന്നു. അതുകൊണ്ട്, ഇവിടെയെന്താണ് നടക്കുന്നതെന്ന് വഴിപോക്കർ കൗതുകത്തോടെ നോക്കുന്നതുകണ്ടു.

കയ്യും മുഖവും കഴുകിക്കഴിഞ്ഞപ്പോൾ ഞങ്ങൾ ക്ലാസിലെത്തി. കുട്ടികൾക്ക് ചീപ്പെടുത്തുകൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു: 'എല്ലാവരും മുടിചീകിവൃത്തിയാക്കൂ.' തൊപ്പികൾ മുറിയുടെ ഒരു മൂലയിൽ വച്ചിരുന്നു. ഇപ്പോൾ കുട്ടികളെ കാണാൻ എന്തുകൗതുകം! അവർ നല്ലശുചിത്വവും, സൗന്ദര്യവും ആരോഗ്യവുമുള്ളവരായി കാണപ്പെട്ടു. ചോക്കുകൊണ്ട് നിലത്തു ഒരു വട്ടം വരച്ചു എല്ലാവരേയും ഞാൻ അതിനകത്ത് ഇരുത്തി. ഞാനും ഇരുന്നു. എന്നിട്ട് പറഞ്ഞു: 'നോക്കൂ ഇപ്പോൾ നിങ്ങളുടെ കൈകൾ എത്രശുചിയാണ്;നിങ്ങളുടെ മുഖം എത്ര അഴകുള്ളതാണ്!നിങ്ങൾക്ക് ഇതെല്ലാം ഇഷ്ടമായോ?'

'ഉവ്വ്, സാർ. ഞങ്ങൾക്കിതെല്ലാം ഇഷ്ടമായി.' എല്ലാവരും കൂടി പറഞ്ഞു.

'എന്നാൽ, ഒരു കാര്യം, ഇനി ദിവസവും സ്കൂളിൽ വന്നാൽ ആദ്യം ചെയ്യേണ്ടത് ഈ കാര്യങ്ങളാണ്.' ഞാനവരെ ഉത്സാഹപ്പെടുത്തി.

അന്നത്തെ ദിവസം എനിക്ക് വളരെ നന്നായിത്തോന്നി. എന്റെ മനസ് നിറയെ സന്തോഷമായിരുന്നു. ഞാൻപറഞ്ഞു: 'വരൂ. നമുക്കൊരു കവിത ചൊല്ലാം.' ഞാൻ ആദ്യം ചൊല്ലിയ കവിത ഒരു പ്രാർത്ഥനയായിരുന്നു. അനായാസമായിത്തന്നെ ഇന്നെന്റെ നാവിൽനിന്നും പ്രാത്ഥനാഗീതം ഉതിർന്നുവീണു!

നഖത്തിന്റെ കാര്യം ഇപ്പോഴും ബാക്കിയായിരുന്നു; വസ്ത്രത്തിന്റേയും ബട്ടൻസിന്റേയും കാര്യത്തിൽ പരിഹാരമുണ്ടായിട്ടില്ല. എങ്കിലും തൽക്കാലം അതിനെക്കുറിച്ചുള്ള ചിന്ത ഉപേക്ഷിച്ച് ഞാൻ മററുപരിപാടികളിലേക്കു കടന്നു.



## അഞ്ച്

ഞാൻ ചിന്തിച്ചു; ചരിത്രാദ്ധ്യാപനത്തിനുള്ള അടിത്തറ കഥാകഥനത്തിലൂടെ ഞാൻ ഉറപ്പിച്ചു കഴിഞ്ഞു. ഇനി കവിതാപഠനത്തിന്റെ അടിസ്ഥാനം നാടൻഗീതങ്ങളിലൂടെ വേണം ഉറപ്പിക്കാൻ. ആദ്യത്തെ ആറുമാസം അടിസ്ഥാനമുറപ്പിക്കണമെന്നും, പിന്നീടുള്ള മാസങ്ങളിൽ, അതിനുമുകളിൽ ഉചിതമായ രീതിയിൽ അദ്ധ്യാപനത്തിന്റെ ഗൃഹം പടുത്തുയർത്തണമെന്നും ഞാൻ നിശ്ചയിച്ചു കഴിഞ്ഞിരുന്നു.

എന്തെങ്കിലും പുതിയകാര്യം കിട്ടിയാൽ വിദ്യാർത്ഥികൾക്ക് വിനോദവും ആനന്ദവും തൃപ്തിയും കൈവരും. 'ഞാൻ നിങ്ങളെ പാട്ടുപാടാൻ പഠിപ്പിക്കാം. എല്ലാവരും പാടണം.' എന്ന് മുൻകൂട്ടി പറഞ്ഞ് ഞാനൊരു ലളിതമായ നാടൻ പാട്ടു ചൊല്ലി. പക്ഷെ, എന്റെ കൂടെ പാടാൻ ആർക്കും കഴിഞ്ഞില്ല. എനിക്കത്ഭുതം തോന്നി. നാലാം ക്ലാസിലെ കുട്ടികൾക്ക് ഇതുപോലും പാടാൻ കഴിയില്ലേ! അവർക്ക് പാടാനുള്ള കഴിവോ ശീലമോ ഇല്ലായിരുന്നു. ഞാൻ മററൊരു ഗീതംപാടി. മയിലിനെക്കുറിച്ചുള്ളത്. അതു കൂടുതൽ ലളിതമായിരുന്നു. ഇപ്പോൾ അവർ കുറെയൊക്കെ വിജയിച്ചു. എങ്കിലും ഇത്രയും കുട്ടികൾ ഒരുമിച്ച് പാടിയപ്പോൾ ക്ലാസ് ശബ്ദായമാനമായി.

അടുത്തുള്ള ഒരദ്ധ്യാപകൻ വന്ന് പറഞ്ഞു: 'സ്നേഹിതാ, ഈ ശബ്ദം ഒന്നു നിർത്തൂ. ഞങ്ങൾക്ക് ചെവിടടയ്ക്കുന്നതുകൊണ്ട് ക്ലാസിൽ ഒന്നും കേൾക്കാൻ കഴിയുന്നില്ല!'

മററൊരദ്ധ്യാപകൻ പറഞ്ഞു: 'ഈ മഹാനുഭാവൻ ദിവസവും ഒന്നല്ലെങ്കിൽ മററൊരു നൂലാമാല വലിച്ചുവയ്ക്കും! ഇദ്ദേഹം നമ്മേയും വേണ്ടപോലെ പഠിപ്പിക്കാൻ അനുവദിക്കുമെന്ന് തോന്നില്ല. ഇദ്ദേഹത്തിനെന്തു ചിന്ത! ഈ പരീക്ഷണത്തിൽ ഇദ്ദേഹം വിജയിച്ചാൽ അഫീസർ നമ്മോട് 'അങ്ങനെ ചെയ്യൂ, ഇങ്ങനെ ചെയ്യൂ' എന്നൊക്കെ ആജ്ഞാപിക്കും; അല്ല, വിജയിച്ചില്ലെങ്കിലോ സ്വന്തം സഞ്ചിയും കുടയുമെടുത്ത് ഇദ്ദേഹം സ്ഥലംവിടും!'

ഇതിനിടയിൽ പ്രധാനാദ്ധ്യാപകൻ കയറി വന്നു. 'ഹേയ്, ലക്ഷ്മീശങ്കർജീ, ഇത് നഴ്സറി സ്കൂളൊന്നുമല്ല, ഇങ്ങനെ കുട്ടികളെക്കൊണ്ട് വായ്പാട്ട് പാടിക്കാൻ.... ഇതു നല്ല പരീക്ഷണം തന്നെ!....ഈ പാട്ടുകൾ എല്ലാവർക്കും അറിയാവുന്നതാണ്!'ഇത്രയും പറഞ്ഞ് അദ്ദേഹം അവിടെ നിന്ന് പോയി.

ഞാൻ വിചാരിച്ചു: 'വല്ലാത്ത കുടുക്കിൽപെട്ടു. ശരി, സംഘഗാനം നിർത്താം. പാട്ടു പാടികേൾപ്പിക്കാം.'

ഞാൻ കുട്ടികളോടു പറഞ്ഞു:'നിർത്തു—ഞാൻ പാടാം; നിങ്ങൾ കേട്ടാൽമതി.'

ഞാൻപാടാൻ തുടങ്ങി.എന്റെ രാഗം കഴുതയേപ്പോലും ലജ്ജിപ്പിക്കുന്നതായിരുന്നു. എങ്കിലും അപശ്രുതിയൊന്നും ഉണ്ടായിരുന്നില്ല. അതായിരുന്നു സന്തോഷം. ഒരു വിധത്തിൽ ഞാൻ കാര്യം ഒപ്പിച്ചു. ഞാൻ വിചാരിച്ചു. 'ഈശ്വരൻ എനിക്ക് മറെറാരു കണ്ഠമാണ് തന്നിരുന്നതെങ്കിൽ എന്തായിരുന്നു സ്ഥിതി!' ഞാൻ ഭാവാഭിനയത്തോടെ പാടിയതുകൊണ്ട് എന്റെ പാട്ട് ചിലകുട്ടികൾക്ക് ഇഷ്ടപ്പെട്ടു. പക്ഷെ, മററു ചിലർ ഉദാസീനരും അലസരുമായി കാണപ്പെട്ടു, വേറെ ചിലർ അടുത്തിരിക്കുന്ന കുട്ടികളോട് കുസൃതികാണിക്കാനും തുടങ്ങി. ചമ്പകലാൽ ചെവികേൾക്കാത്തവനേപ്പോലെ അഭിനയിച്ച് എന്നെ പരിഹസിക്കുകതന്നെ ചെയ്തു. ഞാനെല്ലാം കണ്ടു; പക്ഷെ സഹിച്ചു. കാരണം, ഇവരുടെ ഈ ശീലങ്ങൾ മാററിയെടുക്കുകയായിരുന്നുവല്ലൊ എന്റെ ലക്ഷ്യം.

സംഗീതത്തിൽ രസിക്കാൻ, കഴിയാത്ത കുട്ടികളോട് ഞാൻ പറഞ്ഞു: 'നിങ്ങൾ ദൂരെ മാറിയിരിക്കൂ. സ്ലേയ്ററിൽ എന്തെങ്കിലും എഴുതൂ; അല്ലെങ്കിൽ ചിത്രം വരയ്ക്കൂ.'

ഞാൻ മറെറാരു പാട്ടുപാടി. കുട്ടികളുടെ താൽപര്യം വളർന്നു. പിന്നെ മൂന്നാമതൊന്ന് പാടി. അവർ രണ്ടാമത്തെ പാട്ടുതന്നെ വീണ്ടും പാടാൻ ആഗ്രഹം പ്രകടിപ്പിച്ചു.ഞാൻ അതുതന്നെ വീണ്ടും പാടി. ഞാൻ പാടുന്നതോടൊപ്പം അവർക്കതിലുള്ള രസവും പ്രകടമായിക്കൊണ്ടിരുന്നു. ഒടുവിൽ ഞാനവരോട് പറഞ്ഞു:'ഞാൻ എന്നുംനിങ്ങളെ ഇത്തരം



പാട്ടുകൾ പാടി കേൾപ്പിക്കാം. പക്ഷെ, ഒരു വ്യവസ്ഥ, വിദ്യാലയത്തിനകത്ത് നിങ്ങൾ അത് പാടരുത്.

പക്ഷെ, രണ്ടു ദിവസത്തിനുള്ളിൽ അവർ എല്ലായിടത്തും എന്റെ പാട്ടിന്റെ വരികൾ മൂളിക്കൊണ്ട് നടന്നു തുടങ്ങി. പാടണമെങ്കിൽ വിദ്യാലയത്തിനുള്ളിൽ വേണ്ട. പുറത്തുമതി എന്ന് ഞാനവരെ പറഞ്ഞ് മനസിലാക്കി.

ഗ്രാമീണർ പരസ്പരം പറയാൻ തുടങ്ങി.

'എടോ, ഇത് ഏതുജാതിക്കാരുടെ പാട്ടാണ്?' ഭഗവാൻ എന്നുപേരുള്ള തുന്നൽകാരൻ പറഞ്ഞു: 'ഇതൊക്കെ നവരാത്രികാലത്തെ 'ഗർബ'*യുടെ പാട്ടാണെന്ന് തോന്നുന്നു.'

രഘു പറഞ്ഞു:'ഈ മാസ്ററർ 'ഗർബ' കളിക്കാരനായിരിക്കും....ഈയാൾ 'ഗർബ' പഠിപ്പിക്കാനാണോ വരുന്നത്?'

കുട്ടികളുടെ അമ്മമാർ പറഞ്ഞുതുടങ്ങി: 'നിങ്ങളുടെ മാസ്ററർ സ്കൂളിനകത്ത് പെണ്ണുങ്ങളുടെ പാട്ട് പാടിക്കുന്നതെന്തിനാ?'

പക്ഷെ, ഞാനാകട്ടെ, ഇതെല്ലാം കേട്ടെങ്കിലും കേൾക്കാത്ത ഭാവത്തിൽ നടന്നു. കേൾക്കാൻ നിന്നാൽ കാര്യങ്ങൾ നടക്കില്ല. ഓരോ കാര്യത്തിൽ ഇടപെടുകയാണല്ലൊ നമുക്കാവശ്യം. പുതിയ കർമ്മക്ഷേത്രം അങ്ങനെയല്ലേ തുറന്നു കിട്ടുക.

ഞാൻ നിത്യേന പുതിയ പുതിയ കവിതകൾ ചൊല്ലി കുട്ടികളെ കേൾപ്പിച്ചുകൊണ്ടിരുന്നു.അവർക്ക് ഏതേതാണ് കൂടുതൽ ഇഷ്ടപ്പെടുന്നതെന്നും മനസിലാക്കിക്കൊണ്ടിരുന്നു. അങ്ങനെ ഏതാണ്ട് പത്തുപതിനഞ്ച് പാട്ടുകൾ കുട്ടികൾക്ക് കാണാപ്പാഠമായിക്കഴിഞ്ഞു. രണ്ടുനാല് കുട്ടികൾക്ക് പാട്ടിൽ തീരെ താൽപര്യം കണ്ടില്ല; പാട്ടുപാടുന്ന സമയത്ത് അവർ എന്തെങ്കിലും എഴുതുകയോ വായിക്കുകയോ ചെയ്തുകൊണ്ടിരിക്കും. അവരെക്കുറിച്ച് ഞാൻ ചിന്തിച്ചതേയില്ല.

* 'ഗർബ'—ഗുജറാത്തിനൃത്തം

ഈ ദിവസങ്ങളിൽ ഞാൻ മനസുകൊണ്ട് രാസക്രീഡയുടെ ഒരു പരിപാടി തയ്യാറാക്കുകയും അതാരംഭിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

ഇക്കാലമത്രയും എന്റെ ക്ലാസിൽ നടന്നിരുന്ന പഠനപരിപാടികളെ ഇങ്ങനെ സംഗ്രഹിക്കാം. വാർത്താകഥനം, പുസ്തകപാരായണം, കവിതാശ്രവണം, കളികൾ, കേട്ടെഴുത്ത്, ശുചിത്വപാലനം, പ്രാർത്ഥന.

## ആറ്

ഒരു ദിവസം ഞങ്ങളുടെ വിദ്യാലയത്തിൽ ഒരു സന്യാസിവര്യൻ വന്നുചേർന്നു. കൂടെ പ്രധാനാദ്ധ്യാപകനുമുണ്ടായിരുന്നു. പ്രധാനാദ്ധ്യാപകൻ സന്യാസിയെ പരിചയപ്പെടുത്തിക്കൊണ്ട് എന്നോട് പറഞ്ഞു: 'ഇദ്ദേഹം ഒരു ധർമ്മോപദേശകനാണ്, കുട്ടികളുടെ കാര്യങ്ങളിൽ വളരെ താൽപര്യമുള്ളദേഹമാണ്. എല്ലാ സ്ഥലങ്ങളിലും കുട്ടികൾക്ക് ധാർമ്മിക കാര്യങ്ങൾ വിവരിച്ചു കൊടുക്കാനുള്ള സൗകര്യം ഇദ്ദേഹത്തിന് നൽകാറുണ്ട്. ഇന്നദ്ദേഹം ആഫീസറുടെ കത്തുമായി കുട്ടികൾക്ക് ഉപദേശം നൽകാൻ ഇവിടെ വന്നിരിക്കുകയാണ്.'

ഞാനദ്ദേഹത്തെ ആദരപൂർവം സ്വീകരിച്ച് കസേരയിൽ ഇരുത്തി. എന്നിട്ട് പറഞ്ഞു: 'സ്വാമിജി, അങ്ങ് പരിപാടി ആരംഭിച്ചുകൊള്ളൂ.'

എന്റെ കുട്ടികൾ അദ്ദേഹത്തിന്റെ മുണ്ഡിതശിരസും മുഖവും നോക്കിയിരിക്കുകയായിരുന്നു; ആ മെലിഞ്ഞ ശരീരവും കമണ്ഡലുവും കാന്തികലർന്ന മുഖഭാവവും കുട്ടികളെ ആകർഷിച്ചിരുന്നു.

ഞാൻ അവരോട് പറഞ്ഞു: 'നോക്കൂ കുട്ടികളെ, സ്വാമിജി ഉപദേശം തരും; നിങ്ങളെല്ലാം ശ്രദ്ധയോടെ കേൾക്കുക.'

കുട്ടികൾ ഇപ്പോൾ എന്റെ നിർദ്ദേശങ്ങൾ വേണ്ടതുപോലെ സ്വീകരിക്കാൻ തുടങ്ങിയിരുന്നു. അവർ ശാന്തരായി ഇരുന്നു.

സ്വാമിജി ഉപദേശരൂപത്തിൽ ഇങ്ങനെ പറഞ്ഞു.



'കുട്ടികളേ, ഈ പ്രപഞ്ചത്തിലെ മഹത്തരമായ ചൈതന്യമാണ് ഈശ്വരൻ. ആ മഹച്ഛക്തിയാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചത്. ആ ശക്തിയിൽനിന്നും ജനിച്ചതാണീ പ്രപഞ്ചം; അതാണ് ആദികാരണം!'

ഇങ്ങനെ അദ്ദേഹം ഈശ്വരമഹത്വം പ്രകീർത്തിക്കാൻ തുടങ്ങി. ഞാൻ നിശബ്ദം ശ്രവിച്ചുകൊണ്ടിരുന്നു; എന്റെ കുട്ടികളും വളരെ ശാന്തരായി കാണപ്പെട്ടു. പക്ഷെ, ക്രമേണ അവർ അസ്വസ്ഥരായി; ചിലർ കോട്ടുവായിട്ടു. ചിലർ സ്ലേറ്റിൽ പെൻസിൽകൊണ്ട് വരയ്ക്കാൻ തുടങ്ങി. ചിലരുടെ കണ്ണുകൾ കുറേശെ ചുവന്നുതുടങ്ങി; ചിലർ ഒരു വിരൽ കാണിച്ച് പുറത്തേക്കിറങ്ങി. ഒരുത്തൻ പോയപ്പോൾ പുറകെ മറ്റൊരുത്തനിറങ്ങി. ഒന്നുരണ്ടു കുട്ടികൾ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. അവരോട് നിശ്ശബ്ദരാകാൻ ഞാൻ ആംഗ്യം കാണിച്ചു. അവർ അനുസരിച്ചു.

സ്വാമിജിയോട് ഞാൻ വിനയത്തോടെ പറഞ്ഞു.

'സ്വാമിജി, എന്തെങ്കിലും ലളിതമായ കാര്യം പറയൂ, കുട്ടികൾക്ക് മനസിലാകുന്ന വിധത്തിൽ.'

സ്വാമിജി വളരെ സരള സ്വഭാവക്കാരനായിരുന്നു. അദ്ദേഹം ഉടനെ വിഷയം മാറ്റി; ഹിന്ദുമതത്തെക്കുറിച്ചും മതഗ്രന്ഥങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിക്കാൻ തുടങ്ങി. അപ്പോഴും കുട്ടികൾ താല്പര്യമില്ലാത്തവരായി കാണപ്പെട്ടു.

ഞാൻ ചിന്തിച്ചു. 'ധർമ്മോപദേശത്തിന്റെ യഥാർത്ഥരീതി ഇതാണോ? ഒരു ജീവിതകാലം മുഴുവൻ വിനിയോഗിച്ച് ശ്രമിച്ചാൽ പോലും മനസിലാകാത്ത വളരെ ഗൂഢമായ മത തത്വങ്ങൾ ഇത്ര എളുപ്പത്തിൽ മനസിലാക്കിക്കൊടുക്കാൻ കഴിയുമോ? ഇതാണോ മതബോധവും ധർമ്മജ്ഞാനോപദേശവും! മതത്തെക്കുറിച്ചുള്ള ഈ ജ്ഞാനം കേവലം ബാഹ്യവും ഉപയോഗരഹിതവുമല്ലേ?'

ഈ സമയം സ്വാമിജി ശ്ലോകങ്ങൾ ചൊല്ലാൻ തുടങ്ങി. കുട്ടികൾ മടുപ്പോടുകൂടി അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പക്ഷെ അവർക്കൊന്നും മനസിലായിരുന്നില്ല. അതുകൊണ്ട് അധികം പേരും കേവല

മനോവിനോദത്തിന്റെ പേരിൽ ശ്രദ്ധയെന്യേ നോക്കിയിരുന്നു.

യഥാർത്ഥത്തിൽ സ്വാമിജി കാര്യങ്ങൾ വിവരിച്ചിരുന്നത് വളരെ ഗൗരവത്തിൽ തന്നെയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആ വസ്തുതകൾ അങ്ങേയററം പരിശുദ്ധവും അവശ്യം അറിഞ്ഞിരിക്കേണ്ടവയുമായിരുന്നു. അദ്ദേഹം തന്റെ കർത്തവ്യം തികഞ്ഞ ആത്മാർത്ഥതയോടെ നിർവഹിച്ചുകൊണ്ടിരുന്നു. പക്ഷെ, കുട്ടികൾക്കാകട്ടെ ഇതെല്ലാം പോത്തിന്റെ ചെവിട്ടിൽ കുഴലൂതുന്നതിന് തുല്യമായിരുന്നു.

തുടർന്ന് സ്വാമിജി ശ്ലോകങ്ങളുടെ അർത്ഥം വിവരിക്കാൻ തുടങ്ങി. പാവം! കുട്ടികൾക്ക് അതും കേൾക്കേണ്ടതായി വന്നു! അതിനുശേഷം അദ്ദേഹം അതിന്റെ അർത്ഥം ബോർഡിൽ എഴുതി കുട്ടികളോട് പകർത്തിയെടുക്കാൻ ആവശ്യപ്പെട്ടു. പിന്നീട് ഇങ്ങനെ പറഞ്ഞു. 'ഈ ശ്ലോകങ്ങൾ നിങ്ങൾ നിത്യേന പ്രഭാതത്തിൽ എഴുന്നേററ് ചൊല്ലുക, അങ്ങനെ ചെയ്താൽ നിങ്ങളുടെ ബുദ്ധി വളരും; ശക്തി വളരും; ഓജസും വർദ്ധിക്കും!'

എന്റെ ക്ലാസിലെ പത്തും പന്ത്രണ്ടും വയസ് പ്രായമുള്ള പാവം കുട്ടികൾ! അവർക്ക് മതത്തെയും ശ്ലോകങ്ങളെയും കുറിച്ച് എന്തറിയാൻ! എന്നാലും അദ്ദേഹം ശ്ലോകങ്ങളെഴുതി; അർത്ഥവുമെഴുതി.

ഞാൻ തുടർന്ന് ചിന്തിച്ചുകൊണ്ടിരുന്നു. 'മത വിദ്യാഭ്യാസത്തിന് സ്കൂളല്ലാതെ മററു സ്ഥലങ്ങളൊന്നുമില്ലേ? മുമ്പൊക്കെ ദേവാലയങ്ങളിൽ മതപ്രവചനങ്ങൾ നടന്നിരുന്നു; അതനുസരിച്ച് മാതാപിതാക്കൾ വീടുകളിൽ പെരുമാറുകയും ചെയ്തിരുന്നു. വീട്ടിലെ ആചാരനുഷ്ഠാനങ്ങൾ കുട്ടികളുടെ മതബോധനത്തിനുപകരിച്ചിരുന്നു. ഇപ്പോൾ ജനങ്ങൾക്ക് മതപ്രഭാഷണങ്ങൾ കേൾക്കാൻ സമയമില്ല; വൃദ്ധന്മാരാകട്ടെ, കേട്ട് തൃപ്തരായ മട്ടാണ്. അതോ മറേറതെങ്കിലും കാരണങ്ങൾ കൊണ്ടാണോ എന്നറിയില്ല, ഈ പരിപാടി ഇപ്പോൾ വിദ്യാലയത്തിലെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു.' ഞാൻ ഇങ്ങനെ ചിന്തിച്ചുകൊണ്ടി



രുന്നപ്പോൾ മണിയടിച്ചു. ഞാൻ വീട്ടിലേക്ക് തിരിക്കാൻ ഒരുങ്ങിക്കഴിഞ്ഞിരുന്നു.

ക്ഷീണിതരായ കുട്ടികൾ സ്വാമിജിയെ വന്ദിച്ചു വീടുകളിലേക്ക് തിരിച്ചു. ഞാനും സ്വാമിജിയും ക്ലാസിൽ അവശേഷിച്ചു. ഞാൻ പറഞ്ഞു: 'സ്വാമിജി, അങ്ങേക്ക് വിരോധമില്ലെങ്കിൽ, ഇന്നത്തെ ഭിക്ഷ എന്റെ വീട്ടിൽ നിന്നാകാം.'

ഞങ്ങൾ ഭക്ഷണത്തിനിരുന്നു. സംഭാഷണത്തിനിടയിൽ മതവിദ്യാഭ്യാസം ചർച്ചാവിഷയമായി. സ്വാമിജി പറഞ്ഞു: 'സഹോദരാ, ഇക്കാലത്ത് ധർമ്മത്തിന് ലോപം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുതിയതലമുറയിൽ ആരംഭത്തിലേതന്നെ, ധാർമ്മികബോധനത്തിലൂടെ നാം ആസ്തിക്യം വളർത്തിയെടുക്കണം'.

ഞാൻ പറഞ്ഞു: 'എങ്കിലും, സ്വാമിജി, ഈ കുഞ്ഞുങ്ങളുടെ ഇളംബുദ്ധിക്ക് ഈശ്വരൻ, ആത്മാവ്, മതം എന്നൊക്കെയുള്ള കഠിനവിഷയങ്ങൾ എങ്ങനെ ഗ്രഹിക്കാൻ കഴിയും. ഇന്ന് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ അങ്ങേക്ക് അനുഭവപ്പെട്ടതല്ലേ, അതിൽ അവർക്ക് യാതൊരു താല്പര്യവുമില്ലെന്നും കേവലം മര്യാദയുടെ പേരിൽ അവർ ഇരുന്ന് കേട്ടതാണെന്നും.'

സ്വാമിജി പറഞ്ഞു: 'കുട്ടീ, കാര്യം ശരിയാണ്; കുട്ടികൾക്ക് ഓട്ടം, ചാട്ടം, കളി എന്നിവയിലാണ് എപ്പോഴും താല്പര്യം. കഥയിലും അവർക്ക് താല്പര്യം കാണാം. പക്ഷെ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവർക്ക് ധർമ്മോപദേശം നൽകുകതന്നെ വേണം. ചില ധാർമ്മികശ്ലോകങ്ങൾ അവരെക്കൊണ്ട് കാണാപ്പാഠം പഠിപ്പിക്കണം.'

'പക്ഷെ, സ്വാമിജി, മതം ധർമ്മം എന്നൊക്കെ പറയുന്നത് കേവലം ജിഹ്വാഗ്രത്തിൽ സ്ഥിതിചെയ്യുന്ന ഒന്നല്ല; ധർമ്മബോധം ഒരു സവിശേഷമായ ഉണർവ്വാണ്; ഉള്ളിന്നുള്ളിൽ നിന്നുമാണ് അത് ഉണരേണ്ടത്. ധാർമ്മികബോധം ഉണ്ടാകണമെങ്കിൽ അതിനുള്ള വിശപ്പ് മനുഷ്യനുണ്ടാകണം. അതിനും അതിന്റേതായ സമയമുണ്ട്. സ്വാമിജി, ഈ

പരിപാടി കുട്ടികളുടെ മേൽ എടുക്കാൻ വയ്യാത്ത ഭാരം കയററിവയ്ക്കുന്നതിന് തുല്യമാണെന്ന് അങ്ങേക്കറിഞ്ഞുകൂടെ?'

സ്വാമിജി ചിന്താധീനനായി. ഞാൻ വീണ്ടും പറഞ്ഞു: 'സ്വാമിജി, ധർമ്മം ഒരു സത്യമാണ്. അത് മനുഷ്യജീവിതത്തിന് ഒരു തോണിപോലെയാണ്. മനുഷ്യൻെറ ജീവിതലക്ഷ്യം സംസാരസാഗരത്തിൻെറ മറുകരയിലെത്തുക എന്നതാണ്; പക്ഷെ, ഈ തത്വങ്ങൾ വളരെ ജടിലമാണെന്നുള്ളതും പരമാർത്ഥമല്ലേ? സാധാരണ ബുദ്ധിക്ക് എത്തിപ്പിടിക്കാൻ കഴിയുന്നതിന് അപ്പുറമുള്ളവയല്ലേ? അതിനൊക്കെ വളരെയേറെ പൂർവശ്രമം ആവശ്യമാണ്'.

സ്വാമിജി പറഞ്ഞു: 'അതുശരിയാണ്. പക്ഷെ....'. ഞാൻ ഇടയ്ക്കുകയറിപ്പറഞ്ഞു: 'മതം കേവലം മുള്ളങ്കിവേരോ അങ്ങാടിമരുന്നോ അല്ല. പുസ്തകത്തിൽ അച്ചടിച്ചിട്ടുള്ള കാര്യങ്ങളല്ല മതം. മതതത്വങ്ങൾ അതിനിഗൂഢമായി സൂക്ഷിക്കേണ്ടവയാണ്. കഠിനമായ പരിശ്രമംകൊണ്ടേ ഒരു സാധകന് അതെല്ലാം ആത്മസാത്കരിക്കാൻ കഴിയൂ.'

'അതെ, അതുകൊണ്ടാണല്ലൊ നമ്മുടെ പൂർവ്വികൻമാർ ഗുരുഗൃഹത്തിൽ വസിച്ച് ശാരീരികമായ കഷ്ടപ്പാടുകൾ സഹിച്ചിരുന്നത്.' സ്വാമിജി സമ്മതിച്ചു.

'പക്ഷെ, നമ്മളാകട്ടെ, വീടുതോറും വിദ്യാലയംതോറും കയറിയിറങ്ങി ധർമ്മോപദേശത്തിൻെറ പ്രസാദവിതരണം നടത്തുകയാണിന്ന്!' ഞാൻ കൂട്ടിച്ചേർത്തു.

'കുട്ടീ, ഇത് കലിയുഗമല്ലേ, ഇക്കാലത്ത് ഗുരുവിൻറടുത്ത് ശിഷ്യത്വം സ്വീകരിച്ചു കഴിഞ്ഞുകൂടുന്നവർ ആരെങ്കിലുമുണ്ടോ?' സ്വാമിജി ചോദിച്ചു.

'ആരുമില്ല....അതൊക്കെ സ്വയം ഉൾക്കൊള്ളുകയേ നിവൃത്തിയുള്ളൂ....പക്ഷെ ധാർമ്മികതത്വങ്ങളെ ഇങ്ങനെ നടന്ന് പ്രദർശിപ്പിക്കുകയും വിൽക്കുകയും ചെയ്യുന്നതുകൊണ്ട് ആരും ധർമ്മാത്മാക്കളാകുന്നില്ല'.

സ്വാമിജി ചോദിച്ചു: 'എങ്കിൽ, താങ്കൾ തന്നെ പറയൂ, എന്തുചെയ്യണം?'



'ഞാൻ വിശ്വസിക്കുന്നത് ചെറിയ കുട്ടികൾക്ക് ഇങ്ങനെ ധർമ്മോപദേശം നൽകുന്നത് ശരിയല്ലെന്നാണ്. അവർക്ക് ഈ പ്രായത്തിൽ അരോഗമായ മനസ്സും ശരീരവും ഉണ്ടാകണം. നിർമ്മലമായ ബുദ്ധിയും തളരാത്ത കർമ്മശേഷിയും ഉണ്ടാക്കിക്കൊടുക്കണം. അവരെ എല്ലാനിലക്കും ശക്തരാക്കിത്തീർക്കുകയാണാവശ്യം.'

'ശരിയാണ്; നല്ല ശരീരശക്തിയുള്ളവനേ ആത്മബലം നേടാൻ കഴിയൂ'—സ്വാമിജി എൻെറ അഭിപ്രായത്തോട് യോജിക്കാൻ തുടങ്ങി.

ഞാൻ തുടർന്നു—'സമയംവരുമ്പോൾ യൗവ്വനവും വാർദ്ധക്യവും എന്നപോലെ ധർമ്മജിജ്ഞാസയും സ്വയം വികാസം പ്രാപിക്കുമെന്നാണെൻെറ ദൃഢമായ വിശ്വാസം. അകാലത്തിലെ ഗൃഹസ്ഥാശ്രമം പോലെയാണ് അസമയത്ത് ധർമ്മോപദേശം നൽകുന്നത്. കുട്ടിക്കാലം മുതൽ ധർമ്മത്തെ ദൈനംദിന ചർച്ചയുടേയും ശ്ലോകപാരായണത്തിൻേറയും വിഷയമാക്കി മാററിയാൽ ആ വിഷയത്തിലുള്ള യഥാർത്ഥ ജിജ്ഞാസ മന്ദീഭവിക്കും .......ധാർമ്മികകാര്യങ്ങൾക്കും അതിൻേറതായ മഹത്വമുണ്ട്. പക്ഷെ, അതിന് അനർഹമായ മഹത്വം കൽപ്പിച്ച് അതുമൂലം മനുഷ്യൻെറ വികാസത്തെ മുരടിപ്പിക്കുകയും മനുഷ്യനെ ജഡതുല്യമാക്കിത്തീർക്കുകയും ചെയ്യുന്നത് ശരിയല്ല.'

സ്വാമിജി: 'താങ്കൾ പറയുന്നത് സത്യമാണ്. എൻേറയും ഏറെക്കുറെ വിശ്വാസം അതുതന്നെയാണ്. നിത്യേനയുള്ള ഈ ആവർത്തനംകൊണ്ട് വിദ്യാർത്ഥികൾക്ക് അത്തരം വിഷയങ്ങളിൽ മടുപ്പുണ്ടാകുമെന്നാണ് എൻെറ അനുഭവം കൊണ്ട് മനസ്സിലായിട്ടുള്ളത്, മറേറതെങ്കിലും രീതിയിൽ ധാർമ്മികവിദ്യാഭ്യാസം നൽകണമെന്ന് ഞാൻ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്.'

ഞാൻ പറഞ്ഞു: 'ക്ഷമിക്കണം, സ്വാമിജി, ഞാൻ പറയുന്നത്, നാം ധാർമ്മികകാര്യങ്ങളെ ജീവിതത്തിൽ പകർത്താനുള്ള ശ്രമം ചെയ്യണമെന്നാണ്. മാതാപിതാക്കളും ശ്രമിക്കട്ടെ. അദ്ധ്യാപകരും കഴിവതുചെയ്യട്ടെ. പാഠപുസ്തകങ്ങളിൽ മററു കഥകളോടൊപ്പം ധാർമ്മിക പുരുഷൻമാരേയും

ധാർമ്മിക സന്ദർഭങ്ങളേയും പരാമർശിക്കുന്ന കഥകൾ ഉൾപ്പെടുത്തുക, സന്ദർഭാനുസരണം പുരാണങ്ങളിലെയും ഉപനിഷത്തുകളിലേയും കഥകളും പറഞ്ഞുകൊടുക്കുക. ചരിത്രപുരുഷൻമാരോടൊപ്പം ധർമ്മാത്മാക്കളേയും അവർക്ക് പരിചയപ്പെടുത്തികൊടുക്കാം. വിദ്യാഭ്യാസത്തിന്റെ പ്രാരംഭദശയിൽ കുട്ടികൾക്ക് ഇത്രയും കാര്യങ്ങളേ മനസിലാക്കിക്കൊടുക്കേണ്ടതുള്ളൂ. ശ്ലോകപാരായണം, ധാർമ്മിക ശിക്ഷണം, ധാർമ്മിക ഗ്രന്ഥങ്ങളുടെ അഭ്യസനം, കർമ്മയോഗം മുതലായവ ഭാവിയിലേക്കു നീക്കിവയ്ക്കാം.'

'ആ സ്ഥിതിക്ക് താങ്കൾ എനിക്ക് എന്തു ജോലിയാണ് നൽകുക?' സ്വാമിജി ചോദിച്ചു.

'കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക; താങ്കളും എന്നെപ്പോലെ അവരെ പഠിപ്പിക്കാൻ വരൂ.' ഞാൻപറഞ്ഞു.

സ്വാമിജി വീണ്ടും ചോദിച്ചു. 'സന്യാസിയായിത്തീർന്ന ഞാൻ ഇനി ഒരദ്ധ്യാപകനായി മാറണോ?'

'മഹാത്മാവേ, താങ്കളുടെ കർത്തവ്യം അതാണ്. താങ്കളെപ്പോലുള്ളവർ കുട്ടികളുടെ വിദ്യാഭ്യാസകാര്യം ഏറ്റെടുത്തു നടത്തുകയാണെങ്കിൽ ഉത്തമഗുരുനാഥൻമാരുടെ അഭാവം പരിഹരിക്കാം. അതുമൂലം യഥാർത്ഥമായ കാര്യങ്ങൾ നടക്കുകയും ചെയ്യും.'

സ്വാമിജി ചിരിച്ചുകൊണ്ട് മുഖം കഴുകി.

ആ ദിവസം മുതൽ ഞാനും സ്വാമിജിയും തമ്മിലുള്ള അടുപ്പം വളർന്നു. ഇപ്പോൾ അദ്ദേഹത്തെ ഞാൻ നവീന വിദ്യാഭ്യാസ രീതികൾ പരിശീലിപ്പിക്കുകയും, പകരമായി അദ്ദേഹത്തിൽനിന്നും ഞാൻ ധർമ്മ ഗ്രന്ഥങ്ങൾ അഭ്യസിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

സമയം അതിവേഗം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. വർഷാവസാനമാകുമ്പോഴേക്കും എന്റെ പാഠ്യപദ്ധതി വിജയപൂർവ്വം പൂർണ്ണമാകേണ്ടിയിരിക്കുന്നു. അതിലാണല്ലൊ എന്റെ പരീക്ഷണത്തിന്റെ വിജയവും സ്ഥിതി ചെയ്യുന്നത്.

ഞാൻ നിശ്ചയിച്ചു;ഇനി കുട്ടികളെ ചരിത്രം പഠിപ്പിക്കാൻ തുടങ്ങാം.



ഞാൻ ചരിത്ര പാഠപുസ്തകങ്ങൾ മറിച്ചു നോക്കി. എനിക്ക് തീരെ തൃപ്തി തോന്നിയില്ല. ഒരു പുസ്കത്തിൽ സംഭവങ്ങൾ തെററായിട്ടാണ് വർണ്ണിച്ചിരുന്നത്. മറെറാന്നിലെ വീക്ഷണരീതി പ്രാചീനമായിരുന്നു. മൂന്നാമതൊന്നാകട്ടെ, വെറും കച്ചവട ദൃഷ്ടിയോടെ രചിച്ചതായിരുന്നു. നാലാമതൊന്നിലെ ആഖ്യാന ശൈലി അബദ്ധജടിലമായിരുന്നു. ഏററവും കൂടുതൽ പ്രശംസിക്കപ്പെട്ട മററു ചില പുസ്തകങ്ങളാകട്ടെ, ചെറിയ കുട്ടികൾക്ക് തീരെ ഉപയുക്തങ്ങളായിരുന്നില്ല.

ഞാൻ വിചാരിച്ചു. ഈ പാഠപുസ്തകങ്ങൾ കൊണ്ട് കാര്യം നടക്കില്ല. ഇനി എന്തു ചെയ്യണം? കഥകളിലൂടെ ഇവരെ ചരിത്രം പഠിപ്പിക്കാൻ കഴിയുമോ?

വിദ്യാർത്ഥികൾക്ക് കഥാശ്രവണത്തിൽ താൽപര്യം ജനിച്ചു കഴിഞ്ഞിരുന്നു. ഇതുവരെ ഞാൻ അവരെ കേൾപ്പിച്ചിരുന്ന കഥകൾ പകുതി യഥാർത്ഥവും, പകുതി കൽപനാ ജന്യവുമായിരുന്നു. ഭാവനയിൽ രൂപം കൊണ്ട മാലാഖമാരുടെ ലോകത്തിലെ കഥകൾ. ചരിത്ര കഥകളിൽ അത്തരം കഥകൾക്ക് സ്ഥാനമില്ലല്ലൊ. എങ്കിലും ഞാൻ ശുഷ്കമായ ചരിത്ര സംഭവങ്ങൾ കോർത്തിണക്കി കഥ പറയാൻ തുടങ്ങി. കുട്ടികൾ അദ്ഭുതത്തോടെ എന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അവർ ഓരോന്ന് പറയാൻ തുടങ്ങി—'സാറെ, ഇത് കഥയല്ല'.

'ഇത്തരം കഥകൾ ഞങ്ങൾക്കുവേണ്ട.'

'സാറെ, ഇന്നലെ പറഞ്ഞതുപോലുള്ള കഥകൾ പറയൂ.'

'പോകാം, സാറെ, കളിക്കാൻ പോകാം'.

'സാറെ, നമുക്ക് പാട്ടുപാടാം'!

ഞാനാലോചിച്ചു. ഇപ്രാവശ്യം ഞാൻ പരാജയപ്പെടുകയാണ്.

കുട്ടികൾ എന്റെ ചുററും വന്നുകൂടി; അവരെന്റെ കൈപിടിച്ചു വലിച്ച് എന്നെ തുറന്ന മൈതാനത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി.

രാത്രിയിൽ വീട്ടിൽവന്നപ്പോഠം ഞാൻ ആലോചിക്കാൻ തുടങ്ങി:—ഇവർക്ക് പൂർണ്ണമായ ചരിത്രസത്യങ്ങഠംപറഞ്ഞു കൊടുത്തുകൊണ്ടിരുന്നാൽ കാര്യംനടക്കില്ല. ചരിത്രസംഭവങ്ങളെ പ്രത്യക്ഷത്തിൽ കണ്ട് എഴുതിയിട്ടുള്ളവർ ആരുമില്ലല്ലോ. കഥാരൂപത്തിൽ ചരിത്രം രസകരമായിത്തീരുമെങ്കിൽ അതായിരിക്കും നല്ലത്. അത്തരം കഥകളിൽ 'കഥാഗുണം' അടങ്ങിയിരിക്കണം.അങ്ങനെ അടിസ്ഥാനപരമായ സംഭവങ്ങഠംക്കുചുററും കൽപ്പിതസംഭവങ്ങഠം കോർത്തിണക്കി ചരിത്രം പഠിപ്പിക്കാമെങ്കിൽ കാര്യം നിർവ്വഹിക്കാം.

അടുത്തദിവസം ഞാനൊരു കഥപറയാൻ തുടങ്ങി. 'ഒരു വലിയ കാടുണ്ടായിരുന്നു; അവിടെ ഒരുഭാഗത്ത് കുറെ കാട്ടുജാതിക്കാർ താമസിച്ചിരുന്നു. അവരുടെആകൃതി വിചിത്രം; പ്രവൃത്തി അതിലേറെ വിചിത്രം! പറക്കുന്ന പക്ഷിയെപ്പോലും അമ്പെയ്തുവീഴ്ത്താൻ അവർക്കു കഴിയുമായിരുന്നു. ആ കാട്ടിൽ ഒരു കുടിൽ കാണാമായിരുന്നു.'

വിദ്യാർത്ഥികഠം തൽക്കാലം കഥയുടെ മായികതയിൽ മുഴുകി രസിക്കാൻതുടങ്ങി. വീരനായ വനരാജന്റെ കഥയാണ് ഞാൻ തുടങ്ങിയതെങ്കിലും യഥാർത്ഥസംഭവത്തിനു ചുററും നിറം കലർത്തുക മാത്രമാണ് ചെയ്തത്.

ആ ദിവസം കഥ അപൂർണ്ണമായിരുന്നു. അടുത്ത ദിവസം കുട്ടികഠം മററു കാര്യങ്ങളിലേക്ക് കടക്കാൻ അനുവദിച്ചില്ല. 'മതി...വനരാജൻ....വനരാജന്റെകഥ പറയൂ' എല്ലാവരും വിളിച്ചുകൂവി!

ഞാൻ വനരാജന്റെ കഥ മുഴുവനാക്കിയിട്ട് അൽപ്പം ഭയത്തോടെ ചോദിച്ചു. 'ഈ കഥ വീണ്ടും കേഠംക്കണമെന്നുള്ളവർ എഴുന്നേററു നിൽക്കൂ.' എല്ലാവരും എഴുന്നേററു. രണ്ടാം ദിവസവും ആ കഥ തന്നെ പറഞ്ഞു. അങ്ങനെ തുടർച്ചയായി മൂന്നു ദിവസം ആ കഥ തന്നെ പറഞ്ഞു കേഠംപ്പിച്ചു. കുട്ടികഠം കളിയെപ്പററിയോ പാട്ടിനെക്കുറിച്ചോ ഒരക്ഷരം ശബ്ദിച്ചില്ല.

അവരുടെ ഈ ആഗ്രഹം എത്രനാഠം നിലനിൽക്കുമെന്ന് ശ്രദ്ധിക്കുകയായിരുന്നു ഞാൻ.



ഒരുദിവസം ആരോ മേലധികാരിയുടെ അടുത്തുചെന്ന് എനിക്കെതിരായി ദോഷാരോപണം നടത്തി. 'സർ, ഈ പരീക്ഷണത്തിന്റെ ഫലമറിയാൻ ഇനിയും വളരെ സമയമെടുക്കും. അപ്പോഠം അങ്ങേയ്ക്ക് നിരാശനായി ആ അദ്ധ്യാപകനോട് പറയേണ്ടതായിവരും' ''കഷ്ടം! ഒരു ഗുണവുമുണ്ടായില്ലല്ലോ'' എന്ന്. പക്ഷെ അപ്പോഴേക്കും കുട്ടികളുടെ ഒരു വർഷം പാഴായിപ്പോയിട്ടുണ്ടാകും!'

'എനിക്കതിൽ ഒട്ടും ആശ്ചര്യം തോന്നിയില്ല. എന്നെക്കുറിച്ച് അപവാദം പറഞ്ഞവരെ ഞാൻ നല്ലവണ്ണം മനസിലാക്കിയിരുന്നു. എന്റെ കുട്ടികഠം നിത്യവും കഥ കേഠംക്കാൻ എന്റടുത്ത് ശാന്തരായി ഇരിക്കാറുണ്ട്; അവർക്ക് എന്നെ വളരെ ഇഷ്ടമായിരുന്നു. മററു കുട്ടികഠംക്ക് അദ്ധ്യാപകരോടെപ്പോഴും അതൃപ്തിയാണുണ്ടായിരുന്നത്. അവർക്കും കഥ കേഠംക്കണമെന്നുണ്ടായിരുന്നു; അദ്ധ്യാപകർക്ക് കഥപറയാൻ അറിയില്ല; അവരുടെ കുട്ടികഠം പഠിത്തത്തിൽ ശ്രദ്ധിക്കാറില്ല; ബഹളം കൂട്ടിയിരുന്നു. അതുകൊണ്ടാണ് മററദ്ധ്യാപകർക്ക് എന്നോട് വിരോധം തോന്നിയിരുന്നത്!'

'ഞാനവരോട് പറയാറുണ്ട് സുഹൃത്തുക്കളേ ഓരോരുത്തരും അവരവരുടെ മാർഗത്തിലൂടെ മുന്നോട്ടുപോകുക. എനിക്ക് എന്റേതായ ചില പരീക്ഷണങ്ങളുണ്ട്. എനിക്കെന്റെയാത്രയിൽ ഉറച്ച ധൈര്യമുണ്ട്. കുട്ടികഠംക്ക് നഷ്ടം സംഭവിക്കരുതെന്ന വിചാരം എന്നിൽ നല്ലപോലെയുണ്ട്. അതിനുള്ള ശ്രമമാണ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. എനിക്ക് എന്റേതായ രീതിയാണുള്ളത്, നിങ്ങഠംക്ക് നിങ്ങളുടേതും. നിങ്ങളുടെ ഇഷ്ടമതാണെങ്കിൽ ഞാനെന്റെ ക്ലാസ് അകലേയ്ക്ക് കൊണ്ടുപോകാനും ഒരുക്കമാണ്.'

ഒരിക്കൽ ഞങ്ങളുടെ ഓഫീസർ എന്റെ ക്ലാസ് കാണാൻ വന്നു. അദ്ദേഹം സ്വതവേ നല്ല സ്വഭാവക്കാരനായിരുന്നു. എങ്കിലും എന്റെ കാര്യപരിപാടിയിൽ കൂടുതൽ സമയം കഥാകഥനത്തിന് ചെലവഴിക്കുന്നതുകണ്ട് അദ്ദേഹം അൽപ്പം നീരസത്തോടെ പറഞ്ഞു. 'മിസ്ററർ, ഈ കുട്ടികഠം ഈ വിധത്തിൽ ചരിത്രം പഠിക്കുന്നതെങ്ങനെ? നിങ്ങഠം

കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എല്ലാവരുംകേൾക്കുന്നു. പക്ഷെ അതുകഴിഞ്ഞാൽ വല്ലതും ഓർമ്മ നിൽക്കുമോ? ഇങ്ങനെയായാൽ ഇവർ പഠിക്കുന്നതെങ്ങനെ? ചിന്തിക്കുന്നതെങ്ങനെ?'

അദ്ദേഹം പറഞ്ഞത് ശരിയാണെന്ന് എനിക്കും തോന്നി. ഞാൻ ചിന്തിച്ചു. 'കഥയിലെ മുഖ്യ കാര്യം കുട്ടികൾ ഓർമ്മിക്കുകതന്നെ വേണം. അല്ലെങ്കിൽ ചരിത്ര പരീക്ഷയിൽ പരാജിതരാകും. എന്റെ തലയിൽ പരീക്ഷയുടെ ബന്ധനം കൂടിയുണ്ടല്ലൊ!'

അടുത്തദിവസം ഞാനൊരു പരീക്ഷണം നടത്തി. ക്ളാസിൽ വനരാജന്റെ കഥ മൂന്നാംവട്ടം കേൾപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാനത് അൽപ്പം മാററം വരുത്തി കേൾപ്പിക്കാൻ തുടങ്ങി. കുട്ടികൾക്കത് മനസിലായി. അവർ ചോദിച്ചു.

'സാറെന്താണീ പറയുന്നത്? ആദ്യം സാറ് പറഞ്ഞിരുന്നത് ഒരായിരം കുതിരകൾ എന്നല്ലേ? ഇപ്പോളെന്താണ് അമ്പതെന്ന് പറയുന്നത്? ആദ്യം കുടിൽ നദീതീരത്തായിരുന്നുവല്ലൊ?'

ഞാൻ ചിന്തിച്ചു. 'ഇവർ കഥ മനസിലാക്കുകയും നല്ലപോലെ ധരിക്കുകയും ചെയ്തിട്ടുണ്ട്.' എന്റെ ധൈര്യം വർദ്ധിച്ചു. എനിക്ക് ഉറച്ച വിശ്വാസമുണ്ടായി, ഇനി അവർ മറക്കില്ല.

പക്ഷെ, എന്റെ പൊടിപ്പും തൊങ്ങലുംവച്ച കഥ കൊണ്ട് ചരിത്രവിഷയം പരീക്ഷിക്കുന്നവന് എന്തുകാര്യം? ഞാനുറച്ചു. ഇനി കഥകളെ പരീക്ഷകന്റെ ദൂരദർശിനിയിലൂടെ നോക്കിക്കാണേണ്ടതുണ്ട്.

പറഞ്ഞുകൊടുത്ത എല്ലാ കഥകളും ഞാൻ എഴുതിവച്ചു. കുട്ടികളോട് അവയെല്ലാം വായിക്കാൻ നിർദ്ദേശിച്ചു. സംക്ഷേപിക്കാവുന്ന സന്ദർഭങ്ങൾ സംക്ഷേപിച്ചാണ് ഞാൻ എഴുതിവച്ചിരുന്നത്. ചില സന്ദർഭങ്ങളിൽ സ്ഥാനം, കാലം എന്നിവ കൃത്യമായി നിർദ്ദേശിക്കുകയും ചെയ്തു. കഥ പറയുന്ന ശൈലിയും എഴുതുന്ന ശൈലിയും തമ്മിൽ സ്വാഭാവികമായി വ്യത്യാസമുണ്ടല്ലൊ. ഈ വ്യത്യാസം



നല്ലപോലെ മനസിലാക്കിയാണ് ഞാൻ കഥകളെഴുതിയത്. കുട്ടികൾക്ക് ആ കഥകൾ വായിക്കുന്നതിൽ വളരെ രസം തോന്നി. അവർ പലപ്രാവശ്യം അവ വായിക്കുന്നതായി കണ്ടു.

ഈ കഥകളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചാൽ ഉചിതമായ ഉത്തരം ലഭിക്കുമെന്നുള്ള ധൈര്യം ഇതുവരെ എനിക്കുണ്ടായിരുന്നില്ല.

ഒരു ദിവസം ഞാൻ ഒരു കഥ സൂത്രരൂപത്തിൽ എഴുതി. ഓരോ വാക്യത്തിലായി ഓരോ സംഭവം കോർത്തിണക്കി; പിന്നീട് ആ രൂപരേഖ കുട്ടികൾക്ക് വായിക്കാൻ കൊടുത്തു.

കുട്ടികൾ അതെല്ലാം വായിച്ചു. വായിക്കുന്നതോടൊപ്പം അവർക്ക് അവർ കേട്ട കഥ പൂർണ്ണരൂപത്തിൽ സ്മരണയിലെത്താൻ തുടങ്ങി. അടുത്ത ദിവസം ഞാൻ വളരെ സാഹസം സംഭരിച്ച് കഥയിലെ സംഭവങ്ങൾ ചോദ്യോത്തരങ്ങളിലൂടെ വിദ്യാർത്ഥികളുടെ മുമ്പിൽ അവതരിപ്പിക്കാൻ തുടങ്ങി. എന്റെ അദ്ഭുതത്തിന് അതിരില്ലായിരുന്നു. എന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അവർ തകൃതിയായി നൽകിക്കൊണ്ടിരുന്നു. എനിക്ക് പൂർണ്ണവിശ്വാസമായി, ഇനി ഈ കുട്ടികൾ പരീക്ഷയിൽ വിജയിക്കുമെന്ന് മാത്രമല്ല പരീക്ഷ കഴിഞ്ഞാലും ചരിത്രസംഭവങ്ങൾ അവരുടെ സ്മരണയിൽ തങ്ങിനിൽക്കുകയും ചെയ്യും.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ പരിശോധനക്കായി ഞാനെന്റെ മേലധികാരിയെ ക്ലാസിലേക്ക് ക്ഷണിച്ചു; ചരിത്രവിഷയത്തിൽ എന്റെ കുട്ടികളുടെ കഴിവ് പരിശോധിക്കാൻ ഞാനദ്ദേഹത്തോട് അഭ്യർത്ഥിച്ചു. പരിശോധന കഴിഞ്ഞപ്പോൾ അദ്ദേഹം സന്തുഷ്ടനായി പറഞ്ഞു 'മററു ക്ലാസുകളിലും ഈ രീതിയിൽ ചരിത്രം പഠിപ്പിക്കേണ്ടതാണാവശ്യം!' അദ്ദേഹത്തിന്റെ ഈ വാക്കുകൾ എനിക്ക് വളരെയേറെ ആശ്വാസം നൽകി.

എങ്കിലും ഇനിയും വളരെയധികം പാഠഭാഗങ്ങൾ അവശേഷിച്ചിരുന്നു; നാലുമാസം കഴിഞ്ഞിരുന്നു, പക്ഷെ, ഞാൻ നേടിയ വിജയത്തിന്റെ പേരിൽ എന്റെ ഉത്സാഹം അനുക്രമം വർദ്ധിച്ചുകൊണ്ടിരുന്നു.

മൂന്നാം ഭാഗം

# ആറുമാസത്തിനുശേഷം

## ഒന്ന്

വർഷംതോറും നടന്നുവരാറുള്ള സമ്പ്രദായമനുസരിച്ച് ഇക്കൊല്ലവും ഞങ്ങളുടെ വിദ്യാലയത്തിൽ ഡയറക്ടരുടെ സന്ദർശനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നു. അദ്ദേഹം വരുമ്പോൾ വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സമ്മേളനം നടത്തുക പതിവാണ്. ആ സമ്മേളനത്തിൽ കുട്ടികൾ സംഭാഷണം, കവിതാപാരായണം എന്നിവ നടത്താറുണ്ട്. ഓരോ പരിപാടിയും ഏററവും നല്ലരീതിയിൽ അവതരിപ്പിക്കുന്ന കുട്ടികൾക്ക് അദ്ദേഹം സമ്മാനം നൽകുകയും പതിവാണ്. മററു കുട്ടികൾക്കും പ്രോത്സാഹന സമ്മാനം നൽകും; ആ ദിവസം സ്കൂളിലെ എല്ലാ കുട്ടികൾക്കും മധുരപലഹാരം വിതരണം ചെയ്യുകയും പതിവുണ്ട്.

എല്ലാ ക്ലാസുകളിലേയും കുട്ടികളെ ഒരുമിച്ചുനിർത്തി പ്രധാനാദ്ധ്യാപകൻ, നന്നായി പാടുകയും നല്ലപോലെ പ്രസംഗിക്കുകയും നല്ലമാന്യത പുലർത്തുകയും ചെയ്യുന്ന കുട്ടികളെ തെരഞ്ഞെടുത്തുകൊണ്ടിരുന്നു. എനിക്കും ഇക്കാര്യത്തെക്കുറിച്ചുള്ള നോട്ടീസ് കിട്ടിയിരുന്നു. പക്ഷെ എന്റെ ക്ലാസിലെ കുട്ടികൾ തെരഞ്ഞെടുപ്പിന് എത്തിയിരുന്നില്ല. പ്രധാനാദ്ധ്യാപകൻ എന്നോടതിന്റെ കാരണം ചോദിച്ചു. ഞാൻ പറഞ്ഞു 'സർ, എന്റെ ക്ലാസിലെ കുട്ടികൾക്ക് ഇതിൽ പങ്കുകൊള്ളാൻ കഴിയില്ല'.

'എന്തുകൊണ്ട്?'

'ഇതെല്ലാം ഡയറക്ടറെ സന്തോഷിപ്പിക്കാനും അദ്ദേഹത്തിന്റെ പ്രശംസ നേടിയെടുക്കാനുമുള്ള കാര്യങ്ങളല്ലേ?

'അതെ, ഇതാണ് ഇവിടത്തെ നടപടിക്രമം. നമ്മുടെ അധികാരിയും ഇതാണിഷ്ടപ്പെടുന്നത്.'

'ശരിയായിരിക്കും....പക്ഷെ, എന്റെ മനസ്സ് അതിന് സമ്മതിക്കുന്നില്ല. ഞാനതിൽ പങ്കുകൊള്ളില്ല; എന്റെ കുട്ടികളും വരില്ല!' ഞാൻ ദൃഢമായി പറഞ്ഞു.

'എന്നാൽ എനിക്കീവിവരം ആഫീസറെ അറിയിക്കേണ്ടതുണ്ട്. താങ്കൾ ഞങ്ങളോട് സഹകരിക്കുന്നില്ല; ഞങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.'

'ശരി, താങ്കൾ തീർച്ചയായും അദ്ദേഹത്തിന് എഴുതിക്കൊള്ളൂ. ഞാനദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കാം.'

'നല്ലകാര്യം....അങ്ങനെതന്നെയാകാം.'

അതേ ആവേശത്തിലും പരിഭ്രമത്തിലും അദ്ദേഹം എന്നെപ്പററി ആഫീസർക്ക് പരാതി എഴുതി അയച്ചു.

സമ്മേളനത്തിന് മററ് ക്ളാസുകളിൽ നിന്നുള്ള കുട്ടികളുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞു. ശ്യാമസുന്ദറും ഭീമാശങ്കറും സംസ്കൃതശ്ലോകം ചൊല്ലുന്നതിനും, ദേവീസിംഗും ഖേമചന്ദും കവിതാപാരായണത്തിനും, ചമ്പക്, രമണീക്, നേമീചന്ദ്, സർജൻലാൽ എന്നിവർ സംഭാഷണത്തിനും, ശേഷിച്ച കുട്ടികളിൽ ഉയരവും തടിയുമുള്ള പത്തുപതിനഞ്ചുപേർ പരേഡിനും തെരഞ്ഞെടുക്കപ്പെട്ടു.

യഥാർത്ഥത്തിൽ എന്റെ ഹൃദയം പിടച്ചു. ഞാൻ സ്വയം പറഞ്ഞു: 'സബാഷ്! പ്രധാനാദ്ധ്യാപകനും ഇന്നത്തെ വിദ്യാഭ്യാസ രീതിക്കും സബാഷ്!'

ഈ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ ആരുംതന്നെ അവരവരുടെ വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തവരായിരുന്നു. ശ്യാമസുന്ദറിന്റേയും ഭീമാശങ്കറിന്റേയും സ്വരത്തിന് മാധുര്യമുണ്ട്. അവർ ബ്രാഹ്മണബാലൻമാരാണ്. വീട്ടിൽ സംസ്കൃതത്തിന്റെ സാഹചര്യമുണ്ട്; അതുകൊണ്ടാണ് അവരെ അതിന് നിശ്ചയിച്ചത്. പക്ഷെ, ആ പാവങ്ങൾക്ക് ലക്ഷം പ്രാവശ്യം പറഞ്ഞുകൊടുത്താലും



യാതൊന്നും തലയിൽ കയറില്ല. ഉരുവിട്ടുരുവിട്ട് അവരുടെ ശ്വാസം മുട്ടും! പക്ഷെ, ഈ സാഹചര്യത്തിൽ എന്ത് ചെയ്യാൻ കഴിയും? ഞാൻ ദുഃഖത്തോടെ വീട്ടിലേക്ക് തിരിച്ചു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ മേലധികാരിയുടെ കത്തുകിട്ടി. 'ആഫീസിൽ വന്ന് എന്നെ കാണണം; അൽപം കാര്യമുണ്ട്.'—കാര്യമെന്താണെന്ന് എനിക്കറിയാമായിരുന്നു. ഈശ്വരനാമം സ്മരിച്ചുകൊണ്ട് ഞാൻ മേലധികാരിയുടെ ആഫീസിലെത്തി. അദ്ദേഹത്തിന്റെ മുഖത്ത് കോപം ദൃശ്യമായിരുന്നു. കോപാധിക്യം കൊണ്ട് മുഖം ചുവന്ന് തുടുത്തിരുന്നു; പുരികം ചുളിഞ്ഞിരുന്നു; മീശയില്ലാത്ത ആ ചുണ്ടുകൾ ഇളകിയിരുന്നു. എന്നോട് അദ്ദേഹം പറഞ്ഞു: 'ഇരിക്കൂ.' ഞാനിരുന്നു. അദ്ദേഹം ചോദിച്ചു: 'നിങ്ങളുടെ ക്ളാസിലെ കുട്ടികൾ മീററിംഗിൽ പങ്കെടുക്കുന്നില്ലെന്ന് കേട്ടു; കാരണമെന്താണ്? അവരിൽ ചിലർ സുന്ദരൻമാരും സമർത്ഥൻമാരുമാണ്.'

എന്റെ മനസ്സ് വളരെ ശാന്തമായിരുന്നു; എങ്കിലും ബുദ്ധി ചൂടുപിടിച്ചിരുന്നു. ഞാൻ ചോദിച്ചു: 'സുന്ദരൻമാരും സമർത്ഥരുമായ കുട്ടികൾ മററുള്ളവരുടെ മനോവിനോദത്തിനുള്ള ഉപകരണങ്ങളാണോ?മററുള്ളവരുടെ മുമ്പിൽ തുള്ളിച്ചാടി വിദ്യാലയത്തിന് അനർഹമായ പ്രശംസ നേടിക്കൊടുക്കാനുള്ളവരാണോ?'

എന്റെ പരുഷമായ മറുപടി കേട്ടപ്പോൾ അദ്ദേഹം അൽപം ശാന്തനായി. എന്നിട്ട് പറഞ്ഞു 'മിസ്ററർ, നിങ്ങൾക്ക് ഈ മീററിംഗ് ഒരു പുതുമയാണ്; പക്ഷെ, വർഷങ്ങളായി ഈ സമ്പ്രദായം ഇവിടെനടന്നുവരുന്നതാണ്. ഡയറക്ടർ വരുമ്പോൾ ഇതൊക്കെ പതിവുള്ളതാണ്.'

'സർ, ക്ഷമിക്കണം' ഞാൻ അൽപം ഗൗരവത്തിൽ തന്നെ തുടർന്നു: 'സമ്പ്രദായം എന്തുതന്നെയായിരിക്കട്ടെ, എന്റെ അഭിപ്രായത്തിൽ അത് ശരിയല്ല. നാം അതിനെ എതിർക്കണം. അത് അങ്ങേയററം കാപട്യവും അഭിനയവുമാണ്. യഥാർത്ഥത്തിൽ ഡയറക്ടറെ വഞ്ചിക്കുന്ന രീതിയാണ്!'

'വഞ്ചനയോ? അതെങ്ങനെ?'

‘സർ, നാം അദ്ദേഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുന്നതെല്ലാം കുട്ടികളെ അടിച്ചും തൊഴിച്ചും പറയിപ്പിച്ച് തയ്യാറാക്കുന്നതല്ലേ? നാം പഠിപ്പിക്കുന്നതിന്റെ യഥാർത്ഥവും സ്വാഭാവികവുമായ ഫലമല്ലല്ലൊ. വളരെ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന റിഹേഴ്സൽ, നിർബന്ധമായി ആവർത്തിപ്പിക്കൽ, അങ്ങനെ കുട്ടികൾ തത്തകളെപ്പോലെ എല്ലാം പഠിക്കുന്നു, പിന്നിൽ നിന്നും സഹായം ലഭിക്കുന്നതുകൊണ്ടു മാത്രം. അങ്ങനെ കുട്ടികളുടെ സമയവും ശക്തിയും നഷ്ടപ്പെടുകയാണ്. അവരുടെ പഠിത്തം പിന്നിലാകുന്നു. ഇപ്പോൾ ഓരോ പരിപാടിക്കും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിന് ഒട്ടും കഴിവുള്ളവരല്ല. അവരെ അടിച്ചും ഭയപ്പെടുത്തിയും വേണം അഭ്യസിപ്പിക്കാൻ.’

‘പക്ഷെ, അതിൽ വഞ്ചനക്കെവിടെയാണ് സ്ഥാനം?’

‘സർ, ഇതിൽ വിശ്വാസ വഞ്ചനയാണുള്ളത്. നമ്മുടെ കുട്ടികൾ സമർത്ഥരാണെന്നും നമ്മുടെ ജോലികൾ മാതൃകാപരമാണെന്നും മേലധികാരിയെ മനസിലാക്കാനുള്ള ശ്രമം. പക്ഷെ, യഥാർത്ഥത്തിൽ നമ്മൾ എന്താണെന്നും, എന്തല്ലെന്നും നമുക്ക് നല്ലപോലെ അറിഞ്ഞുകൂടെ?.’

ആഫീസർ കുറച്ചുനേരം നിശബ്ദനായി ആലോചനയിൽ മുഴുകി ഇരുന്നു.

ഞാൻ പറഞ്ഞു ‘സർ, നമ്മൾ വിശ്വാസവഞ്ചന ചെയ്യുന്നു; കുട്ടികളേയും ആ മാർഗത്തിലൂടെ നയിക്കുന്നു. നമ്മുടെ മേലധികാരിയാകട്ടെ, നാം ചെയ്തുതീർത്ത കാര്യങ്ങളിൽ വളരെയേറെ സന്തുഷ്ടനാണെന്ന് ഭാവിക്കും; സമ്മാനവിതരണം നടത്തുമ്പോൾ അദ്ദേഹം പറയും ‘ഈ കുട്ടികളുടെ ബുദ്ധിസാമർത്ഥ്യം, അഭിരുചി, യോഗ്യത എന്നിവയെ ഞാൻ അങ്ങേയററം അഭിനന്ദിക്കുന്നു. ഈ കുട്ടികളിൽ പലരും, ഭാവിയിൽ വിദ്വാൻമാരും, ഉത്തമ പൗരൻമാരും മനുഷ്യത്വത്തിന്റെ മഹത്തായ മാതൃകകളും ആയിത്തീരുമെന്നുള്ള സുന്ദരമായ വിശ്വാസത്തിന്റെ വാഗ്ദാനങ്ങളാണ്. ഈ അവസരത്തിൽ ഇവർക്ക് സമ്മാനങ്ങൾ നൽകുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്!’—



എന്ന്. വാസ്തവത്തിൽ ഈ വാക്കുകൾ അദ്ദേഹത്തിന്റെ ഉള്ളിൽനിന്നും പുറപ്പെടുന്നവയാണോ? ഈ പരിപാടികളെല്ലാം അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ വേണ്ടി നടത്തപ്പെടുന്നതാണെന്നുള്ള സത്യം അദ്ദേഹത്തിനും ബോദ്ധ്യമല്ലേ? ഈ സമ്മാനം വാങ്ങുന്ന കുട്ടികളെകൊണ്ട് ആവർത്തിച്ച് പറയിക്കാതിരിക്കുകയും പ്രത്യേക ശ്രമം ചെയ്ത് അവരെ അതിന് പ്രേരിപ്പിക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, സഹജമായ രീതിയിൽ വിദ്വാനെന്നും, ഉത്തമ പൗരനെന്നും, മനുഷ്യത്വമുള്ളവനെന്നും മററുമുള്ള ബഹുമതികൾ ഇവർക്ക് ലഭിക്കുമായിരുന്നില്ലെന്ന് അദ്ദേഹത്തിനും, നമുക്കും, ഇവരുടെ മാതാപിതാക്കൾക്കും നല്ലപോലെ അറിവുള്ളതല്ലേ?’

മേലധികാരി പറഞ്ഞു: ‘സ്നേഹിതാ, നിങ്ങൾ പഠിച്ചറിവുള്ളവനാണ്; പക്ഷെ, ചിന്തിക്കുന്നില്ല. പ്രായോഗികകാര്യങ്ങളിൽ ഇപ്പോഴും അപക്വമതിയാണ്. നിങ്ങൾക്ക് എല്ലാ കാര്യങ്ങളും സിദ്ധാന്തങ്ങളാണ്.... പക്ഷെ, എനിക്ക് എല്ലാവശവും ചിന്തിക്കേണ്ടതുണ്ട്.’

ഞാൻ പറഞ്ഞു: ‘സർ, ശരിയാണ്. എങ്കിലും എനിക്കിതിൽ പങ്കെടുക്കാൻ കഴിയില്ല. എനിക്ക് ഈ അനീതി സഹിക്കാൻ കഴിയില്ല.’

‘അപ്പോൾ നിങ്ങൾ എന്തുചെയ്യും?’

‘സർ, എന്റെ ക്ലാസിനെ അങ്ങ് ഈ കാപട്യത്തിൽ നിന്നും ഒഴിവാക്കിത്തരൂ.’

‘പക്ഷെ, അതുകൊണ്ട് വളരെ ബുദ്ധിമുട്ടുകളുണ്ടാകും. മററുള്ള അദ്ധ്യാപകരും മേലധികാരിയും എന്നെപ്പററി എന്താണ് ധരിക്കുക? ഞാൻ കൂടുതൽ ബുദ്ധിമുട്ടിലാവില്ലേ? ഞാൻ ആശിച്ചിരുന്നത് നിങ്ങളുടെ ക്ലാസിലെ മിടുക്കൻമാരായ കുട്ടികളെ കണ്ട് ഡയറക്ടർ കൂടുതൽ സന്തോഷിക്കുമെന്നായിരുന്നു....പക്ഷെ....നിങ്ങൾ....’

‘സർ, എന്തായാലും അങ്ങ് ദയവായി എന്നെ ഇതിൽ നിന്ന് ഒഴിവാക്കിത്തരൂ....ഞാൻ ഡയറക്ടരുടെ സന്തോഷത്തിനും തൃപ്തിക്കുംവേണ്ടി മറെറന്തെങ്കിലും ചെയ്യാം. കുട്ടികളുടെ സമയം നഷ്ടപ്പെടാത്ത രീതിയിൽ, അവരുടെ

ശക്തി ദുർവ്വിനിയോഗം ചെയ്യപ്പെടാത്ത രീതിയിൽ, അവർക്ക് കാപട്യവും അഭിനയവും പ്രകടിപ്പിക്കാൻ ഇട വരാത്തവിധത്തിൽ എന്തെങ്കിലും ഏർപ്പാട് ഞാൻ ചെയ്യാം. താങ്കൾ അദ്ദേഹത്തെ എന്റെ ക്ലാസിലേക്ക് കൂട്ടിക്കൊണ്ടു വരാനുള്ള ദയവുചെയ്താൽ മാത്രം മതി. എന്റെ പരിപാടി കൊണ്ട് അദ്ദേഹവും താങ്കളും സന്തോഷിക്കുമെന്ന് എനിക്കുറപ്പുണ്ട്.' ഞാനദ്ദേഹത്തിന് ഈ വിധം ധൈര്യം കൊടുത്തു.

അദ്ദേഹം കുറച്ചുനേരം ആലോചനയിൽ മുഴുകി, പിന്നീട് ചിരിച്ചുകൊണ്ട് പറഞ്ഞു: 'കൊള്ളാം....നിങ്ങൾ ഒരു കാര്യം ചെയ്യൂ; ഞാൻ നിങ്ങളുടെ പ്രധാനാദ്ധ്യാപകന്റെപേരിൽ ഒരു കത്തെഴുതിത്തരാം; അദ്ദേഹം നിങ്ങളെ ഇതിൽനിന്നും മുക്തനാക്കും.... ഒരു കാര്യം, നിങ്ങൾ അദ്ദേഹത്തെ നീരസപ്പെടുത്തരുത്. പാവം....അദ്ദേഹം പഴയ ചിന്താഗതിക്കാരനാണ്. നിങ്ങളാകട്ടെ, നവീനാദർശങ്ങളുടെ ഉൻമേഷംനിറഞ്ഞ യുവാവ്! എനിക്ക് രണ്ടു പേരേയും നിയന്ത്രിച്ചുകൊണ്ടുപോകണം; നിങ്ങൾക്കറിയാമല്ലൊ, അത് പ്രയാസമേറിയ കാര്യമാണെന്ന്.'

ഞാൻ മനസ്സാലെ അദ്ദേഹത്തെ പ്രശംസിച്ചു. 'ശരി സർ, ഞാൻ പോകട്ടെ'— ഇത്രയും പറഞ്ഞ് യാത്രയായി.

* * * *

വിദ്യാലയത്തിൽ ഇന്ന് ഉൽസാഹത്തിമർപ്പോടെ ഒരുക്കങ്ങൾ നടക്കുകയാണ്. വകുപ്പു മേധാവി എഴുന്നെള്ളും! ഡയറക്ടർ എഴുന്നെള്ളും!

വലുതും ചെറുതുമായ അഫീസർമാർ, ഗ്രാമത്തിലെ പൗരമുഖ്യൻമാർ, സാധാരണ ജനങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ എല്ലാവരും എത്തിച്ചേർന്നിട്ടുണ്ട്. എന്റെ കൂട്ടുകാരായ അദ്ധ്യാപകരുടെ സ്ഥിതി വളരെ വിചിത്രമായിരുന്നു. അവരുടെ ഹൃദയം പിടയ്ക്കുകയാണെന്ന് തോന്നിയിരുന്നു. മുഖത്ത് ഉൻമേഷമില്ലായ്മ നിഴലിച്ചിരുന്നു; എങ്കിലും സ്വയം ശക്തി സംഭരിച്ചുകൊണ്ട്



അവർ ഓരോ കാര്യങ്ങളിൽ മുഴുകി കാണപ്പെട്ടു. പ്രധാനാദ്ധ്യാപകൻ സ്കൂളിലെ കുസൃതികളായ കുട്ടികളെ ഒരു ഭാഗത്തു വിളിച്ചുനിർത്തി ഭീഷണിപ്പെടുത്തി പറഞ്ഞു: 'നോക്കെടാ, തെമ്മാടികളേ, അൽപ്പമെങ്കിലും തെമ്മാടിത്തരമോ, കുഴപ്പമോ ഉണ്ടാക്കിയാൽ നാളെ ഞാൻ എല്ലാറ്റിനെയും കാണിച്ചുതരാം! മനസ്സിലായോ?'

കരഘോഷത്തിന്റേയും സംഗീതാലാപനത്തിന്റേയും ശബ്ദമേളനത്തോടെ ഡയറക്ടർ എഴുന്നെള്ളി. പ്രധാനാദ്ധ്യാപകൻ സ്കൂളിന്റെ വാർഷിക റിപ്പോർട്ട് വളരെ ഭംഗിയായി ഉറച്ചസ്വരത്തിൽ വായിച്ചുകേൾപ്പിച്ചു. തനിക്കൊട്ടും തന്നെ പരിഭ്രമമോ വിറയലോ ഇല്ലെന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കാനാണോ എന്ന് തോന്നി, അദ്ദേഹം ഇടയ്ക്കിടയ്ക്ക് ചുവടു മാറ്റി ഉറച്ചു നിൽക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ! റിപ്പോർട്ട് വായിച്ചു കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തിന്റെ ഷർട്ട് മുഴുവൻ വിയർപ്പുകൊണ്ട് നനഞ്ഞുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ശബ്ദം ഇടറിത്തുടങ്ങിയിരുന്നു. റിപ്പോർട്ട് വായനക്കുശേഷം കവിതാപാരായണവും സംഭാഷണവും ആരംഭിച്ചു. കുട്ടികൾ ഗ്രാമഫോൺ പോലെ കവിതചൊല്ലിത്തുടങ്ങി. അവരുടെ മുഖത്ത് യാതൊരുവിധ ഹാവഭാവാദികളും പ്രകടമായിരുന്നില്ല; അവർ ഉറക്കെ കൈകാലുകൾ ഇളക്കി കവിത ചൊല്ലിക്കൊണ്ടിരുന്നു. ഒരു സങ്കടം മാത്രം അവശേഷിച്ചു. തെരഞ്ഞെടുത്ത കവിതകൾ ഉത്തമ കവികളുടെ സുന്ദരവും സരളവുമായ വരികളായിരുന്നുവെങ്കിലും കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയാത്തവിധം കഠിനമായിരുന്നു. പാവങ്ങൾ! ഒന്നും മനസ്സിലാകാതെ, വായിക്കുകയും അഭിനയിക്കുകയും ചെയ്തുകൊണ്ടിരുന്നു; അങ്ങനെ അവർക്കതിലുള്ള രസികത്വം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. സംഭാഷത്തിന്റെ സ്ഥിതിയും ഇതിൽനിന്നും ഭിന്നമായിരുന്നില്ല. പ്രായമായവരുടെ വചനങ്ങളിലൂടെ മാത്രം ശ്രവിക്കാനുതകുന്ന ഉപദേശവചനങ്ങൾ ആ കുട്ടികൾ സങ്കോചത്തോടെ പറഞ്ഞുകൊണ്ടിരുന്നു. ഉപദേശങ്ങളുടെ ഈ പ്രഹസനം വളരെയേറെ അരസികവും അസഭ്യവുമായിത്തോന്നി. എനിക്കുമാത്രമല്ല, ഡയറക്ടർക്കും അങ്ങിനെ തോന്നിയതായി

അദ്ദേഹത്തിന്റെ മുഖഭാവം തെളിയിച്ചു. അദ്ദേഹം മീശക്കിടയിലൂടെ മന്ദഹസിക്കുന്നതായും കണ്ടു. എന്റെ കൂട്ടുകാരായ അദ്ധ്യാപകർ നിഷ്പക്ഷമായി അത് വീക്ഷിക്കാൻ തയ്യാറായിരുന്നെങ്കിൽ അവർക്കും അതേ അനുഭവം ഉൾക്കൊള്ളാൻ കഴിയുമായിരുന്നു.

സമ്മേളനം സമാപിച്ചു. ഡയറക്ടർ തനിക്കു കിട്ടിയ സ്വീകരണത്തിന് നന്ദി പറഞ്ഞു; സന്തോഷം പ്രകടിപ്പിച്ചു. സമ്മാനദാനവും നടന്നു. പ്രധാനാദ്ധ്യാപകനും എന്റെ മേലധികാരിയായ ആഫീസറും, മററുള്ളവരും ഇന്നത്തെ പരിപാടിയിൽ സന്തുഷ്ടരായി കാണപ്പെട്ടു. ഡയറക്ടർ തന്റെ മാന്യത പുലർത്തികൊണ്ട് പറഞ്ഞു 'താങ്കളുടെ വിദ്യാലയത്തിലെ പ്രവർത്തനങ്ങളിൽ എനിക്ക് വളരെ സംതൃപ്തിയുണ്ട്.'

ഇതിനിടക്ക് എന്റെ മേലധികാരി ഡയറക്ടറോട് അഭ്യർത്ഥിച്ചു. 'നാലാംക്ലാസിലെ ഈ അദ്ധ്യാപകൻ അങ്ങയെ അവരുടെ ചില പരിപാടികൾ കാണിക്കണമെന്ന് ആഗ്രഹിക്കുകയാണ്. ആ യവനികക്ക് പിന്നിൽ ഇദ്ദേഹം ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.'

ഡയറക്ടർ സദ്ഭാവത്തോടെ ഉടനെതന്നെ ആ അഭ്യർത്ഥന സ്വീകരിച്ചു. ഞാൻ യവനികക്ക് പിന്നിലേക്ക് കടന്നു. മൂന്നാം ബെല്ലടിച്ചപ്പോൾ ഞാൻ യവനിക നീക്കി. മദ്ധ്യത്തിൽ ഞാനും ചുററും എന്റെ വിദ്യാർത്ഥികളും നിന്നിരുന്നു. ഞങ്ങളുടെ ക്ലാസിൽ പാടാറുള്ള ഒരു ഗീതം പ്രാർത്ഥനയുടെ രൂപത്തിൽ ആലപിച്ചു. മുറിയിലാകെ ശാന്തത നിലനിന്നു. എല്ലാവരും ചിന്തിക്കുകയായിരുന്നു, ഇത്രപെട്ടെന്ന്, ഇതെന്തു നാടകമാണ്?

പ്രാർത്ഥനക്കുശേഷം കുട്ടികൾ 'കോടതിയിൽ പോകാം' എന്ന ഒരുകളി ആരംഭിച്ചു. ഒരു കുട്ടി എലിയായി. അരയിൽ കയറുകെട്ടി അവൻ വാൽ നിർമ്മിച്ചിരുന്നു; തല കറുത്ത തുണികൊണ്ട് മൂടിയിരുന്നു; നാലുകാലിൽ നടന്ന് അവൻ 'ചൂം, ചൂം' എന്ന് ശബ്ദിച്ചുകൊണ്ടിരുന്നു. ഒരു കുട്ടി തയ്യൽക്കാരനും മറെറാരുത്തൻ വസ്ത്രങ്ങളിൽ തുന്നൽ വേല ചെയ്യുന്നവനും, മൂന്നാമൻ മുത്തുവില്പനക്കാരനും



നാലാമൻ മൃദംഗക്കാരനും, അഞ്ചാമൻ രാജാവുമായി പ്രത്യക്ഷപ്പെട്ടു. രാജാവിന്റെ തവണക്കാരനായി (ശിപായി) ഞാനും രംഗത്തുവന്നു.

കഥാപാത്രങ്ങളെല്ലാം സാധാരണവേഷത്തിലായിരുന്നു. രാജാവ് മേശപ്പുറത്ത് ഗൗരവത്തിൽ ഇരുന്നിരുന്നു. തലയിൽ കിന്നരിത്തൊപ്പി ധരിച്ചിരുന്നു; ഞാൻ (ശിപായി) മീശ പിരിച്ചുകൊണ്ട് അടുത്തുതന്നെ നിന്നു. തലപ്പാവ് ചെരിച്ചുവച്ചിരുന്നു; കയ്യിൽ കാരാ പിടിച്ചിരുന്നു. മൃദംഗക്കാരൻ മൃദംഗവുമായി രംഗത്തുനിന്നു. മററുള്ളവർ വെറും കയ്യോടേയും.

അലങ്കാരങ്ങളൊന്നുമില്ലാത്ത സാധാരണ സ്റേറജ് ആയിരുന്നു ഞങ്ങളുടേത്. എല്ലാ പരിപാടിയും യവനികയിൽ എഴുതിവച്ചിരുന്നു. മുറി തൂത്തുവാരി വൃത്തിയാക്കിയിരുന്നു. ഒരു കുട്ടിയുടെ വീട്ടിൽ നിന്നുകൊണ്ടുവന്ന പരവതാനി തറയിൽ വിരിച്ചിരുന്നു. സ്റേറജിന് മോടി കൂട്ടാനുതകുന്ന യാതൊരു വസ്തുവും വിദ്യാലയത്തിലില്ലായിരുന്നു; എങ്കിലും ആലിന്റേയും വേപ്പിന്റേയും ചില്ലകൾ ഒടിച്ചുകൊണ്ടുവന്ന് ഇലകൾ കൊണ്ട് ചുവർ അലങ്കരിച്ചിരുന്നു. തറയിൽ വിവിധ വർണ്ണത്തിലുള്ള ചോക്കുകൾകൊണ്ട് കുട്ടികൾ തന്നെ ചിത്രങ്ങൾ വരച്ചിരുന്നു. 'എലി' നാടകം അവസാനിച്ചു. പ്രായമായവരും കുട്ടികളും അടക്കത്തോടെ എല്ലാം വീക്ഷിച്ചു. കുട്ടികൾക്ക് കൗതുകവും വലിയവർക്ക് ആശ്ചര്യവുമായിരുന്നു അതെല്ലാം വീക്ഷിക്കുമ്പോൾ.

'ഇതെന്തു വിദ്യ? ഇതെന്തു പുതുമ? നാടകമോ?' ഇതായിരുന്നു അവരുടെ മനോഭാവം.

കുട്ടികൾ നാടകം വളരെ ഭംഗിയായി അവതരിപ്പിച്ചു. സംഭാഷണത്തിൽ കാര്യമായ മറവിയും അവർക്കുണ്ടായില്ല. പ്രോംപ്ററർ ഇല്ലായിരുന്നു. എവിടെയെങ്കിലും നിസാരമായ പിഴവുകൾ വരുത്തുന്നതായി തോന്നിയാൽ ഞാൻ തന്നെ എല്ലാവരും കാൺകെ അത് തിരുത്തിക്കൊടുത്തിരുന്നു.

രണ്ടാമത്തെ നാടകമായ 'വൃദ്ധ'യും മൂന്നാമത്തെ നാടകമായ 'മുയലും' അരങ്ങേറി.

എല്ലാത്തിനും യവനിക ഒന്നുതന്നെയായിരുന്നു. രംഗസജ്ജീകരണങ്ങൾക്കും വ്യത്യാസമില്ലായിരുന്നു. കുട്ടികൾ ചിലപ്പോൾ തലയിൽ മുണ്ട് കെട്ടുകയും മറ്റുചിലപ്പോൾ കയ്യിൽ ഒരു വടി എടുക്കുകയും ചെയ്തിരുന്നു. മറ്റെല്ലാത്തിനും അടിസ്ഥാനം കുട്ടികളുടെ അഭിനയംതന്നെയായിരുന്നു.

സമാപനപ്രാർത്ഥനയോടെ നാടക പരിപാടി അവസാനിച്ചു. ഞാൻ സ്റ്റേജിലേക്ക് വന്നു. നാടകത്തിന്റെ മാനേജർ എന്ന നിലയിൽ കാണികളോട് ഇങ്ങനെ പറഞ്ഞു: 'സജ്ജനങ്ങളെ, ഞങ്ങളുടെ ഈ അഭിനയ പ്രയോഗത്തെ സമാധാനപൂർവം വീക്ഷിച്ചതിന് ഞാൻ ഹൃദയം തുറന്ന് നന്ദി പ്രകാശിപ്പിക്കുന്നു. ഇതിനെക്കുറിച്ച് ഞാൻ നിങ്ങളോട് രണ്ട് വാക്ക് പറയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ സദയം ചെവി കൊടുക്കുമെന്ന് ആശിക്കട്ടെ.'

'ഇവർ നാലാം ക്ലാസിലെ കുട്ടികളാണ്. ഈ സമ്മേളനാവസരത്തിൽ നമുക്ക് ലഘുനാടകങ്ങൾ നടത്തിയാലെന്താണെന്ന് ഞാൻ അവരോട് ചോദിച്ചപ്പോൾ അവർ സഹർഷം തയ്യാറായി. അവർ അങ്ങേയറ്റം ഉൽസാഹവും താൽപര്യവും കാണിച്ചു. പെട്ടെന്ന് നാടകങ്ങൾ തെരഞ്ഞെടുത്തു. അവർ കേൾക്കുകയും വായിക്കുകയും ചെയ്ത കഥകളാണ് നാടകരൂപത്തിൽ ഇവിടെ അവതരിപ്പിച്ചത്. ഓരോ ആഴ്ചയിലും പ്രത്യേകമായ ഒരുക്കങ്ങൾ ഇല്ലാതെ നമ്മൾ നാടകാഭിനയം നടത്താറുള്ളതുപോലെ ഈ അവസരത്തിലും അവതരിപ്പിക്കണമെന്ന് ഞാൻ കുട്ടികളോട് നിർദ്ദേശിച്ചിരുന്നു. എന്റെ ക്ലാസിൽ ഒരു കാര്യവും ഉരുവിട്ട് പഠിപ്പിക്കുന്നില്ല. കുട്ടികൾക്ക് കഥാസാരം നല്ലവണ്ണം ഓർമ്മയുണ്ടായിരിക്കും. കഥയിൽ താനെന്താണ് പറയേണ്ടതെന്ന് ഓരോ കുട്ടിക്കും അറിവുണ്ടായിരിക്കും. അങ്ങനെ രംഗത്തുവരുമ്പോൾ കഥാഘടന നിലനിർത്തിക്കൊണ്ട് ഇവർ സന്ദർഭത്തിനനുസരിച്ച് ഇഷ്ടം പോലെ സംഭാഷണം നടത്തുന്നു. അതുകൊണ്ട് ഇവരിൽ ഒരു കുട്ടിക്കും അയാളുടെ ഭാഗം



കാണാതെ പഠിക്കേണ്ടതായ ആവശ്യം വരുന്നില്ല. രംഗം, രംഗസജ്ജീകരണം, വേഷാലങ്കാരങ്ങൾ എന്നിവ നാടകത്തിലെ അപ്രധാന ഘടകങ്ങളാണ്. അഭിനയവും ഭാവപ്രകടനവുമാണ് പ്രാധാന്യമുള്ളത്. ഞങ്ങൾ അക്കാര്യത്തിലാണ് കൂടുതൽ ശ്രദ്ധിക്കുന്നതും. വേഷഭൂഷകൾ കൂടുതലായി ഉപയോഗിക്കുന്നില്ല. അതുകൊണ്ട് അഭിനയം പുഷ്ടിപ്പെടുത്താനുള്ള അവസരം ലഭിക്കുന്നു. ഇപ്പോൾ ഇവിടെ കണ്ട കാര്യങ്ങളുടെ വെളിച്ചത്തിൽ ഇക്കാര്യം നിങ്ങൾക്കും ബോദ്ധ്യമായിട്ടുണ്ടാകും. എന്റെ കുട്ടികൾക്ക് ഇതുകൊണ്ടെല്ലാം വളരെയധികം തൃപ്തിയും സന്തോഷവും ലഭിക്കുന്നുണ്ട്. അവർക്കിതിൽ അതീവതാൽപര്യവുമുണ്ട്. 'സബാഷ്' എന്ന് പറഞ്ഞ് അവരെ പ്രോൽസാഹിപ്പിക്കേണ്ടതായ ആവശ്യം വരുന്നില്ല. സ്വപ്രവൃത്തികളിൽ അവർ സ്വയം തൃപ്തരാണ്.'

'സജ്ജനങ്ങളെ, ഈ കുട്ടികളുടെ അഭിനയം കണ്ടുകൊണ്ട് നിങ്ങൾ പ്രദർശിപ്പിച്ച വാത്സല്യത്തിനും സൗമനസ്യത്തിനും ഞാൻ ഒരിക്കൽകൂടി ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.'

ഡയറക്ടർ സാറിന്റെ മുഖത്ത് അത്യധികം സന്തോഷം കളിയാടിയിരുന്നു. വളരെ നേരമായി ഞാൻ അതു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പെട്ടന്ന് എഴുന്നേറ്റ് ഇംഗ്ലീഷിൽ ഇങ്ങനെപറഞ്ഞു: 'ശ്രീ ലക്ഷ്മീശങ്കറും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും ഈ സായാഹ്നത്തിൽ നമ്മെ ഈ വിധം അക്ഷരാർത്ഥത്തിൽ ആഹ്ലാദിപ്പിച്ചതിന് ഞാനദ്ദേഹത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ പരിപാടി അതിമനോഹരമായിരുന്നു. അതു കണ്ടുകൊണ്ടിരുന്നപ്പോൾ ഞാൻ എന്റെ ജൻമനാടായ ഇംഗ്ലണ്ടിലെ ഒരു വിദ്യാലയത്തിലാണ് ഇരിക്കുന്നതെന്ന് എനിക്കുതോന്നി. ഈ പിഞ്ചുബാലൻമാർ 'എലിയും' 'രാജാവും' 'തുന്നൽക്കാരനു'മായി സ്വയം അനായാസം അഭിനയിച്ചത് വളരെ ഹൃദയഹാരിയായിത്തോന്നി. പദ്യം ചൊല്ലലിന്റെയും പറഞ്ഞു പഠിച്ച സംഭാഷണങ്ങളുടേയും കാലം കഴിഞ്ഞുപോയിരിക്കുന്നു. ആവക കാര്യങ്ങൾ ക്രൂരവും, അപരിഷ്കൃതവും ആത്മാവിനെ നശിപ്പിക്കുന്നവയുമാണ്!'

ഇത്രയും പറഞ്ഞിട്ട് അദ്ദേഹം ഒന്ന് നിർത്തി; വീണ്ടും തുടർന്നു 'ഞാൻ ആവർത്തിച്ചുപറയുകയാണ്, ഇന്നത്തെ ഈ പരിപാടിയിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഈ കുട്ടികൾക്ക് ഞാൻ സമ്മാനമൊന്നും നൽകുന്നില്ല. നാടകാഭിനയ സമയത്ത് അവർക്കുണ്ടായ ആനന്ദവും തൃപ്തിയും തന്നെയാണ് അവർക്ക് ലഭിക്കുന്ന ഏററവും മഹത്തായ പുരസ്ക്കാരം. ഞാൻ തീർച്ചയായും വളരെയേറെ സന്തുഷ്ടനാണ്, വളരെയേറെ!'

സമ്മേളനം കഴിഞ്ഞു; ആളുകൾ പിരിഞ്ഞു.

എൻെറ മേലധികാരിയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അദ്ദേഹം എന്നെ ഡയറക്ടർക്ക് പരിചയപ്പെടുത്തി, എൻെറ പരീക്ഷണങ്ങളെക്കുറിച്ചും പറഞ്ഞു: അദ്ദേഹം എനിക്ക് ഹസ്തദാനം ചെയ്ത് പറഞ്ഞു: 'സബാഷ്! നിങ്ങൾക്ക് നിങ്ങളുടെ പ്രവൃത്തിയിൽ വളരെയധികം വിജയം കിട്ടിയിട്ടുണ്ട്. ഇതുപോലുള്ള പരീക്ഷണങ്ങൾ തുടർന്നും നടത്തിക്കൊണ്ടിരിക്കണം. ഇതാണ് യഥാർത്ഥവിദ്യാഭ്യാസം. മററുള്ളതെല്ലാം പ്രയോജനരഹിതമാണ്; വെറും കാപട്യം!

ഡയറക്ടറുടെ ഈ വാക്കുകൾ എൻെറ മേലധികാരിയിൽ എത്രമാത്രം രോമാഞ്ചവും അഭിമാനവും ജനിപ്പിച്ചിട്ടുണ്ടാകുമെന്ന് നിങ്ങൾ തന്നെ ഊഹിച്ചാൽമതി. ഞാൻ അങ്ങേയററം സന്തുഷ്ടനായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ.

ഞാൻ വീട്ടിലെത്തി. ഡയറക്ടർ എനിക്ക് കൈ തന്നതും, എന്നെ അഭിനന്ദിച്ചതും എൻെറ സന്തോഷത്തിന് കാരണമായിരുന്നു; പക്ഷെ, അതിലേറെ എന്നെ സന്തോഷിപ്പിച്ചത്, എൻെറ പരീക്ഷണങ്ങൾ അംഗീകരിക്കപ്പെട്ടുവല്ലോ എന്ന വിചാരം കൊണ്ടാണ്. ഞാൻ ചിന്തിച്ചു. അദ്ദേഹം ഒരു ഭരണാധികാരിയാണ്; അദ്ദേഹത്തിന് ഈ വിദ്യാലയത്തേയും ഇതിനെ സംബന്ധിച്ച കാര്യങ്ങളേയും കുറിച്ച് എന്തു വിവരമുണ്ടാകാനാണ്? പക്ഷെ, പിന്നീട് ഞാനറിഞ്ഞു. അദ്ദേഹം തൻെറ കുട്ടിയെ ഇംഗ്ലണ്ടിലെ നവീന മാതൃകയിലുള്ള ഒരു വിദ്യാലയത്തിൽ ചേർത്തു പഠിപ്പിക്കുകയാണെന്നും, അങ്ങനെ അദ്ദേഹത്തിന്ഈ നവീന പദ്ധതിയോട് വളരെ താൽപ്പര്യമുണ്ടെന്നും.



രാത്രിയിൽ എൻെറ ചില സഹപ്രവർത്തകർ എന്നെ കാണാൻ വന്നു; ഡയറക്ടർ എന്നോട് എന്താണ് പറഞ്ഞതെന്ന് അവർ എന്നോട് ചോദിച്ചു. ഈ സമയത്ത് ഞങ്ങളുടെ ആഫീസറുടെ കത്തുമായി ഒരു ദൂതനെത്തി. ഞാനദ്ദേഹത്തിൻെറ വസതിയിലേക്ക് പുറപ്പെട്ടു.

ആഫീസർ ഇന്ന് സന്തുഷ്ടനായി കാണപ്പെട്ടു. ഡയറക്ടർ വിദ്യാലയ കാര്യത്തിൽ അങ്ങേയററം സംതൃപ്തിയാണല്ലൊ പ്രകടിപ്പിച്ചത്! ചെന്നപ്പോൾതന്നെ അദ്ദേഹമെന്നെ കസേരയിലിരുത്തി. എന്നിട്ട് ഈസിച്ചെയറിൽ കിടന്നുകൊണ്ട് സംഭാഷണം തുടങ്ങി. 'സഹോദരാ, ആദ്യമായി എനിക്കറിയേണ്ടത്, കുട്ടികൾ നാടകം ഉരുവിട്ടു പഠിച്ചിരുന്നുവോ എന്നാണ്.'

ഞാൻ ചോദിച്ചു 'ഇന്നത്തെ പരിപാടിയെക്കുറിച്ച് അങ്ങയുടെ മനസ്സിലുണ്ടായ പ്രതികരണമെന്താണ്?' അദ്ദേഹം പറഞ്ഞു 'എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. എങ്കിലും കുട്ടികൾ ഇത്രയും എങ്ങനെ ഓർമ്മിച്ചുവെച്ചുവെന്നാണെൻെറ അത്ഭുതം. അവർ വളരെ ചിട്ടയോടെ സംഭാഷണം നടത്തി.'

'സർ, അങ്ങ് പറഞ്ഞത് സത്യമാണ്....ഞാനവരെ കഥ പറഞ്ഞു കേൾപ്പിച്ചിരുന്നു. കഥകൾ അവർക്ക് വളരെ ഇഷ്ടപ്പെട്ടിരുന്നു. കഥാ പാത്രങ്ങളുമായി അവർക്ക് തൻമയീഭാവം ജനിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ അവർ യഥാർത്ഥത്തിൽ സ്വാംശീകരിച്ചിരുന്ന കാര്യങ്ങൾ അവർ അവരുടെ രീതിയിൽ പ്രകടിപ്പിച്ചുവെന്ന് മാത്രം.'

ആഫീസർ ചോദിച്ചു: 'പക്ഷെ, അവരെ അഭിനയം പഠിപ്പിച്ചതാരാണ്?'

ഞാൻ പറഞ്ഞു:'ആരും പ്രത്യേകമായി പഠിപ്പിച്ചതല്ല. ഞങ്ങൾ ക്ലാസിൽ എല്ലാ ആഴ്ചയിലും നാടകം കളിക്കാറുണ്ട്. ഞാനും അതിൽ പങ്കെടുക്കാറുണ്ട്. കുട്ടികളും ചേരും. ഞാൻ എൻെറ പാത്രത്തിൻെറ ഹാവഭാവങ്ങൾ എനിക്കു കഴിയും വിധം അവരുടെ മുമ്പിൽപ്രദർശിപ്പിക്കും; കുട്ടികളും അവരുടെ പാത്ര സ്വഭാവം പ്രകടിപ്പിക്കാൻ ശ്രമിക്കും.'

ആഫീസർ അദ്ഭുതത്തോടെ വീണ്ടും ചോദിച്ചു.

'പക്ഷെ, ഇതെങ്ങനെ സാധിക്കുന്നു? എനിക്ക് മനസ്സിലാകുന്നില്ല!'

ഞാൻ പറഞ്ഞു: 'സർ, കുട്ടികളുടെ കണ്ണുകൾ തുറന്നല്ലേ ഇരിക്കുന്നത്. അവർ തയ്യൽക്കാരൻ, കൽപ്പണിക്കാരൻ, പാത്രക്കാരൻ എന്നിവരേയും എലികളേയും മററു ജീവികളേയും കാണുന്നില്ലേ? കഥകളിൽ അവരെക്കുറിച്ചുള്ള വിവരണം കേൾക്കുകയും ചെയ്യുന്നു. ദൈവം അവർക്ക് ഭാവനാശക്തി നൽകിയിട്ടുണ്ട്. അതുകൊണ്ടവർ, അനുഭവവും ഭാവനയും സമ്മേളിപ്പിച്ച് അഭിനയം നടത്തുന്നു. അവർക്ക് തോന്നുന്നതുപോലെ പ്രവർത്തിക്കുന്നു. അവർ തന്നെയാണ് അവരുടെ പരീക്ഷകർ. അനുഭവത്തേയും സങ്കൽപത്തേയും രംഗത്ത് ഏതു രീതിയിൽ വ്യക്തമാക്കാമെന്ന് അവർ നോക്കിക്കാണുന്നു.'

'ഇതൊക്കെ വളരെ ജടിലമായ കാര്യങ്ങളാണ്.' ആഫീസർ പറഞ്ഞു.

ഞാൻ പറഞ്ഞു: 'അതെ, സർ. പക്ഷെ കുട്ടികൾ ഈ തത്വങ്ങളൊന്നും അറിയുന്നവരല്ല; അവരുടെ പ്രവൃത്തികളെ വിശകലനം ചെയ്ത് അങ്ങയ്ക്ക് ഞാൻ മനസ്സിലാക്കിത്തരുന്നുവെന്നുമാത്രം.'

ആഫീസർ പറഞ്ഞു: 'ശരിയാണ്....എനിക്കു മനസ്സിലായി....സുഹൃത്തെ, എന്തായാലും നിങ്ങളിന്ന് അദ്ഭുതം തന്നെ ചെയ്തു കാണിച്ചു. ഡയറക്ടർ വളരെയധികം സന്തോഷിക്കുകയും ചെയ്തു.'

ഞാൻ പറഞ്ഞു: അദ്ദേഹത്തെ സന്തോഷിപ്പിക്കുന്നതില്ല, കുട്ടികൾ ആ പരിപാടികൾ നടത്തി സ്വയം സന്തോഷിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം.

ആഫീസർ ചോദിച്ചു: 'പക്ഷെ, നിങ്ങൾ ഈ പരീക്ഷണപരിപാടികളൊന്നും എന്നോട് പറഞ്ഞിരുന്നില്ലല്ലൊ. പ്രധാനാദ്ധ്യാപകനോ സഹപ്രവർത്തകരോപോലും ഇതൊന്നുമറിഞ്ഞിരുന്നില്ലെന്ന് തോന്നുന്നു?'

'സർ, ശരിയാണ്. ഞാനതിനെക്കുറിച്ചൊന്നും അവരോട് പറയാറില്ല. അവരുടെ വിചാരത്തിൽ ഇതെല്ലാം



അർത്ഥശൂന്യങ്ങളാണ്. അവർ അർദ്ധവാർഷികപരീക്ഷയ്ക്കുള്ള പാഠഭാഗങ്ങളിൽ മുഴുകിയിരിക്കുകയാണ്.'

'പക്ഷെ, അവർക്കിതിനെക്കുറിച്ച് യാതൊന്നും അറിവില്ലായിരുന്നു, ഇതെങ്ങിനെ സംഭവിച്ചു?'

ഞാൻ വിശദീകരിച്ചു— 'സർ, ഞങ്ങൾ ഓരോ ആഴ്ചയിലും പുറത്ത് നടക്കാൻപോകുമായിരുന്നു. പററിയ സ്ഥലത്തിരുന്ന് കളിയുടെ രൂപത്തിൽ ഇതെല്ലാം നടത്താറുണ്ട്. ഞാൻ ഒരു വിരിപ്പ് കയ്യിലെടുക്കും; അതായിരിക്കും യവനിക; രണ്ട് കുട്ടികൾ അതുപിടിച്ച് നിൽക്കും; ഇപ്പുറത്ത് കാഴ്ചക്കാരും, അപ്പുറത്ത് അഭിനയിക്കുന്നവരുമുണ്ടാകും.'

ആഫീസർ ചോദിച്ചു: 'വാസ്തവമാണോ ഇത്?'.

'അതെ, വാസ്തവമിതുതന്നെ.' ഞാൻ ഉത്തരം കൊടുത്തു.

ആഫീസർ പറഞ്ഞു— 'ശരി, മേലാൽ എന്റെകീഴിലുള്ള വിദ്യാലയങ്ങളിൽ നാടകപരിശീലനവും ഉൾപ്പെടുത്തണമെന്നുണ്ട്. ഡയറക്ടർക്ക് അത് വളരെ ഇഷ്ടമാണ്.... വാസ്തവത്തിൽ നാടകം തികച്ചും ഭംഗിയായി നടന്നു. പദ്യോച്ചാരണത്തെപ്പോലുള്ള പഴഞ്ചൻ പരിപാടികളില്ലെങ്കിൽ ഒരു കുഴപ്പവുമില്ല.'

'എനിക്കും ഇതേ വിചാരമാണുള്ളത്.... അങ്ങേയ്ക്ക് ഇഷ്ടംപോലെ കാര്യങ്ങൾ നടത്താൻ കഴിയുമല്ലൊ.'

ആഫീസർ: 'ശരി, ഞാൻ അങ്ങനെതന്നെ ചെയ്യാം. ഡയറക്ടർ പ്രത്യേകം പറയുകയുണ്ടായി. ഈ ഉരുവിട്ടുള്ള പഠിത്തം നശിക്കട്ടെ. എന്റെ വിദ്യാഭ്യാസകാലത്തുണ്ടായിരുന്ന ഈ രീതിയിലുള്ള പഠിത്തം ഞാനിന്നും ഓർക്കുന്നു. പക്ഷെ, ഞാൻ കുട്ടിക്കാലംമുതൽ കുറച്ച് ബദ്ധിയുള്ളവനായിരുന്നതുകൊണ്ട് എനിക്കധികം ക്ലേശിക്കേണ്ടതായി വന്നില്ല. മററു കുട്ടികൾ, പാവങ്ങൾ, ഉരുവിട്ട് ഉരുവിട്ട് സ്വയം മരിക്കുകയായിരുന്നു!'

ഞാൻ ഉള്ളാലെ ചിരിച്ചു. ഇന്ന് ഡയറക്ടർസാറിന്റെ ആഗമനംകൊണ്ട് വലിയ നേട്ടമുണ്ടായി. എന്റെ പരീക്ഷ

ണങ്ങളിൽ ഇന്നത്തെ അനുഭവം വളരെ മഹത്വപൂർണ്ണമായിത്തീർന്നു. ഞാൻ വീട്ടിലെത്തി ഉറങ്ങാൻകിടന്നു.

## രണ്ട്

അർദ്ധവാർഷിക പരീക്ഷയടുത്തു. മററു ക്ലാസുകളിൽ പാഠഭാഗങ്ങളുടെ ആവർത്തനം നടന്നുതുടങ്ങി. ചരിത്രം, ഭൂമിശാസ്ത്രം, ഭാഷ, ഗണിതം എന്നീ വിഷയങ്ങളിൽ ഉരുവിടുവിക്കൽ വീണ്ടും തുടങ്ങി. അതുവരെയുള്ള പാഠങ്ങളുടെ അഭ്യാസം ഒരു പ്രാവശ്യം പൂർണ്ണമായിക്കഴിഞ്ഞിരുന്നു. എന്റെ വണ്ടി ഇപ്പോഴും വളരെ കാതങ്ങൾ അകലെയാണ് സ്ഥിതിചെയ്തിരുന്നത്. പരീക്ഷാദൃഷ്ടിയിലൂടെ നോക്കിയാൽ ഞാൻ വളരെ പിന്നിലായിരുന്നു. എങ്കിലും എനിക്കും എന്റെ ക്ലാസിൽ പരീക്ഷയെഴുതിക്കേണ്ടതുണ്ടായിരുന്നു.

ആവർത്തനത്തിന് സമയം ചെലവഴിക്കേണ്ടതായ ആവശ്യം എനിക്കില്ലായിരുന്നു. അത്രയും സമയം എനിക്ക് ലാഭിക്കാൻ കഴിയും. എന്റെ അദ്ധ്യാപനം അവസാനം വരെ തുടർന്നുകൊണ്ടു പോകുന്ന ഏർപ്പാടായിരുന്നു; കാരണം, എന്റെ ക്ലാസിൽ പഠിപ്പിച്ചിരുന്ന വിഷയങ്ങളുടെ ആവർത്തനം കുട്ടികൾ സ്വയം ചെയ്തിരുന്നു. പഠിച്ച ഭാഗങ്ങൾ വിദ്യാർത്ഥികൾക്ക് സ്വയം ആവർത്തിക്കാൻ കഴിയും വിധത്തിലുള്ള പദ്ധതിയാണ് ഞാൻ അംഗീകരിച്ചിരുന്നത്. ഉദാഹരണമായി അന്ത്യാക്ഷരം കൊണ്ട് കവിത ചൊല്ലുന്ന കളിയിൽ വിദ്യാർത്ഥികൾ കവിതകളുടെ പുനരാവർത്തനം പല പ്രാവശ്യവും നടത്തിയിരുന്നു.

എങ്കിലും ഞാനിപ്പോഴും ഭൂമിശാസ്ത്രം, പദാർത്ഥവിജ്ഞാനം (ഫിസിക്സ്), വ്യാകരണം എന്നിവ സ്പർശിക്കുകപോലും ചെയ്തിരുന്നില്ല. വ്യാകരണം ഒരു കഠിന വിഷയമായിട്ടാണ് അംഗീകരിക്കപ്പെടുന്നത്. ആ വിഷയത്തിൽ കുട്ടികൾക്ക് ഒട്ടുംതന്നെ താല്പര്യമുണ്ടാകാറില്ല. നാലാംക്ലാസിലെ കുട്ടികൾക്ക് ഭാഷാശബ്ദങ്ങൾ വിഗ്രഹിച്ച് പറയുന്ന കാര്യത്തിൽ എങ്ങനെ രസം കണ്ടെത്താൻ കഴിയും! അവർക്ക് താല്പര്യം നൽകുന്നതോ, അവർക്ക്



ഉപയോഗപ്രദമായ അറിവ് നൽകുന്നതോ ആയ എന്തു വസ്തുവാണ് അതിലുള്ളത്! അവരെ രസിപ്പിക്കുന്ന എന്തു തത്വമാണ് അതുൾക്കൊള്ളുന്നത്! 'കൊള്ളാം, ഇതു വളരെ രസകരംതന്നെ'യെന്ന് വിദ്യാർത്ഥികൾക്ക് തോന്നിപ്പിക്കത്തക്കവിധം ഏതൊരു ഭാഗമാണ് വ്യാകരണത്തിലുള്ളത്? ഉപയോഗമുള്ളവസ്തുവെന്നനിലക്ക് വ്യാകരണം പഠിപ്പിക്കേണ്ടത് ഉയർന്ന ക്ലാസിൽ ഭാഷാഭ്യസനത്തിൽ താല്പര്യമുള്ള കുട്ടികളെയാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. പ്രൈമറിക്ലാസുകളിലെ പാഠ്യപദ്ധതിയിൽ നിന്നും ഈ വിഷയം ഒഴിവാക്കുക തന്നെവേണം. പഠിക്കാൻ വളരെ കഠിനമായതും, പഠിക്കുന്തോറും വിദ്യാർത്ഥികളിൽ മടുപ്പുളവാക്കുന്നതുമായ വിഷയം പഠിച്ചിട്ടെന്തു പ്രയോജനം? കുട്ടികളെ ഇത്തരം ശുഷ്ക്കവും ഉപയോഗരഹിതവുമായ വിഷയം പഠിപ്പിക്കത്തക്കവിധം നമ്മുടെ വിജ്ഞാനശാഖയിൽ വിഷയങ്ങൾക്ക് അഭാവമില്ലല്ലൊ.

പക്ഷെ, എന്നെ സംബന്ധിച്ചിടത്തോളം ഈ പരീക്ഷണവും ആവശ്യമായിരുന്നു; കാരണം ചുരുങ്ങിയപക്ഷം, എന്റെ വ്യവസ്ഥ പാലിക്കാനെങ്കിലും പരീക്ഷാ സമയമാകുമ്പോഴേക്കും ഈ വിഷയവും കുട്ടികളെ നല്ലവണ്ണം പഠിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. താത്വികമായി ചിന്തിച്ച് ഈ വിഷയം ഒഴിവാക്കുന്നത് ശരിയല്ല. പ്രായോഗികമായി അതുംപഠിപ്പിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. അതിനുള്ള പരീക്ഷണമാർഗ്ഗം എനിക്ക് സ്വീകരിക്കേണ്ടിയിരിക്കുന്നത്ആവശ്യമായിരുന്നു. താത്വികമായിചിന്തിച്ച് ഈ വിഷയം ഒഴിവാക്കുന്നത് ശരിയല്ല. പ്രായോഗികമായി അതും പഠിപ്പിക്കാൻ ഞാൻബാദ്ധ്യസ്ഥനാണ്.അതിനുള്ള പരീക്ഷണമാർഗം എനിക്ക് സ്വീകരിക്കേണ്ടിയിരിക്കുന്നു. നാലാംക്ലാസിലും ഈ വിഷയം എങ്ങനെ നല്ലപോലെ പഠിപ്പിക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടുത്തേണ്ടത് എന്റെ ആവശ്യമായിത്തീർന്നു.

ഞാൻ വ്യാകരണപാഠങ്ങൾ നല്ലപോലെ വായിച്ചു നോക്കി. അത് അതേ ക്രമത്തിൽ പഠിപ്പിക്കേണ്ടതില്ലെന്ന് ഞാൻ നിശ്ചയിച്ചു. സംജ്ഞ, സർവ്വനാമം, ക്രിയാപദം എന്നിവയുടെ നിർവചനം ഉരുവിടാൻ പെട്ടെന്ന് സാധിക്കും;

മനസ്സിലാകില്ലെന്ന് മാത്രം. കുട്ടിക്കാലത്ത് എന്നെ ഈ കാര്യങ്ങൾ പഠിപ്പിച്ചപ്പോൾ എനിക്കവ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഓർമ്മിക്കാൻ കഴിഞ്ഞുവെന്നുമാത്രം. പക്ഷെ, ഞാനതെല്ലാം നല്ലപോലെ മനസ്സിലാക്കിയിരുന്നുവെന്ന് എന്റെ അദ്ധ്യാപകർ തെറ്റിദ്ധരിച്ചു.

നിലവിലുള്ള സമ്പ്രദായം ഉപേക്ഷിക്കാൻതന്നെ ഞാൻ നിശ്ചയിച്ചു. ആ സ്ഥിതിക്ക് വ്യാകരണം ഏതുരീതിയിൽ പഠിപ്പിക്കണമെന്ന പ്രശ്നം അവശേഷിച്ചു. ഞാനതിനെക്കുറിച്ച് ചിന്തിച്ചു. ഒരു പദ്ധതി തയ്യാറാക്കി. അതനുസരിച്ച് പ്രവർത്തിക്കാനും തുടങ്ങി. വാസ്തവത്തിൽ കുട്ടികൾക്ക് ആ രീതി വളരെ രസകരമായി അനുഭവപ്പെട്ടു. അവർക്കതൊരു സുന്ദരമായ കളിയായി മാറി. രണ്ടുമാസത്തിനകം സംജ്ഞ, സർവ്വനാമം, വിശേഷണം, അവ്യയം, ക്രിയാപദം എന്നിവ തിരിച്ചറിയാനും വാക്യങ്ങളിൽനിന്നും അവയെ വേർതിരിക്കാനും അവർ പഠിച്ചു. ഏകവചനം, ബഹുവചനം, സ്ത്രീലിംഗം, പുല്ലിംഗം എന്നിവയുടെ വ്യത്യാസവും അവർ മനസ്സിലാക്കി. ഒരു ദിവസം ഞാൻ കർത്താവ്, കർമ്മം എന്നിവ തിരിച്ചറിയാനുള്ള അദ്ധ്യയനപദ്ധതിയെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് എന്റെ മേലധികാരി ക്ളാസിലേക്കു കടന്നുവന്നു. അദ്ദേഹം എന്റെ പ്രവൃത്തികണ്ട് അന്ധാളിച്ചുനിന്നുപോയി. അദ്ദേഹം ചോദിച്ചു: 'കൊള്ളാം, കുട്ടികളെ ശീട്ടുകളിക്കാൻ പഠിപ്പിക്കുകയാണോ?....അർദ്ധവാർഷികപരീക്ഷ അടുത്തുവരുന്നു........ കുറച്ചുകൂടി വേഗത്തിൽ കാര്യങ്ങൾ നടത്തണം.... ഒരു കാര്യം ശ്രദ്ധിക്കണം. ഞാൻ അപമാനിതനാകാൻ ഇടവരരുത്. ഓർമ്മിച്ചുകൊള്ളൂ; സ്വന്തം പരീക്ഷണങ്ങൾ വിജയകരമാണെന്ന് നിങ്ങൾ തെളിയിച്ചുതരണം.'

ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു: 'സർ, എനിക്കതിനെക്കുറിച്ച് പൂർണ്ണമായ ബോദ്ധ്യമുണ്ട്. ഇപ്പോൾ ഇവിടെ വ്യാകരണത്തിന്റെ കളി നടന്നുകൊണ്ടിരിക്കുകയാണ്....താങ്കൾ ആ വിഷയത്തിൽ കുട്ടികളെ ഒന്ന് പരീക്ഷിച്ചാൽ കൊള്ളാം.'



അദ്ദേഹം കുട്ടികളോട് രണ്ടു നാലു ചോദ്യങ്ങൾ ചോദിച്ചു. എന്നിട്ട് പറഞ്ഞു: 'ഓഹോ–ഇതു വളരെ സുന്ദരമായിരിക്കുന്നു! നിങ്ങൾ എന്നെ ഈ പദ്ധതികളെല്ലാം മനസ്സിലാക്കിത്തരണം. നിങ്ങൾക്ക് ഇവരെ ഇത്ര താൽപര്യത്തോടെ വ്യാകരണം പഠിപ്പിക്കാൻ കഴിയുമെങ്കിൽ നിങ്ങളുടെ രീതിയനുസരിച്ച് എല്ലാ ക്ലാസുകളിലും എന്തുകൊണ്ട് വ്യാകരണം പഠിപ്പിച്ചുകൂടാ? നാളെ ഒഴിവുദിവസമല്ലേ....എന്റെ വീട്ടിലേക്കു വരൂ; എല്ലാം എന്നെ പറഞ്ഞ് മനസ്സിലാക്കിത്തരൂ, ഏതെല്ലാം ഉപകരണങ്ങളെക്കൊണ്ട് നിങ്ങൾ എന്തെല്ലാം ചെയ്തുവെന്ന്.'

അടുത്ത ദിവസം ഞാൻ വ്യാകരണ സംബന്ധിയായ എല്ലാ ഉപകരണങ്ങളുമായി ആഫീസറുടെ വീട്ടിലെത്തി. അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കിത്തുടങ്ങി.

'സർ, നോക്കൂ....ഇതാണെന്റെ ആദ്യത്തെ ഉപകരണം. ഈ കട്ടിക്കടലാസിൽ ഒരുവശത്ത് പുല്ലിംഗങ്ങളും മറുവശത്ത് സ്ത്രീലിംഗങ്ങളും എഴുതിയിട്ടുണ്ട്; മുകളിൽ സ്ത്രീലിംഗമെന്നും പുല്ലിംഗമെന്നും എഴുതിയിട്ടുമുണ്ട്. ഈ കാർഡുകളിൽ നിയമാനുസാരിയായ സ്ത്രീലിംഗങ്ങളും മറേറ കാർഡുകളിൽ നിശ്ചിത നിയമത്തിന്റെ പരിധിയിൽ വരാത്ത സ്ത്രീലിംഗങ്ങളുമാണ് എഴുതിയിയിരിക്കുന്നത്. ആദ്യമായി ഞാൻ ഈ കാർഡുകൾ കുട്ടികൾക്ക് വായിക്കാൻ കൊടുക്കുന്നു. അവർ അത് വായിക്കുന്നു. അവർക്കു കൊടുത്ത കാർഡുകളെല്ലാം അവർ വായിച്ചു പഠിക്കുന്നു. അങ്ങനെ അവർക്കു സ്വയമേവ ലിംഗവാചകശബ്ദങ്ങളെ പരിചയപ്പെടാൻ കഴിയുന്നു. കാർഡുകളിൽ ഞാൻ സ്ത്രീലിംഗമെന്നും പുല്ലിംഗമെന്നും എഴുതിയിട്ടുണ്ടല്ലൊ. അതുകൊണ്ട് ശബ്ദങ്ങളുടെ ലിംഗത്തെക്കുറിച്ചുള്ള ബോധം കുട്ടികളുടെ മനസ്സിൽ ഉണരുന്നു. പക്ഷെ ആരംഭത്തിൽ ലിംഗ വാചകശബ്ദങ്ങളെ പരിചയപ്പെടാനേ അവർക്കു കഴിയുന്നുള്ളൂ.'

ഇത്രയും ചെയ്തു കഴിഞ്ഞതിനുശേഷം ഒരു ദിവസം ഞാനവരോട് ചോദിച്ചു: 'പറയൂ, ''കാള''യുടെ സ്ത്രീലിംഗ ശബ്ദത്തിന് എന്തു പറയും?'

അവർ പറഞ്ഞു: 'പശു.' 'സിംഹത്തിന്റേയോ?' 'സിംഹി.' 'ആൺകുട്ടി....?' 'പെൺകുട്ടി.' 'മയിൽ?'.... 'പെൺ മയിൽ'.

എന്റെ ഈ പദ്ധതി വളരെയധികം വിജയിച്ചു. ആദ്യപരിചയം കൊണ്ട് അവരിൽ ലിംഗത്തെക്കുറിച്ച് ബോധമുണ്ടായി. ശബ്ദപരിചയം കൊണ്ട് അവരിൽ ജ്ഞാനം ജാഗ്രത്താകുകയും ചെയ്തു.

പിന്നീട് ഞാൻ പറഞ്ഞു: 'വരൂ, നമുക്കു കളിക്കാം.... ഞാൻ പുല്ലിംഗമെഴുതാം. നിങ്ങൾ അതിന്റെ സ്ത്രീലിംഗം എഴുതണം!' ഞാൻ പുല്ലിംഗവാചക ശബ്ദങ്ങൾ എഴുതാൻ തുടങ്ങി. അവർ അതോടൊപ്പം തന്നെ വിനോദരൂപത്തിൽ സ്ത്രീലിംഗ ശബ്ദങ്ങൾ എഴുതാനും തുടങ്ങി. ഞാൻ പരിശോധിച്ചു നോക്കിയപ്പോൾ വളരെ കുറച്ചു തെററുകളേ കാണാൻ കഴിഞ്ഞുള്ളൂ. അതും അപൂർവ്വം കുട്ടികൾക്കുമാത്രം.

ഞാൻ പറഞ്ഞു: 'നോക്കൂ. നിങ്ങളെ വേറൊരു കളി പഠിപ്പിക്കാം. ഈ രണ്ടു പെട്ടികളിൽ ഒന്നിൽ പുല്ലിംഗ ശബ്ദങ്ങളും മറേറതിൽ സ്ത്രീലിംഗ ശബ്ദങ്ങളും എഴുതിയ കടലാസ് തുണ്ടുകൾ ഉണ്ട്. പുല്ലിംഗത്തിന്റെ സ്ത്രീലിംഗം നിങ്ങൾ നോക്കിയെടുക്കണം; സ്ത്രീലിംഗത്തിന്റെ പുല്ലിംഗവും.'

കുട്ടികൾ ഈ കളി വളരെ നേരം കളിച്ചു. ആഫീസർ ചോദിച്ചു: 'പക്ഷെ, പെട്ടി ഓരോന്നല്ലേ ഉള്ളൂ?എല്ലാവർക്കും ഒരേ സമയം എങ്ങനെ കളിക്കാൻ കഴിഞ്ഞു?'

'അതിനും ഞാൻ ഒരു ഉപായം കണ്ടുപിടിച്ചു'—ഞാൻ വിശദീകരിച്ചു. 'ക്ലാസിൽ രണ്ടു വശത്തും ഞാൻ പത്തു വൃത്തങ്ങൾ വീതം വരച്ചു. ഒരു ഭാഗത്തെ പത്തു വൃത്തങ്ങളിലും പുല്ലിംഗ ശബ്ദങ്ങളും മറുഭാഗത്തെ പത്തു വൃത്തങ്ങളിലും സ്ത്രീലിംഗ ശബ്ദങ്ങളും എഴുതിവച്ചിരുന്നു. ഓരോ വൃത്തത്തിനടുത്തും ഓരോ വിദ്യാർത്ഥി ഇരുന്നിരുന്നു. തന്റെ വൃത്തത്തിലെ ശബ്ദം എടുത്ത് ആ കുട്ടി സ്ത്രീയേയോ പുരുഷനേയോ അന്വേഷിച്ചു പുറപ്പെടും; ഏത് എവിടെനിന്നു കിട്ടുന്നുവോ, അതെടുത്ത് അതേ



വൃത്തത്തിൽ ജോഡി ചേർത്തുവക്കും. ഇങ്ങനെ ഓരോ വൃത്തത്തിലും സ്ത്രീ പുരുഷൻമാരുടെ ജോഡികൾ ഒത്തു ചേരും. എല്ലാ ശബ്ദങ്ങളും കഴിയുമ്പോൾ കളി വീണ്ടും ആരംഭിക്കുകയും ചെയ്തിരുന്നു.'

'രണ്ടു കുട്ടികൾ മാത്രമാണ് കളിക്കുന്നതെങ്കിൽ ഓരോ പെട്ടിയെടുത്ത് സ്ത്രീയുടെ പുരുഷനേയും, പുരുഷന്റെ സ്ത്രീയേയും അന്വേഷിച്ചെടുക്കും.'

'കൊള്ളാം ഇതു വളരെ രസകരമായ ഉപായം തന്നെ. പക്ഷെ, നപുംസകലിംഗത്തിന് നിങ്ങൾ എന്തുചെയ്തു?' അദ്ദേഹം ചോദിച്ചു.'സർ, സ്ത്രീലിംഗവും പുല്ലിംഗവും നല്ലപോലെ മനസ്സിലാക്കിക്കൊടുത്തതിനുശേഷം ഒരു ദിവസം ഞാൻ ബോർഡിൽ ''നപുംസകലിംഗശബ്ദങ്ങൾ'' എന്ന ശീർഷകത്തിനു ചുവട്ടിൽ കുറെ ശബ്ദങ്ങൾ എഴുതി. ''മഷിക്കുപ്പി, ബോർഡ്, മുറി.'' എന്നിങ്ങനെ. കുട്ടികൾ അതെല്ലാംവായിച്ചു. അവർ ചിന്തിക്കാൻ തുടങ്ങി. ഇതിന്റെയെല്ലാംലിംഗമെന്തായിരിക്കുമെന്ന്.അവർക്കു കിട്ടിയ അറിവിന്റെഅടിസ്ഥാനത്തിൽ അവയുടെ ലിംഗം നിർണയിക്കുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് ഞാൻ പറഞ്ഞു: ഈ ശബ്ദങ്ങൾ 'നപുംസകലിംഗത്തിൽ പെടുന്നു' എന്ന്. പിന്നീട് ഞാൻ 'നപുംസകലിംഗം' എന്ന് ബോർഡിൽ എഴുതി.

ഒരു വിദ്യാർത്ഥി ചോദിച്ചു.—'പക്ഷെ, നപുംസകമെന്നുപറഞ്ഞാൽ എന്താണർത്ഥം?'

ഞാൻ പറഞ്ഞു: 'പുരുഷനോ സ്ത്രീയോ അല്ലാത്തത് നപുംസകം'

കുട്ടികൾക്ക് അക്കാര്യവും മനസ്സിലാകുന്നതായിത്തോന്നി. ഉടനെ ഞാൻ പറഞ്ഞു 'എഴുതിക്കൊള്ളൂ; മൂന്ന് കള്ളി വരയ്ക്കൂ;ഒന്ന് പുരുഷനും, വേറൊന്ന് സ്ത്രീക്കും ഇനിയുമൊന്ന് നപുംസകത്തിനും.' ഞാനവരെക്കൊണ്ട് എട്ടു ശബ്ദങ്ങൾ എഴുതിച്ചു. ഭൂരിപക്ഷം കുട്ടികളും കൃത്യമായിത്തന്നെ എഴുതിയതുകണ്ടപ്പോൾ എനിക്കുതന്നെ ആശ്ചര്യം തോന്നി. നിർവചനം പോലുള്ള ബുദ്ധിമുട്ടുകളിൽപ്പെടാതെ ആദ്യമായി ഈ വിധം പരിചയം നൽകുന്നതാണു

ചിതം. കളികളിലൂടെ ഈ വിധം പരിചയം നൽകാൻ കഴിയും. ക്രമേണ ശാസ്ത്രീയ നിർവചനം പറഞ്ഞുകൊടുക്കാനും സാധിക്കും. ആഫീസർ ചോദിച്ചു. 'കൈസാ, കൈസെ കൈസി' എന്നിങ്ങനെ ലിംഗമനുസരിച്ച് ചോദ്യങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ എന്തു ചെയ്യും?'

'സർ, അതിന് ഉരുവിടൽ തന്നെയാണ് മാർഗം. കാര്യം മനസ്സിലാക്കാതെ തന്നെ അതെല്ലാം അവർക്ക് ഓർമ്മിക്കേണ്ടതായി വരുന്നു. എങ്കിലും ഏതാണ്ടൊക്കെ വിനോദരൂപത്തിൽ ''കൈസാ, കൈസെ, കൈസി''എന്നൊക്കെആവർത്തിച്ച് ചോദിച്ച് മനസ്സിലാക്കിക്കൊടുക്കാൻ കഴിയും.' ഞാൻ പറഞ്ഞു. ആഫീസർ—'ശരി,കൊള്ളാം. ഇനി പിന്നീടുള്ള കാര്യങ്ങൾ പറയൂ.'

ഞാൻ: 'അതിനു ശേഷം ഞാൻ 'വചന'ത്തിലേക്കു കടന്നു. ഏകവചനവും ബഹുവചനവും ഈ രീതിയിൽ തന്നെ പഠിപ്പിച്ചു.'

ആഫീസർ: 'നിങ്ങൾ എന്താണീ പറയുന്നത്? അതിനും കളി തന്നെ സ്വീകരിച്ചുവെന്നോ?'

ഞാൻ: 'അതെ, സർ, ഏകവചനക്കാരൻ ബഹുവചനമന്വേഷിച്ചു നടന്ന് അതിൻെറ ജോഡി കണ്ടെത്തുന്നു.'

ആഫീസർ: 'അതു ശരി സമ്മതിച്ചു, പക്ഷെ, നിങ്ങൾ 'സംജ്ഞ', 'ക്രിയാപദം' എന്നിവ പഠിപ്പിക്കാൻ എന്തു വിനോദരീതിയാണ് അവലംബിച്ചത്?'

ഞാൻ പറഞ്ഞു: 'സർ, ആദ്യമായി ഞാൻ ക്രിയാപദമാണ് പഠിപ്പിച്ചത്. വിദ്യാർത്ഥികൾക്ക് വായിക്കാൻ അറിയാമല്ലൊ. ഞാൻ അവരോട് പറഞ്ഞു ''ഞാൻ ബോർഡിൽ എഴുതുന്നതുപോലെ അവർ ചെയ്തു കാണിക്കണെ''മെന്ന്. ഞാൻ ക്രിയ എഴുതും, അതവർ ചെയ്യണം. ഞാൻ എന്താണോ ചൂണ്ടിക്കാണിക്കുന്നത് അതും ചെയ്യണമെന്ന്.'

ഞാൻ ബോർഡിൽ എഴുതി: ഇരിക്കുക, എഴുന്നേൽക്കുക, ഓടുക, ഉറങ്ങുക, കളിക്കുക, നൃത്തംചെയ്യുക, വായിക്കുക, പാടുക എന്നെല്ലാം.ഈ ക്രിയകളെല്ലാം ചെയ്യുന്നതിൽ കുട്ടികൾക്ക് വളരെ രസം തോന്നി. അവർ പറയാൻ തുടങ്ങി: 'ഇനിയും എഴുതൂ.' ഞാൻ ഓരോ പ്രവർത്തിയെക്കുറിച്ച് ആലോചിച്ച് ക്രിയകൾ ബോർഡിൽ എഴുതിക്കൊണ്ടിരുന്നു. കുട്ടികൾ അതുപ്രകാരം ചെയ്തുകൊണ്ടിരുന്നു. അടുത്ത ദിവസം ഞാൻ ആ കാർഡിൽ ചില ക്രിയാപദങ്ങൾ എഴുതി 'എഴുന്നേൽക്കുക, നടക്കുക, കളിക്കുക' എന്നിങ്ങനെ. എല്ലാവരും അത് വായിച്ചു. 'ചില ക്രിയാപദങ്ങൾ.'മൂന്നാം ദിവസം ഞാനൊരു ചെറിയ ടിന്ന് കൊണ്ടുവന്നു. അതിൻമേൽ ഞാനെഴുതി 'ക്രിയാപദങ്ങളുടെ പെട്ടി'. കുട്ടികൾ ടിന്ന് തുറന്നു. അതിൽ നിന്നും ക്രിയാപദങ്ങൾ പുറത്തെടുത്തു.'നൃത്തം ചെയ്യുക, പാടുക, ഓടുക' എന്നിങ്ങനെ അവർ വായിച്ചുകൊണ്ടിരുന്നു; അതുപോലെ ചെയ്തുകൊണ്ടുമിരുന്നു! പിന്നീട് ഞാൻ പറഞ്ഞു: 'നോക്കൂ; ഇനി നിങ്ങൾ കുറെ ക്രിയാപദങ്ങൾ എഴുതിക്കൊണ്ടു വരണം.' അവർ ചില ക്രിയാപദങ്ങൾ എഴുതിക്കൊണ്ടുവന്നു.



ഞാൻ മറ്റൊരു കളികൂടി കാണിച്ചുകൊടുത്തു. അവരോട് പറഞ്ഞു: 'ഞാൻ നിങ്ങളിൽ ചിലരോട് ചിലത് ചെയ്യാൻ പറയും. അവർ ഓരോരുത്തരും എന്തുചെയ്യുന്നുവോ, അത് നിങ്ങൾ ബോർഡിൽ എഴുതണം.' പിന്നീട് ഞാൻ ജഗജീവനോട് പറഞ്ഞു: 'ഓടൂ'—ജഗജീവൻ ഓടി. ഞാൻ ചോദിച്ചു: 'ജഗജീവൻ എന്ത് ചെയ്യുന്നു?' ഒരു കുട്ടി പറഞ്ഞു: 'ഓടുന്നു.' മറ്റൊരു കുട്ടിയോട് ചോദിച്ചു: 'ജഗജീവൻ എന്ത് ക്രിയ ചെയ്യുന്നു?' ആ കുട്ടി പറഞ്ഞു: 'ജഗജീവൻ ഓടുന്നു.' പിന്നീട് ഞാൻ ചില കുട്ടികളോട് 'ഓടൂ, ചാടൂ, പാടൂ, എഴുതൂ'എന്നെല്ലാം നിർദ്ദേശിച്ചു. മറ്റൊരു കുട്ടിയോട് പറഞ്ഞു. അവർ എന്ത് ചെയ്യുന്നുവോ, അത് ബോർഡിൽ എഴുതാൻ. അവർ എല്ലാം ശരിയായി എഴുതിയതായി ഞാൻ കണ്ടു. പക്ഷെ, മനസിലാവാത്ത ചില വിദ്യാർത്ഥികളുമുണ്ടായിരുന്നു. അവർക്ക് എഴുതുവാനും കഴിഞ്ഞില്ല. ചിലർ ചിലയിടത്ത് ചില തെറ്റുകൾ വരുത്തുകയും ചെയ്തു.

ഞാൻ ഇതേരീതിയിൽ വീണ്ടും പറഞ്ഞു: 'നിങ്ങളിൽ ആര്, എന്ത് ക്രിയ ചെയ്യുന്നുവോ, നിങ്ങൾ അത് എഴുതണം. എന്നിട്ട് ഞാൻ ജഗജീവനോട് പറഞ്ഞു: 'ഓടൂ.'

അവൻ ഓടി; കുട്ടികൾ 'ഓടി' എന്നെഴുതി. ഈവിധം കളി നടന്നുകൊണ്ടേയിരുന്നു. ഞാൻ അവർക്ക് പരസ്പരം ഇങ്ങനെ ഓരോന്ന് പറയാനും,കളിക്കാനുമുള്ള സ്വാതന്ത്ര്യം കൊടുത്തു. അവർ വളരെ ഉൽസാഹത്തോടെ കളിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

അതിനുശേഷം ഒരു ദിവസം ഞാനവരെ ഇരുത്തിയിട്ട് ചോദിച്ചു:'രാമൻ ഓടുമ്പോൾ അയാൾ 'ഓടുക' എന്നക്രിയ ചെയ്യുന്നു. അല്ലേ?' അവർ പറഞ്ഞു: 'അതെ.' 'ശ്യാമസുന്ദരൻ എഴുതുമ്പോൾ അവൻ എന്ത് ക്രിയയാണ് ചെയ്യുന്നത്?' 'എഴുതുക എന്നക്രിയ.' ഇങ്ങനെ ചോദ്യോത്തരങ്ങൾ തുടർന്നു. പിന്നീട് ഞാൻ ബോർഡിൽ എഴുതി 'ഓടുന്നു, ഓടൂ; സംസാരിക്കുന്നു, സംസാരിക്കൂ ' എന്നിവ ക്രിയാപദങ്ങളാണ്.ഇവയിൽ നമുക്ക് എന്തെങ്കിലും കാര്യം ചെയ്യേണ്ടതായിട്ടുണ്ട്.

'കുട്ടികൾ അത് വായിക്കുകയും മനസിലാക്കുകയും ചെയ്തു.'

ആഫീസർ ചോദിച്ചു: 'പിന്നീട് നിങ്ങൾ എന്ത് ചെയ്തു?'

'അവർക്ക് ഓർമ്മയുള്ള എല്ലാ ക്രിയാ വാചകശബ്ദങ്ങളും എഴുതാൻ ഞാനവരോട് നിർദ്ദേശിച്ചു. അവർ ഒത്തുകൂടി; പരസ്പരം ആലോചിച്ചു; കിട്ടിയ ക്രിയാശബ്ദങ്ങളെല്ലാം എഴുതിത്തയ്യാറാക്കി.'

ആഫീസർ: 'ഓഹോ! പിന്നീട്....?'

'പിന്നീട് ഞാൻ മറെറാരുകളി ആരംഭിച്ചു. ബോർഡിൽ ചില വാക്യങ്ങൾ എഴുതി. 'രാമൻ ഓടുന്നു', 'ചമ്പക് വായിക്കുന്നു'....എന്നിങ്ങനെ. അതിനുശേഷം അവരോട് പറഞ്ഞു: 'ക്രിയാവാചകശബ്ദങ്ങളല്ലാത്തവമാച്ചുകളയുക' എന്ന്. കുട്ടികൾ അക്കാര്യം വളരെ കൃത്യമായി അനായാസേന ചെയ്തു. അതോടെ ഞാൻ ക്രിയാപദപാഠം നിർത്തുകയും ചെയ്തു.'

ആഫീസർ പറഞ്ഞു: 'എൻെറ അഭിപ്രായത്തിൽ, ഈ രീതികൊണ്ട് അവർക്ക് ഓർമ്മയുണ്ടാകും, ശരിതന്നെ.



പക്ഷെ, ഇതിന് വളരെയേറെ സമയം വേണ്ടിവരില്ലേ? പല തരം കളികൾ കളിക്കേണ്ടതായിട്ടുണ്ടല്ലോ?'

ഞാൻ പറഞ്ഞു: 'കളികൊണ്ടല്ലേ, കുട്ടികൾക്ക് ആഹ്ലാദം ലഭിക്കുക. കുറച്ചു സമയവ്യയം വേണ്ടിവന്നാലും ഫലം ഉത്തമവുംസ്ഥിരവുമാണെങ്കിൽ അതുകൊണ്ടെന്താനഷ്ടം?'

ആഫീസർ–'നിങ്ങൾ പറയുന്നത് ശരിയാണ്.കൊള്ളാം ....സംജ്ഞ പഠിപ്പിക്കാൻ നിങ്ങൾ എന്താണ് ചെയ്തത്?'

ഞാൻ വിശദീകരിച്ചു. 'സാർ, സംജ്ഞയുടെ കാര്യവും ഞാൻ ഇതുപോലെതന്നെയാണ് തുടങ്ങിയത്. ആദ്യം തന്നെ, എൻെറ അദ്ധ്യാപന രീതിയനുസരിച്ച് ഞാൻ സംജ്ഞകൾ എഴുതിയ കാർഡുകളുണ്ടാക്കി. സംജ്ഞ! സംജ്ഞ! സംജ്ഞ! കുട്ടികൾ വളരെയധികം സംജ്ഞാ ശബ്ദങ്ങൾ വായിച്ചു. വീണ്ടും വീണ്ടും വായിച്ചു. സംജ്ഞാ പട്ടികയിൽ വൈവിധ്യമുണ്ടായിരുന്നു. അതുകൊണ്ട് അവ വായിക്കുന്നത് എല്ലാവർക്കും ഒരുപോലെ രസകരമായിരുന്നു. കുട്ടികൾ അറിയാത്തവിധം അവരെ ഇക്കാര്യങ്ങൾ പഠിപ്പിക്കണമെന്നായിരുന്നു എൻെറ ലക്ഷ്യം. ഇപ്പോൾ അവർ ക്രിയാപദത്തിൽനിന്നും സംജ്ഞയുടെ കാർഡുകളിൽ നിന്നും സംജ്ഞ വേർതിരിക്കാൻ പഠിച്ചു കഴിഞ്ഞു. ഇങ്ങനെ, ഈവിധം രണ്ടു വർഗ്ഗത്തിലുംപെട്ട ശബ്ദങ്ങൾ വേർതിരിക്കാനുള്ള പരിചയം അവർക്ക് ഉറച്ചു കഴിഞ്ഞിരുന്നു. ഒരുദിവസം ഞാനവരെ ഒരുമിച്ചു നിർത്തി പറഞ്ഞു: 'നോക്കു, ഞാനിപ്പോൾ ആവശ്യപ്പെടുന്നു.... എന്താണ് ആവശ്യപ്പെടുന്നത്?....ഞാനത് പറയില്ല. ഏതെങ്കിലും പേരുള്ള ഏതെങ്കിലുംവസ്തുവുണ്ടെങ്കിൽ അതിനെ സമീപിച്ച് നിൻെറപേരെന്താണെന്ന് ചോദിക്കുക; അതിന് എന്തെങ്കിലും പേരുണ്ടെങ്കിൽ ആ സാധനം എടുത്തുകൊണ്ടുവരിക.'

കുട്ടികൾക്ക് പെട്ടന്ന് കാര്യം മനസ്സിലായി. അവർ ഓടി. ബോർഡിനോട് ചോദിച്ചു. 'നിൻെറ പേരെന്താണ്?' തന്നെത്താൻ പറഞ്ഞു'ബോർഡ്!' 'എന്നാൽ വാ'. ബോർഡ് വന്നു.ഇങ്ങനെ, മേശവന്നു;കല്ല്,വിറക്, പൊടി, കടലാസ്, പുസ്തകം, സ്ലേയ്ററ്, പേന, മുതലായ എന്തെല്ലാം

കാട്ടിയോ അതെല്ലാം ശേഖരിക്കപ്പെടാൻതുടങ്ങി. ഒരു കുട്ടി അടുത്ത ക്ലാസിലെ ഒരു കുട്ടിയെത്തന്നെ പൊക്കിയെടുത്തുകൊണ്ടുവന്നു! ഞാൻ ചോദിച്ചു: 'കുട്ടി, എന്താണീചെയ്തത്?' കൊണ്ടുവന്നവൻ പറഞ്ഞു: 'സാറെ, ഇവനും പേരുണ്ടല്ലോ!'മറ്റൊരുത്തൻ പറഞ്ഞു:'സാറെ,സൂര്യനെ എങ്ങനെ കൊണ്ടുവരും'? വേറൊരുത്തൻ ചോദിച്ചു: 'വേപ്പ് കൊണ്ടുവരാൻ കഴിയുന്നില്ല, എന്തുചെയ്യും?' ഇവർ ഇപ്പോൾ സംജ്ഞയുടെ അർത്ഥം തികച്ചും മനസ്സിലാക്കിക്കഴിഞ്ഞുവെന്ന് എനിക്കു ബോദ്ധ്യമായി.

ക്ലാസിൽ ഈ കളി നടന്നുകൊണ്ടിരിക്കുമ്പോൾ സംജ്ഞകൾ എഴുതിയ തുണ്ടു കടലാസുകൾ അടക്കംചെയ്തിരുന്ന പെട്ടി എടുത്തുകൊണ്ടുവന്നു. മുകളിൽ എഴുതിയിരുന്നു 'പേരുകളുടെ പെട്ടി!' അകത്ത് അഞ്ഞൂറു പേരുകൾ എഴുതിയ തുണ്ടുകൾ! പേര് തന്നെ പേര്!' കുട്ടികൾക്ക് ഇപ്പോൾ അതുപയോഗിക്കാനുള്ള ശീലം കിട്ടിക്കഴിഞ്ഞിരുന്നു. പെട്ടിതുറന്ന് അവർ ഓരോപിടി പേരുകൾ വാരിയെടുത്തു. ഞാനാപെട്ടിയിൽ എല്ലാത്തരത്തിലുള്ള സംജ്ഞകളും എഴുതിയിട്ടിരുന്നു. ഒരു കുട്ടി ചോദിച്ചു: 'ചുവപ്പ്' ഏന്തു വസ്തുവിൻെറ പേരാണ് സാർ?'

'ഈ കാണുന്ന ചുവന്ന നിറത്തിന് നിങ്ങൾ എന്തു പറയും?' കുട്ടി ചിരിച്ചു. അവന് കാര്യം മനസ്സിലായി. അതിനുശേഷം ഞാൻ ആ പെട്ടികളിലെ സംജ്ഞകളേയും ക്രിയാപദങ്ങളെയും ഒരുമിച്ചുചേർത്തു. അവയെ വേർതിരിച്ചെടുക്കാൻ ആവശ്യപ്പെട്ടു. അപ്പോഴേക്കും അവർക്ക് ഈ രണ്ടുവിധ ശബ്ദങ്ങളെയും കുറിച്ച് മനസ്സിൽ ഉറച്ചിരുന്ന ധാരണ നല്ലപോലെ വ്യക്തമാക്കാനുള്ള കഴിവ് കിട്ടിയിരുന്നു.

അതിനുശേഷം ഞാൻ മറ്റൊരു കളി പറഞ്ഞുകൊടുത്തു. ക്രിയാപദത്തിന് യോജിച്ച സംജ്ഞയും, സംജ്ഞയ്ക്ക് യോജിച്ച ക്രിയാപദവും വേർതിരിച്ചെടുക്കാനുള്ളതായിരുന്നു ആ കളി. ഉദാഹരണമായി, 'കുതിര' ശബ്ദമെടുത്ത് 'ഓടുന്നു' വെന്നോ 'ഓടി'യെന്നോ ക്രിയ അന്വേഷിച്ചെടുക്കാൻ കഴിയും. 'തിന്നുന്നു' എന്ന ശബ്ദമെടുത്ത്



'രാമചന്ദ്രനേ'യോ 'പൂനം ചന്ദ്രനേ'യോ അന്വേഷിക്കാൻ കഴിയും. ഞാനവർക്ക് ഇതെല്ലാം മനസ്സിലാക്കിക്കൊടുക്കുകയും അന്വേഷിച്ചെടുത്ത ശബ്ദങ്ങളെ കൂട്ടിച്ചേർത്തുവയ്ക്കാൻ അഭ്യസിപ്പിക്കുകയും ചെയ്തു. കുട്ടികൾക്ക് ഈ കളിയിൽ വളരെയേറെ രസം തോന്നി.

ഒടുവിൽ ഞാൻ ബോർഡിൽ ചില വാക്യങ്ങൾ എഴുതി കുട്ടികളോട് പറഞ്ഞു: 'ഇവയിൽ നിന്ന് സംജ്ഞകളേയും ക്രിയാപദങ്ങളേയും വേർതിരിച്ച് സ്ലേയ്റ്റിൽ എഴുതുക'; 'ഈ വാക്യങ്ങളിലെ സംജ്ഞകൾ ചൂണ്ടിക്കാണിച്ചുതരിക'; 'ഇവയിൽനിന്ന് സംജ്ഞകളെ മായ്ച്ചുകളയുക' എന്നെല്ലാം. ഈ വിധം പല പരിശീലനങ്ങളും നടന്നു. പിന്നീട് ഞാൻ ചോദിച്ചു: 'ഇതെന്താണ്?' 'ഇതിനെന്തു പറയും?' എന്നൊക്കെ.കുട്ടികൾ എല്ലാം കൃത്യമായി പറഞ്ഞു:ഇങ്ങനെ അവർക്ക് സംജ്ഞകളും ക്രിയാപദങ്ങളും വേർതിരിക്കാനുള്ള കഴിവുണ്ടായി.

ആഫീസർ പറഞ്ഞു: 'വളരെ നല്ല രീതിയാണിത്. യഥാർത്ഥത്തിൽ ഈ സമ്പ്രദായം കൊണ്ട് ഒരു നിമിഷം പോലും കുട്ടികൾക്ക് അദ്ധ്വാനം അനുഭവപ്പെട്ടിട്ടുണ്ടാവില്ല. പക്ഷെ, ഇതിന് ഉപകരണങ്ങളുടെ ചെലവ് വേണ്ടിവരും.നിങ്ങൾക്കുള്ളതുപ്പോലെ ഹൃദയത്തിൽ നിന്നുണരുന്ന പ്രചോദനവും ആവശ്യമാണ്.'

ഞാൻ പറഞ്ഞു: 'സാർ കുട്ടികളെ അർത്ഥമറിയാതെ കാണാപ്പാഠം പഠിപ്പിക്കുന്ന കഷ്ടപ്പാടിൽനിന്നുംരക്ഷിക്കാൻ ഇത്രയും ചെലവ് വരുന്നത് വലിയ കാര്യമല്ല....തന്നെയല്ല എനിക്കിതിന് വളരെയധികം മുതൽമുടക്ക് വന്നിട്ടുമില്ല. പഴയ കാർഡ്ബോർഡുകൾ കൊണ്ട് പെട്ടിയുണ്ടാക്കി; വീട്ടിൽ അവിടവിടെക്കിടന്ന കടലാസ് തുണ്ടുകൾകൊണ്ട് കാർഡുണ്ടാക്കി. അത്രതന്നെ.'

'നിങ്ങൾക്ക് ഈ ചെലവിനെല്ലാമുള്ള പണം തരാനുള്ള ഏർപ്പാടുണ്ടാക്കാൻ ശ്രമിക്കാം'. അദ്ദേഹം പറഞ്ഞു.

ഞാൻ പറഞ്ഞു:'സർ, പണം കിട്ടുവാനല്ല ഞാനാഗ്രഹിക്കുന്നത്, അങ്ങ് ഈ പദ്ധതി അംഗീകരിക്കുകയും ഇതിന്

പ്രചാരം കൊടുക്കാൻ ശ്രമിക്കുകയും വേണമെന്നുള്ള താണ്.'

ആഫീസർ ഉൽസാഹത്തോടെ വീണ്ടും പറഞ്ഞു: 'കൊള്ളാം, ഞാൻ നോക്കട്ടെ....എന്നിട്ട്....പറയൂ, പിന്നീട് നിങ്ങൾ എന്തുചെയ്തു?'

ഞാൻ വീണ്ടും എന്റെ വിവരണം തുടർന്നു. 'സർ, അതിനുശേഷം ഞാൻ 'വിശേഷണം' പഠിപ്പിക്കാൻ തുടങ്ങി. ഞാൻ പറയുന്നതു കേട്ട് അങ്ങേയ്ക്ക് മടുപ്പുതോന്നുന്നി ല്ലല്ലൊ. ഒന്നാമത് വ്യാകരണംപോലുള്ള ശുഷ്കവിഷയം. രണ്ടാമത് തിരിച്ചും മറിച്ചും കാര്യങ്ങൾ പറയുന്ന എന്റെ സംഭാഷണ രീതി....'

ആഫീസർ—'ഒരിക്കലുമില്ല.നിങ്ങൾ വിവരിച്ചുപറഞ്ഞു കൊള്ളൂ. ഞാൻ എല്ലാം വിശദമായി കേൾക്കാൻ ആഗ്രഹി ക്കുന്നു. വിവരിച്ചുപറഞ്ഞില്ലെങ്കിൽ എല്ലാ കാര്യങ്ങളും എങ്ങനെയാണ് മനസ്സിലാക്കുക....ശരി, ഒന്നു നിർത്തു- ചായവന്നു കഴിഞ്ഞു....അതു കുടിച്ചിട്ട്കൂടുതൽപറയാം.'

അദ്ദേഹം വലിയ ചായ പ്രിയനായിരുന്നു; നല്ല കട്ടി യുള്ള ചായ കുടിച്ചിരുന്നു. അക്കാര്യത്തിൽ എന്റെ ഇഷ്ട വും അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഇരുപതുമിനി ട്ട്സമയമെടുത്തു, ചായ കുടിക്കാൻ. പിന്നീട് ഞങ്ങൾ കൂടുതൽ ഉന്മേഷത്തോടെ സംഭാഷണത്തിലേക്കു കടന്നു.

ഞാൻ പറഞ്ഞു തുടങ്ങി 'സർ, എന്റെ മുൻരീതിയനു 'സരിച്ച് ഞാൻ ആദ്യമായി കുട്ടികളുടെ കയ്യിൽ വിശേഷണ ങ്ങളുടെ കാർഡ് കൊടുത്തു. അവർ അത് വായിക്കാൻതുട ങ്ങി. ഇതിനിടയിൽ ഒരു കുട്ടി ചോദിച്ചു 'ഈ വിശേഷണം എന്താണ് സാറെ?' ഞാൻ പറഞ്ഞു: 'കണ്ടില്ലേ, ഇതെല്ലാം വിശേഷണങ്ങൾ തന്നെ' 'കൊള്ളാം; വിശേഷണം!' അവർ മനസ്സാലെ എന്റെ വാക്കുകളുടെ സാരം ഗ്രഹിച്ചു തുട ങ്ങുകയായിരുന്നു. അതിനുശേഷം കളിയാരംഭിച്ചു. കുട്ടി കൾ വിശേഷണം, സംജ്ഞ, ക്രിയാപദം എന്നിവയുടെ കാർഡുകൾ വായിക്കാനും വേർതിരിക്കാനും തുടങ്ങി.



അതിനുശേഷം ഞാനവർക്ക് ഒരു പുതിയ കളിമനസ് സിലാക്കിക്കൊടുത്തു. 'കുട്ടികളേ ഞാൻ എന്താണോ ആവശ്യ പ്പെടുന്നത്, നിങ്ങൾ അതുകൊണ്ടുവരിക.'

ഞാൻ പറഞ്ഞു: 'പെൻസിൽ കൊണ്ടുവരൂ.' ഒരു കുട്ടി പെൻസിൽ കൊണ്ടുവന്നു. 'ചുവന്ന പെൻസിൽ കൊണ്ടു വരൂ.' അവൻ ചുവന്ന പെൻസിൽ കൊണ്ടുവന്നു. 'മഞ്ഞ പെൻസിൽ കൊണ്ടുവരൂ'. അവൻ മഞ്ഞപെൻസിൽ കൊണ്ടു വന്നു. 'പെൻസിൽ വച്ചിട്ട് വരൂ' ഞാനാവശ്യപ്പെട്ടു. കുട്ടി ചോദിച്ചു 'ഏതു പെൻസിൽ....?' ഞാൻ പറഞ്ഞു 'ചുവന്ന പെൻസിൽ....'

തുടർന്ന് ഞാൻ 'ചുവന്നതുകൊണ്ടുവരു; ചാരനിറ ത്തിലുള്ളത് കൊണ്ടുവരു; വലുത് കൊണ്ടുവരൂ; ചെറുത് കൊണ്ടുവരൂ' എന്നിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. അവർ ആ വിധത്തിലുള്ള പെൻസിലുകൾ കൊണ്ടുവരാനും തുട ങ്ങി.

ഞാൻ പുതിയ പാഠം ആരംഭിച്ച് പറഞ്ഞു. 'ഏതെങ്കി ലും ഒരു പെൻസിൽ എടുക്കൂ.' ഒരു കുട്ടിഒരു പെൻസിൽ എടുത്തു കാണിച്ചു. 'ഇനി ആ പച്ച പെൻസിൽ എടുക്കൂ.' കുട്ടി പച്ചപെൻസിൽ ഉയർത്തിക്കാണിച്ചു. 'ഇനി ആ മഞ്ഞ യെടുക്കൂ' കുട്ടി മഞ്ഞയെടുത്തു. നീളമുള്ളതെടുക്കൂ' കുട്ടി നീളമുള്ളതെടുത്തു. ഞാൻ ചോദിച്ചു 'കുട്ടി ഏതു വിശേഷ തരത്തിലുള്ള പെൻസിലാണ് എടുത്തത്?'

'ഈ പച്ചപ്പെൻസിൽ എടുത്തു.'
'പിന്നീട് ഏതു തരം എടുത്തു?'
'ഈ മഞ്ഞപ്പെൻസിൽ എടുത്തു.'
'പിന്നീട് ഏതു തരം എടുത്തു?'
'നീളമുള്ളതെടുത്തു.'

ഞാൻ ബോർഡിൽ എഴുതി. 'ഇതെല്ലാം വിശേഷ ശബ്ദങ്ങളാണ്; ഇവ വിശേഷണങ്ങളാണ്. ഇവ ഒരു വിശേഷപ്പെട്ട വസ്തുവിനെ സൂചിപ്പിക്കുന്നു. ആ വസ്തുവിന്റെ വിശേഷതയേയും, അധികമോ കുറവോ ആയ അവസ്ഥയേയും സൂചിപ്പിക്കുന്നു.' വിദ്യാർത്ഥി കൾ വായിച്ചു; തുടർന്ന് ചിന്തിക്കാൻ തുടങ്ങി.

പേരുകളുടേയും വിശേഷണങ്ങളുടേയും പെട്ടികളെടുത്ത് ഞാനവർക്ക് ഒരു കളികൂടി പറഞ്ഞുകൊടുത്തു. 'സംജ്ഞയുടെ വിശേഷണം അന്വേഷിച്ചെടുക്കുക; വിശേഷണത്തിന്റെ സംജ്ഞകളും കണ്ടെത്തുക.'

ഒരു കുട്ടി 'ചുവന്ന' എന്ന ശബ്ദമെടുത്തു; പിന്നീട് പേരുകളുടെ പെട്ടിയിൽനിന്ന് 'കുതിര'യെടുത്തു. 'ചുവന്ന കുതിര'യെന്ന് ചേർത്തുവച്ചു. വിശേഷണങ്ങളുടേയും പേരുകളുടേയും കൂട്ടങ്ങളിൽനിന്ന് ഇപ്രകാരം ശബ്ദങ്ങളുടെ ജോഡികൾ ഉണ്ടായിത്തുടങ്ങി. ഞാൻ അവർ ചെയ്യുന്നതു നോക്കിക്കൊണ്ട് ക്ലാസിൽ നടന്നുകൊണ്ടിരുന്നു. അവരുടെ ചില ജോഡികൾ തെററിയതായും ഞാൻ കണ്ടു.

പിന്നീട് ഞാൻ എന്റേതായ വിഭിന്ന രീതികളിലൂടെ വിദ്യാർത്ഥികളെ പരീക്ഷിച്ചുനോക്കി. അവർ വിശേഷണത്തിന്റെ അർത്ഥം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് അവർക്ക് ശരിയായ സംജ്ഞകളും വിശേഷണങ്ങളും നേടിയെടുക്കാൻ കഴിഞ്ഞത്.

ആഫീസർ പറഞ്ഞു: 'സുഹൃത്തേ, നിങ്ങൾ വളരെയേറെ പുതിയ കളികൾ അവിഷ്കരിച്ചിരിക്കുന്നു. നാമം, വിശേഷണം, ക്രിയാപദം എന്നിവയെ ആകർഷകമായ പദ്ധതിയിലൂടെ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. കൊള്ളാം. ഇനി അവരെ അതിന്റെ നിർവ്വചനവും പഠിപ്പിക്കേണ്ടതല്ലേ?'

ഞാൻ പറഞ്ഞു: 'സാർ, നിർവ്വചനം പഠിപ്പിച്ചു കഴിഞ്ഞല്ലോ. വ്യാകരണപുസ്തകത്തിൽ കൊടുത്തിട്ടുള്ള നിർവ്വചനങ്ങൾ ഞാനവരെ പഠിപ്പിച്ചിട്ടില്ല, പരിശോധനയ്ക്കു വരുമ്പോൾ അങ്ങ് അതൊന്നും ചോദിക്കരുതെന്ന് എനിക്കപേക്ഷയുണ്ട്. അങ്ങ് പദങ്ങളുടെ വിഗ്രഹവും മററും ചോദിച്ചുകൊള്ളൂ.'

ആഫീസർ പറഞ്ഞു: 'ഞാൻ ഈ വിഷയത്തിൽ പരീക്ഷയേ നടത്തുന്നില്ല. എനിക്ക് നിങ്ങളുടെ പദ്ധതി നമ്മുടെ വിദ്യാലയത്തിൽ മുഴുവൻ നടപ്പാക്കിയാൽ കൊള്ളാമെന്നുണ്ട്. പാവം, കുട്ടികൾ! വ്യാകരണം ഉരുവിട്ടുരുവിട്ട് മരിക്കുകയാണ്!'



ഞാൻ പറഞ്ഞു: 'സാർ എന്റെ ബാല്യത്തിൽ വ്യാകരണം പഠിച്ചു പഠിച്ച് ഞാൻ വളരെയേറെ വിഷമിച്ചിട്ടുണ്ട്. അടിയും നല്ലപോലെ കിട്ടിയിട്ടുണ്ട്. വ്യാകരണത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഞങ്ങൾക്ക് കഴിയാതെ വരുമ്പോൾ ഞങ്ങളുടെ അദ്ധ്യാപകൻ ഞങ്ങളെ നിർദയം തല്ലിയിരുന്നു!'

ആഫീസർ: 'ഇക്കാലത്തും ഇതുതന്നെയാണ് നടക്കുന്നത്.'

ഞാൻ ചോദിച്ചു: 'സാർ അങ്ങ് ഈ ഏർപ്പാട് എന്തുകൊണ്ട് നിർത്താൻ നിർദ്ദേശം കൊടുക്കുന്നില്ല?'

ആഫീസർ: 'സുഹൃത്തേ, അത് എന്റെ അധികാരപരിധിയിൽപെട്ട കാര്യമല്ല. ഒട്ടൊക്കെ ചെയ്യാൻ കഴിയും. എങ്കിലും ഇപ്പോൾ എന്റെ അഭിപ്രായം, ഒരു കാര്യം നല്ലവണ്ണം പഠിപ്പിക്കുമെങ്കിൽ അടിയും തൊഴിയും താനെ നിന്നുകൊള്ളും. നിങ്ങൾ തന്നെ ചിന്തിക്കൂ. വ്യാകരണം പഠിപ്പിക്കുമ്പോൾ നിങ്ങൾക്ക് ആരെയെങ്കിലും ശിക്ഷിക്കേണ്ടതായി വന്നോ?.... ശരി, സർവ്വനാമങ്ങളുടെ കാര്യത്തിൽ നിങ്ങൾ എന്തുചെയ്തു? അതു കൂടി പറഞ്ഞുതരൂ.'

ഞാൻ പറഞ്ഞു: 'സർ, മറെറന്തുചെയ്യാൻ? കുട്ടികൾക്ക് ഒരു ചെറിയ കളി പറഞ്ഞു കൊടുത്തു. ഞാനവരെപ്പറഞ്ഞു മനസ്സിലാക്കി. 'ഞാൻ' എന്നുപറഞ്ഞാൽ ആരാണ്? 'ലക്ഷ്മീശങ്കർ, സർ' കുട്ടികൾ പറഞ്ഞു. 'നിങ്ങൾ' എന്നു പറഞ്ഞാൽ ആരാണ്?' ശ്യാമസുന്ദരൻ പറഞ്ഞു. 'ഞാൻ ശ്യാമസുന്ദരൻ.'

ഞാൻ വീണ്ടും ചോദിച്ചു: 'അതാരാണ്.'

'രാമചന്ദ്രൻ'. ഈ ചോദ്യോത്തരങ്ങൾക്കുശേഷം ഞാൻ ബോർഡിൽ എഴുതി.

ഞാൻ—ലക്ഷ്മീശങ്കർ.

നിങ്ങൾ—ഭീമാശങ്കർ

അവൻ—ധനഞ്ജയൻ

നമ്മൾ—ലക്ഷ്മീശങ്കർ, ഭീമാശങ്കർ, ശ്യാംസുന്ദർ, ധനജ്ഞയൻ.

നിങ്ങഠം—രേഖാറാം, ലക്ഷ്മൺസിംഗ്, മോഹൻസിംഗ്.

അവർ—മൂന്നാം ക്ലാസിലെ മോഹൻസിംഗ്, മൂൽചന്ദ്, ലക്ഷ്മീചന്ദ്.

ഇതെല്ലാം കുട്ടികഠം വായിച്ചു. ഞാൻ പറഞ്ഞു:'ഞാൻ, നിങ്ങഠം, നീ, അവൻ ഇതെല്ലാം സർവ്വനാമങ്ങളാണ്.'

ഒരു കുട്ടി ചോദിച്ചു:'സർ, സർവ്വനാമം എന്തു വസ്തു വാണ്?'

ഞാൻ പറഞ്ഞു: 'നിങ്ങഠം തന്നെ ചിന്തിക്കൂ.'

രണ്ടാമൻ പറഞ്ഞു: 'എൻെറ' എന്ന് പറഞ്ഞാൽ 'ലക്ഷ്മൺ സിംഗിൻെറ,' ഇതല്ലേഅർത്ഥം? 'ലക്ഷ്മീശങ്കർ സാറിൻെറ എന്നു പറഞ്ഞാൽ 'താങ്കളുടെ' എന്നല്ലേ?'

മൂന്നാമൻ പറഞ്ഞു 'നിൻെറ, എൻെറ, നിങ്ങളുടെ, അവരുടെ, ഇതെല്ലാം സർവ്വനാമങ്ങളല്ലേ!' ഞാൻ പറഞ്ഞു 'അതെ, ഇതെല്ലാം സർവ്വനാമങ്ങളാണ്. മറെറാരു കുട്ടി ചോദിച്ചു: 'പക്ഷെ, സർവ്വനാമം എന്നുപറഞ്ഞാൽ എന്താണ് സാരം?'

ഞാൻ ബോർഡിൽ എഴുതി—'രാമൻെറ കയ്യിൽ സ്ളേററ് ഉണ്ട്, രാമൻെറ കയ്യിൽ പേനയുണ്ട്, രാമൻ ബ്രാഹ്മണനാണ്, രാമൻ വായിക്കുന്നു,രാമൻ ദിവസവും നേരത്തെ വരുന്നു—ലക്ഷ്മീശങ്കർ നിങ്ങളുടെ അദ്ധ്യാപകനാണ്, ലക്ഷ്മീശങ്കർ നിങ്ങളെ കാററുകൊള്ളാൻ കൂട്ടിക്കൊണ്ടു പോകുന്നു.' എല്ലാവരും ഇതെല്ലാം വായിച്ചു. പിന്നീട് ഞാൻ രണ്ടാമത്തെ വാക്യത്തിൽനിന്നും 'രാമൻ' എന്ന് മാച്ചു കളഞ്ഞ് 'അയാളുടെ' എന്നെഴുതി. 'ലക്ഷ്മീശങ്കർ' മാച്ചു കളഞ്ഞ് 'ഞാൻ' എന്നെഴുതി. എന്നിട്ട് കർത്താവനുസരിച്ച് ക്രിയാപദത്തിൽ മാററംവരുത്തി.കുട്ടികഠം വായിക്കുകയും, കാര്യം മനസ്സിലാക്കുകയും ചെയ്തു.

ഞാൻ ചോദിച്ചു: 'പറയൂ; സർവ്വനാമം ആരുടെ സ്ഥാനത്താണ് എഴുതേണ്ടത്? ചിലർ പറഞ്ഞു: 'രാമൻെറ സ്ഥാനത്ത്.' മററു ചിലർ പറഞ്ഞു: 'ലക്ഷ്മീശങ്കറിൻെറ സ്ഥാനത്ത്.' ഞാൻ ചോദിച്ചു. 'രാമൻ, ലക്ഷ്മീശങ്കർ എന്നിവ നാമമാണോ, ക്രിയാപദമാണോ?'



'നാമം'

'എങ്കിൽ, രാമൻ, ലക്ഷ്മീശങ്കർ എന്നിവയ്ക്കുപകരം വരുന്ന ശബ്ദത്തെ എന്തുവിളിക്കാം?'

'സർവ്വനാമം'

ആഫീസർ ചിരിച്ചു.അദ്ദേഹം പറഞ്ഞു:'സുഹൃത്തേ, നിങ്ങഠം നല്ല പക്വമതിയായ അദ്ധ്യാപകനാണെന്ന് എനിക്ക് തോന്നുന്നു. വളരെ വിസ്തരിച്ചും, അടുക്കും ചിട്ടയും പാലിച്ചും, ഓരോ കാര്യവും നിങ്ങഠം വർണ്ണിച്ചു പറയുന്നു.'

ഞാൻ പറഞ്ഞു: 'എനിക്കീ സ്വഭാവം ഒഴിവാക്കാൻ കഴിയില്ല; ഞാനൊരു വക്കീലൊന്നുമല്ലല്ലൊ.'

ആഫീസർ വല്ലാതെ ക്ഷീണിച്ചുകഴിഞ്ഞിരുന്നു.അദ്ദേഹം എൻെറ സംഭാഷണത്തിൽ രസിച്ചിരുന്നുവെങ്കിലും, ഞാൻ നിശബ്ദനായി. മടങ്ങാൻ അനുവാദം ചോദിച്ചു. അദ്ദേഹം സമ്മതിച്ചു.—അദ്ദേഹം ഇത്രയുംകൂടി പറഞ്ഞു: 'നിങ്ങളുടെ ക്ളാസിലെ പരീക്ഷയിൽ നിന്നും വ്യാകരണ വിഷയം ഒഴിവാക്കിയേക്കാം. പക്ഷെ ഇപ്പോഴും 'കാലവും' വിഭക്തിയും ബാക്കിയാണ്. അതെല്ലാം പഠിപ്പിച്ച് കഴിയുമ്പോഠം വന്ന് എല്ലാ കാര്യവും എനിക്ക് മനസിലാക്കി തരണം.ഞാൻ അടുത്തകൊല്ലം ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാനാഗ്രഹിക്കുകയാണ്.

ഞാനും ക്ഷീണിച്ച് തളർന്ന് വീട്ടിലെത്തി; കിടന്നുറങ്ങി.

## മൂന്ന്

അർദ്ധവാർഷിക പരീക്ഷയുടെ സമയമായി. ആഫീസർ സ്വയം പരീക്ഷ നടത്തുകയാണ് പതിവ്. സ്വതവേ അദ്ദേഹം പരീക്ഷയിൽ വളരെ തൽപരനുമായിരുന്നു.

ഞാനും എൻെറ ക്ളാസിൽ പരീക്ഷക്കുള്ള ഒരുക്കങ്ങഠം ചെയ്തിരുന്നു, എൻേറതായ മാർഗത്തിലൂടെ. എല്ലാ ക്ളാസുകളിലേയും പരീക്ഷ കഴിഞ്ഞതിനുശേഷമേ, എൻെറ ക്ളാസിൽ പരീക്ഷ നടത്താവൂ എന്ന് ഞാനദ്ദേഹത്തോട്

പ്രത്യേകം അഭ്യർത്ഥിച്ചിരുന്നു. അദ്ദേഹം അതംഗീകരിക്കുകയും ചെയ്തിരുന്നു. എന്റെ മനസിൽ പരാജയത്തെക്കുറിച്ചുള്ള ചിന്തയേയില്ലായിരുന്നു. എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് തീരെ ഉൽക്കണ്ഠയുടെ ആവശ്യവുമില്ലായിരുന്നു. നമ്മൾ ദിവസവും ചെയ്യുന്ന കാര്യങ്ങൾ തന്നെ ഇന്നും ചെയ്താൽ മതിയെന്ന് ഞാൻ വിദ്യാർത്ഥികളെ ധൈര്യപ്പെടുത്തിയിരുന്നു. 'പരീക്ഷയിൽ എല്ലാവരും ജയിക്കുകതന്നെ ചെയ്യും. ഇന്ന് നമ്മുടെ പ്രവർത്തനങ്ങൾ കാണാൻവേണ്ടി എല്ലാവരേയും വിളിച്ചിരിക്കുന്നുവെന്നു മാത്രം.'

എന്തും നാടകീയമായി ചെയ്യാറുള്ള ഞാൻ അന്നും എല്ലാ ഏർപ്പാടുകളും യവനികയ്ക്കുപിന്നിൽ തന്നെയാണ് ചെയ്തിരുന്നത്. മുൻവശത്ത് എല്ലാവരേയും ഇരുത്തിയതിനുശേഷം ഞാൻ യവനിക ഉയർത്തി.

സ്റേറജിൽ മററു ക്ലാസുകളിലെ ഒരു സംഘം വിദ്യാർത്ഥികളെ വിളിച്ചിരുത്തിയിരുന്നു. അവർക്ക് എന്റെ ക്ലാസിലെ കുട്ടി കഥ പറഞ്ഞുകൊടുക്കുന്നുണ്ടായിരുന്നു. ഇങ്ങനെയുള്ള കഥാകഥനം കുട്ടികൾ ഊഴമിട്ടാണ് ചെയ്തിരുന്നത്. ഓരോ കുട്ടിക്കും താൻ പറയേണ്ട കഥ ഇഷ്ടമായിരുന്നു. എന്തെങ്കിലും മറവി പററിയാൽ സംശയം തീർക്കാൻ പുസ്തകം മുമ്പിൽ വച്ചിരുന്നു. അവൻ സ്വന്തമായ കഴിവനുസരിച്ച് കഥപറഞ്ഞുകൊണ്ടിരിക്കുകയും ശ്രോതാക്കളോടൊപ്പം രസിക്കുകയും ചെയ്തിരുന്നു. തീർച്ചയായും കഥാകഥനത്തിൽ അവൻ സമർത്ഥനായിരുന്നു; വളരെ ഭംഗിയായി, ഭാവപ്രകടനത്തോടെ, അർത്ഥം മനസിലാക്കിത്തന്നെ അവൻ കഥ പറഞ്ഞുകൊണ്ടിരുന്നു. കഥാകഥനം കഴിഞ്ഞപ്പോൾ അദ്ധ്യാപകർ പരസ്പരം നോക്കി. ഞാൻ പറഞ്ഞു: 'ഇതാണെന്റെ ഒരു പരീക്ഷ.' ഒരദ്ധ്യാപകൻ മററൊരാളുടെ ചെവിയിൽ പറഞ്ഞു: 'ഏത് വിഷയത്തിൽ?' ഞാനതുകേട്ട് ഇങ്ങനെ പറഞ്ഞു: 'ഭാഷാസ്വാധീനം, സംഭവകഥനം, താൽപര്യം, സ്മൃതിവികാസം, അഭിനയം എന്നിവയിൽ!'

എല്ലാ അദ്ധ്യാപകരും മററു പരീക്ഷകൾ പ്രതീക്ഷിച്ചിരിപ്പായി.



വീണ്ടും യവനിക ഉയർന്നു. വിദ്യാർത്ഥികൾ വൃത്താകൃതിയിൽ ഇരുന്നിരുന്നു. മുമ്പിൽ ബോർഡിൽ എഴുതിയിരുന്നു: 'അന്ത്യാക്ഷരം കളി'. ഒരുകുട്ടി കവിത ചൊല്ലി. രണ്ടാമൻ അതിന്റെ അന്തിമാക്ഷരം കൊണ്ടു തുടങ്ങുന്ന മററൊരുകവിത ചൊല്ലി. ഇപ്രകാരം ആ വൃത്തത്തിലുള്ള എല്ലാ കുട്ടികളും ചൊല്ലിക്കഴിഞ്ഞപ്പോൾ വീണ്ടും അതേ രീതി തുടർന്നു.

ആഫീസർ ചോദിച്ചു. ഇവരെ എന്തുകൊണ്ട് അഭിമുഖമായി ഇരുത്തുന്നില്ല?.ഇതിന് സംഘങ്ങളുടെ ആവശ്യമില്ലേ?

ഞാൻ പറഞ്ഞു: 'ഇല്ല,സർ. ഞാൻ ആ സമ്പ്രദായം പരീക്ഷിച്ചു നോക്കി, ഉപേക്ഷിച്ചതാണ്. അങ്ങനെ വരുമ്പോൾ ജയം, തോൽവി എന്ന ഫലങ്ങളുണ്ടാകും. അപ്പോൾ മത്സരമായി; മത്സരത്തിൽ നിന്നും ശത്രുതയും അസൂയയും ജനിക്കും. പക്ഷെ, ഈ രീതിയിലാകുമ്പോൾ ഒരു കുട്ടിക്ക് ഓർമ്മ വന്നില്ലെങ്കിൽ അടുത്ത കുട്ടി ചൊല്ലാൻ തുടങ്ങും. അങ്ങനെ പരിപാടി മുന്നോട്ടുപോകും. ഒരു പക്ഷെ ഓർമ്മ വന്നില്ലെങ്കിൽ തന്നെ അടുത്ത പ്രാവശ്യം ആ കുട്ടിയ്ക്ക് ഓർമ്മിക്കാൻ കഴിഞ്ഞെന്നുവരും.'

ആഫീസർ അദ്ദേഹത്തിന്റെ താടി ചൊറിഞ്ഞു; കണ്ണടച്ചുതുറന്ന് അതേനോട്ടത്തോടെ ഇരുന്നു.

കുട്ടികളെ ഞാനിരുത്തിയത് കുറച്ചുസമയത്തേക്കുമാത്രമായിരുന്നു; പക്ഷെ, മണിയടിച്ചിട്ടും അവർ എഴുന്നേററില്ല. അപ്പോൾ ഞാനവർക്ക് കുറച്ചു സമയംകൂടി അനുവദിച്ചുകൊടുത്തു. പിന്നീട് കർട്ടനിട്ടു.

യവനികയ്ക്കു പുറത്തു വന്ന് ഞാൻ പറഞ്ഞു. 'സുഹൃത്തുക്കളെ, ഈ കുട്ടികൾക്ക് പാഠപുസ്തകത്തിലെ കവിതകളിൽ എത്രത്തോളം വരികൾ കാണാപ്പാഠമറിയാമെന്ന്ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിക്കാണും. കവിത പഠിപ്പിക്കുന്ന ക്ലാസിൽ ഞാനിവരെ നിത്യവും ഈകളിയാണ് അഭ്യസിപ്പിക്കാറുള്ളത്.'

ആഫീസർ അക്ഷമനായി വിളിച്ചുപറഞ്ഞു: 'ഹിയർ.... ഹിയർ! എല്ലാവരും കേൾക്കൂ.'

വീണ്ടും യവനിക ഉയർന്നു. അപ്പോൾ കുട്ടികൾ വൃത്താകാരത്തിലിരുന്നു. കടംകഥകളുടെ അർത്ഥം പറയുകയായിരുന്നു. അവർ ഉത്സാഹഭരിതരായി കാണപ്പെട്ടു.

ആഫീസർ ചോദിച്ചു: 'ഓഹോ! ഇതെല്ലാം കടംകഥകളാണല്ലോ? ഞാൻ കുട്ടിക്കാലത്ത് ധാരാളം കേട്ടിരുന്നു; പക്ഷെ പാഠ്യപദ്ധതിയിൽ ഇതില്ലല്ലൊ.' ഞാൻ പറഞ്ഞു: 'സർ, പാഠ്യപദ്ധതിയിൽ ഭാഷാശിക്ഷണത്തിന് സ്ഥാനമുണ്ടല്ലൊ. പാഠ്യപദ്ധതിയുടെ അടിസ്ഥാനലക്ഷ്യം കുട്ടികളുടെ ജിജ്ഞാസക്കും ബുദ്ധിവികാസത്തിനും, ജ്ഞാന വർദ്ധനക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതല്ലേ? എന്റെ എല്ലാ വിദ്യാർത്ഥികളും ഈ കളിയിൽ വളരെയേറെ തല്പരരാണ്. ഇവർക്ക് ധാരാളം കടംകഥകൾ അറിയാം. അതുകൊണ്ടാണ് ഇതിന് ഞാൻ പ്രാധാന്യം കൊടുത്തത്. അടുത്തവർഷം അങ്ങ് ഇനിയും പാഠ്യപദ്ധതിയിൽ സ്ഥാനം നൽകുമെന്ന് ഞാനാശിക്കുന്നു.'

പിന്നീട് ഞങ്ങൾ പദങ്ങളുടെ കളി ആരംഭിച്ചു: ഒരു പദം പറഞ്ഞുകഴിഞ്ഞാൽ അതിന്റെ അന്തിമാക്ഷരം കൊണ്ട് മറ്റൊരു പദവും, അതിന്റെ അന്തിമാക്ഷരംകൊണ്ട് മൂന്നാമതൊരുപദവും ഉച്ചരിക്കുക. ഈ കളി പൊതുവെ എളുപ്പമായിരുന്നു. എങ്കിലും ഒരു വിദ്യാർത്ഥി ഗ്രാമങ്ങളുടേയും മറ്റൊരുവൻ പട്ടണങ്ങളുടേയും, വേറെ ചിലർ പർവ്വതങ്ങൾ നദികൾ, ഹിന്ദുക്കൾ, മുസൽമാന്മാർ, ബ്രാഹ്മണർ, സേട്ടുമാർ, എന്നിവരുടേയും പേരുകൾമാത്രം അവർക്കു പറയാൻ തെരഞ്ഞെടുത്തിരുന്നതു കൊണ്ട് കേൾവിക്കാർക്ക് വളരെ രസകരമായിരുന്നു. ഞാൻ എന്റെ അദ്ധ്യാപക സുഹൃത്തുക്കളോട് പറഞ്ഞു.

ഈ കളിക്കുവേണ്ടി ഞാനന്റെ വിദ്യാർത്ഥികളോട് പറയാറുണ്ട്, കൂടുതൽ കൂടുതൽ പദങ്ങൾ ശേഖരിക്കാൻ. ഭൂപടങ്ങൾ, ശബ്ദകോശം, മററു പുസ്തകങ്ങൾ എന്നിവ നോക്കിയാണ് അവർ പദങ്ങൾ ശേഖരിക്കാറുള്ളത്. അതുകൊണ്ട് വളരെയധികം ശബ്ദങ്ങൾ അവരുടെ നാവിൻ തുമ്പിൽ നൃത്തം ചെയ്യുന്നതായി കാണാം. കളിക്കുവാനുള്ള, വൈവിധ്യമുള്ള, ഭിന്നവർഗത്തിൽപ്പെടുന്ന പദങ്ങൾ



ശേഖരിക്കുന്നതിനാണ് അവർ കൂടുതൽ സമയവും വിനിയോഗിച്ചിരുന്നത്. അവർ പരസ്പരം പറഞ്ഞ് പദങ്ങൾ ഓർമ്മിക്കുകയും, എഴുതിവെക്കുകയും ചെയ്തിരുന്നു.'

ആഫീസർ പറഞ്ഞു: 'സുഹൃത്തേ, ഈ കളിയിൽ ഒരു മഹത്തായ തത്വം അടങ്ങുന്നുണ്ട്....ഇമ്മാതിരിയുള്ള കളികൾ ബുദ്ധിവികാസത്തിന്റേയും ജ്ഞാനവർദ്ധനയുടേയും അടിസ്ഥാന മാദ്ധ്യമങ്ങളായി കണക്കാക്കി എല്ലാ ക്ലാസുകളിലും പരിശീലിപ്പിക്കേണ്ടവയാണ്.'

എന്റെ നേരെ ഒരു പ്രത്യേക ദൃഷ്ടിയോടെ നോക്കിയിട്ട് അദ്ദേഹം തുടർന്നു. 'നിങ്ങളും ഒട്ടു കൊള്ളാം.... പുതിയ പുതിയ രീതികൾ അന്വേഷിച്ചെടുക്കുന്നുണ്ടല്ലൊ!'

ആ സമയം ഒരദ്ധ്യാപകൻ തന്റെ അടുത്തിരുന്ന അദ്ധ്യാപകനോട് ആഫീസർ കേൾക്കാത്ത മട്ടിൽ ഇങ്ങനെ പറഞ്ഞു. 'അതിനാണല്ലൊ, ലക്ഷ്മീശങ്കർ ഇവിടെ വന്നിട്ടുള്ളത്. അയാൾക്ക് പഠിപ്പിക്കാനൊന്നുമില്ലല്ലൊ. അയാൾ ആഹ്ളാദിക്കുകയല്ലേ. നമുക്കാണെങ്കിൽ പഠിപ്പിച്ച് പഠിപ്പിച്ച് തല പുകയുന്നു. ഇവിടെയാകട്ടെ, ഈ വിദ്വാന്റെ പരിപാടികളിൽ, കളിതന്നെ, കളി!'

ഇതുകേട്ട അദ്ധ്യാപകൻ പറഞ്ഞു: 'സ്നേഹിതാ, ഇപ്പോൾ പുതിയ അദ്ധ്യാപനത്തിന്റെ കാലമാണ്. പാഠം ഉരുവിടുക, പുസ്തകങ്ങൾ ചുമന്നു നടക്കുക, വായിച്ചറിയുക മുതലായ അദ്ധ്യയന രീതികളുടെ കാലം കഴിഞ്ഞുപോയിരിക്കുന്നു. ഇപ്പോൾ പഠിക്കുന്നതിനുപകരം കളിയും ഓട്ടവുമൊക്കെയാണ്. നാളെ എന്താകുമെന്നാർക്കറിയാം. ഇപ്പോൾ ആർക്കും പഠിക്കാനുള്ള താൽപര്യം തന്നെയില്ല. കളിക്കാൻ അവസരം കൊടുത്താൽ എല്ലാവരും ഇഷ്ടപ്പെടും.'

കുട്ടികളുടെ പരിപാടികൾ കാണിച്ചുകൊടുക്കുന്നതിലായിരുന്നു എന്റെ ശ്രദ്ധ മുഴുവനും. അതുകൊണ്ട് ഞാനിവരുടെ സംഭാഷണം കേട്ടില്ല; പിന്നീട് ആരോ പറഞ്ഞ് അറിഞ്ഞതാണ്.

ഞാൻ വിസിൽ വിളിച്ചു. എല്ലാ കുട്ടികളും കയ്യിൽ ചൂലും പിടിച്ച് വരിവരിയായി നിന്നിരുന്നു. ഞാൻ അവരെക്കൊണ്ട് അതേ നിൽപിൽ ചില വ്യായാമങ്ങൾ ചെയ്യിച്ചു. പിന്നീടവർ ചുററും തൂത്തുവൃത്തിയാക്കാൻ തുടങ്ങി. അവർ വിദ്യാലയം മുഴുവൻ ഓടിനടന്ന് ചപ്പു ചവറുകൾ കണ്ടത് തൂത്തുകൂട്ടി ഒരു കുട്ടയിൽ വാരി യെടുത്ത് ഞങ്ങളുടെ മുമ്പിൽ എത്തി.

ആഫീസറും മററദ്ധ്യാപകരും അദ്ഭുതസ്തബ്ധ രായി ഇതെല്ലാം നോക്കിയിരുന്നു. എന്റെ ക്ലാസിലെ കുട്ടികളെ സംബന്ധിച്ച് ഇതും ഒരു പരീക്ഷയായിരുന്നു.

ആഫീസർ ചോദിച്ചു: 'ഇങ്ങനെ ചൂലെടുത്ത് കവാ ത്തെടുപ്പിച്ചതിന്റെ അർത്ഥമെന്താണ്?' ഞാൻ പറഞ്ഞു: 'ഇക്കാലത്ത് നമ്മുടെ നാട്ടിൽ വൃത്തിഹീനതയാണെവി ടേയും. അത് നമുക്കൊരു ദേശീയ കളങ്കമാണ്. ഇതിന്റെ സാമ്രാജ്യം നിലനിൽക്കുന്ന കാലത്തോളം നമ്മുടെ ദുരവ സ്ഥ മാറാൻ പോകുന്നില്ല. അതുകൊണ്ടാണ് അതിനെതി രായി ഞാൻ ആദ്യമായി ആക്രമണം തുടങ്ങിയത്. നമുക്ക് ഈ വൃത്തിഹീനത ഒഴിവാക്കാൻ നിയമാനുസൃതമായ യുദ്ധം തുടങ്ങണം. ചൂലുപിടിച്ചുകൊണ്ടുള്ള കവാത്ത് അതിന്റെ ഒരു സൂചനമാത്രമാണ്. ഈ കുട്ടികളുടെ ആദ്യ പാഠം ഈ കവാത്തെടുക്കലാണ്. ഞങ്ങൾ ക്ളാസ്മുറി വൃത്തിയാക്കാതെ മറെറാന്നും ചെയ്യാറില്ല. ഇപ്പോൾ ഇവർക്ക് വൃത്തികേട് അസഹ്യമായിത്തുടങ്ങിയിരിക്കുന്നു.'

ഞാനിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ കുട്ടികൾ കയ്യും കാലും മുഖവും കഴുകി തിരിച്ചെത്തി. ഞാൻ മറെറാരു വിസിൽ വിളിച്ചു. ആഫീസർ പറഞ്ഞു: 'നിങ്ങളുടെ ഈ പരീക്ഷണങ്ങൾ വളരെ വിചിത്രമായിരി ക്കുന്നു. നാലാം ക്ലാസിലെ അദ്ധ്യാപനത്തിൽ പരീക്ഷണം നടത്തി ഇങ്ങനെ എന്തെല്ലാമാണ് നിങ്ങൾ ചെയ്തിരിക്കു ന്നത്!'

'സർ, എന്റെ പരീക്ഷണത്തിൽ ഈ കാര്യങ്ങൾക്കെല്ലാം അവസരം കിട്ടുന്നുണ്ട്. നാലംക്ലാസിലെ പാഠങ്ങൾ പഠിപ്പി



ക്കുന്നതിനുമുമ്പ് ഇവർക്ക് ഒന്നാംക്ളാസിലെ പാഠങ്ങൾ പഠിച്ചുറക്കേണ്ടതല്ലേ?'

കുട്ടികൾ പുറത്തേക്കോടിക്കഴിഞ്ഞിരുന്നു. അവർ വിദ്യാ ലയത്തിലെ വൃക്ഷങ്ങളിൽ കയറിപ്പററി. ഞാൻ വീണ്ടും വിസിലടിച്ചു. അവർ ചാടി താഴെയിറങ്ങി. അടുത്ത വിസി ലിന് വീണ്ടും മുകളിൽ കയറി. തുടർന്ന് വിസിൽ വിളിച്ച പ്പോൾ താഴെയിറങ്ങി.

പ്രധാനാദ്ധ്യാപകൻ: 'സുഹൃത്തേ, ഇത് വിചിത്ര മായ അദ്ധ്യാപനം തന്നെ! ഇത് പഠിപ്പിച്ചില്ലെങ്കിലും ചെയ്യാൻ കഴിയില്ലേ? ഇതിൽ പഠിപ്പിക്കാനെന്തിരിക്കുന്നു?

ഞാൻ പറഞ്ഞു: 'സർ, ഇക്കാലത്ത് ശിക്ഷണമില്ലാതെ, ഇതൊന്നും കുട്ടികൾക്ക് ചെയ്യാൻ കഴിയില്ല. നമ്മളാകട്ടെ, ശിക്ഷണം നൽകുന്നുമില്ല.'

പ്രധാനാദ്ധ്യാപകൻ: 'അല്ല....അത് ശരിയല്ല....'

ഞാൻ പറഞ്ഞു: 'ശരി....എന്നാൽ, അതാ, നമ്മുടെ വിദ്യാലയത്തിലെ മററുകുട്ടികൾ നിൽക്കുന്നുണ്ടല്ലൊ. അവ രിൽ എത്രപേർക്ക് ഇങ്ങനെ കയറാനും ഇറങ്ങാനും കഴിയു മെന്ന് ചോദിക്കൂ.'

ഉടനെതന്നെ ആഫീസർ അവരോട് മരത്തിൽ കയറാൻ നിർദ്ദേശിച്ചു. രണ്ടുമൂന്ന് വിദ്യാർത്ഥികളൊഴികെ മററാർക്കും അതിന് കഴിഞ്ഞില്ല.

ഞാൻ പറഞ്ഞു: 'സർ, ഈ കുട്ടികൾക്ക് ഇതുപോലെ പല കാര്യങ്ങളിലും ഞാൻ ശിക്ഷണം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം എന്റെ അദ്ധ്യാപനത്തിന്റേയും പരീ ക്ഷണത്തിന്റേയും വിഷയങ്ങളാണ്.' ഞാൻ ഒന്ന് ചിരിച്ചു കൊണ്ട് തുടർന്നു: 'സർ, പരീക്ഷാ പേപ്പറിൽ ഈ കളി കളുടെ പേരുകളുണ്ട്. ഇവയ്ക്കുള്ള റാങ്ക് നമ്പറും അങ്ങ് നൽകണം.'

ആഫീസർ വിനോദരൂപത്തിൽ പറഞ്ഞു: 'കൊള്ളാം! ഒടുവിൽ നിങ്ങളും എന്നോട് റാങ്ക് നമ്പർ ആവശ്യപ്പെ ടുമോ?'

ഞാൻ മൂന്നാമതും വിസിലടിച്ചു. ഉടനെ കുട്ടികൾ വിദ്യാലയത്തിലെ അലമാരിയിൽനിന്നും ഏറുപമ്പരവും ചരടും എടുത്തുകൊണ്ടുവന്നു. ഓരോരുത്തരും അവരവരുടെ ഏറുപമ്പരം എറിഞ്ഞ് കറക്കാൻ തുടങ്ങി.തെരുവിലെ അടിപിടിക്കാരായ കുട്ടികളെപ്പോലെയല്ല,മറിച്ച് യാതൊരു ബഹളവും തർക്കവും കൂടാതെ അവർ കളിച്ചുകൊണ്ടിരുന്നു. അവർ ആ കളിയിൽ തികച്ചും ഏകാഗ്രത പുലർത്തിയിരുന്നു. നിശ്ചിത സ്ഥലത്തുമാത്രം അവർ കളിച്ചു. ഓരോ സംഘത്തിനും നേതാവുണ്ടായിരുന്നു. ഞങ്ങളും കുട്ടിക്കാലത്ത് ഏറുപമ്പരം കളിച്ചിരുന്നു; അതുകൊണ്ട് ഞങ്ങൾക്കെല്ലാം ഇതുകണ്ടപ്പോൾ വളരെ ആഹ്ളാദം തോന്നി.

ആഫീസർ ചോദിച്ചു. 'സുഹൃത്തേ, ഇവരെ ഇത്രയ്ക്ക് അച്ചടക്കത്തോടെ, നിയമാനുസൃതം ഏറുപമ്പരം കളിക്കാൻ നിങ്ങൾ എപ്പോഴാണ് പരിശീലിപ്പിച്ചത്?

'സർ, ഞങ്ങൾക്ക് പഠിക്കാനും, പഠിപ്പിക്കാനുമുള്ള സ്ഥലം നദീതീരമാണ്. ഞങ്ങൾ കാററുകൊള്ളാൻ പോകുമ്പോൾ ഇത്തരം പല കാര്യങ്ങളും ചെയ്യാറുണ്ട്. കളികളോടൊപ്പം ഞങ്ങൾ പല കാര്യങ്ങളും പഠിക്കാറുണ്ട്.'

ആഫീസർ ഇംഗ്ളീഷിൽ പറഞ്ഞു:'നിങ്ങൾ പറഞ്ഞത് ശരിയാണ്. ഈയ്യിടെ ഞാൻ വായിക്കുകയുണ്ടായി, കുട്ടികൾ കളികളിലൂടെ പഠിക്കുന്നുവെന്ന്'. എന്നിട്ടദ്ദേഹം പ്രധാനാദ്ധ്യാപകന്റെ നേരെ മുഖം തിരിച്ച് പറഞ്ഞു: 'താങ്കളുടെ വിദ്യാലയത്തിൽ മുഴുവനും ഈ കാര്യങ്ങൾ നടത്താനുള്ള ഏർപ്പാടുചെയ്യാൻ കഴിയില്ലേ?'

പ്രധാനാദ്ധ്യാപകൻ പറഞ്ഞു: 'സർ, ഞങ്ങളിതൊക്കെ ചെയ്യാൻ തുടങ്ങിയാൽ പാഠ്യപദ്ധതി എങ്ങനെ പൂർണ്ണമാക്കാൻ കഴിയും?....ഈ സഹോദരന് ഉത്തരവാദിത്വത്തെക്കുറിച്ച് ഒട്ടും ചിന്തിക്കാനില്ല.ഒരു കൊല്ലംകൊണ്ട് പഠിപ്പിക്കാവുന്നത് പഠിപ്പിക്കും. അത്രതന്നെ....എല്ലാം പരീക്ഷണമായിരുന്നുവെന്ന് പറയും. ചെയ്യാവുന്നത് ചെയ്താൽ മതി. ചെയ്തില്ലെങ്കിലോ ആരും ആക്ഷേപം പറയാനുണ്ടാവില്ല. താങ്കളും പറയും,പരീക്ഷണത്തിനിടയിൽ എത്രത്തോളം പഠിക്കാൻ കഴിഞ്ഞുവോ, അത്രയും നന്നായല്ലോ എന്ന്....ഞങ്ങളുടെ സ്ഥിതി അതാണോ? ഞങ്ങൾ പാഠ്യപദ്ധതിയുടെ ചങ്ങലയിൽ ബന്ധിതരല്ലേ? അങ്ങു തന്നെയല്ലേ, മുകളിൽനിന്നും എഴുതിച്ചോദിക്കുന്നത്, ജോലി എന്തുകൊണ്ട് പൂർണ്ണമാക്കിയില്ല, പരീക്ഷാഫലം എന്തുകൊണ്ട് നന്നായില്ല, പാഠ്യപദ്ധതി എന്തുകൊണ്ട് പൂർത്തിയാക്കില്ല, എന്നെല്ലാം?'



ആഫീസർ ഒന്നു ചിരിച്ചു. അല്പം നീരസംതോന്നിയെങ്കിലും നിശബ്ദനായി.

ഞാൻ വിസിലടിച്ചു. കുട്ടികൾ അവരുടെ ഷർട്ടൂരിവച്ചു; വരിയായിനിന്നു. എല്ലാവരും അററൻഷനായി നിൽക്കുകയായിരുന്നു; നല്ല അച്ചടക്കത്തോടെ. എല്ലാവരും നല്ല ശുചിത്വമുള്ളവരായി കാണപ്പെട്ടു.ബ്രാഹ്മണന്റെ പൂണുനൂൽ ചളിപിടിച്ചതായിരുന്നിട്ടും, കയ്യും മുഖവും മൂടിയുമെല്ലാം ശുചിയായിരുന്നു. ആരുടെ കണ്ണിലും പീളയില്ലായിരുന്നു. തൊപ്പികൾ കഴുകി വെളുപ്പിച്ചവയായിരുന്നു.

ആഫീസർ അല്പം ചിരിച്ചുപറഞ്ഞു 'എത്രനാളത്തെ ഒരുക്കമുണ്ടായി ഇതിനെല്ലാം? ശുചിത്വം സംബന്ധിച്ച ഈ ഒരുക്കങ്ങൾ വളരെ ദിവസം വേണ്ടിവന്നിട്ടുണ്ടാകും.'

ഞാൻപറഞ്ഞു 'സർ, ആറുമാസമായി ഒരുക്കം നടന്നുകൊണ്ടിരിക്കുകയാണ്, ആറുമാസമായി അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങയെ എന്തിന് ഒളിക്കുന്നു?'

ഞാൻ വീണ്ടും വിസിലടിച്ചു. കുട്ടികൾ ഡ്രസ്ധരിച്ച് ആഹ്ളാദത്തോടെ വരിയായിനിന്നു. എല്ലാവരേയും വന്ദിച്ച്നടന്നുപോയി. പ്രധാനാദ്ധ്യാപകൻ എന്നെ ഗൂഢമായി നോക്കിയിട്ട് ചോദിച്ചു: 'എന്താ, പരീക്ഷ കഴിഞ്ഞോ?'

ഞാൻ പറഞ്ഞു: 'സാർ അൽപ്പംകൂടി ക്ഷമിക്കൂ. നിങ്ങളെല്ലാവരും ആ മുറിയിലേക്ക് ചെന്നാൽ കൊള്ളാം.

പ്രധാനാദ്ധ്യാപകൻ: 'ശരി, ശരി. താങ്കൾ കുറച്ചു ദിവസം മുമ്പ് എന്തോ കാര്യത്തിനെന്നുപറഞ്ഞ് ഈ മുറി ഒഴിവാക്കി വാങ്ങിയിരുന്നുവല്ലോ. ഞങ്ങളെ ആരേയും അകത്തു കടക്കാൻ അനുവദിച്ചിരുന്നുമില്ല. എന്തെങ്കിലും ശേഖരിക്കുകയായിരുന്നുവോ?'

ഞാൻ പറഞ്ഞു: 'അതിരിക്കട്ടെ, എല്ലാവരും വരൂ.'

ഞങ്ങൾ മുറിയിൽ ചെന്നു.

ആഫീസർ: 'കൊള്ളാമല്ലോ. ഇവിടെ പലതരത്തിലുള്ള കൗതുകവസ്തുക്കൾ ശേഖരിച്ചിട്ടുണ്ടല്ലോ.'

പ്രധാനാദ്ധ്യാപകൻ: ഞാനും ഇത് ഊഹിക്കാതിരുന്നില്ല. കുട്ടികൾ സാധനങ്ങൾ കൊണ്ടുവരാനും സൂക്ഷിക്കാനും ഉൽസാഹം കാണിക്കുന്നത് കണ്ടിരുന്നു.

ഞാൻ പറഞ്ഞു: 'സാർ, കുട്ടികൾ വളരെ ഉൽസാഹത്തോടെയാണ് ഇതെല്ലാം ചെയ്തത്. ഞാനവരോട് പറഞ്ഞിരുന്നു, അവരുടെ ഇഷ്ടംപോലെ എല്ലാം അലങ്കരിച്ചു വയ്ക്കാൻ. ഞാൻ യാതൊരഭിപ്രായവും പറയില്ലെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നു.'

ആഫീസർ: 'അപ്പോൾ ഈ സാധനങ്ങൾ ഇതുപോലെ ഒരുക്കി അലങ്കരിച്ചുവച്ചത് വിദ്യാർഥികൾ തന്നെയാണോ?'

ഞാൻ പറഞ്ഞു: 'അതെ, സാർ.'

ആഫീസർ: 'പക്ഷെ, ഇത് വിശ്വസിക്കാൻ കഴിയുന്നില്ല. വളരെയേറെ കലാപരമായിട്ടുണ്ട് ഈ സംവിധാനം!'

ഞാൻ നിശബ്ദനായി. എന്റെ പ്രവൃത്തിയുടെ പരിണാമം അതിന്റെ വൈശിഷ്ട്യം വെളിവാക്കുകയായിരുന്നു.

ആഫീസർചോദിച്ചു: 'ഈ സാധനങ്ങളെല്ലാം എങ്ങനെ, എവിടെ നിന്ന് സംഭരിച്ചു? ....കുട്ടികളുടെ സ്വഭാവം മനസ്സിലാക്കാൻ ഇവയെല്ലാം തികച്ചും പര്യാപ്തമാണ്.'

പ്രധാനാദ്ധ്യാപകൻ മുറുമുറുത്തു: 'അപ്പോൾ പഠിപ്പിക്കാൻ സമയമെവിടെ?'

കുട്ടികൾ അവിടെ സംഗ്രഹിച്ചിരുന്ന വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കി. ആഫീസർ അതുവായിച്ചുനോക്കി അത്യധികം സന്തുഷ്ടനായി. എന്നിട്ട് പറഞ്ഞു: 'ഈ കുട്ടികൾ തീർച്ചയായും സമ്മാനം അർഹിക്കുന്നു.'

ഞാൻ പറഞ്ഞു: 'സാർ, ഈ വസ്തുക്കൾ ശേഖരിക്കുന്നതിൽ അവർക്കുണ്ടായ ആഹ്ലാദം തന്നെയാണ് അവർക്ക് ലഭിക്കുന്ന ഏററവും ഉത്തമമായ പുരസ്ക്കാരം.'



ആഫീസർ: 'എന്നാലും........'

ഞാനൊന്നും പറഞ്ഞില്ല.

മുറിയുടെ ഒരു മൂലയിൽ മണ്ണുകൊണ്ടുള്ള ചില കളിക്കോപ്പുകൾ വച്ചിരുന്നു.

ആഫീസർ: 'ഇതെല്ലാം ആരാണുണ്ടാക്കിയത്?'

ഞാൻ: 'സർ, കുട്ടികൾതന്നെ. ഈ മുറിയിൽ എന്റേതായിട്ട് ഒന്നുംതന്നെയില്ല!'

ആഫീസർ: 'പക്ഷെ, ഈ കുട്ടികൾ ഈ സാധനങ്ങൾ എന്നാണുണ്ടാക്കിയത്? ഇതെവിടെ ചുട്ടെടുത്തു?'

ഞാൻ പറഞ്ഞു: 'ഇവർ എന്നും നദീതീരത്തുവച്ചാണ് ഇതെല്ലാം ഉണ്ടാക്കിയിരുന്നത്. അവിടെത്തന്നെ ചൂളയുണ്ടാക്കി ചുട്ടുപാകപ്പെടുത്തുകയാണ് പതിവ്.'

ആഫീസർ: 'കൊള്ളാം,സഹോദരാ നിങ്ങളുടെ പ്രായോഗികബുദ്ധിയെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ ഈ പരീക്ഷണങ്ങൾ അദ്ഭുതകരംതന്നെ....ഇവക്ക് മററു ഉപകരണങ്ങളൊന്നും കിട്ടാത്തപ്പോൾ നദീതീരത്ത് ഓടിയെത്തുന്നു. വയലിലെ മണ്ണ് കുഴിച്ച് പ്രതിമകളുണ്ടാക്കുന്നു.... സബാഷ്!'

ഇതിനിടയിൽ ഞാൻ പറഞ്ഞു: 'ഇനി അങ്ങ് കുറച്ചു നേരം ഇവിടെയിരുന്ന് വിശ്രമിക്കൂ....ഇവരുടെ മററു ചില പ്രവൃത്തികൾ കൂടി അങ്ങയെ കാണിച്ചുതരാം.'

എല്ലാവരും യഥാസ്ഥാനം ഇരുന്നു.

പ്രധാനാദ്ധ്യാപകൻ പറഞ്ഞു: 'സർ, ഇതൊക്കെ ഞങ്ങൾക്കും ചെയ്തു കാണിക്കാൻ കഴിയും; പക്ഷെ പഠിപ്പിക്കാൻ സമയം കിട്ടില്ലെന്നു മാത്രം!'

ഇതിനിടയിൽ ഞാൻ അക്ഷരങ്ങൾ ആലേഖനം ചെയ്തിരുന്ന കുറെ കട്ടിക്കടലാസുകൾ എടുത്തുകൊണ്ടുവന്നു. ഒരു ഷീററിൽ, ഞാനവരെ പഠിപ്പിക്കാൻ തുടങ്ങിയസമയത്തെ അക്ഷരങ്ങൾ എഴുതിയിരുന്നു. മറെറാന്നിൽ ഇന്നലെയെഴുതിയ ഏററവും പുതിയ അക്ഷരങ്ങളും. ആ ഷീററുകളിൽ എഴുതിയിരുന്നു: 'അക്ഷരപുരോഗതി സൂചകപത്രിക.' അക്ഷരങ്ങൾ ആലേഖനം ചെയ്യുന്നതിലുള്ള ഈ പുരോഗതി എല്ലാവർക്കും വളരെ ഇഷ്ടപ്പെടും.

പക്ഷെ, ഒരദ്ധ്യാപകൻ അപരൻെറ ചെവിയിൽ പറഞ്ഞു 'എടോ, ഇതെല്ലാം പ്രത്യേക വിദ്യാർത്ഥികളെക്കൊണ്ട് വളരെ സാവധാനത്തിൽ എഴുതിച്ചതാവും.'

എനിക്ക് ആ അദ്ധ്യാപകൻെറ രഹസ്യസംസാരം മനസ്സിലായി. അവരുടെ ഇത്തരം അഭിപ്രായങ്ങൾ കേവലം അല്പത്വമെന്നു കരുതി ഞാൻ മിണ്ടാതിരുന്നു.

ആഫീസർ ചോദിച്ചു: സുഹൃത്തേ, നിങ്ങളിങ്ങനെ കുട്ടികളുടെ എഴുത്തിൽ പുരോഗതി വരുത്തിയത് എങ്ങനെയാണെന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു.

ഞാൻ പറഞ്ഞു: തീർച്ചയായും, തീർച്ചയായും. അത് തെളിവുകളോടെ വ്യക്തമാക്കാം.

പിന്നീട് ഞാൻ മററൊരുപുസ്തകം എടുത്തുകൊണ്ടുവന്നു. കഴിഞ്ഞ ആറുമാസമായി കുട്ടികൾ വായിച്ചിരുന്ന പുസ്തകങ്ങളുടെ ലിസ്ററ് അതിൽ എഴുതിച്ചേർത്തിരുന്നു. പുസ്തകത്തിൻെറ ഓരോ പേജിലും വിദ്യാർത്ഥികളുടെ പേർ എഴുതിയിരുന്നു. വിദ്യാർത്ഥികൾ പുസ്തകം വായിച്ചതിനുശേഷം അവരവരുടെ പേർ സ്വയം അതിൽ എഴുതിച്ചേർക്കുകയാണ് ചെയ്തിരുന്നത്.

ആ പുസ്തകത്തിലെ അവസാനത്തെ പേജിൽ ഞാൻ ചില കണക്കുകൾ എഴുതിച്ചേർത്തിരുന്നു. ഓരോ കുട്ടിയും വായിച്ച പുസ്തകത്തിൻെറ എണ്ണം, ശരാശരി എണ്ണം, ഏററവും കൂടുതൽ പുസ്തകം വായിച്ച വിദ്യാർത്ഥികളുടെ പേരുകൾ, ഏററവും കുറവു വായിച്ചവരുടെ പേരുകൾ മുതലായ വിവരങ്ങൾ അതിൽ നിന്നു കിട്ടിയിരുന്നു. വായിച്ച പുസ്തകങ്ങളെ വിവിധ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഓരോ കുട്ടിയും ഏതു വിഷയത്തോട് ബന്ധപ്പെട്ട പുസ്തകങ്ങളാണ് ഏററവും കൂടുതൽ താല്പര്യത്തോടെ വായിച്ചതെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു.

ആഫീസർ ആ ലിസ്ററിലൂടെ കണ്ണോടിച്ചു. അദ്ദേഹം അദ്ഭുതത്തോടെ ചോദിച്ചു: 'ഇത്രയധികം പുസ്തകങ്ങളോ? അതും ഇത്രയധികം വിഷയങ്ങളെ സംബന്ധിച്ചവ! ഇതെല്ലാം ഇവർ എപ്പോൾ വായിച്ചിട്ടുണ്ടാകും?'



ഞാൻ പറഞ്ഞു: അതേ, സർ. ഇവർ ഇത്രയും പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. അതും എൻെറ കൺമുമ്പിൽ.

ആഫീസർ ചോദിച്ചു: 'ഹെഡ്മാസ്ററർ, അങ്ങയുടെ ഏഴാം ക്ലാസിലെ കുട്ടികൾ ഈ ആറുമാസത്തിനകം എത്ര പുസ്തകങ്ങൾ വായിച്ചിട്ടുണ്ടാകും?'

പ്രധാനാദ്ധ്യാപകൻ: സർ, അവർക്കെങ്ങിനെ വായിക്കാൻ കഴിയും? അവർ മററു പുസ്തകങ്ങൾ വായിക്കാനിരുന്നാൽ ചരിത്രം, ഭൂമിശാസ്ത്രം, രേഖാഗണിതം എന്നിവയുടെ കാര്യമെന്താകും? അതെല്ലാം ഓർമ്മിക്കാൻ സമയം വേണ്ടെ?

ആഫീസർ നിശബ്ദനായിരുന്നു; തീർച്ചയായും അദ്ദേഹം എന്തോ ചിന്തിക്കുകയായിരുന്നു. അൽപ സമയത്തിനുശേഷം അദ്ദേഹം എൻെറ നേരെ നോക്കി പറഞ്ഞു: 'നിങ്ങളുടെ കുട്ടികൾ പരീക്ഷയെടുക്കാതെ തന്നെ ഭാഷാ വിഷയത്തിൽ ജയിക്കാൻ അർഹരാണ്! ഇനി എന്തെല്ലാമാണ് ബാക്കിയുള്ളത്?'

ഞാൻ വിദ്യാത്ഥികളുടെ ഒരു കയ്യെഴുത്തു മാസിക അദ്ദേഹത്തിൻെറ മുമ്പിൽ വച്ചുകൊടുത്തു. ആഫീസർ ചോദിച്ചു. 'ലേഖനങ്ങളെല്ലാം ഈ കുട്ടികളുടെയാണോ?'

'അതെ, സർ'

'ഇതിൽ ചില കവിതകളുണ്ടല്ലൊ.... അതും....?'

'അതെ, സർ. എൻെറ ചില വിദ്യാർത്ഥികൾ കവിതയെഴുതാനും ശ്രമിക്കുന്നുണ്ട്.'

'പക്ഷെ, ഇവരുടെ കവിതകൾ നിങ്ങൾ തിരുത്തി പരിഷ്ക്കരിക്കാറുണ്ടോ?'

'ഇല്ല, ഇതുവരെ അങ്ങനെ ചെയ്തിട്ടില്ല. എഴുതിയപോലെ പ്രസിദ്ധീകരിച്ചിരിക്കുകയാണ്.'

'ഇതെല്ലാം കുട്ടികൾ അവരുടെ ഇഷ്ടമനുസരിച്ച് എഴുതുന്നതാണോ, മററു വല്ലതിൽനിന്നും പകർത്തുന്നതാണോ? അതോ, നിങ്ങൾ പറഞ്ഞുകൊടുക്കുന്നതോ?'

'ഞാനിവരോട് പറയുന്നത്, താൽപര്യമുള്ളതെഴുതാനാണ്. എന്തു തോന്നുന്നുവോ, അതെഴുതുക. എന്തും

എഴുതാം. എഴുതുന്നതെല്ലാം പ്രസിദ്ധീകരിക്കുക. എല്ലാം പ്രസിദ്ധീകരിക്കാറുമുണ്ട്.'

'ഈ ലക്കം അർദ്ധവാർഷിക പരീക്ഷയ്ക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയതാണോ?' ആഫീസർ ചോദിച്ചു.

ഞാൻ പറഞ്ഞു: 'ഒരിക്കലുമല്ല. കഴിഞ്ഞ മൂന്നുമാസമായി ഓരോ മാസവും ഇതു നടത്താറുണ്ട്. ഈ ലക്കം പരീക്ഷയ്ക്ക് പ്രദർശിപ്പിച്ചു എന്നത് ശരിയാണ്. പക്ഷെ, പരിക്ഷയ്ക്കുവേണ്ടി തയ്യാറാക്കിയതല്ല.'

ആഫീസർ സന്തോഷത്തോടെ തലയാട്ടി. എന്നിട്ട് പറഞ്ഞു: 'വളരെ മനോഹരമായിട്ടുണ്ട്.' തുടർന്ന് എന്റെ നേരെ നോക്കിപ്പറഞ്ഞു: 'സുഹൃത്തെ, നിങ്ങൾ ചെയ്യുന്നതെല്ലാം അതിവിചിത്രം തന്നെ! ഈ ആറുമാസത്തിനകം നിങ്ങൾ എവിടെ നിന്ന് എവിടം വരെ എത്തിച്ചേർന്നു!'

പ്രധാനാദ്ധ്യാപകൻ പതുക്കെ പറഞ്ഞു: 'ഇനി ഗണിതം, ഭൂമിശാസ്ത്രം, ചരിത്രം എന്നിവയുടെ പരീക്ഷ എപ്പോൾ നടക്കും? ഞങ്ങൾ ഉച്ചയ്ക്ക് വരട്ടെ?'

ഒരു പക്ഷെ പ്രധാനാദ്ധ്യാപകൻ ഇങ്ങനെ ചോദിച്ചത് എന്നെ ഗൂഢമായി കളിയാക്കാനായിരിക്കും. ഞാനിതുവരെ കണക്കും ഭൂമിശാസ്ത്രവും പഠിപ്പിക്കാൻ തുടങ്ങിയിരുന്നതേയില്ല. അദ്ദേഹത്തിന് ഈ വിവരം അറിയാമായിരുന്നുവെന്ന് തോന്നുന്നു.

ഞാൻ പറഞ്ഞു: 'സർ, ഗണിതത്തിലും ഭൂമിശാസ്ത്രത്തിലും എനിക്കിതുവരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. പക്ഷെ, വർഷാവസാനത്തിൽ അക്കാര്യവും ചെയ്ത് കാണിച്ചുതരാം.......ചരിത്രവിഷയത്തിൽ ചിലതെല്ലാം ചെയ്തിട്ടുണ്ട്.'

പ്രധാനാദ്ധ്യാപകൻ: 'ഓഹോ, ഇപ്പോഴും വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ശേഷിച്ചിരിക്കയാണെന്ന് തുറന്ന് പറയൂ.'

ആഫീസർ: 'ഹെഡ്മാസ്റ്റർ, അങ്ങയുടെ ദൃഷ്ടിയിൽ അവയ്ക്ക് കൂടുതൽ പ്രാധാന്യം കാണും. പക്ഷെ, ഇദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അങ്ങനെയായിരിക്കുകയില്ല. അങ്ങയുടെ വിചാരം, ചരിത്രം, ഭൂമിശാസ്ത്രം,



പെരുക്കപ്പട്ടിക എന്നിവയിലാണ് പഠിപ്പുമുഴുവൻ സ്ഥിതിചെയ്യുന്നതെന്നാണ്....അല്ലേ,മിസ്റ്റർ, അതല്ലേ കാര്യം?'

ആഫീസർ അൽപം മൃദുസ്വഭാവത്തിലാണെന്ന് കണ്ടപ്പോൾ പ്രധാനാദ്ധ്യാപകൻ പറഞ്ഞു: 'സർ അങ്ങയുടെ വിചാരത്തിലും ആ വിഷയങ്ങൾക്ക് അമിതപ്രാധാന്യമുണ്ടല്ലൊ. അങ്ങ് ഞങ്ങളോട് ആ വിഷയങ്ങളുടെ പരീക്ഷാഫലം പ്രത്യേകം ആവശ്യപ്പെടാറില്ലേ?'

എല്ലാവരും പരസ്പരം വിനോദസംഭാഷണത്തിൽ മുഴുകി. എന്റെ ക്ലാസിലെ അർദ്ധവാർഷികപ്പരീക്ഷ അങ്ങനെ കഴിഞ്ഞു. മടങ്ങുമ്പോൾ ആഫീസർ ചോദിച്ചു: 'നിങ്ങളുടെ പരിശോധനാ പത്രമെവിടെ?'

'ഇല്ല, സർ. അത് തയ്യാറാക്കിയിട്ടില്ല.'

'ശരി, എന്നാൽ നിങ്ങളുടെ ക്ലാസിനെ പരിശോധനയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു!'

നാലാം ഭാഗം

# അന്തിമസമ്മേളനം

# ഒന്ന്

അർദ്ധവാർഷിക പരീക്ഷ കഴിഞ്ഞിരുന്നു. എന്റെ വിദ്യാലയത്തിലെ അദ്ധ്യാപകരുമായി ഒരു ദിവസം ഞാൻ സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ചന്ദ്രശങ്കർ പറഞ്ഞു: 'സത്യം പറയാമല്ലൊ. എനിക്ക് തോന്നുന്നത് താങ്കൾ ഒരു വിചിത്ര മനുഷ്യനാണെന്നാണ്. താങ്കളുടെ പരീക്ഷണങ്ങൾ വളരെയധികം വിജയിച്ചിട്ടുണ്ട്. പ്രൈമറിക്ലാസിലെ അദ്ധ്യാപനത്തിൽ ഇത്രയ്ക്ക് ഭംഗിയായി പരിവർത്തനം സാദ്ധ്യമാകുമെന്ന് എനിക്ക് തീരെ വിശ്വാസമില്ലായിരുന്നു!'

ചന്ദ്രശങ്കർ പറഞ്ഞു: 'സുഹൃത്തേ, ഇദ്ദേഹം ഇംഗ്ലീഷ് പഠിച്ചിട്ടുള്ള ആളല്ലേ, ഇംഗ്ലീഷിലുള്ള ഗ്രന്ഥങ്ങൾ വായിക്കുന്നു; എന്നിട്ട് പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തുന്നു.'

ചമ്പകലാൽ പറഞ്ഞു: 'അതുതന്നെയായിരിക്കും ചെയ്യുന്നത്....പക്ഷെ, എല്ലാവർക്കും അങ്ങനെ ചെയ്യാൻ കഴിയില്ല. ഇദ്ദേഹത്തിന് പൈസയെക്കുറിച്ചും ചിന്തയില്ല, ഫലത്തെക്കുറിച്ചും ചിന്തയില്ല....പരീക്ഷണം വിജയമായില്ലെങ്കിൽതന്നെ ശിക്ഷയൊന്നും കിട്ടാനിടയില്ലല്ലൊ.'

വേണീലാൽ പറയാൻ തുടങ്ങി: 'നമുക്കൊക്കെ എങ്ങനെ പരീക്ഷണം നടത്താൻ കഴിയും? അതിന് അവസരം കിട്ടണ്ടേ? ഇത്രയധികം കാര്യങ്ങൾ ചിന്തിക്കാനും, അതിനുള്ള ഒരുക്കങ്ങൾ ചെയ്യാനും ആർക്കാണ് സമയമുള്ളത്. നമുക്ക് ട്യൂഷനെടുക്കണം, വൈകുന്നേരം ആഫീസറുടെ

അടുത്ത് ഹാജർ കൊടുക്കണം; വീട്ടിലെ കുട്ടികളെ സംരക്ഷിക്കണം; ബന്ധുക്കളുടെ കാര്യങ്ങളിൽ പങ്കുകൊള്ളണം ഇതെല്ലാം ചെയ്തുകഴിഞ്ഞാൽ, നശിച്ച സമയം പിന്നെ എവിടെ നിന്ന് കിട്ടാനാണ്? ഇദ്ദേഹം ഒററയ്ക്കാണ്; മററു വീട്ടുകാര്യങ്ങളൊന്നുമില്ല....ഇദ്ദേഹത്തിന് ഇങ്ങനെയൊക്കെ ചെയ്യാൻ കഴിയും.'

എല്ലാം കേട്ടപ്പോൾ ഞാൻ പറഞ്ഞു: 'സഹോദരൻമാരെ, നമുക്ക് നമ്മുടെ പ്രാഥമികവിദ്യാലയങ്ങളിൽ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. അദ്ധ്യയനരീതിയിൽ അടിമുടി മാററം വരുത്തുന്നവിധം പലതും ചെയ്യാനുണ്ട്. പക്ഷെ, ഒരു കാര്യം, അതിന് അദ്ധ്വാനിക്കാൻ ഒരുക്കമുള്ളവർ വേണം. ലോകത്തിന്റെ ഇന്നത്തെ രൂപമായിരുന്നില്ല, ഇന്നലെ. ഈ രൂപമാററം വരുത്തിയതും മനുഷ്യരാണ്. താൽപ്പര്യം, ആത്മവിശ്വാസം, ഏകാഗ്രത, ഇത്രയുമാണ് അതിനുവേണ്ടത്. ഇംഗ്ലീഷ് പഠിച്ചവർക്കേ പരീക്ഷണങ്ങൾ നടത്താൻ കഴിയുകയുള്ളു എന്ന ധാരണ ശരിയല്ല. അതു വെറും തൊടുന്യായമാണ്, ഒന്നും ചെയ്യാൻ മനസ്സില്ലാത്തവൻ ഇത്തരം ഒഴികഴിവുകൾ പറയുന്നുവെന്നുമാത്രം. ആസക്തിയാണ് പ്രധാനം. ഏതെങ്കിലും കാര്യം നേടാൻ വെമ്പൽ കൊള്ളുന്ന നമ്മുടെ ആത്മാവിൽ നിന്നാണ് ആസക്തി ജനിക്കുന്നത്. പരീക്ഷണം നടത്തുന്നവനുള്ളതുപോലുള്ള ഫലേച്ഛ മററാർക്കുമുണ്ടാവില്ല. നിങ്ങളൊക്കെ ശമ്പളവർദ്ധയെക്കുറിച്ച് ചിന്തിച്ച് അദ്ധ്യയനഫലം നന്നാക്കാൻ ഉൽസാഹിക്കുന്നു; ഞാനാകട്ടെ പരീക്ഷണത്തിനുവേണ്ടിയാണ് പരീക്ഷണം നടത്തുന്നത്. അങ്ങനെ എന്റെ ലക്ഷ്യം നേടാനും, എന്റെ കർമ്മക്ഷേത്രം വിപുലമാക്കാനും ഞാനാഗ്രഹിക്കുന്നു. എന്റെ പരാജയം എനിക്കു പിമ്പേ വരുന്ന പരീക്ഷണകുതുകികൾക്ക് തടസ്സമാകരുതെന്ന് ഞാനിച്ഛിക്കുന്നു.'

ഞാൻ വീണ്ടും തുടർന്നു: 'വേണീലാൽജി, ബന്ധുക്കളുടെ വീട്ടിൽ പോകുന്നതും, നർമ്മസംഭാഷണം നടത്തുന്നതും ഒരു വലിയ കാര്യമല്ല. അതിന് പ്രത്യേകം സമയത്തിന്റെ ആവശ്യമില്ല. പിന്നെ ആഫീസറുടെ അടുത്ത് നിത്യവും പോകേണ്ടതായ ആവശ്യം എന്താണ്? നിങ്ങൾ



നല്ല കാര്യങ്ങൾ ചെയ്തു കാണിക്കുക, അതുകൊണ്ടുതന്നെ അദ്ദേഹം സന്തുഷ്ടനാകും. മുഖസ്തുതികൊണ്ട് ആരും സന്തോഷിക്കില്ല.മുഖസ്തുതിക്കാർ ജോലിചെയ്യാൻ ഇഷ്ടപ്പെടാത്തവരാണ്. വിദ്യാലയങ്ങളിൽ നാം കുട്ടികളെ നല്ലവണ്ണം പഠിപ്പിച്ചാൽ പിന്നെ, ട്യൂഷന്റെ ആവശ്യം നേരിടുന്നില്ല. നമ്മൾ പഠിപ്പിക്കുന്നില്ല, അതുകൊണ്ടാണ് ട്യൂഷന്റെ ആവശ്യം വരുന്നത്.'

ശിവശങ്കർ ഇടയ്ക്കുകയറിപ്പറഞ്ഞു: 'പക്ഷെ, സഹോദരാ, പരിമിതമായ ശമ്പളം കിട്ടുന്നവരുടെ കാര്യത്തിൽ ഈ തത്വങ്ങൾക്കൊന്നും സ്ഥാനമില്ല. നിങ്ങൾ ഇഷ്ടമുള്ള വേതനം ചോദിക്കുന്നു; നിങ്ങൾക്കുകിട്ടുന്നു!'

ഞാൻ പറഞ്ഞു: 'നിങ്ങളും കൂടുതൽ വേതനം ആവശ്യപ്പെടൂ; നിങ്ങൾക്കുകിട്ടും.'

വിശ്വനാഥൻ പറഞ്ഞു: 'കൊള്ളാം. അങ്ങനെയാണെങ്കിൽ വേതനം കിട്ടുന്നകാര്യം പോകട്ടെ, ജോലി തന്നെ നഷ്ടപ്പെട്ടെന്നുവരും.'

ഞാൻ പറഞ്ഞു: 'എല്ലാ അദ്ധ്യാപകരും ഒരുമിച്ചു നിന്ന് വേതനവർദ്ധനവ് ആവശ്യപ്പെടട്ടെ; അപ്പോൾ കാണാം, എത്രപേരെ പിരിച്ചു വിടുമെന്ന്. പിരിച്ചു വിടുന്നതിനുമുമ്പ് നിങ്ങൾ സ്വയം പിരിഞ്ഞുപോകാൻ തയ്യാറാകൂ. നിങ്ങൾ കുറച്ചൊക്കെ അനാസക്തി, നിശ്ചിന്തത ശീലിക്കൂ. എന്റെ വിജയത്തിന്റെ ഒരു കാരണം ഈ അനാസക്തിയാണ്!'

ഭദ്രശങ്കർ ചോദിച്ചു. 'അപ്പോൾ പിന്നെ, ഉദരപൂജ എങ്ങനെ നടക്കും?'

ഞാൻ പറഞ്ഞു: 'ഉദരപൂജ! പല്ലുതന്നവൻ ഇരയും തരും. നമുക്ക് അൽപ്പം സാഹസികതയാണാവശ്യം. അന്ധൻമാർക്ക് എന്താണ് കുറവ്? ഞാൻ തൂപ്പുപണി ചെയ്തും വയറുനിറയ്ക്കാൻ ഒരുക്കമാണ്. നിങ്ങളെപ്പോലെ അർദ്ധപട്ടിണിസഹിക്കാൻ എനിക്കുകഴിയില്ല, നിങ്ങളുടെയൊക്കെ വേതനം, എന്തുവേതനമാണ്!'

വിശ്വനാഥൻ പറഞ്ഞു: 'മിസ്ററർ, ഒരിടത്ത് ഒഴിവുവന്നാൽ നൂറുപേരുണ്ട് അവിടെ ചാടിവീഴാൻ;നിങ്ങൾക്കറിയാമോ?'

ഞാൻ പറഞ്ഞു: 'അങ്ങനെ ചാടിവീഴുന്നവരെ നാം എതിർക്കണം. നമ്മൾ അവർക്കു ചാർജ്ജ് കൊടുത്താലല്ലേ, അവർക്ക് ജോലി ചെയ്യാൻ കഴിയൂ. പുതിയ ആളുകൾക്ക് ചാർജ്ജ് കൊടുക്കാൻ നാം തയ്യാറാകരുത്....നമ്മൾ വിദ്യാലയത്തിനു ചുററും ഇരുപത്തിനാലുമണിക്കൂറും കാവൽ നിൽക്കാൻ തയ്യാറാകുന്നു; പക്ഷെ, നാം വീണിരിക്കുന്ന പടുകുഴിയിൽ മററുള്ളവരെ വീഴാൻ നാമെന്തിന് അനുവദിക്കുന്നു! അവരുടെ കാലിൽ വീണുപറയണം, 'സഹോദരാ, മറെറന്തങ്കിലും തൊഴിലന്വേഷിക്കൂ' എന്ന്. ഈ പട്ടിണിത്തൊഴിലിൽ കുടുങ്ങല്ലേ, ഈ സ്തുതിപാഠകവലയത്തിൽപ്പെടല്ലേ, ഈ കരുതൽ തടങ്കലിൽ നിന്ന് അകന്നുപോകൂ എന്ന്.'

പിന്നീട് മണിക്കൂറുകൾ തന്നെ ചർച്ച നടന്നു കൊണ്ടിരുന്നു; എന്റെ കൂട്ടുകാരായ അദ്ധ്യാപകരിൽ ഒരു പുതിയ ആവേശം ഉണർന്നതായി ഞാൻ കണ്ടു. ഞാൻ വിചാരിച്ചു 'കൊള്ളാം!' പഴയ രീതിയിലുള്ള അടിമത്തത്തിന്റെ വേരുകൾ അല്പമൊന്ന് ഇളകിയിട്ടുള്ളതായി എനിക്കു മനസ്സിലായി.

## രണ്ട്

ഞാൻ ഭൂമിശാസ്ത്രം പഠിപ്പിക്കാനുള്ള ചിന്തയിൽ മുഴുകി. ഭൂമിശാസ്ത്രത്തിന്റെ പാഠപുസ്തകങ്ങൾ എന്നെ നിരാശനാക്കി. അതുകൊണ്ട് ഞാനതെല്ലാം ഒരു ഭാഗത്ത് മാററിവച്ചു. പാഠ്യപദ്ധതി നോക്കിയപ്പോൾ മനസ്സിന് ആഘാതമേററപോലെയായി. കുട്ടികളെ നദികളുടേയും പർവ്വതങ്ങളുടേയും പേരെല്ലാം എന്തിന് വെറുതെ ഉരുവിടുവിക്കണം? എനിക്കുതന്നെ അതൊന്നും ഓർമ്മയില്ല. ഇന്നലെ ഡപ്യൂട്ടി ഡയറക്ടർ ആസ്ത്രേലിയായിലേക്കുള്ള മാർഗം ഭൂപടത്തിൽ അന്വേഷിച്ചലയുന്നത് ഞാൻ കണ്ടതാണ്. കുട്ടിക്കാലത്ത് ഉരുവിട്ട ഭൂമിശാസ്ത്രം ആർക്ക് ഓർമ്മയുണ്ടാകാനാണ്? ഞാൻ ചിന്തിച്ചു. ഭൂമിശാസ്ത്രം പഠിപ്പിക്കേണ്ടതില്ലെന്ന് നിശ്ചയിച്ചാലോ? ആഫ്രിക്കയിൽ യാത്ര ചെയ്തകാലത്താണ് ഞാൻ ഭൂമിശാസ്ത്രം ശരിയായി പഠിച്ചത്. അതിനുശേഷമാണ് ആ വിഷയത്തിൽ എന്റെ കണ്ണു



തെളിഞ്ഞത്. ഇന്നെനിക്ക് അതിൽ വളരെയേറെ താല്പര്യവുമുണ്ട്. ആ വിഷയം വളരെ ഉപയോഗമുള്ളതാണെന്നും എനിക്ക് ബോദ്ധ്യമായിട്ടുണ്ട്. പക്ഷെ, ഈ കുട്ടികളെ ഇപ്പോൾ തന്നെ ഇതൊക്കെ പഠിപ്പിക്കുകയും ഉരുവിടുവിക്കുകയും ചെയ്യുന്നതിന്റെ ആവശ്യമെന്താണ്? ഈ പാഠ്യപദ്ധതിയുമായി മുന്നോട്ടുപോകാനും എനിക്ക് കഴിയില്ല. അതു നോക്കിയപ്പോൾ ഞാൻ അറിയാതെ ചിരിച്ചുപോയി. എന്റെ സ്വന്തംരീതിയിൽ കുട്ടികൾക്ക് ഭൂമിശാസ്ത്രജ്ഞാനം പകർന്നുകൊടുക്കാനുള്ള അനുമതി വാങ്ങിയാലോ എന്നു ഞാൻ ചിന്തിച്ചു.

ഡപ്യൂട്ടിഡയറക്ടറുടെ അടുത്തുചെന്നു. അദ്ദേഹം ചോദിച്ചു: 'പറയൂ, എന്താണ് കാര്യം?'

ഞാൻ ചോദിച്ചു: 'വിദ്യാലയത്തിൽ ഭൂമിശാസ്ത്രപഠനം ഒഴിവാക്കിയാൽ എന്താണ് കുഴപ്പം?' അദ്ദേഹം പറഞ്ഞു 'അതു ശരിയല്ല. പാഠ്യപദ്ധതിയിൽ ആ വിഷയത്തിന് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. ചരിത്രത്തേക്കാൾ ഇന്ന് അതിന്കൂടുതൽ ഉപയോഗമുണ്ട്. നമ്മുടെപരീക്ഷണത്തിൽ ആ വിഷയം ഉപേക്ഷിക്കാൻ കഴിയില്ല. നല്ലപോലെ പഠിപ്പിക്കുകതന്നെ വേണം. നിങ്ങൾ ഏതു രീതി അവലംബിച്ചാലും വിരോധമില്ല, വിഷയം വളരെ സരളമാണെന്നും നല്ലപോലെ പഠിപ്പിക്കുവാൻ കഴിയുമെന്നും മററദ്ധ്യാപകരെ ബോദ്ധ്യപ്പെടുത്തണം. എന്നെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ പരീക്ഷണത്തിന്റെ മഹത്വം സ്ഥിതിചെയ്യുന്നത് അക്കാര്യത്തിലാണ്.'

അങ്ങനെ അദ്ദേഹം വളരെ സമർത്ഥമായി എന്റെ വായമൂടിക്കെട്ടി. അപ്പോൾ ഞാൻ പറഞ്ഞു: 'സർ, പക്ഷെ, ഈ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ഞാൻ സ്വീകരിക്കുകയില്ല. ഞാൻ എന്റെ രീതിയിൽ പഠിപ്പിക്കാം. താങ്കൾ അതിൽ നിരാശപ്പെടരുതെന്ന് അപേക്ഷയുണ്ട്.'

അദ്ദേഹം പറഞ്ഞു: 'ഞാനും അതാണാഗ്രഹിക്കുന്നത്.'

കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം മറെറാരു ചോദ്യം ചോദിച്ചു: 'ലക്ഷ്മീശങ്കർ, ഇപ്പോഴത്തെ പരീക്ഷകളെക്കു

റിച്ച്.നിങ്ങളുടെ അഭിപ്രായമെന്താണ്?. പുതിയ പദ്ധതിയെ സമർത്ഥിക്കുന്നവർ പരീക്ഷയെ അങ്ങേയററം വിരോധിക്കുന്നു; അതിൻെറ തിൻമകൾ ഭയങ്കരമാണെന്ന് വാദിക്കുന്നു; പക്ഷെ, ഞങ്ങൾക്ക് വിദ്യാഭ്യാസവിഭാഗം നിലനിർത്താതെ പററില്ല. ഞങ്ങൾ പരീക്ഷ എങ്ങനെ ഒഴിവാക്കും? ഞങ്ങൾക്ക് പരീക്ഷയുടെ ഫലവും വളരെ പ്രധാനമാണ്. പരീക്ഷയില്ലെങ്കിൽ അദ്ധ്യാപകർ താൽപര്യത്തോടെ പഠിപ്പിച്ചില്ലെന്ന് വരും. നല്ല സമർത്ഥനായ അദ്ധ്യാപകൻ പഠിപ്പിച്ചാലും,പരീക്ഷയില്ലാതെ ഞങ്ങൾക്കെങ്ങനെ മനസ്സിലാക്കാൻ കഴിയും, അദ്ദേഹം പഠിപ്പിച്ചോ, ഇല്ലയോ എന്ന്. ഇതിനെല്ലാം പുറമെ വിദ്യാർത്ഥികൾ അദ്ധ്യയനത്തിൽ പുരോഗതി നേടിയോ എന്നറിയാൻ ഒരു സമ്പ്രദായം ആവശ്യമാണ്. ഈ വിഷമ പ്രശ്നത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്?'

ഞാൻ പറഞ്ഞു: 'സർ, താങ്കളുടെ പ്രശ്നം തികച്ചും പ്രസക്തമാണ്. കുട്ടികൾ പഠിക്കുകയും അദ്ധ്യാപകൻ പഠിപ്പിക്കുകയും ചെയ്യുന്നിടത്തോളം കാലം പരീക്ഷ അനിവാര്യമാണ്. വിദ്യാർത്ഥി സ്വഹൃദയത്തിൽ നിന്നുയരുന്ന യഥാർത്ഥമായ ആവേശത്തോടെ പഠിക്കാനെത്തുകയും, അദ്ധ്യാപന കലയിൽ സമർത്ഥനായ അദ്ധ്യാപകൻ അതുപോലുള്ള ആവേശത്തോടെ പഠിപ്പിക്കാനിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ പരീക്ഷ ഒഴിവാക്കാൻ കഴിയുകയുള്ളു. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ പരീക്ഷ എത്രയും ആവശ്യമാണ്.'

ആഫീസർ പറഞ്ഞു: 'സുഹൃത്തേ, ഇക്കാര്യത്തിൽ ഞാൻ ചില പരിഷ്ക്കാരങ്ങൾ വരുത്താനാഗ്രഹിക്കുന്നു.'

ഞാൻ പറഞ്ഞു: 'ഇന്ന്, അർദ്ധവാർഷികമായിട്ടും വാർഷികമായിട്ടുമാണല്ലൊ പരീക്ഷ നടക്കുന്നത്. ഇത് മാസാടിസ്ഥാനത്തിലാക്കാൻ ശ്രമം ചെയ്യുന്നത് കൊള്ളാം. പരീക്ഷയുടെ മാനദണ്ഡം കൊണ്ട് കുട്ടിയുടെ കഴിവറിയാനാണാഗ്രഹിക്കുന്നതെങ്കിൽ അതാണ് ചെയ്യേണ്ടത്. പരീക്ഷയോട് അടുപ്പം കൂടുന്തോറും അവന് അക്കാര്യത്തിലുള്ള ഭയം കുറയും. അതിപരിചയം കൊണ്ട് ഭയം സഹനീയമായിത്തീരും. രണ്ടാമത്തെ കാര്യം, പരീക്ഷ സമർത്ഥരായ



വിദ്യാർത്ഥികളുടെ പുരോഗതി അളക്കാനല്ല, മറിച്ച്, ദുർബല ബുദ്ധികളും അപക്വമതികളുമായ വിദ്യാർത്ഥികളെ ഉണർത്താനും, അവരുടെ ദൗർബല്യങ്ങളെ മനസ്സിലാക്കാനുമുള്ള ഉപാധിയായിത്തീരണം. മൂന്നാമത്തെ കാര്യം, ഒരു വിഷയം നല്ലപോലെ അറിയുമെന്ന് വിശ്വാസമുള്ള കുട്ടികളെ പരീക്ഷയിൽനിന്ന് ഒഴിവാക്കണം. വിദ്യാർത്ഥി സ്വേച്ഛയാ, തൻെറ ദൗർബല്യം മനസ്സിലാക്കാനായി പരീക്ഷയെഴുതുകയും, ആ ദൗർബല്യം ദൂരികരിക്കാനുള്ള ഉപായമാണ് പരീക്ഷയെന്ന് അവരെ മനസ്സിലാക്കിക്കൊടുക്കുകയും ആവശ്യമാണ്. പരീക്ഷിച്ചറിയേണ്ടുന്ന വിഷയങ്ങളിൽ മാത്രമേ പരീക്ഷ നടത്തേണ്ടതായിട്ടുള്ളു. ശേഷിച്ച വിഷയങ്ങളെ പരീക്ഷയിൽ നിന്നും ഒഴിവാക്കുക. പരീക്ഷാസമയത്ത് വിദ്യാർത്ഥികൾക്ക് പാഠപുസ്തകം നോക്കിയെഴുതാൻ അവസരം നൽകുക;അറിയാത്ത കാര്യം പുസ്തകത്തിൽ നോക്കിയെഴുതാൻ നാമവരെ അനുവദിക്കുക; ഉത്തരമെഴുതുമ്പോൾ കുട്ടികൾ പാഠപുസ്തകം എത്രത്തോളം പ്രയോജനപ്പെടുത്തുന്നുവെന്ന് നോക്കി അവരെ പരീക്ഷിക്കുക; ഇതിനെല്ലാം പുറമെ, വിദ്യാർത്ഥികളെ മൂന്നുവർഗമായി തിരിക്കുക. ക്ലാസുകയററത്തിന് യോഗ്യതയുള്ളവർ, യോഗ്യതയില്ലാത്തവർ, കുറച്ചുകാലത്തിനുശേഷം യോഗ്യത നേടാവുന്ന ദുർബലർ! ഒന്നാം ക്ലാസ്, രണ്ടാം ക്ലാസ് എന്നിങ്ങനെയുള്ള തരംതിരിവ് ഉപേക്ഷിക്കുക.'

ആഫീസർ ഇടയ്ക്കു കയറിപ്പറഞ്ഞു: 'സുഹൃത്തേ, അടുത്തകൊല്ലം ഇക്കാര്യത്തിൽ എനിക്ക് നിങ്ങളെ എൻെറ സഹായിയായി സ്വീകരിക്കേണ്ടിവരും!'

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു: 'പരീക്ഷ അദ്ധ്യാപകർ തന്നെ നടത്തണം. അവർക്കു മാത്രമേ അവരുടെ വിദ്യാർത്ഥികളുടെ കഴിവ് ശരിക്കും മനസ്സിലാക്കാൻ കഴിയൂ. അവരുടെ കഴിവുകേടും അദ്ധ്യാപകർക്ക് അറിയാമായിരിക്കും. ഓരോ കുട്ടിയും ക്ലാസ് കയററത്തിന് അർഹനോ അനർഹനോ എന്ന് അവർക്കുമാത്രമേ നിശ്ചയിക്കാൻ കഴിയുകയുള്ളു. പക്ഷെ, ഒരു സഹായിയുടെ

ആവശ്യമുണ്ട്; പരീക്ഷകനെ സഹായിക്കാനല്ല, പരീക്ഷകന് പരീക്ഷ നടത്താൻ കഴിവുണ്ടോ എന്നറിയാൻ.'

ആഫീസർ പറഞ്ഞു: 'നിങ്ങളിപ്പറഞ്ഞത് വേറൊരു വിചിത്ര കാര്യമാണ്.'

ഞാൻ പറഞ്ഞു: 'ശരിയാണ്; കാര്യം അങ്ങനെ തന്നെയാണ്.'

പരീക്ഷയെക്കുറിച്ച് എനിക്ക് വേറേയും ചിലതെല്ലാം പറയാനുണ്ടായിരുന്നു. പക്ഷെ, ഭക്ഷണത്തിന് സമയമായതുകൊണ്ട് അദ്ദേഹം എഴുന്നേററു. എന്നിട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു: 'കൊള്ളാം. ഇതിനെക്കുറിച്ച് നമുക്ക് ഒരിക്കൽക്കൂടി ചർച്ച നടത്താം. ഒരു ദിവസം എല്ലാ അദ്ധ്യാപകരുടേയും മുമ്പിൽ നിങ്ങളിതിനെക്കുറിച്ച് ഒരു പ്രസംഗം നടത്തണം.'

ഞാനദ്ദേഹത്തെ വന്ദിച്ച് അവിടെ നിന്നും ഇറങ്ങി. ആ സമയത്ത് എൻെറ മനസ്സ് മന്ത്രിച്ചു—'പ്രസംഗം കേട്ട് സ്വയം നന്നാകുന്ന അദ്ധ്യാപകർ എവിടെയുണ്ട്? പരീക്ഷാ മോഹത്തിൽനിന്നും അവരെ ഒഴിവാക്കുക വളരെ പ്രയാസമാണ്. എങ്ങനെയെങ്കിലും സാധിക്കണമെങ്കിൽ ആഫീസറുടെ കൽപനവേണം. പക്ഷെ, അദ്ദേഹത്തിൻെറ നിസ്സഹായത....!'

## മൂന്ന്

നാലാം ക്ലാസിലെ കുട്ടികൾ ഭൂമിശാസ്ത്രമെന്ന് കേട്ടിരുന്നു; അവർ ആ വിഷയവുമായി പരിചയമുള്ളവരുമായിരുന്നു. ഞാൻ ഭൂപടം വരുത്തി. കത്തിയവാർ, ബോംബെ എന്നീ പ്രദേശങ്ങളുടെ ഭൂപടം ബോർഡിൽ തൂക്കി. കുട്ടികൾക്ക് വളരെ ആശ്ചര്യമായി. ഇന്നുവരെ, ഞാനവരെ ഭൂമിശാസ്ത്രം പഠിപ്പിച്ചിട്ടുതന്നെയില്ല. അവർ അവരുടെ നോട്ടു പുസ്തകത്തിൻെറ കടലാസുകൾ കീറി കുഴലുകളാക്കി വിരലിലിട്ട് കറക്കാൻ തുടങ്ങി. ഞാനത് ശ്രദ്ധിച്ചു.

ഞാൻ ചോദിച്ചു: 'എന്തിനാണീ കുഴലുകൾ?' കുട്ടികൾ പറഞ്ഞു: 'സർ, ഭൂപടം തൊട്ടു കാണിക്കാൻ.'



ഞാൻ ഒന്ന് ഞെട്ടി. ഭൂപടം തൊട്ടുകാണിക്കുക! നമ്മുടെ ഭൂമിശാസ്ത്രാദ്ധ്യാപനം ഇത്രത്തോളം വിചിത്രമായിരിക്കുന്നു! കുറച്ചുനേരത്തെ വിനോദത്തിനുവേണ്ടി ഞാൻ കുട്ടികളോട് പറഞ്ഞു: 'കൊള്ളാം. ഭവനഗർ കാണിച്ചു തരൂ.'

ഒരു കുട്ടി ബോംബെ പ്രവിശ്യയുടെ ഭൂപടത്തിൽ നാലുഭാഗത്തും കണ്ണോടിച്ച്, ബോംബെ വായിച്ചു; അഹമ്മദാബാദ് വായിച്ചു; കീഴോട്ടിറങ്ങി പൂനവായിച്ചു; ഇങ്ങേ ഭാഗത്ത് വന്ന് പോർബന്തർ വായിച്ചു; പുറകിൽ നിന്നുകൊണ്ട് രണ്ടുമൂന്ന് കുട്ടികൾ ഭവനഗർ അന്വേഷിക്കുകയായിരുന്നു. അവരുടെ വിരലിലെ കുഴലുകൾ ഭവനഗർ കാണിക്കാൻ വെമ്പുകയായിരുന്നു. ഒടുവിൽ ഒരു കുട്ടി ചോദിക്കാതെ തന്നെ ഭവനഗർ കാണിച്ചുതന്നു.

ഞാൻ ചോദിച്ചു: 'ഭവനഗർ ഏതു ദിക്കിലാണ്?' കുട്ടികൾ മുകളിലേക്കും, കീഴോട്ടും, ഇടത്തോട്ടും വലത്തോട്ടും നോക്കി മനസിലെന്തൊക്കേയോ കണക്കുക്കൂട്ടി പറഞ്ഞു: 'സർ വടക്ക്.' രണ്ടാമൻ പറഞ്ഞു: 'വടക്ക് മുകൾ ഭാഗത്താണ്. ഇത് കിഴക്കുഭാഗമല്ലേ?'

ഞാൻ ചിരിച്ചു: 'മുകളിൽ ആകാശമാണ്. അവിടെയെങ്ങനെ വടക്ക് വരും?'

കുട്ടികൾ പറഞ്ഞു: 'മുകളിൽ വടക്കും, താഴെ തെക്കുമാണ്.'

മറെറാരു കുട്ടി: 'സാർ, തെക്ക് വടക്ക് നീളം കൂടുതലും, കിഴക്ക് പടിഞ്ഞാറ് വീതി കൂടുതലുമാണ്.' മൂന്നാമൻ പറഞ്ഞു: 'സൂര്യൻ ഉദിക്കുന്ന ഭാഗം കിഴക്ക്.'

ഞാൻ പറഞ്ഞു: 'കാണിച്ചുതരൂ, ഈ ഭൂപടത്തിൽ സൂര്യൻ എവിടെയാണ്?'

കുട്ടികൾ വിചാരത്തിൽ മുഴുകി.

ഞാൻ പറഞ്ഞു: 'ശത്രുഞ്ജയ നദി കാണിച്ചുതരൂ.'

കുട്ടികൾ കുഴൽ കൊണ്ട് നദി കാണിച്ചുതന്നു.

ഞാൻ ചോദിച്ചു: 'അതെന്തുകൊണ്ട് അറബിക്കടലിൽ ചെന്നുചേരുന്നില്ല?'

ഒരു കുട്ടി പറഞ്ഞു: 'സർ, അത് അതിന്റെ ഇഷ്ടം. അതിന് ഖംപാത് ഉൾക്കടലിൽ ചേർന്നേ തീരൂ.'

ഞാൻ ചോദിച്ചു: 'ഈ നദി ഇങ്ങനെ കീഴെ വന്നുചേരുന്നത് എന്തുകൊണ്ടാണ്?'

കുട്ടി പറഞ്ഞു: 'സർ,അങ്ങനെയല്ലേ ഒഴുകുക.നോക്കൂ. തെക്ക് ഇവിടെ കീഴെ അല്ലേ?'

എനിക്കദ്ഭുതം തോന്നി. കഴിഞ്ഞകൊല്ലം പഠിച്ച ഭൂമിശാസ്ത്രം അവർ മറന്നിരുന്നില്ല. പറഞ്ഞു പറഞ്ഞ് പഠിച്ചതിന്റെ വിജയം! ഇക്കൊല്ലവും എനിക്കങ്ങനെ പഠിപ്പിക്കാൻ കഴിയും. പക്ഷെ, അത് ഭൂമിശാസ്ത്രം പഠിപ്പിക്കലാകുമോ? ഞാൻ കുട്ടികളോട് പറഞ്ഞു: 'ഭൂപടം മടക്കൂ. ഒരു മാസം കഴിഞ്ഞ് നമുക്ക് ഭൂമിശാസ്ത്രം പഠിച്ചുതുടങ്ങാം. ഇനി കുറച്ച് ദിവസം നിങ്ങൾ ചിത്രങ്ങൾ വരയ്ക്കൂ.'

കുട്ടികൾ എന്റെ നേരെ നോക്കി. ചിത്രരചന ആ വിദ്യാലയത്തിൽ ഒരു പുതിയ വിഷയമായിരുന്നു. പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടതുമായിരുന്നില്ല. വിദ്യാലയത്തിൽ അത്തരം യാതൊരുവിധ സൃഷ്ട്യുൻമുഖ പരിപാടിക്കും സ്ഥാനമില്ലായിരുന്നു. പക്ഷെ, അത്തരം ചില പ്രവൃത്തികൾ തുടങ്ങാൻ ഞാൻ ബാദ്ധ്യസ്ഥനായിരുന്നു.

അടുത്ത ദിവസം ഞാൻ കുട്ടികളോട്പറഞ്ഞു 'നോക്കൂ നിങ്ങൾ ചിത്രം വരയ്ക്കുക; എന്താണോ ഇഷ്ടം, അതു വരയ്ക്കുക, എത്ര കണ്ട് കഴിയുമോ ആ രീതിയിൽ വരയ്ക്കുക; നോക്കി വരയ്ക്കാം, പകർത്താം; ഓർമ്മിച്ചു വരയ്ക്കാം; ഇഷ്ടംപോലെ ചെയ്യാം. മനുഷ്യനോ, പക്ഷിയോ, മൃഗമോ, ശലഭങ്ങളോ, വൃക്ഷങ്ങളോ, പുഷ്പങ്ങളോ, ആകാശമോ, വീടോ, മററുവസ്തുക്കളോ, ഭൂപടമോ, എന്താണിഷ്ടം അതുവരയ്ക്കാം.' കേൾക്കേണ്ടതാമസം കുട്ടികൾ പെൻസിൽ കൊണ്ട് സ്ളേററിൽ വര തുടങ്ങി. വളഞ്ഞും, പുളഞ്ഞും, നീളത്തിലും, അങ്ങനേയും, ഇങ്ങനേയും, പല പ്രകാരത്തിലുള്ള ചിത്രങ്ങൾക്ക് രൂപംകൊടുക്കാൻ അവർ ശ്രമം തുടങ്ങി. പ്രഭാതസമയം മുഴുവൻ ചിത്രംവരയിൽ കഴിഞ്ഞു. മണിയടിച്ചു. അപ്പോൾ മാത്രമേ കുട്ടികൾ കണ്ണുതുറന്നുള്ളൂ. ക്ലാസിലെ സമയം കഴിഞ്ഞിരുന്നു.



ഞാൻ കുട്ടികളോട് പറഞ്ഞു 'നിങ്ങളിൽ ആരുടെയെങ്കിലും അച്ഛനമ്മമാർ കടലാസും പെൻസിലും തരുമെങ്കിൽ അവർ കടലാസിലും മററുള്ളവർ സ്ളേററിലും ചിത്രങ്ങൾ വരച്ചുകൊണ്ടുവരൂ!'

രണ്ടു നാലു ദിവസം ഇങ്ങനെ കഴിഞ്ഞു.ഇതിനിടയിൽ അനേകം ചിത്രങ്ങൾ വരച്ചു കഴിഞ്ഞിരുന്നു. ചിത്രകാരൻ പൊട്ടക്കണ്ണുകൊണ്ടുപോലും നോക്കാൻ മടിക്കുന്ന ചിത്രങ്ങൾ! എങ്കിലും ആ ചിത്രങ്ങൾ ആ കുട്ടികളുടെ ഭാവനയുടെ, കഴിവിന്റെ ഫലങ്ങളായിരുന്നു.

ഞാൻ നിശ്ചയിച്ചു. 'ഈ ചിത്രങ്ങളുടെ എണ്ണമെടുത്ത് ഒരു പ്രത്യേക സംഗ്രഹമുണ്ടാക്കണം.' കുറച്ചു മടിച്ചിട്ടാണെങ്കിലും ഒരു ദിവസം ആഫീസറെ ചെന്നു കണ്ടു. കുറെ ഉപയോഗശൂന്യമായ കടലാസുകളും രണ്ടുഡസൻ പെൻസിലും വാങ്ങി.അദ്ദേഹം ചോദിച്ചു. 'അദ്ധ്യാപനം മാററിവച്ച് വീണ്ടും നിങ്ങൾ ഇത്തരം വിഷയങ്ങളിൽമുഴുകിയെന്നു തോന്നുന്നു.'

ഓരോ വിദ്യാർത്ഥിയുടേയും ചിത്രത്തിനനുസരിച്ച് കടലാസ് കീറി തയ്യാറാക്കി, വിഷയക്രമത്തിനനുസരിച്ച് അതിൽ ചിത്രം വരയ്ക്കാൻ ഞാൻ നിർദ്ദേശിച്ചു. ചിത്രരചനയുടെ പശ്ചാത്തലമൊരുക്കാൻ വേണ്ടി ഞാൻ വേപ്പിന്റെ ചെറിയ ചില്ലകൾ, ആലിലകൾ, തുളസിക്കതിരുകൾ മുതലായ വിവിധ വസ്തുക്കൾ അവിടെ കൊണ്ടുവന്നുവച്ചു. ഒരു കച്ചവടക്കാരന്റെ കടയിൽ നിന്നും പലതരത്തിലുള്ള അച്ചടിച്ചപരസ്യങ്ങളുടെ അഗ്രഭാഗങ്ങൾ മാതൃകയ്ക്കായി ഒരുക്കി. രണ്ടു സുഹൃത്തുക്കളുടെ വീടുകളിൽ നിന്ന് ചില നല്ല ചിത്രങ്ങൾ കൊണ്ടുവന്ന് ചുവരിൽ തൂക്കി. എപ്പോഴും ഉപയോഗത്തിൽ വരുന്ന മഷിക്കുപ്പി, പേന, ടിന്ന്, പെട്ടി എന്നിവ ഭംഗിയായി അലങ്കരിച്ചുവച്ചു. ഒരുബോർഡിൽ വലിയ അക്ഷരത്തിൽ എഴുതിവച്ചു'ചിത്രം വരക്കുക....ചിത്രം വരക്കുക, സ്വയം ചിത്രം വരക്കുക! നിങ്ങൾക്ക് ചിത്രം വരയ്ക്കാനറിയാം.ദിവസവും അനേകം ചിത്രങ്ങൾ വരയ്ക്കുന്നുണ്ട്; ഇനിയും വരയ്ക്കുക!'

കുട്ടികൾ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങിയെന്നല്ല, അതിൽ മുഴുകുകതന്നെ ചെയ്തു. ചിലർ അച്ചടിച്ച ചിത്ര

ങ്ങളുടേയും, ചിത്ര വേലകളുടേയും പകർപ്പുകൾ യഥാതഥം വരച്ചു.മററു ചിലരാകട്ടെ യഥാർത്ഥ പുഷ്പങ്ങളുടെ നിറങ്ങൾ അതേപടി കലർത്തിവരച്ചു. ചിലർ ചിത്രം വരച്ചിരുന്നില്ല; എങ്കിലും എങ്ങനെ വരയ്ക്കാമെന്ന് ഏകാഗ്രമായി നോക്കിക്കൊണ്ടിരുന്നു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഞാൻ ഹൈസ്ക്കൂളിലെ ഒരു ചിത്രാദ്ധ്യാപകനെ വിളിച്ചു കൊണ്ടുവന്നു. അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ ചിത്രം വരയ്ക്കാൻ പഠിപ്പിക്കുകയൊന്നും വേണ്ട. ബോർഡിൽ ഇഷ്ടമുള്ള ചിത്രം വരച്ചാൽ മതി. പക്ഷെ, വളരെ സാവധാനത്തിൽ, ചിട്ടയോടെ വരയ്ക്കണമെന്നുമാത്രം. വൃക്ഷം നോക്കി വൃക്ഷംവരയ്ക്കൂ; കസേര നോക്കി കസേര വരച്ചുകാണിക്കൂ'! ചിത്രാദ്ധ്യാപകൻ അങ്ങനെ തന്നെ ചെയ്തു കുട്ടികൾ അതിൽ മുഴുകി നോക്കിയിരുന്നു. രണ്ടാം ദിവസം ചിത്രരചന വീണ്ടും ഉൽസാഹത്തോടെ തുടർന്നു. ചിത്രം വരയ്ക്കാനുള്ള നിയമങ്ങൾ വിദ്യാർത്ഥികൾ മനസ്സിലാക്കിയതായി തോന്നി. അതിനുശേഷം ഞാൻ അവരുടെ ചിത്രങ്ങളുടെ ചുവട്ടിൽ തീയതിയും പേരും എഴുതി വയ്ക്കാൻ തുടങ്ങി.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആ ചിത്രകാരനായ സുഹൃത്തിനെ ഞാൻ വീണ്ടും വിളിച്ചുകൊണ്ടുവന്നു. രേഖാചിത്രങ്ങളിലും ചായച്ചിത്രങ്ങളിലും പലതരം നിറങ്ങൾ കലർത്തുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് മനസ്സീലാക്കിക്കൊടുക്കാൻ ഞാനദ്ദേഹത്തോടഭ്യർത്ഥിച്ചു. ചിത്രകാരൻ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിങ്ങനെ ചില ചിത്രങ്ങളിൽ വളരെ ചിട്ടയോടെ പെൻസിൽ കൊണ്ട് നിറം കലർത്തികാണിച്ചുകൊടുത്തു. നിറം പകരാനുള്ള പരിശീലനം ഈ വിധം വിദ്യാർഥികൾക്ക് ലഭിച്ചു.

അൽപ്പ ദിവസങ്ങൾക്കുശേഷം എന്റെ മിത്രമായ ഒരു സർവ്വെയറെ ഞാൻ വിളിച്ചുകൊണ്ടുവന്നു. വിദ്യാലയം അളന്ന് അതിന്റെ ഭൂപടം വരച്ചുതരാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. ഞാനും എന്റെ സുഹൃത്തുംകൂടി വിദ്യാലയം മുഴുവൻ അളക്കാൻ തുടങ്ങി. കുട്ടികൾ ഞങ്ങളുടെ കൂടെത്തന്നെ നടന്നിരുന്നു. കുട്ടികളുടെ കൺമുമ്പിൽ



വച്ചുതന്നെ ഞങ്ങൾ കടലാസിൽ കെട്ടിടത്തിന്റെ പടം വരച്ചു കാണിച്ചു. രണ്ടുനാലു ദിവസം ഞാൻ കുട്ടികളെ സർവെയറുടെ ആഫീസിലേക്കയക്കുകയും സ്ക്കെച്ചുണ്ടാക്കുന്നവർ, തെരുവുകളുടേയും മൈതാനങ്ങളുടേയും ഗ്രാമങ്ങളുടേയും സ്ക്കെച്ചുകൾ എങ്ങനെ നിർമ്മിക്കുന്നുവെന്ന് മനസ്സിലാക്കിച്ചുകൊടുക്കുകയും ചെയ്തു. ഒരു ദിവസം രണ്ടു കുട്ടികളെ അളവുകാരുടെകൂടെ ഗ്രാമത്തിന്റെ അതിർത്തിയിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും പ്രത്യക്ഷത്തിൽ അളവിന്റെ രീതി കാണിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ കുട്ടികൾ സ്വന്തം വീടിന്റേയും മുറിയുടേയും സ്കൂളിന്റേയും തെരുവിന്റേയും കുളം, കിണർ എന്നിവയുടേയും ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. അവരുടെ ചിത്രകലാസാമർത്ഥ്യം വളർത്തുന്നതിനുവേണ്ടി ഞാൻ ചിലപ്പോൾ അവരെ പ്രകൃതിഭംഗിനിറഞ്ഞ സ്ഥലങ്ങളിൽ ചുററിക്കറങ്ങാൻ കൊണ്ടുപോകാറുമുണ്ട്. ഏതെങ്കിലും വസ്തുവിനെ നിരീക്ഷിക്കുന്നതിനുള്ള പരിശീലനം കണ്ണുകൾക്ക് ലഭ്യമാകത്തക്കവിധം ഞാനവരെ പല കളികളിലും ഏർപ്പെടുത്താറുണ്ട്. ഒരു വൃക്ഷത്തെ നിരീക്ഷിച്ചതിനുശേഷം അതിന്റെ തടി, ശിഖരങ്ങൾ എന്നിവ നോക്കിയോ, അതല്ലെങ്കിൽ കണ്ണടച്ചോ അതിന്റെ ചിത്രം വരയ്ക്കുക, സൂര്യോദയ സമയത്തെ നിറങ്ങളെ നിരീക്ഷിച്ച് മനസ്സിലുറപ്പിക്കുക, സന്ധ്യാ സമയത്തെ നിറഭേദങ്ങളെ നല്ലപോലെ നോക്കിക്കാണുക, ദൂരെനിന്നും, അടുത്തുനിന്നും നോക്കുമ്പോൾ ഒരു വൃക്ഷം എങ്ങനെ വീക്ഷിക്കപ്പെടുന്നുവെന്ന് സ്വാനുഭവം കൊണ്ടു മനസ്സിലാക്കുക, പ്രകൃതിവസ്തുക്കൾ, പർവ്വതങ്ങൾ, മനുഷ്യർ എന്നിവയേയും അവയുടെ നിഴലുകളേയും ശ്രദ്ധാപൂർവം നോക്കിക്കാണുക എന്നിങ്ങനെയുള്ള പരിശീലനങ്ങൾ ഞാനവർക്കു നൽകിയിരുന്നു. ഈ കുറെ ദിവസങ്ങളിൽ എന്റെ ക്ലാസിൽ ചിത്രകലാപരിപാടി നടന്നുകൊണ്ടിരുന്നു.

## നാല്

ഒരു ദിവസം ഹൈസ്കൂളിൽ നിന്ന് ഞാനൊരു ദൂരദർശിനി (ബൈനോക്കുലേഴ്സ്) എടുത്തുകൊണ്ടുവന്നു. ദൂരെയുള്ള വസ്തുക്കൾ എങ്ങനെയാണ് അടുത്തു കാണുന്നതെന്ന് പ്രത്യക്ഷത്തിൽ ഞാനവർക്ക് മനസിലാക്കിക്കൊ

ടുത്തു. അവർക്ക് വളരെ ആശ്ചര്യം തോന്നി. ദിവസമുഴുവൻ അവർ ഓരോരുത്തരും മാറിമാറി ദൂരദർശിനി കണ്ണിൽ വച്ചുകൊണ്ടിരുന്നു. രാത്രിയിൽ നക്ഷത്രങ്ങളേയും ഗ്രഹങ്ങളേയും നിരീക്ഷിക്കുന്നതിനായി ഞാനൊരു ടെലിസ്ക്കോപ്പും കൊണ്ടുവന്നു. എൻെറ സ്നേഹിതൻമാർ പറഞ്ഞു: 'സുഹൃത്തേ, നിങ്ങൾ അങ്ങേയററം പരിശ്രമശീലൻ തന്നെ.'

എൻെറ കൂട്ടുകാരായ അദ്ധ്യാപകർ ഇപ്പോൾ പലപ്പോഴും ഇത്തരം കാര്യങ്ങളിൽ എന്നോട് സഹകരിക്കാൻ തുടങ്ങിയിരുന്നു. എന്നെ നിന്ദിക്കുന്നത് ഉപേക്ഷിച്ച് എന്നിൽ നിന്ന് പലതും പഠിക്കാനും അവർ തയ്യാറായിത്തുടങ്ങിയിരുന്നു.ആഴ്ചയിൽ ഒരു ദിവസം എൻെറ മുറിയിൽ വന്നിരുന്ന് എൻെറ പ്രവർത്തനങ്ങൾ നോക്കി മനസിലാക്കാൻ ആഫീസർ പ്രത്യേകം അനുമതി കൊടുക്കുകയും ചെയ്തിരുന്നു.

സന്ധ്യയ്ക്ക് ഞാനെൻെറ കുട്ടികൾക്ക് ചന്ദ്രനേയും നക്ഷത്രങ്ങളേയും കാണിച്ചുകൊടുത്തു. കണ്ടപാടെ അവർ 'അഹഹഹ!' എന്ന് വിളിച്ചുകൂവി ആഹ്ളാദിക്കാൻ തുടങ്ങി. ചന്ദ്രനെ കാണിച്ചുകൊണ്ട് ഞാൻ പറയാൻ തുടങ്ങി: 'നോക്കൂ, ചന്ദ്രനിൽ ചർക്കതിരിക്കുന്ന ഒരു സ്ത്രീയേയും ആടിനേയും കാണുന്നില്ലേ? അത് ചന്ദ്രനിലെ വിശാലമായ താഴ്വാരങ്ങളും പർവതങ്ങളുമാണ്. അവിടെ മനുഷ്യന് ജീവിക്കാൻ സാധിക്കാത്തവിധം അത്യധികമായ തണുപ്പാണുള്ളത്.' കുട്ടികൾ എൻെറ മുഖത്തേയ്ക്ക് സാകൂതം നോക്കിക്കൊണ്ടിരുന്നു.

ഞാൻ പറഞ്ഞു: 'നാം അധിവസിക്കുന്ന ഈ ഭൂമിയും ചന്ദ്രനും സഹോദരങ്ങളാണ്; സൂര്യനാണ് അവരുടെ പിതാവ്!' കുട്ടികൾ അദ്ഭുതപരതന്ത്രരായി എന്നെത്തന്നെ നോക്കിയിരുന്നു.

ഒരുവൻ ചോദിച്ചു: 'ഈ കഥ ഏത് പുസ്തകത്തിലാണ് എഴുതിയിട്ടുള്ളത്?'



ഞാൻ പറഞ്ഞു: 'ഇത് കഥയല്ല;യഥാർത്ഥമായ കാര്യമാണ്.'

കുട്ടികൾ പറഞ്ഞു: 'ഒരിക്കലും അങ്ങനെയാകാൻ സാദ്ധ്യതയില്ല'

ഞാൻ ഉറപ്പിച്ചു പറഞ്ഞു: 'കുഞ്ഞുങ്ങളേ, അതങ്ങനെ തന്നെയാണ്!'

സൂര്യനിൽ നിന്നും എങ്ങനെയാണ് ഭൂമി ഉണ്ടായതെന്ന കാര്യം ഈ അവസരത്തിൽത്തന്നെ ഞാൻ അവർക്ക് പറഞ്ഞുകൊടുക്കാൻ തുടങ്ങി. അങ്ങനെ ഞാൻ പറയുന്ന കാര്യങ്ങൾ വർണ്ണപ്പൊലിമയോടെ കുട്ടികളെ ആകർഷിക്കാൻ തുടങ്ങി. ദിവസങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. ഭൂമിയുടെ മുകൾപ്പരപ്പ് എങ്ങനെ തണുത്തുവെന്നും, കുഴികൾ, കുന്നുകൾ, താഴ്വരകൾ, പർവതങ്ങൾ എന്നിവ എങ്ങനെ രൂപമെടുത്തുവെന്നും, തടാകങ്ങളും നദികളും എങ്ങനെ ഉദ്ഭവിച്ചുവെന്നും, പായൽ, മൽസ്യം, തവള, ജലജന്തുക്കൾ,കാടുകൾ, കാട്ടുമനുഷ്യർ എന്നിവയും, ക്രമേണ മനുഷ്യരും എങ്ങനെ ജൻമമെടുത്തുവെന്നും മററുമുള്ള കാര്യങ്ങൾ ഇതിനിടയിൽ ഞാനവർക്ക് വിവരിച്ചുകൊടുത്തുകൊണ്ടിരുന്നു. ഇക്കാര്യങ്ങൾ വളരെ അദ്ഭുതകരമായി അവർക്ക് തോന്നി. കുട്ടികൾ അങ്ങേയററം ഏകാഗ്രതയോടെ എല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ പ്രധാനാദ്ധ്യാപകൻ ഏഴാം ക്ളാസിലെ കുട്ടികളെയും ഇതെല്ലാം കേൾക്കാൻ എൻെറ ക്ളാസിലേക്കയക്കാൻ തുടങ്ങി.

ഒരു ദിവസം ഞാൻ ഭൂഗോളം (ഗ്ളോബ്) എടുത്തുകൊണ്ടുവന്ന് കുട്ടികളോട് പറഞ്ഞു: 'നോക്കൂ, ഈ വസ്തുക്കളെല്ലാം ഭൂമിയിൽ എങ്ങനെയുണ്ടായെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതന്നു കഴിഞ്ഞു. ഇനി മററു ചിലതുകൂടി മനസ്സിലാക്കിത്തരാം'. തുടർന്ന് സ്ഥലവും ജലവും എവിടെയാണെന്നും, വെളുത്തവരും കറുത്തവരും എവിടെയെല്ലാം ജീവിക്കുന്നുവെന്നും, മഞ്ഞനിറക്കാരും ചുവപ്പു നിറക്കാരും ജീവിക്കുന്നതെവിടെയാണെന്നും, പൊക്കമുള്ളവരും, പൊക്കം കുറഞ്ഞവരും എവിടെ കാണപ്പെടുന്നുവെന്നും ഞാനവരെപ്പറഞ്ഞു മനസ്സിലാക്കി.

അതിനുശേഷം ഞാൻ ഭൂമിയുടെ പ്രാകൃതിക വിഭാഗങ്ങളും അവയുടെ പേരുകളും പറഞ്ഞുകൊടുത്തു. എന്നിട്ട് അവരോട് പറഞ്ഞു: 'നമ്മൾ ഏഷ്യയിലാണ് നിവസിക്കുന്നത്. ഏഷ്യയിൽ, ഇതാ, ഈ കാണുന്നതാണ് ഇന്ത്യ. ഇന്ത്യയിൽ ഇവിടമാണ് കത്തിയവാർ. കത്തിയവാറിൽ നാം വസിക്കുന്ന ഭവനഗർ ഇതാണ്!'

ഞാൻ കുട്ടികളോട് പറഞ്ഞു: 'ഈ ഭൂഗോളം കയ്യിലെടുക്കൂ, പെട്ടിയിൽ നിന്ന് ഭൂപടവും. അതിനുശേഷം, ഈ ഭൂഗോളത്തിൽ ഈ ഭൂപടം എവിടെയാണ് യോജിച്ചു വന്നിട്ടുള്ളതെന്ന് നോക്കൂ.'

നിത്യേന ഏതെങ്കിലും ഒരു പുതിയ കാര്യം നോക്കിക്കണ്ടുപിടിക്കാൻ ഞാൻ കുട്ടികളെ ഉപദേശിച്ചു. ഞാൻ പറഞ്ഞു: 'നിങ്ങൾ ഇതുവരെ ഏതെല്ലാം നഗരങ്ങളും ഗ്രാമങ്ങളും കണ്ടിട്ടുണ്ടോ, അതെല്ലാം അന്വേഷിച്ച് കണ്ടെത്തണം. അവിടെയെത്താൻ ഏതാണ് മാർഗമെന്നും മനസ്സിലാക്കണം. ആ മാർഗത്തിൽവരുന്ന നദികളും ഗ്രാമങ്ങളും കൂടി ഓർമ്മിക്കണം.'

ഞാൻ സ്വീകരിച്ച പദ്ധതികളിൽ ഒന്നു മാത്രമായിരുന്നു ഇത്. മറ്റൊരു രീതിയും ഞാൻ അവലംബിച്ചു. ഞാൻ ആഫ്രിക്കയിൽ യാത്ര ചെയ്തിരുന്നതുകൊണ്ട്, ആഫ്രിക്കയുടെ ഭൂപടം നിവർത്തിവച്ച് അവിടെക്കണ്ട കാര്യങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കുക എന്നുള്ളതായിരുന്നു ആ മാർഗം. വിക്ടോറിയ, നിയാംസ, ടാങ്കനിക്ക, സാമ്പസി, നൈൽ എന്നിവയെക്കുറിച്ചും ആഫ്രിക്കയിലെ സിംഹങ്ങൾ, ആനകൾ എന്നിവയെക്കുറിച്ചും അവിടത്തെ വിവിധ വർഗക്കാരായ നിവാസികളെക്കുറിച്ചും ഞാനവർക്ക് വളരെയേറെ വിവരങ്ങൾ നൽകി. അതിനുശേഷം ഒരു ദിവസം ഞാനവരോട് പറഞ്ഞു: 'നമ്മുടെ പരിസരത്തു ജീവിക്കുന്ന നെയ്ത്തുകാർ, മൺപാത്ര നിർമ്മാതാക്കൾ, പശുപാലകർ, ആട്ടിടയർ എന്നിവരെ നിങ്ങൾ സൂക്ഷ്മമായി നോക്കിക്കാണുക.' ഈ ഉദ്ദേശ്യം മുൻനിർത്തി ഞാനവരോടൊപ്പം ഗ്രാമങ്ങളിലും പുൽമേടുകളിലും, നദീതീരങ്ങളിലും പർവ്വതപ്രദേശങ്ങളിലും ചില യാത്രകൾ നടത്തു



കയും ചെയ്തു. അങ്ങനെ അവരിൽ ഭൂപ്രദേശങ്ങളുടെ അദ്ധ്യയനത്തിനുള്ള അഭിരുചിയുണ്ടാക്കി.

പിന്നീട് ഞാൻ ഭൂമിശാസ്ത്രത്തോടു ബന്ധപ്പെട്ട ഒരു വായനശാല തുടങ്ങാനുള്ള വിചാരത്തിൽ മുഴുകി. പക്ഷെ, നമ്മുടെ ഭാഷയിലെഴുതിയ ആകർഷകങ്ങളായ യാത്രാവിവരണ ഗ്രന്ഥങ്ങൾ എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. കിട്ടിയ ഗ്രന്ഥങ്ങൾ കുട്ടികൾക്ക് കൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു: 'പുസ്തകം വായിക്കുക; അതോടൊപ്പം ഭൂപടം നോക്കുകയും ചെയ്യുക. യാത്രക്കാരൻ എവിടെ നിന്ന് എവിടേയ്ക്കു യാത്ര ചെയ്യുന്നുവെന്ന് മനസ്സിലാക്കുക, അയാളോടൊപ്പം സഞ്ചരിക്കുക!'

വിദ്യാർത്ഥികൾ യാത്രാവിവരണങ്ങൾ വായിക്കാൻ താല്പര്യമുള്ളവരാണ്. ഒന്നു രണ്ടു വിദ്യാർത്ഥികൾക്ക് 'കത്തിയവാർ സർവ്വസംഗ്രഹം' എന്ന പുസ്തകം വളരെ ഇഷ്ടപ്പെട്ടു. ഭൂപടത്തിൽ നിന്ന് ഗ്രാമം കണ്ടെത്തി അവർ 'സർവ്വസംഗ്രഹ'ത്തിൽ നിന്ന് ആ ഗ്രാമത്തോട് ബന്ധപ്പെട്ട കാര്യങ്ങൾ വായിച്ചുതുടങ്ങി. ഇപ്രകാരം പരിചിതവും അപരിചിതവുമായ പല ഗ്രാമങ്ങളേയും സംബന്ധിച്ച് അവർ അറിവുനേടി. 'ശ്രീ രവിശങ്കർ റാവലി'ന്റെ ചിത്രങ്ങൾ അവർക്ക് അഹമ്മദാബാദുമായി പരിചയപ്പെടാൻ സഹായകമായി. ഓരോ പ്രധാനസ്ഥലത്തേയും കുറിച്ച് ഇത്തരം അടിസ്ഥാന ചിത്രങ്ങൾ ലഭ്യമാകുമെങ്കിൽ എത്ര നന്നായിരുന്നുവെന്ന് എനിക്കുതോന്നി. ഒരു ദിവസം ശ്രീ രവിശങ്കർ അവിടെ വന്നു. അദ്ദേഹത്തിന്റെ പക്കൽ മദ്രാസിനെക്കുറിച്ചുള്ള ഒരു ഫിലിം ഉണ്ടായിരുന്നു. ഞാൻ കുട്ടികൾക്ക് ആ ഫിലിം കാണിച്ചുകൊടുത്തു. ഒരു വശം ചിന്തിച്ചാൽ സിനിമ വളരെ ദോഷകരമാണെങ്കിലും, മറുവശത്ത് അത് വിദ്യാഭ്യാസത്തിന്റെ മൂല്യവത്തായ മാദ്ധ്യമമെന്ന നിലയിൽ പ്രവർത്തിക്കുന്നതായി കാണാൻ കഴിയും. ദൂരസ്ഥലങ്ങളിലെ ദൃശ്യങ്ങളെ യഥാതഥം പ്രദർശിപ്പിക്കുമ്പോൾ കുട്ടികളിൽ ഭൂമിശാസ്ത്രപരമായ താല്പര്യം വളരുന്നു. ഒരിക്കൽ 'സിസേഴ്സ് സിഗററ്റി'ന്റെ കുറെ ശീട്ടുകൾ എനിക്കു കിട്ടി. അവയിൽ രാജ്യത്തിനകത്തും

പുറത്തുമുള്ള വിവിധ വർഗക്കാരായ മനുഷ്യരുടെ ചിത്രങ്ങൾ കാണാം. ആ ചിത്രങ്ങളും ഞാൻ കുട്ടികളെ കാണിച്ചു ലോകവിജ്ഞാനം മുഴുവനും അവർക്ക് പകർന്നു കൊടുക്കണമെന്നുള്ളതായിരുന്നില്ല എന്റെ ലക്ഷ്യം; അവർ എല്ലാ കാര്യങ്ങളും ഓർമ്മിക്കണമെന്ന ഉദ്ദേശ്യവും എനിക്കില്ലായിരുന്നു; പ്രത്യുത, ലോകം വളരെ വിശാലമാണെന്നും അതിൽ വളരെയധികം കാര്യങ്ങൾ കാണാനും അറിയാനുമുണ്ടെന്നും അതിനുള്ള ഉപകരണങ്ങൾ ഇവയൊക്കെയാണെന്നും അവരുടെ മനസ്സിൽ ദൃഢമായ ബോധം ജനിപ്പിക്കുകയായിരുന്നു എന്റെ ഉദ്ദേശ്യം. എന്നെ സംബന്ധിച്ചിടത്തോളം ഇത്രയും ധാരാളമായിരുന്നു.

ഞാൻ മറ്റൊരു കളികൂടി ആരംഭിച്ചിരുന്നു. 'പോകാം നമുക്കു യാത്ര പോകാം' എന്നായിരുന്നു അതിന്റെ പേർ. കളിയുടെ രീതിയിൽ കുട്ടികൾ ഭവനഗറിൽ നിന്ന് അഹമ്മദാബാദ്, ദ്വാരക, ബോംബെ, ഹിമാചലപ്രദേശം, ലണ്ടൻ എന്നിവിടങ്ങളിലേക്ക് യാത്ര പുറപ്പെടാറുണ്ട്. എങ്ങനെ യാത്രപുറപ്പെടണം, ഏതേതു വണ്ടികളിൽ കയറണം, എവിടെയെല്ലാം വണ്ടിമാറിക്കയറണം, കാണാൻ യോഗ്യമായ സ്ഥലങ്ങൾ ഏതെല്ലാമാണ്, അവിടെ എന്തെല്ലാം കാണാനുണ്ട്, എന്തെല്ലാം വാങ്ങേണ്ടതുണ്ട് എന്നീ കാര്യങ്ങളെക്കുറിച്ച് കുട്ടികൾ പരസ്പരം ആശയവിനിമയം നടത്തും. യാത്രയ്ക്കുള്ള ചെലവിന്റെ കണക്കുണ്ടാക്കുക, പട്ടണങ്ങളുടെ 'ഗൈഡ്'' നോക്കി യാത്രക്കിടയിൽ കാണേണ്ടതായ സ്ഥലങ്ങളുടെ പേരുകൾ കുറിച്ചെടുക്കുക എന്നിവയും അവരുടെ വിനോദമായിരുന്നു. ഓരോ സ്ഥലത്തും ലഭ്യമായ വിശേഷപ്പെട്ട വസ്തുക്കളുടെ പേരുകൾവായിച്ചു പഠിക്കുകയും ഏതെല്ലാം വാങ്ങണമെന്ന് നിശ്ചയിക്കുകയും ചെയ്യുക അവർക്കു രസകരമായിത്തീർന്നു. ഈ വിധം യഥാർത്ഥത്തിൽ യാത്രക്ക് പുറപ്പെടുന്ന രീതിയിൽ തന്നെ കുട്ടികൾ എല്ലാ കാര്യങ്ങളും ചെയ്തിരുന്നു. ഭൂമിശാസ്ത്രാദ്ധ്യയന പദ്ധതിയുടെ ഒരു മാതൃകയെന്ന നിലയ്ക്കാണ് ഞാനീ പരിശീലനം നൽകിയിരുന്നത്. വേറെ ചില കാര്യങ്ങളും വിദ്യാർത്ഥികൾ തന്നെ ചെയ്തിരുന്നു. ചിലപ്പോൾ കുട്ടികൾ ഭൂപടത്തിൽ നോക്കി തീപ്പെട്ടി



എവിടെനിന്നും എത്തുന്നുവെന്ന് അന്വേഷിച്ചറിയും. മറ്റു ചിലപ്പോൾ നമ്മുടെ നാട്ടിലെ പഞ്ഞി ഏതെല്ലാം വഴികളിലൂടെ ലണ്ടനിലെത്തുന്നു വെന്നറിയാൻ പഞ്ഞിക്കെട്ടിന് മേൽ കയറി ഭാവനാസഞ്ചാരം നടത്തുകയും പതിവുണ്ട്. ചിലപ്പോൾ അവർ അങ്ങാടിയിൽ ചുറ്റിക്കറങ്ങുകയും ഓരോ കടയിലും ഏതെല്ലാം രാജ്യങ്ങളിലേയും പട്ടണങ്ങളിലേയും സാധനങ്ങൾ എത്തുന്നുവെന്നുള്ള വിവരംശേഖരിക്കുകയും ചെയ്യാറുണ്ട്. നദികൾ, പർവ്വതങ്ങൾ, പട്ടണങ്ങൾ, ഭൂമിശാസ്ത്രത്തോട് ബന്ധപ്പെട്ട പ്രധാന വസ്തുക്കൾ എന്നിവയുടെ പേരുകൾ അന്ത്യാക്ഷരരൂപത്തിൽ പറഞ്ഞ് കളിക്കുന്നതിലും അവർ ഏർപ്പെടാറുണ്ട്. ചിത്രരചനാവേളയിൽ വൃക്ഷങ്ങളുടേയും മറ്റും ചിത്രംവരയ്ക്കാൻ പ്രകടിപ്പിച്ച താല്പര്യത്തോടെ തന്നെ വിവിധ രാജ്യങ്ങളുടെ ഭൂപടം വരയ്ക്കുന്നതിലും അവർ സന്തോഷം കണ്ടെത്തിയിരുന്നു. സ്വയം വരച്ച അത്തരം ഭൂപടങ്ങളിൽ നോക്കി, മുമ്പു വായിക്കുകയും കേൾക്കുകയും ചെയ്തിരുന്ന ഗ്രാമങ്ങൾ, നദികൾ, പർവ്വതങ്ങൾ എന്നിവ കാണിക്കുകയും കൂടുതൽ സ്ഥാനങ്ങൾകണ്ടെത്താനുള്ള കൗതുകം കൊണ്ട് പുതിയ ഗ്രാമങ്ങളും പുതിയ സ്ഥലങ്ങളും ഭൂമിശാസ്ത്രം വായിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ഞങ്ങളുടെക്ലാസിൽ ഭൂമിശാസ്ത്രപഠനം പുരോഗമിച്ചുകൊണ്ടിരുന്നു.

എന്റെ അദ്ധ്യാപകസുഹൃത്തുക്കൾ ഒരു ദിവസം എന്നോട് പറഞ്ഞു: 'സുഹൃത്തേ, ഇത്തരം കാര്യങ്ങൾ നിങ്ങൾക്ക് മാത്രമേ ചെയ്യാൻ കഴിയൂ. ഇത്രയധികം വിവരങ്ങൾ ഞങ്ങൾക്കാകട്ടെ, അറിയാൻ തന്നെ കഴിഞ്ഞിട്ടില്ല. ഭൂമിശാസ്ത്രത്തെക്കുറിച്ച് ഇങ്ങനെയൊക്കെ ചർച്ച നടത്താൻ പോലും ഞങ്ങൾ അശക്തരാണ്.'

ഞാൻ പറഞ്ഞു: 'സുഹൃത്തുക്കളേ, എല്ലാം ഉണ്ടാക്കിയെടുക്കാവുന്നതേയുള്ളു, കുറച്ച് പരിശ്രമശീലവും ഉൽസാഹവും വേണമെന്നുമാത്രം!'

## അഞ്ച്

വാർഷിക പരീക്ഷയുടെ സമയം അടുത്തു വന്നുകൊണ്ടിരുന്നു. ഞാൻ എന്റെ പ്രവർത്തികളെ വിലയിരുത്താൻ തുടങ്ങി. ഗണിതത്തെക്കുറിച്ചുള്ള ചിന്തയും എന്റെ മനസിൽ ഓടിയെത്തി. ഇതുവരെ ഞാനാവിഷയം തീരെ സ്പർ

ശിച്ചിരുന്നില്ലെന്ന് ധരിക്കരുത്. പക്ഷെ അതിനെക്കുറിച്ച് കൂടുതൽ പരാമർശിക്കുന്നതിനുള്ള ആഗ്രഹം ഇന്നാണുണ്ടായതെന്ന് മാത്രം. ഗണിതവിഷയത്തിൽ പരീക്ഷ നടത്തണമെന്നുള്ള ഉദ്ദേശത്തോടെ ഞാൻ എന്റെ ക്ലാസിലെ കുട്ടികളോട് ഗണിതപുസ്തകത്തിൽ കൊടുത്തിട്ടുള്ള മാതൃകാചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താൻ പറഞ്ഞപ്പോൾ എല്ലാവരും ശരിയായ രീതിയിൽ തന്നെ ചെയ്തുകാണിച്ചു. അതുകൊണ്ട് ആദ്യം ഞാൻ കരുതി, ഇവരെല്ലാം കണക്കിൽ സമർത്ഥൻമാരാണെന്ന്. പക്ഷെ ക്രമേണ, ഗണിതത്തിലെ ചോദ്യങ്ങളുടെ അടിസ്ഥാനപരമായ തത്വങ്ങളെക്കുറിച്ച് ചോദിക്കാൻ തുടങ്ങിയപ്പോൾ എനിക്ക് മനസിലായി കുട്ടികൾ ഇരുട്ടിൽ തപ്പിത്തടയുകയാണെന്ന്. കുട്ടികൾക്ക് കൂട്ടൽ, കുറയ്ക്കൽ, പെരുക്കൽ, ഹരിക്കൽ എന്നിവയെക്കുറിച്ച് ജ്ഞാനമുണ്ട്. പക്ഷെ, ആ ജ്ഞാനം കേവലം അനുകരണം കൊണ്ട് കിട്ടിയതും യാന്ത്രികവുമാണെന്ന് എനിക്ക് ബോദ്ധ്യമായി. ഞാൻ ചിന്തിച്ചു: 'ഇതിനുള്ള പരിഹാരമെന്താണ്? ഞാൻ ധർമ്മസങ്കടത്തിലായി. ഒന്നാമത് ഗണിതം എനിക്കത്ര പ്രിയപ്പെട്ട വിഷയമായിരുന്നില്ല. രണ്ടാമത് അതിന്റെ അദ്ധ്യയനത്തിലുള്ള ദോഷങ്ങൾ ഞാൻ മനസിലാക്കിയിരുന്നു; പക്ഷെ ആ ദോഷങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചിരുന്നില്ല. ഈ നിലയ്ക്ക്, ഇനി എന്താണ് ചെയ്യേണ്ടതെന്ന ചിന്ത എന്റെ മനസിനെ അലട്ടി. ആഫീസറുടെ അടുത്ത് ചെന്നു ഞാനദ്ദേഹത്തോട് തുറന്നുപറഞ്ഞു: 'സർ, ഗണിതത്തിന്റെ കാര്യത്തിൽ യാതൊരു നവീന മാർഗവും സ്വീകരിക്കാൻ എനിക്ക് കഴിയുന്നില്ല. കുട്ടികളെ നല്ലവണ്ണം പറഞ്ഞു മനസിലാക്കി പാഠഭാഗങ്ങൾ മുഴുമിച്ചുകൊള്ളാം.'

ആഫീസർ ചോദിച്ചു: 'എന്താണിങ്ങനെ?....ഗണിതത്തിന്റെ കാര്യത്തിൽ എന്തെങ്കിലും പരിഷ്കൃത പദ്ധതിക്ക് സാദ്ധ്യതയില്ലേ?'

ഞാൻ പറഞ്ഞു: 'സർ, ഉണ്ട് പക്ഷെ, ആ പരിഷ്ക്കാരമോ പരിവർത്തനമോ ഏതായാലും, അടിസ്ഥാനത്തിൽ നിന്ന് തുടങ്ങണം. കുട്ടിയെ എണ്ണം പഠിപ്പിക്കുന്ന സമയം മുതൽ തന്നെ ഉചിതമായ രീതി അവലംബിക്കണം. ഓരോ



കാര്യവും യുക്തിപൂർവ്വം മനസ്സിലുറപ്പിച്ചില്ലെങ്കിൽ ഒരു കാലത്തും ഒരു കുട്ടിയ്ക്ക് കഴിവുനേടാൻ കഴിയാത്തതാണ് ഗണിതവിഷയം.'

ആഫീസർ ചോദിച്ചു: 'എങ്കിൽ, നിങ്ങൾ എന്തുകൊണ്ടാണ് അവരെ ഗണിതത്തിന്റെ ആരംഭം മുതൽ പഠിപ്പിക്കാൻ തുടങ്ങാത്തത്?'

ഞാൻ ചോദിച്ചു:'അതിനുള്ള സമയമെവിടെ? അഥവാ, സമയം കിട്ടിയാൽ തന്നെ, യാന്ത്രികവും യുക്തിരഹിതവുമായി ഗണിതത്തിന്റെ ക്രിയകൾ ചെയ്തു പഠിച്ച് ശീലിച്ച ഈ കുട്ടികളെ നവീന രീതിയിൽ ഗണിതം പഠിപ്പിക്കുക പ്രയാസമേറിയ കാര്യമാണ്.'

ആഫീസർ ചോദിച്ചു: 'അപ്പോൾ ഇവരുടെ ഇക്കൊല്ലത്തെ ഗണിതം....'

ഞാനദ്ദേഹത്തെ സമാധാനിപ്പിച്ച് പറഞ്ഞു: 'ഇങ്ങനെതന്നെ കഴിയുന്നത്ര ഭംഗിയായി ഞാനവരെ പഠിപ്പിക്കാൻ ശ്രമിക്കാം. ഞാൻ പറഞ്ഞതിന്റെ സാരം, ഈ വിഷയത്തിൽ നടത്താൻ കഴിയുന്ന പരീക്ഷണങ്ങളൊന്നും ഇപ്പോൾ ചെയ്യാൻ കഴിയില്ലെന്നുമാത്രമാണ്.'

ആഫീസർ ചോദിച്ചു: 'നിങ്ങൾക്ക് ഒന്നാംക്ലാസ് തന്നെ ഏൽപ്പിച്ചുതന്നാൽ, അതിൽ പരീക്ഷണം നടത്താൻ കഴിയുമോ?'

ഞാൻ വിവരിച്ചു: 'ഗണിതവിഷയത്തിലെ പരീക്ഷണം, ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെയുള്ള 'എണ്ണൽ' മുതൽ ആരംഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അപ്പോൾ മാത്രമേ, ഈ രീതിയാണ് ഉത്തമ'മെന്ന് എനിക്ക് പൂർണ്ണ വിശ്വാസത്തോടെ പറയാൻ കഴിയൂ. എന്റെ അദ്ധ്യാപക സുഹൃത്തുക്കൾക്ക് ഗണിതവിഷയത്തിൽ എന്തെങ്കിലും നവീനപദ്ധതി സ്വീകരിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. അടുത്ത കൊല്ലം എനിക്കതിൽ പരീക്ഷണം നടത്താനുള്ള അവസരം ലഭിക്കുമെങ്കിൽ ഞാനും ജ്ഞാനശങ്കറും കൂടി അക്കാര്യം ഏറ്റെടുക്കാൻ തയ്യാറാണ്. 'മോണ്ടിസ്സോറി'

ഗണിതപദ്ധതി ഏററവും ഉത്തമമാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അത് പ്രായോഗികവും സാധാരണവുമാണ്. ഞാനതുവായിക്കുകയും മനനം ചെയ്യുകയും ചെയ്തിട്ടുണ്ട്.എങ്കിലും ഇതുവരെ പരീക്ഷിച്ചറിഞ്ഞിട്ടില്ല.’’

അദ്ദേഹം ചോദിച്ചു: ‘എന്നാൽ അടുത്തവർഷം ഈ കലാക്ഷേത്രത്തിലെ സഹാദ്ധ്യാപകനായിച്ചേർന്ന് ഗണിതവിഷയത്തിലെ പരീക്ഷണ കർത്താവെന്ന സ്ഥാനം നിങ്ങൾക്ക് ഏറെറടുക്കാൻ കഴിയുമോ?’

ഞാൻ മറുപടി പറഞ്ഞു: ‘അതൊക്കെ ഈശ്വരേച്ഛ പോലെ വരട്ടെ. പക്ഷെ, ഇപ്രാവശ്യം എനിക്കങ്ങയോട് പറയാനുള്ളത്, ഗണിതവിഷയത്തിൽ വിശേഷമായി ഒന്നും ചെയ്യാൻ കഴിയില്ല എന്നു മാത്രമാണ്.’

വാർഷികപരീക്ഷ അടുത്തു. ഞാൻ എന്റെ തനതായ ശൈലിയിൽ കുട്ടികളെ പരീക്ഷയ്ക്ക് തയ്യാറാക്കാൻ തുടങ്ങി. വിദ്യാർത്ഥികൾ വളരെ ഉൽസാഹത്തോടെ ഒരുക്കവും തുടങ്ങി. എന്റെ വിദ്യാർത്ഥികൾ പരീക്ഷയിൽ വിജയിക്കുമെന്ന് എനിക്ക് ഉറച്ചവിശ്വാസമുണ്ടായിരുന്നു.

പരീക്ഷ ദിവസം വന്നുചേർന്നു. ആഫീസർ എല്ലാ ക്ലാസുകളിലും പരീക്ഷയെടുപ്പിച്ചു. ഇന്ന് എന്റെ ക്ലാസിന്റെ ഊഴമാണ്. ഞങ്ങൾ തമ്മിലുണ്ടായിരുന്ന വ്യവസ്ഥയനുസരിച്ച് അദ്ദേഹം തന്നെ പരീക്ഷ നടത്തേണ്ടതായിരുന്നു. അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: ‘ലക്ഷ്മീശങ്കർ, ഞാൻ നിങ്ങളുടെ ക്ലാസിൽ പരീക്ഷയെടുക്കുന്നില്ല. ആ ക്ലാസിലെ എല്ലാ കുട്ടികൾക്കും ഞാൻ ക്ലാസ് കയററം നൽകുകയാണ്.’

ഞാൻ പറഞ്ഞു: ‘സർ, അത് പാടില്ല. അങ്ങനെ ചെയ്താൽ എന്റെ ചില വിദ്യാർത്ഥികളോട് നീതി ചെയ്യാൻ കഴിയില്ല.’

‘അതിന്റെ അർത്ഥം....അവരോട് ചെയ്യുന്നത് അനീതിയായിരിക്കുമെന്നാണോ?’

‘അതെ, സർ. ക്ലാസ് കയററത്തിന് അർഹതയില്ലാത്തവർക്ക് അത് നൽകുന്നതിലും ഞാനെതിരാണ്.’



ആഫീസർ പറഞ്ഞു: ‘പക്ഷെ, നിങ്ങൾ എല്ലാവരേയും നല്ലപോലെ പഠിപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. നിങ്ങളുടെ അദ്ധ്യാപനരീതി എനിക്ക് സമ്മതവുമാണ്.’

ഞാൻ പറഞ്ഞു: ‘സർ,അങ്ങു പറയുന്നത് ശരിയാണ്. പക്ഷെ, എന്റെ ശൈലിയുടെ സ്വാധീനം എല്ലാവരിലും ഒരു പോലെ ഉണ്ടായിട്ടില്ല. ചില കുട്ടികളെ അത് സ്പർശിക്കുകതന്നെ ചെയ്തിട്ടില്ല. അവർക്ക് യാതൊരുമാററവുമുണ്ടായിട്ടില്ല.’

ആഫീസർ ചോദിച്ചു: ‘അപ്പോൾ അവരെ സംബന്ധിച്ച് എന്ത് ചെയ്യണമെന്നാണ് നിങ്ങളുടെ അഭിപ്രായം?’

ഞാൻ വിശദീകരിച്ചു: ‘സർ, അവരിൽ ചിർക്കൊക്കെ ഈ വിദ്യാലയം വിട്ടുപോകേണ്ടതായിവരും....ക്ഷുരകൻ രാഘവന്റെ കുട്ടിയ്ക്ക് ചരിത്രം, ഭൂമിശാസ്ത്രം,ഗണിതം എന്നിവയിൽ ഒട്ടും പുരോഗതിനേടാൻ കഴിഞ്ഞിട്ടില്ല. ഈ വിദ്യാലയാന്തരീക്ഷത്തിൽ ആ കുട്ടി എന്നും പ്രശ്നങ്ങൾ സൃഷ്ടിക്കും. പക്ഷെ, വേണമെങ്കിൽ നൂറുക്ഷുരകൻമാരെ ജോലിക്കുവച്ച് ഒരു വലിയ ബാർബർ ഷാപ്പ് നടത്തിക്കൊണ്ടു പോകാൻ അവൻ മിടുക്കനാണ്.അവനെ ബാർബർ തൊഴിലിൽ സാമർത്ഥ്യം നേടാനു, ‘സലൂണു’കളുടെ നടത്തിപ്പ് പഠിക്കാനും ബോംബയ്ക്ക് അയക്കുകയാണ് വേണ്ടത്.’

ആഫീസർ ചോദിച്ചു: ‘ശരി....വേറെ ആരെല്ലാമാണ് ഈ വിദ്യാലയത്തിന് യോജിക്കാത്തവർ....?’

ഞാൻ പറഞ്ഞു: ‘സർ,അവർ വിദ്യാലയത്തിന് യോജിക്കാത്തവരെന്നല്ല പറയേണ്ടത്; അവർക്ക് യോഗ്യതനേടാൻ കഴിയുന്ന ജോലി ഈ വിദ്യാലയം പഠിപ്പിച്ചുകൊടുക്കുന്നില്ല.’

ആഫീസർ സമ്മതിച്ചു: ‘കൊള്ളാം. അങ്ങനെയാകട്ടെ.... അങ്ങനെയുള്ള വേറെ ആരെല്ലാമുണ്ട്?’ ഞാൻ പറഞ്ഞു: ജീവൻ സേട്ടിന്റെ മകൻ ‘നേമി’ പോലീസ് വിഭാഗത്തിന് പററിയവനാണ്. അവനെ ഏതെങ്കിലും ജിംനേഷ്യത്തിൽ

ചേർക്കുക. സേട്ട്ജി അതിനുവേണ്ട യാത്രക്കുള്ള ഏർപ്പാടുകൾ ചെയ്യട്ടെ. പിന്നീടവൻ ഏതെങ്കിലും സൈനികോദ്യോഗസ്ഥന്റെ അടുത്തുപോയി കുറച്ച് നിയമം പഠിക്കട്ടെ. അഞ്ചുവർഷത്തിനകം അവൻ നല്ലൊരു ജമേദാരായിത്തീരും. ഈ വിദ്യാലയത്തിൽ ഏകദേശം ജമേദാരുടെ മട്ടിലാണ് ഇപ്പോഴും അവന്റെ പെരുമാറ്റം!'

ആഫീസർ വീണ്ടും ചോദിച്ചു: 'ശരി....വേറെയാരെല്ലാമുണ്ട് പഠിത്തത്തിൽ പുരോഗമിക്കാത്തവർ....?'

ഞാൻ പറഞ്ഞു: 'സർ, ഇതുപോലെ വേറെ മൂന്നു കുട്ടികൾ കൂടിയുണ്ട്. അവരെ ഞാൻ ഈ ഒഴിവുകാലത്ത് എന്റെ കൂടെ നിർത്തി അടുത്ത ക്ലാസിലേക്ക് തയ്യാറാക്കാം. .......സർ, ഒരു നിവേദനമുണ്ട്. നമ്മുടെ വിദ്യാലയത്തിലെ ഇന്നത്തെ രീതികളും പാഠ്യപദ്ധതിയുടെ കാഠിന്യവും മാറ്റിയെടുക്കാൻ അങ്ങ് എന്തെങ്കിലും ഉപായം നിർദ്ദേശിക്കില്ലേ?'

ആഫീസർ പറഞ്ഞു: 'ഇപ്പോൾ അക്കാര്യം വിട്ടുകളയൂ. ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞിട്ടുണ്ട്, ഇക്കാര്യത്തിൽ എന്റെ കൈകാലുകൾ ബന്ധിതമാണെന്ന്....ശരി ....എന്നാൽ നിങ്ങളുടെ ക്ലാസിലെ പരീക്ഷ കഴിഞ്ഞതായി നിശ്ചയിക്കട്ടെ.'

ഞാൻ പറഞ്ഞു: 'ആയിട്ടില്ല.'

ആഫീസർ വിനോദരൂപത്തിൽ പറഞ്ഞു: 'അർദ്ധവാർഷികപരീക്ഷയിലേപ്പോലെ ഇപ്പോഴും നിങ്ങൾ എന്തോ ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്ന് തോന്നുന്നു! ഇപ്പോൾ നിങ്ങളുടെ മാർഗങ്ങൾ എല്ലാവർക്കും സുവിദിതമാണ്!'

## ഏഴ്

ഇന്ന് ഞങ്ങളുടെ വിദ്യാലയത്തിന്റെ വാർഷിക സമ്മേളനമാണ്. ഓരോ കൊല്ലവും വർഷാന്ത പരീക്ഷയ്ക്കു ശേഷം ഇങ്ങനെ സമ്മേളനം നടക്കുക പതിവുണ്ട്. ഒന്നാം റാങ്കുകൾ നേടി വിജയികളാകുന്ന കുട്ടികൾക്ക് അന്ന്



സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇന്നത്തെ സമ്മേളനത്തിന് ഗ്രാമത്തിലെ സേട്ടുവും, പണമിടപാടുകാരനും, ഗ്രാമാധിപതിയും എന്നുവേണ്ടാ, എല്ലാവിഭാഗത്തിൽപ്പെട്ടവരും എത്തിച്ചേർന്നിരുന്നു. സമ്മേളനപരിപാടി തയ്യാറാക്കാൻ ഡെപ്യൂട്ടിഡയറക്ടർ (ആഫീസർ) എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഞാൻ ആ ചുമതല എന്റെ വിദ്യാർത്ഥികളെ ഏൽപ്പിച്ചു. അവർ എന്റെ നിർദ്ദേശമനുസരിച്ചും അഭിപ്രായമനുസരിച്ചും അത് ചെയ്തിരുന്നു.

ആദ്യമായി'കോൽക്കളി'യുടെ താളത്തിൽ 'രാസക്രീഡ' നൃത്തം തുടങ്ങി. അരമണിക്കൂർ സമയം സഭാവാസികൾ അതിൽ ലയിച്ചിരുന്നു. പിന്നീട് പന്തയക്കളികളുടെ ഊഴമായി.ഓട്ടപ്പന്തയം,മുടന്തി നടക്കുന്നതിലുള്ള പന്തയം,മൂന്നു കാലിൽ നടക്കുന്ന പന്തയം, കസേരകളി മുതലായവയായിരുന്നു ഇനങ്ങൾ. ആളുകൾ നിർന്നിമേഷരായി പ്രകടനങ്ങൾ നോക്കിക്കൊണ്ടിരുന്നു. കളികൾ കഴിഞ്ഞപ്പോൾ നിശബ്ദമായ പ്രച്ഛന്നവേഷ പ്രകടനം നടന്നു. കുട്ടികൾ ഗ്രാമത്തിലെ സേട്ടുവിന്റേയും, വിദ്യാഭ്യാസ വകുപ്പിലെ അധികാരിയുടേയും പട്ടാള മേധാവിയുടേയും രാഷ്ട്രീയ നേതാക്കൻമാരുടേയും വേഷങ്ങൾ കെട്ടി രംഗത്തുവന്നു. അതിനുശേഷം വിദ്യാർത്ഥികൾ അവർ വരച്ച ചിത്രങ്ങൾ കൊണ്ടുവന്നു. എന്നിട്ട് സദസിലെ ഓരോ വ്യക്തിയേയും സമീപിച്ച് ആ ചിത്രങ്ങൾ കാണിക്കാൻ തുടങ്ങി. സദസാകെ വിദ്യാർത്ഥികളുടെ ചിത്രങ്ങൾ കാണുന്നതിൽ മുഴുകി.

അന്തിമപരിപാടി സമ്മാനദാനമായിരുന്നു. ഓരോ വർഷവുംനൂറ്റിയിരുപത്തിയഞ്ചു രൂപയുടെ സമ്മാനങ്ങൾ വിതരണം ചെയ്യാറുണ്ട്. ഈ സമ്മാനങ്ങൾ മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് പങ്കിട്ടുകൊടുക്കുകയാണ് പതിവ്.

ഒടുവിൽ ആഫീസർ എഴുന്നേറ്റുനിന്ന് പതിവിൻപടി രണ്ടുവാക്ക് പറഞ്ഞു.

'സജ്ജനങ്ങളേ, എന്റെ അഭിപ്രായത്തിൽ ഇന്നത്തെ ഈ സമ്മാനദാന സമ്മേളനം സവിശേഷരീതിയിലുള്ളതാണ്. എന്റെ ഭാടുത്തിരിക്കുന്ന ഈ മാന്യൻ സമ്മാനദാനത്തെ

സംബന്ധിച്ച് ഒരു പുതിയ അറിവ് എനിക്ക് നൽകിയിരിക്കുന്നു. ഈ വർഷത്തെ സമ്മാനമായ നൂററിയിരുപത്തിയഞ്ചു രൂപ ഞാൻ പലർക്കുമായി വിതരണം ചെയ്യാനാഗ്രഹിക്കുന്നില്ല. ആ സംഖ്യകൊണ്ട് സമ്മാനാർഹരായ കുട്ടികളുടെ പേരിൽ ഈ വിദ്യാലയത്തിൽ ഒരു വായനശാല ആരംഭിക്കുന്നതായിരിക്കും. ഉയർന്ന അധികാരികളിൽ നിന്നും അതിനുള്ള അനുമതി ഞാൻ നേടിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം മുതൽ ഈ സമ്മാനത്തുക വായനശാലക്കുവേണ്ടിത്തന്നെ വിനിയോഗിക്കുന്നതായിരിക്കും. ഈ സന്തോഷവാർത്ത നിങ്ങളെ അറിയിക്കാൻ എനിക്ക് വളരെയേറെ ആഹ്ളാദമുണ്ട്. വ്യക്തിപരമായ സമ്മാനങ്ങൾ നൽകുമ്പോൾ കുട്ടികളിൽ നിരാശയും, അഹങ്കാരവും ജനിക്കുന്നു; ഈ പുതിയ വ്യവസ്ഥകൊണ്ട് സമ്മാനത്തുകയുടെ സൽഫലം എല്ലാവർക്കും നേടാൻ സാധിക്കുന്നു. പഴയ രീതിയിലുള്ള സമ്മാനദാനത്തിന്റെ അർത്ഥശൂന്യത എനിക്ക് മനസ്സിലാക്കിത്തരികയും, ശ്രേഷ്ഠമായ ഈ പരീക്ഷണം അനുഭവപ്പെടുത്തിത്തരികയും ചെയ്ത ഈ സഹോദരനോടുള്ള കൃതജ്ഞത നിങ്ങൾക്കേവർക്കും വേണ്ടി ഞാൻ പ്രകടമാക്കിക്കൊള്ളുന്നു.

ഈ അവസരത്തിൽ ഞാൻ ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. ഈ മാന്യൻ ഒരു വർഷം മുമ്പ് നാലാം ക്ലാസിലെ അദ്ധ്യാപനത്തിൽ പരീക്ഷണം നടത്താൻ അനുമതിയാവശ്യപ്പെട്ടുകൊണ്ട് എന്നെ സമീപിക്കുകയുണ്ടായി. ഞാനന്ന് ഇദ്ദേഹത്തെ വിദ്യാസമ്പന്നനായ വിഡ്ഢിയായിട്ടാണ് കണക്കാക്കിയത്! ഇദ്ദേഹത്തെപ്പോലെ ബുദ്ധിഭ്രമം ബാധിച്ചവർ ധാരാളമുണ്ടെന്നും കാര്യങ്ങളുടെ പ്രായോഗികവശവുമായി പരിചയപ്പെടുമ്പോൾ താനേ പിന്തിരിഞ്ഞോടിക്കൊള്ളുമെന്നും വിചാരിച്ചാണ് ഇദ്ദേഹത്തിന് ഞാനന്ന് അനുമതി നൽകിയത്. എനിക്കീ മാന്യന്റെ പ്രവർത്തനങ്ങളിൽ അന്ന് ഒട്ടുംതന്നെ വിശ്വാസമുണ്ടായിരുന്നില്ല. പക്ഷെ, ഇന്ന് ഞാൻ സഹർഷം അംഗീകരിക്കുന്നു, ഇദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ വളരെയേറെ വിജയിച്ചിരിക്കുന്നുവെന്ന്. എന്റെ ചിന്താഗതിയിലും ഇദ്ദേഹത്തിന് ഗണനീയമായമാററം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക



വിദ്യാലയങ്ങളിൽനിലനിൽക്കുന്ന പഴയഅദ്ധ്യാപനപദ്ധതികൾ താമസംവിനാ അവസാനിക്കണമെന്നുള്ള സ്വരമാണ് ഇന്നെന്റെ അന്തഃകരണത്തിൽ മുഴങ്ങുന്നത് നമ്മെപ്പോലുള്ള അദ്ധ്യാപകരും, അധികാരികളും വളരെ സന്തോഷത്തോടെ തന്നെ, പുതിയ തലമുറയിലെ വിദ്യാഭ്യാസ പ്രവർത്തകർക്കും, ഭാവനാസമ്പന്നരായ വിദ്യാഭ്യാസ ചിന്തകന്മാർക്കും നമ്മുടെ സ്ഥാനമേല്പിച്ചുകൊടുക്കാൻ ഇനി വൈകിച്ചുകൂടാ!

സജ്ജനങ്ങളെ, എന്റെ സന്തോഷാതിരേകം പ്രകടിപ്പിക്കാൻ എനിക്ക് വാക്കുകളില്ല. ഇദ്ദേഹത്തിന്റെ ക്ലാസിലെ ഈ വിദ്യാർത്ഥികളെ നോക്കൂ. ഇവരുടെ അച്ചടക്കവും, ആരോഗ്യവും ആനന്ദവും നമ്മെ ആകർഷിക്കുന്നു. ഇവരുടെ കഴിവിന്റെ വളർച്ചയ്ക്കും, ബുദ്ധിയുടെ വികാസത്തിനും ഞാൻ സാക്ഷിയാണ്. ഇവരെക്കുറിച്ച് ഇവരുടെ മാതാപിതാക്കൾ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ട്.

ആഫീസറുടെ പ്രസംഗം സമാപിച്ചു. അതോടെ സമ്മേളനപരിപാടികൾ അവസാനിച്ചു. എല്ലാവരും സ്വന്തം വീടുകളിലേക്ക് മടങ്ങി.

ഒരു വർഷത്തെ നിരന്തരമായ പ്രവർത്തനങ്ങളുടെ സാഫല്യത്തിൽ നിന്നും നേടിയ സന്തോഷാതിരേകത്തോടെ ഞാൻ വീട്ടിലെത്തി. എന്റെ മനസ്സ് നവീന വിദ്യാഭ്യാസത്തിന്റെ ഉജ്ജ്വലഭാവിയെക്കുറിച്ചുള്ള മധുര സ്വപ്നങ്ങളിൽ മുഴുകുകയായിരുന്നു!